**FOR THE INFORMATION OF MEDICAL PROFESSION ONLY**

**ഡിഷേൻസ്**

# *ഹെർബോ– മിനറൽ ഔഷധങ്ങൾ*

## ചികിത്സാ ഗ്രന്ഥം

**J & J DeChane**
**LABORATORIES PRIVATE LIMITED**
**4-1-324, Bank Street,**
**Abids, Hyderabad – 500 001 India**

ഈ പുസ്തകത്തിന്റെ ഒടുവിൽ എല്ലാ പ്രധാന ഡിഷേയിനിന്റെ ഔഷധവിതരണക്കാരുടെയും മേൽവിലാസം, ഫോൺ നമ്പർ സഹിതം കൊടുത്തിട്ടുണ്ട്. അഥവാ ഏതെങ്കിലും മരുന്ന് അവിടെ അവിടെ ലഭ്യമല്ലെങ്കിൽ ദയവായി ഞങ്ങൾക്കെഴുതുക. അവ ഞങ്ങൾ നിങ്ങൾക്കെത്തിച്ചു തരുവാൻ ഏർപ്പാട് ചെയ്യും.

ഈ വിലാസത്തിൽ ഞങ്ങളെ ബന്ധപ്പെടൂ:

J & J DeChane Laboratories Private Limited

Marketing Department
J& J DeChane Laboratories Private Limited
4-1-324
Bank Street
Abids
Hyderabad – 500 001

E-mail – marketing@dechane.com   www.dechane.com

+91- 40- 2475 3537, 2475 3538, 2475 3539.



### ഡിഷേയിൻസ്

# ഹെർബോ – മിനറൽ ഔഷധങ്ങൾ

## ചി കി ത്സാ ഗ്ര ന്ഥം

**ജെ. & ജെ. ഡിഷേയിൻ ലാബറട്ടറീസ് പ്രൈവറ്റ് ലിമിറ്റഡ്**

ബാങ്ക് സ്ട്രീറ്റ്, ഹൈദരാബാദ്, ഇന്ത്യ

ബ്രാഞ്ചുകൾ :
മുംബൈ & ഡൽഹി

സ്റ്റോക്കിസ്റ്റ്സ് :
ഇന്ത്യയിൽ എല്ലായിടത്തും.

**ആമുഖം**

ഹെർബോ-മിനറൽ ഔഷധങ്ങളുടെ ജെ. ആന്റ് ജെഡി ഷേയിൻ ഗൈഡ് പരിഷ്ക്കരിച്ച പതിപ്പ് സസന്തോഷം ഞങ്ങൾ പുറത്തിറക്കുന്നു. പലതരം ഔഷധങ്ങളുടെ മിശ്രണമാണ് ഹെർബോ-മിനറൽ ഔഷധങ്ങൾ. അവ ഞങ്ങൾ നിർദ്ദേശിക്കുന്ന ചെറിയ അളവിൽ പോലും ഫലപ്രദമാകുമാറ് നിരന്തരം അരച്ചു പാകപ്പെടുത്തിയതാണ്.

ഈ ഔഷധങ്ങൾ പെട്ടെന്ന് ഫലം ചെയ്യുംവിധം ശരീരത്തിൽ പ്രവർത്തിക്കുമെന്നു മാത്രമല്ല, യാതൊരു ദോഷഫലവും ഉളവാക്കുന്നതല്ല. ഇന്ത്യയിലെ ബഹുഭൂരിപക്ഷം ജനങ്ങളുടെ സാമ്പത്തികശേഷിക്കനുസരിച്ചു ഔഷധങ്ങളുടെ വില കുറച്ചിട്ടുമുണ്ട്.

90 കൊല്ലം മുമ്പ് നാട്ടിൻപുറങ്ങളിലെ നമ്മുടെ ജനങ്ങൾക്ക് വൈദ്യസഹായം നൽകാൻ ഡിഷേയിൻ ആരംഭിച്ചു. ഇന്ന് ഡിഷേയിനിന്റെ ഔഷധങ്ങൾ ഗ്രാമാന്തരങ്ങളിലും ഒരളവോളം നഗരപ്രദേശങ്ങളിലും ജനസമ്മതിയാർജ്ജിച്ചുകഴിഞ്ഞു. വിശാലമായ ഈ രാജ്യത്തെ ജനങ്ങളുടെയെല്ലാം അറിവിനായി ഗൈഡും 14 ഭാഷകളിൽ ലഭ്യമാണ്.

കഴിഞ്ഞ 90 വർഷക്കാലം ഞങ്ങൾക്കു നൽകിയ സഹായത്തിന്വൈദ്യരംഗത്തു പ്രവർത്തിക്കുന്നവരോടു ഡിഷേയിൻസിന്റെ ഹൃദയംഗമമായ കൃതജ്ഞത. ഞങ്ങളുടെ ഔഷധങ്ങൾ സ്റ്റോക്ക് ചെയ്യുന്നവരുടെ വിപുലമായ ഒരു സംവിധാനം ഇന്ത്യയിലും ചില വിദേശരാജ്യങ്ങളിലും ഞങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

എങ്കിലും ഡിഷേയിനിന്റെ ഉൽപ്പന്നങ്ങൾ കിട്ടാത്ത വല്ല പ്രശ്നവും വരുകയാണെങ്കിൽ ദയവായി ഞങ്ങൾക്കു എഴുതുക. ഏറ്റവും അടുത്തുള്ള ഡിഷേയിൻ സ്റ്റോക്കിസ്റ്റിനെ നിങ്ങളുമായി ബന്ധപ്പെടുത്താൻ ഞങ്ങൾ ശ്രമിക്കും.

HYDERABAD
1-1-2014



## ഉള്ളടക്കം

**ഒന്നാംഭാഗം : ചികിത്സയുടെ കാഴ്ചപ്പാട്.............4-23**

ആധുനിക സങ്കീർണ്ണ പ്രശ്നങ്ങൾ

ജീവശക്തി- ചികിത്സയുടെ അടിസ്ഥാനതത്വങ്ങൾ

**രണ്ടാംഭാഗം : ഔഷധാവലി.............23-97**

സാമാന്യ നിർദ്ദേശങ്ങൾ : മിശ്രണ മുറകൾ;

കുത്തിവയ്പ്, ഔഷധ വിവരം- അവയുടെ പ്രധാന

ഗുണങ്ങളും പരസ്പര ബന്ധങ്ങളും സഹിതം

അകാരദിക്രമത്തിൽ

**മൂന്നാംഭാഗം : രോഗചികിത്സ.............97-150**

ആമുഖവിശദീകരണം : പോഷണം; ശരീരഘടനാപരമായ ഭക്ഷണമുറയോടുകൂടിയ ചികിത്സ, വർഗ്ഗീകരണം, പലതരം അവസ്ഥകളിൽ ആവശ്യമായ ചികിത്സ

**നാലാംഭാഗം : വിഷയസൂചിക.............150-163**

വിഷയസൂചികയിൽ ഔഷധങ്ങളുടെ പേര് ഇംഗ്ലീഷിൽ വലിയ അക്ഷരത്തിൽ ചേർത്തിരിക്കുന്നു.

## ഒന്നാംഭാഗം

### ആമുഖം

ഗ്രാമപ്രദേശങ്ങൾക്കു വൈദ്യസഹായം നൽകുകയെന്ന മുഖ്യോദ്ദേശത്തോടെ 1918 ലാണ് ജെ. ആന്റ്. ജെ. ഡിഷേയിൻ ആരംഭിച്ചത്. മിക്ക ഗ്രാമങ്ങളും വൈദ്യസഹായം കിട്ടാതെ വിഷമിക്കുന്നവയാണെന്ന് പരക്കെ അറിയാവുന്നതാണ്. അഞ്ചുലക്ഷം ഗ്രാമങ്ങളുണ്ട് ഇന്ത്യയിൽ; ജനങ്ങളിൽ മുക്കാൽ ഭാഗവും ഗ്രാമങ്ങളിലാണ് ജീവിക്കുന്നത്.

ഫലപ്രദവും സുരക്ഷിതവും വിലക്കുറവുള്ളതുമായ ഔഷധങ്ങൾ ഈ ജനങ്ങൾക്കു എത്തിച്ചുകൊടുത്ത് അവരുടെ ആരോഗ്യവും സുസ്ഥിതിയും നിലനിർത്താനാണ് കഴിഞ്ഞ 90 കൊല്ലവും ഞങ്ങൾ ശ്രമിച്ചതും ശ്രദ്ധിച്ചതും.

### ശമനത്തേക്കാൾ നിവാരണത്തിനാണ് ഡിഷേയിന്റെ ഊന്നൽ

രോഗം ശമിപ്പിക്കുക എന്നതിലുപരി അതിനെ നിവാരണം ചെയ്യുക എന്ന യുക്തിസഹജമായ ഒരു സമീപനമാണ് ഞങ്ങൾക്കു എന്നുമുള്ളത്. നമ്മുടെ ഭൂരിപക്ഷം ജനതയ്ക്കും തികഞ്ഞ ആരോഗ്യം സൃഷ്ടിച്ചുകൊടുക്കുന്നതിലൂടെ മാത്രമേ ജീവിതനില വാരം ഉയർത്താനും രോഗബാധ കുറച്ചുകൊണ്ടു വരുന്നതിൽ ശരിയായ പുരോഗതി നേടാനും നമുക്കു കഴിയൂ.

''നഷ്ടാരോഗ്യ പുനരുദ്ധാരണം''എന്ന പേരിലുള്ള ലഘുലേഖ പഠിക്കാൻ ഞങ്ങൾ ശുപാർശ ചെയ്യുന്നു.ശരീരപോഷണവും സാമാന്യ ജീവിതതത്വങ്ങളും സംബന്ധിച്ച ചില തെറ്റിദ്ധാരണകൾ നീക്കുകയാണ് ഈ ലഘുലേഖയുടെ ഉദ്ദേശം. ജീവശക്തി, സിരാസംബന്ധമായ കുഴപ്പങ്ങൾ എന്നിവയ്ക്കു അതിൽ പ്രത്യേകം ഊന്നൽ കൊടുത്തിട്ടുണ്ട്. ആവശ്യപ്പെട്ടാൽ ലഘുലേഖ അയച്ചു തരുന്നതാണ്.

കേവലം സാധാരണ അസുഖങ്ങളെപ്പറ്റി അറിവില്ലായ്മ കൊണ്ട് പലരും തങ്ങൾക്കുതന്നെ (മറ്റുള്ളവർക്കും) പ്രശ്നങ്ങൾ ഉണ്ടാക്കിത്തീർക്കുന്നു. പലരോഗങ്ങളും കാലേ കൂട്ടി കണ്ടറിഞ്ഞു ചികിത്സിച്ചാൽ ഭേദപ്പെടുത്താമെന്നിരിക്കെ, കുറഞ്ഞപക്ഷം നിയന്ത്രിക്കയങ്കിലും ചെയ്യാമെന്നിരിക്കെ,



ഒരാളുടെ ആരോഗ്യസ്ഥിതി അറിയാതിരിക്കുന്നതു ഹാനികരമാണ്.

***(1) ഓരോ രോഗത്തിനും കാരണമുണ്ടാകും (2) എന്നാൽ, ഓരോ രോഗത്തിന്റെയും കാരണം എല്ലാവർക്കും എല്ലായ്പ്പോഴും ഒന്നായിരിക്കില്ല.***

ഒരേ കാരണം എപ്പോഴും ഒരേ രോഗപ്രകൃതമല്ല കാണിക്കുക. അതുപോലെ ഒരേ രോഗപ്രകൃതം എപ്പോഴും ഒരേ കാരണംകൊണ്ടാവില്ല താനും.

മിക്ക അസുഖങ്ങളും താഴെപ്പറയുന്ന കാരണങ്ങളിൽ ഒന്നോ കൂടുതലോ കാരണങ്ങളാലാണെന്നു പറയാവുന്നതാണ്.

1. ക്രമരഹിതമായ പോഷണം, ദഹനം, പോഷണപരിണാമം, വിരേചനം
2. മാനസികവും സിരാസംബന്ധവുമായ അസ്വാസ്ഥ്യങ്ങൾ
3. രക്തപ്രകൃതത്തിലെ മാറ്റങ്ങൾ

മാനസികവും സിരാസംബന്ധവുമായ കുഴപ്പങ്ങൾ മൂലം ആമാശയവ്രണം (വ്രണം എളുപ്പം ബാധിക്കാവുന്ന ശരീരപ്രകൃതിയുള്ളവർക്ക്)പെട്ടെന്നുണ്ടായേക്കാം. കുടുംബപരമായ അസന്തുഷ്ടി, ശ്വാസകോശത്തിലെ ക്ഷയരോഗബാധയ്ക്കു സഹായകമായേക്കാം. വിട്ടുമാറാത്ത അസുഖങ്ങൾക്കു കാരണം അധികവും ഒരുതരം മനോവൈകല്യമാണെന്നു കാണുന്നു.

ദഹനദൂഷ്യം നേത്രങ്ങളെ ബാധിച്ചേയ്ക്കാം. സിരാസംബന്ധമായ കുഴപ്പങ്ങളും നേത്രരോഗത്തിനു കാരണമാകും. രക്തത്തിൽ വരുന്ന വ്യത്യാസം കണ്ണുകളുടെ അവസ്ഥയിലും വ്യത്യാസം വരുത്തും. അതുപോലെ മനുഷ്യശരീരത്തിലെ എല്ലാ അവയവങ്ങൾക്കും മേൽപ്പറഞ്ഞ ഏതെങ്കിലും ഒന്നോ രണ്ടോ കാരണത്താലോ മൂന്നു കാരണങ്ങളാലോ രോഗം ബാധിക്കാവുന്നതാണ്. ദഹനക്രമക്കേടിൽനിന്ന് ദന്തരോഗങ്ങൾ ഉണ്ടാകാം; അഥവാ സിരാസംബന്ധമായ അസ്വാസ്ഥ്യങ്ങളോ

രക്തത്തിലെ മാറ്റങ്ങളോ കാരണമായും ഉണ്ടാകാം.

**രോഗിയുടെ ശരീരഘടനാപരമായ പ്രത്യേകതകൾ പഠിക്കേണ്ടതുണ്ട്**

നേത്രരോഗം, കരൾ സംബന്ധമായ ക്രമക്കേടുകൾ, മലബന്ധം, ശ്വാസകോശരോഗം മാത്രമല്ല, ചെവിക്കുത്ത്,പല്ലുവേദന, പരു മുതലായവയ്ക്കു പോലും പറ്റിയ ഔഷധം സേവിക്കുകയോ പുറത്തു പുരട്ടുകയോ വേണ്ടിവരും. പക്ഷേ രോഗിയുടെ ശരീരസ്ഥിതിയുടെ പ്രത്യേകതകൾ മനസ്സിലാക്കാത്തപക്ഷം ചികിത്സ പൂർണ്ണമായിരിക്കുകയോ ഫലം തൃപ്തികരമായിരിക്കുകയോ ഇല്ല.

ഡിഷേയിൻ ഔഷധ ചികിത്സയുടെ അടിസ്ഥാനം രചനാത്മകവും ശമനാത്മകവുമായ ചികിത്സാരീതികളുടെ സംയോജനമാണ്. ഒരുപക്ഷേ ഞങ്ങളുടെ ചെറിയരീതിയിലുള്ള പ്രവർത്തനം വിജയിക്കുന്നതിന്റെ രഹസ്യവും അതാവാം.

**ഡിഷേയിൻ മരുന്നുകളുടെ ഉത്ഭവം സംയോജനങ്ങളുടെ ആവശ്യകതയിൽ നിന്നാണ്- ഔഷധങ്ങളുടെ സംയോജനം മാത്രമല്ല, ചികിത്സാസിദ്ധാന്തങ്ങളുടെ സംയോജനവും**

ഒരു രോഗത്തിനും നിയതമായ ചികിത്സ ഉണ്ടാകാറില്ല. എന്നാൽ നിയതമായ അവസ്ഥകളുടെ ആവശ്യങ്ങളെ നേരിടുന്നതിനു നിയതമായ ചികിത്സകളുണ്ട്.

വ്യത്യസ്തവ്യക്തികൾ വ്യത്യസ്തമായ കേന്ദ്രങ്ങളിലും മണ്ഡലങ്ങളിലും വ്യത്യസ്ത വീക്ഷണകോണുകളിലൂടെ ആർജ്ജിച്ച വിജ്ഞാനം പൊരുത്തപ്പെടുത്തുകയാണ് ഞങ്ങളുടെ ലക്ഷ്യം.

എല്ലാ സിദ്ധാന്തങ്ങളും ഒറ്റക്കൊറ്റയ്ക്കു ശരിയാവാം; അതേസമയം അവയുടെ മൊത്തമായ പ്രയോഗം തെറ്റാണ്. കാരണം മനുഷ്യൻ ഒരു സങ്കീർണ്ണജീവിയാണ്.

അതുകൊണ്ടാണ് സംയോജനത്തിന്റെ ആവശ്യം വരുന്നത്. ഔഷധങ്ങളുടെ സംയോജനം മാത്രമല്ല. ചികിത്സാ സിദ്ധാന്തങ്ങളുടെയും ഈ കടമ നിർവ്വഹിക്കാനാണ് ഞങ്ങൾ സ്വയം അർപ്പണം ചെയ്യപ്പെട്ടിരിക്കുന്നത്.



**ഹെർബോ മിനറൽ ഔഷധങ്ങൾ ആയൂർവ്വേദം, ഹോമിയോപ്പതി, അലോപ്പതി എന്നീ ചികിത്സാതത്വങ്ങളിൽ അധിഷ്ഠിതമാണ്**

അപരിമേയമായ വിജ്ഞാനമാണ് ഞങ്ങളെ അഭിമുഖീകരിച്ചത്; ഞങ്ങൾക്കതിലുള്ള പരിമിതി അനുഭവപ്പെടുകയും ചെയ്തു.

മനുഷ്യനു എളിമയെക്കുറിച്ചു ഒരു പാഠം പഠിക്കണമെന്നുണ്ടെങ്കിൽ വൈദ്യശാസ്ത്രം അതിന്റെ എല്ലാ ശാഖകളോടുകൂടി പഠിച്ചാൽ മതിയാകും. ഒരു അലോപ്പതി ചികിത്സകൻ തന്റെ സ്വന്തം സമ്പ്രദായത്തിൽ രോഗം മാറ്റുന്നു. അതേ രോഗം ഒരു ഹോമിയോ ചികിത്സകൻ മാറ്റുന്നത് നേരേ വിപരീതമായ ഒരു സമ്പ്രദായത്തിലാണ്. ആയൂർവ്വേദ ചികിത്സകനു ആ രോഗം മാറ്റാൻ അദ്ദേഹത്തിന്റെ പ്രത്യേകമായ ഒരു രീതിയുണ്ട്. അതുപോലെ യുനാനി ഡോക്ടർ, പ്രകൃതി ചികിത്സകൻ, മാനസിക ചികിത്സകൻ തുടങ്ങിയവർക്കും.

ആരിൽനിന്നും പഠിക്കാൻ വേണ്ടത്ര വിനയമുള്ളവൻ ആരോ അയാളാണ് എറ്റവും വലിയ ഡോക്ടർ;കൂടുതൽ അറിയുമ്പോഴും തന്റെ അറിവില്ലായ്മയെപ്പറ്റി ആലോചിക്കുന്നതാരോ അയാളാണ് ഏറ്റവും വലിയ ഡോക്ടർ. ഒരുവന്റെ ധനശേഷിക്ക് അടങ്ങിയ ചികിത്സാമാർഗ്ഗങ്ങൾ കണ്ടെത്താൻ ആത്മാർത്ഥമായി ശ്രമിക്കുന്നതാരോ അയാളാണ് ഏറ്റവും വലിയ ഡോക്ടർ. അവസാനമായി.

മനുഷ്യമനസ്സിന്റെ പ്രവർത്തനവും

മനുഷ്യശരീരത്തിന്റെ ദുർബ്ബലതയും

അയാളുടെ ആത്മാവിന്റെ ദിവ്യാഭിലാഷവും പഠിക്കാൻ മിനക്കെട്ടതാരോ അയാളാണ് ഏറ്റവും വലിയ ഡോക്ടർ.

ഈ മൂന്നുവശങ്ങളും രോഗചികിത്സയിൽ അതിപ്രധാനമായ പങ്കു വഹിക്കുന്നുണ്ട്. മാത്രമല്ല, ഒന്നിനു മറ്റേതിനോടുള്ള ബന്ധം അറിയുന്നില്ലെങ്കിൽ അയാൾ ശരിയായ ഡോക്ടർ ആവുന്നില്ല.

**മൂന്നു ചികിത്സാ സമ്പ്രദായങ്ങളുടെയും നേട്ടങ്ങൾ ഉൾക്കൊള്ളുന്ന ഉൽപ്പന്നങ്ങളാണ് ഡീഷേയിൻ വികസിപ്പിച്ചെടുത്തിട്ടുള്ളത്.**

വൈദ്യശാസ്ത്രത്തിന്റെ വിവിധ ശാഖകളിലെ പ്രമാണികരോടും ഗവേഷണപ്രവർത്തകരോടും ഞങ്ങൾക്കു ആദരവുണ്ട്. അവരുടെ മൗലികതത്വങ്ങൾ പഠിച്ചുകൊണ്ട് യോജിപ്പുള്ള ആശയങ്ങൾ കണ്ടെത്താൻ ഞങ്ങൾ ശ്രമിച്ചിട്ടുണ്ട്. അങ്ങിനെ കിഴക്കും പടിഞ്ഞാറും ഉദയം കൊണ്ട ആശയങ്ങളുടെ സംയോജനത്തിനു ഞങ്ങൾ ഉദ്യമിച്ചു. കേവലം പരിപൂർണ്ണമായ ഒരു സമ്പ്രദായം ഞങ്ങൾ ആവിഷ്ക്കരിച്ചുവെന്നു അവകാശപ്പെടുന്നില്ല. എന്നിരിക്കിലും വ്യത്യസ്ത സമ്പ്രദായങ്ങളുടെ നേട്ടങ്ങൾ ഉൾക്കൊണ്ട ഒരു സംയോജനം, അവയിലൊന്നിലെയും കോട്ടങ്ങൾ ഉൾപ്പെടാതെ ഞങ്ങൾ അവതരിപ്പിക്കുന്നു.

**ആയുർവ്വേദത്തിലെയും ഹോമിയോപ്പതിയിലെയും അലോപ്പതിയിലെയും തത്വങ്ങൾ**

ആയുർവ്വേദം: 'തുടർച്ചയായി അരച്ചാൽ(ഭസ്മപ്രായമാക്കൽ) ഔഷധത്തിന്നു വീര്യം വർദ്ധിക്കുന്നു' ഹോമിയോപ്പതിയിൽ പറയുന്ന ''വീര്യം കൂട്ടൽ'' എന്ന അതേ തത്വമല്ല ഇത്.

'നിരന്തരമായ അരവ്(ഭസ്മപ്രായമാക്കൽ) ഔഷധത്തിന്റെ സ്വതസിദ്ധമായ ശക്തി അഥവാ വീര്യം വളരെയേറെ വർദ്ധിപ്പിക്കുന്നു''വെന്ന് ആയൂർവ്വേദാചാര്യന്മാർ സിദ്ധാന്തിക്കുന്നു. അതിനാൽ ഞങ്ങളുടെ ആയൂർവ്വേദ ഔഷധങ്ങൾ അരച്ചു ഭസ്മപ്രായമാക്കിയതാണ്. തൽഫലമായി അൽപമാത്രകളായി പ്രയോഗിച്ചാൽ അതു ആഴത്തിൽ, ശീഘ്രഗതിയിൽ പ്രവർത്തിക്കുന്നു.

''അണുപ്രായമാക്കൽ'' എന്ന വാക്ക് ഈ ഗൈഡിൽ പ്രയോഗിച്ചതു കഴിഞ്ഞ 90 വർഷങ്ങളായി ഞങ്ങൾ ഉപയോഗിച്ചുവന്ന അതേ അർത്ഥത്തിൽത്തന്നെയാണ്.അതായത് നിരന്തരമായ അരവിനാലുള്ള പരിപൂർണ്ണ ശിഥിലീകരണം.



**അണുപ്രായമാക്കിയാൽ ഔഷധങ്ങളുടെ പ്രവർത്തന വേഗം വർദ്ധിക്കുമെന്നു പരീക്ഷണങ്ങൾ തെളിയിക്കുന്നു**

ഗ്രീഫ്സ് വാൾഡ് യൂണിവേഴ്സിറ്റിയിലെ ഫാർമക്കോളജി പ്രൊഫസർ. ഡോ. ഷൂൾസ് വ്യത്യസ്ത വീര്യങ്ങളിലുള്ള മെർക്കുറി ക്ലോറൈഡ് ലായനിയിൽ യീസ്റ്റ് സെല്ലുകൾ ഇട്ടു. ഏറ്റവും ശക്തി കൂടിയ ലായനിയിലെ സെല്ലുകൾ ക്ഷണംകൊണ്ട് നശിച്ചുപോയി. ശക്തി കുറഞ്ഞ ലായനികളിലുള്ള സെല്ലുകൾ കുറേനേരം ജീവനോടെ കിടന്നു. കുറേക്കൂടി ശക്തി കുറഞ്ഞ ലായനിയിലെ സെല്ലിനു ജീവശക്തി തടയപ്പെട്ടതേയുള്ളു.

എന്നാൽ എഴുപത്- എൺപത് ലക്ഷത്തിന് ഒന്നു എന്ന ക്രമത്തിലുള്ള ലായനിയിൽ യീസ്റ്റ് സെല്ലുകൾ ഇട്ടപ്പോൾ, പ്രസ്തുത സെല്ലുകൾ ശീഘ്രഗതിയിൽ പെരുകുമാറ് അവയുടെ ജീവശക്തി വർദ്ധിക്കുകയാണുണ്ടായത്. അപ്പോൾ ചെറിയ മാത്രകൾ പ്രത്യേകിച്ചും അണുപ്രായമാക്കിയ ഔഷധങ്ങൾ! ശരീരസംവിധാനത്തിനു ശരിയായ ഉത്തേജനം നൽകുമ്പോൾ ശക്തിയുള്ള മാത്രകൾ അതിന്റെ കരണശക്തിയെ തടയുകയോ യഥാർത്ഥത്തിൽ ഹനിക്കുകയോ ആണ് ചെയ്യുന്നതെന്ന് നാം കാണുന്നു. ഫലത്തിൽ രോഗശമനത്തിനു ഉദ്ദേശിക്കപ്പെട്ട ഔഷധങ്ങൾ മറ്റു രോഗങ്ങൾ കൂടി വരുത്തിവയ്ക്കുന്നു.

തീർന്നില്ല, അണുപ്രായമാക്കിയ ഔഷധങ്ങൾ വയറ്റിൽ എത്തുംമുമ്പുതന്നെ വായിലെ ശ്ലേഷ്മകലയിൽ വിലയിച്ച് ശരീരത്തിൽ പ്രവേശിക്കുന്നു. അങ്ങനെ ആസന്നസ്ഥിതിയിൽ ഔഷധം മണിക്കൂറുകൾക്കകമല്ല മിനുട്ടുകൾക്കകം തന്നെ പ്രവർത്തിക്കുന്നു.

അതിസൂക്ഷ്മമായി ഓജസ്കരിച്ചതും(Ionize)തന്മാത്രകളായി പാകപ്പെടുത്തിയതുമായ പദാർത്ഥങ്ങൾ (പ്രത്യേകിച്ചും അണുപ്രായമാക്കിയ ഔഷധങ്ങൾ) നാവിന്റെ ശ്ലേഷ്മകലയിലൂടെ നേരിട്ടു രക്തത്തിൽ ലയിക്കുന്നുവെന്നു തെളിയിക്കാൻ എസ്സെനിലെ ഡോ. മെഡ്മെൻഡിൽ താഴെ വിവരിച്ച പരീക്ഷണങ്ങൾ നടത്തുകയുണ്ടായി.

അദ്ദേഹം ഒരു നേരിയ സ്ഫടികദണ്ഡ് എടുത്ത്, കഴുച്ചുണ്ടൻ ചെടിയിൽനിന്നുണ്ടാക്കിയ (അണുപ്രായമാക്കിയ) ലായനിയിൽ മുക്കി ഒരാളുടെ നാവിന്റെ ഉപരിതലത്തിൽ സ്പർശിച്ചു. അല്പ നിമിഷങ്ങൾക്കുശേഷം, കൺട്രോളിംഗ് യന്ത്രം ഹൃദയത്തിലെ പ്രതിഫലനം രേഖപ്പെടുത്തി. പിന്നീട് അദ്ദേഹം ഓജസ്കരിച്ച (Ionized) മോർഫിയ എടുത്ത് ഒരാളുടെ നാവിൻമേൽ അതിന്റെ ഒരു തുള്ളി ഇറ്റിച്ചു. രണ്ടു മിനിട്ടുകൾക്കുശേഷം ധമനിയിൽ നിന്നെടുത്ത രക്തത്തിൽ ആ ഔഷധാംശം ഉണ്ടെന്ന് അദ്ദേഹത്തിനു തെളിയിക്കാൻ കഴിഞ്ഞു.

അതുകൊണ്ട്, ഞങ്ങളുടെ ഔഷധമിശ്രം ചെറിയ മാത്രകളായോ, മൂർച്ഛിച്ച് രോഗാവസ്ഥയിൽ വെള്ളത്തിൽ കലർത്തിയോ കൊടുത്താൽ വളരെവേഗം പ്രവർത്തിക്കുന്നു. ചിലപ്പോൾ ഡോക്ടർ തന്നെ അമ്പരന്നുപോകും.

'കൂട്ടിച്ചേർക്കൽ' ആണ് ആയുർവ്വേദത്തിനു പ്രത്യേകമായ മറ്റൊരു പദം. പലതരം പച്ചമരുന്നുകളുടെ നീരിൽ ധാതുപദാർത്ഥങ്ങളും ലോഹങ്ങളും പൊടിച്ചുചേർക്കുക എന്നാണ് ഇതിനർത്ഥം. ലോഹ-ധാതുപദാർത്ഥങ്ങളുടെ ലായനി കഷായങ്ങളും പച്ചമരുന്നുനീരുമായി സംയോജിപ്പിക്കുക എന്നും അതിനർത്ഥമാണ്. എന്നാൽ ഒരു വ്യത്യാസമുണ്ട്. ദ്രവരൂപത്തിലുള്ള സംയോജിത ഔഷധത്തിനു രാസപരിണാമമുണ്ടാകുമ്പോൾ, ചൂർണ്ണരൂപത്തിലുള്ളവ അവയുടെ പൂർണ്ണമായ സ്വാഭാവികശക്തി നിലനിർത്തുകയും അപൂർവ്വവീര്യം മൂലം കൂടുതൽ ആഴത്തിൽ പ്രവർത്തിച്ചു നീണ്ടുനിൽക്കുന്ന ഫലം നൽകുകയും ചെയ്യുന്നു. ''ഒരു അസംസ്കൃത ഔഷധം ചെയ്യുന്ന ഫലമെന്തോ അതിന്റെ നേരെ എതിർഫലമാണ് അതിന്റെ പരമാണുക്കൾ ഉളവാക്കുക''എന്നും ആയൂർവ്വേദ ആചാര്യന്മാർ അഭിപ്രായപ്പെടുന്നു.

ഈ തത്വം ഹോമിയോപ്പതിയിൽനിന്നു ഭിന്നമാകുന്നതു ഈ സാങ്കേതിക സംജ്ഞയിൽ മാത്രമാണ്.Similia Similibus curantur ഈ തത്വം തന്നെയാണ് അലോപ്പതിയും പിന്തുടരുന്നത്.



ഒടുവിൽ പറഞ്ഞ രണ്ടു സമ്പ്രദായങ്ങൾക്കും പക്ഷേ ശാസ്ത്രീയമെന്നു കരുതപ്പെടുന്ന ഒരു വിശദീകരണമുണ്ട്. എന്നാൽ അടിസ്ഥാനപരമായി മൂന്നും ഒരേ തത്വമാണ് പിന്തുടരുന്നത്. അളവിൽ മാത്രം വ്യത്യാസപ്പെട്ട ഒരേ ഫലങ്ങൾ തന്നെയാണ് നേടുന്നത്.

**അലോപ്പതി**

ഔഷധങ്ങൾ മാത്രകൾ കൂട്ടിയ വലിയ അളവിൽ സേവിക്കുന്നതുകൊണ്ട് വിവിധ രോഗാണുക്കളെ ചെറുത്തുനിൽക്കാനുള്ള കഴിവു കുറയുന്നുവെന്നും അതേസമയം ചെറിയ മാത്രകളിൽ കഴിവ് വർദ്ധിക്കുന്നുവെന്നും അലോപ്പതി സമ്പ്രദായത്തിൽപോലുമുള്ള പ്രമുഖരായ പല അധികൃത വിദഗ്ദ്ധന്മാരും സമർത്ഥിക്കുന്നു. ചെറിയ മാത്രകൾ ഏന്റിജനായി (Antigen) പ്രവർത്തിക്കുന്നു. സംരക്ഷണപരവും ശമനപരവുമായ പ്രത്യണുക്കളെ ഉൽപ്പാദിപ്പിക്കുന്നു. ഔഷധത്തിന്റെ അളവിനേക്കാൾ കാര്യമായിട്ടുള്ളത് ശരീരത്തിൽ ലയിച്ചുചേരുന്ന ഓജാംശം(Ions) മാണെന്നും അവർ സമർത്ഥിക്കുന്നു. 'അണുപ്രായമാക്കൽ' വേണ്ട വിധത്തിലുള്ള ഓജസ്ക്കരണത്തിന്നു സഹായകരമായിത്തീരുന്നു. ''മൂത്രാശയത്തേയും പൗരുഷഗ്രന്ഥിയേയും സംബന്ധിച്ച രോഗങ്ങൾ എന്ന തന്റെ ഗ്രന്ഥത്തിൽ ഡോ. വി.കാരോ എഴുതുന്നു. ഹോമിയോപ്പതിയും അലോപ്പതിയും അന്യോന്യപൂരകങ്ങളാകേണ്ടിയിരിക്കുന്നു. രണ്ടും താന്താങ്ങളുടെ കാര്യക്ഷമതയുടെ പരിമിതി ശരിക്കും മനസ്സിലാക്കണം. സഹകരണം വഴിമാത്രമേ ഭാവിയിൽ കാര്യക്ഷമത കൈവരിക്കാൻ പറ്റൂ.

**ചികിത്സാ പ്രവർത്തനത്തിന്റെ ആത്മീയവശത്തിനു ഞങ്ങൾ ഊന്നൽകൊടുക്കുന്നു.**

കേവലം ചികിത്സാപരമായ കാര്യങ്ങൾ കൈകാര്യം ചെയ്യുമ്പോൾ അതിൽ ആത്മീയ പ്രശ്നങ്ങൾ കൊണ്ടുവരുന്നതു ശരിയല്ലെന്ന് ഞങ്ങളോട് ചിലർ പറഞ്ഞിരുന്നു.

ഡോക്ടർക്കു കൈകാര്യം ചെയ്യാനുള്ളത് മനുഷ്യന്റെ

ശരീരത്തെ മാത്രമല്ല മനസ്സിനെക്കൂടിയാണ്. മനസ്സ് ശരീരത്തിനു മേൽ പ്രവർത്തിക്കുന്നു എന്നതുതന്നെ കാരണം. അതുകൊണ്ട് ഒരർത്ഥത്തിൽ ശരീരത്തേക്കാൾ കൂടുതൽ ശ്രദ്ധ വേണ്ടതു മനസ്സിന്റെ കാര്യത്തിലത്രേ. മനസ്സിന്റെ അവസ്ഥ ആത്മാവ് എന്നു പൊതുവേ വിളിക്കപ്പെടുന്ന ദേഹിയുടെ ആരോഗ്യത്തെ ആശ്രയിച്ചിരിക്കുന്നു. അപ്പോൾ ശരീരവും മനസ്സും ആത്മാവും പരസ്പരം ബന്ധപ്പെട്ടതാണ്. അവയുടെ ക്ഷേമത്തിനു ഒന്നു മറ്റേതിനെ ആശ്രയിച്ചു നിൽക്കുന്നു.

ഈ ചിന്താഗതി ഡിഷേയിനിന്റെ ഹെർബോ മിനറൽ ഔഷധങ്ങളുടെ ആസൂത്രണത്തെ സ്വാധീനിച്ചിട്ടുണ്ട്. എന്തെന്നാൽ മനുഷ്യനെ ഒരു പൂർണ്ണഘടകമായി ഞങ്ങൾ കണക്കാക്കുന്നു. അവന്റെ വ്യത്യസ്ത ശരീരഘടനകൾ സുസന്തലിതമായ സാകല്യത്തിലെ ഘടകങ്ങളാണെന്നു ഞങ്ങൾ കരുതുന്നു.

ഏതെങ്കിലും ഒരു ഘടകമാണ് രോഗബാധിതമെന്നു ഞങ്ങൾ കരുതുന്നില്ല. പ്രത്യുത, ഒരു ഘടകത്തിന്റെയോ സംവിധാനത്തിന്റെയോ രോഗപ്രകടനം, വ്യക്തിയെയാകെ ബന്ധപ്പെടുത്തിക്കൊണ്ടാണ് ഞങ്ങൾ പരിഗണിക്കുന്നത്.

ലോകത്തിലെ ഗവേഷണവിദഗ്ദരുടെ പുതിയ നിഗമനങ്ങൾ വിശകലനം ചെയ്യുകയാണെങ്കിൽ മനുഷ്യന്റെ സുഖദു:ഖങ്ങൾക്കും വിജയപരാജയങ്ങൾക്കും ആരോഗ്യാനാരോഗ്യങ്ങൾക്കും പങ്കുവഹിക്കുന്നതു മൗലികമായി മനുഷ്യന്റെ അന്തരംഗം ആണെന്നു കാണാം.

ഡോക്ടർ രോഗത്തെയല്ല, രോഗിയെയാണ് ചികിത്സിക്കേണ്ടത് എന്ന തത്വം സൂചിപ്പിക്കുന്നത്, രോഗിയുടെ ആഹാര-ജലപാനരീതികളും അയാളുടെ ജീവിതരീതിയും ചിന്താപ്രവർത്തനരീതികളും ഡോക്ടർ കണക്കിലെടുക്കണമെന്നാണ്. ഇവയെല്ലാം ജീവിതത്തോടുള്ള അയാളുടെ മനോഭാവത്തെ സ്വാധീനിക്കുന്നുണ്ട്. ഈ മനോഭാവം ശരിയായതല്ലെങ്കിൽ അദ്ദേഹത്തിന്റെ ചിന്തകളെയോ പ്രവർത്തനങ്ങളെയോ ശരിയാക്കാൻ കഴിയില്ല.



**സൈക്കോതെറാപ്പി- മാനസിക ചികിത്സയുടേയും അതുവഴി ശാരീരിക ചികിത്സയുടേയും ശാസ്ത്രം**

സിരോരോഗങ്ങൾക്കുള്ള ഏറ്റവും നല്ല പ്രതിവിധി രോഗിയുടെ ആത്മീയ വശത്തെ വികസിപ്പിക്കലാണെന്നു പറയപ്പെടുന്നു. ശാസ്ത്രം മാത്രം പഠിച്ച, ശാസ്ത്രത്തിന്റെ ഗുരുഭൂതനാരോ അദ്ദേഹത്തെപ്പറ്റി ഒന്നും പഠിക്കാത്ത ഡോക്ടർമാർ ഇതിനെ സൈക്കോതെറാപ്പി എന്നു വിളിക്കും.

രോഗങ്ങൾക്കുള്ള ചികിത്സയിൽ പൊതുവേയും സിരാരോഗ ചികിത്സയിൽ പ്രത്യേകിച്ചും ആദ്ധ്യാത്മിക സ്വാധീനതകൾ വളരെ വലിയ പങ്കുവഹിക്കുന്നുണ്ട്. എങ്കിലും മന:ശാസ്ത്രപരമായ ശക്തികൾക്കു എത്രയായാലും രോഗിയുടെ ഭാവനാമണ്ഡലങ്ങളെ വളച്ചുതിരിക്കാനും, രോഗം ശമിപ്പിക്കാനുള്ള ഡോക്ടറുടെ കഴിവിനെപ്പറ്റി അവനിലോ അവളിലോ വമ്പിച്ച വിശ്വാസം ചെലുത്തുവാനും മാത്രമേ സാധിക്കൂ. അങ്ങനെ സൈക്കോതെറാപ്പി തീർച്ചയായും വലിയ ഗുണം ചെയ്യാം; പക്ഷേ അതിലപ്പുറം അതിനു പോകാൻ പറ്റില്ല.

നേരെ മറിച്ചു മാനസിക വികസനം കേവലം ഭാവനയെക്കൊണ്ടുള്ള കളിയല്ല. ആത്മാവിന്റെ പ്രത്യേക മണ്ഡലങ്ങളെ തട്ടിയുണർത്തലാണ്. ഡോക്ടറുടേയും അദ്ദേഹത്തിന്റെ ഔഷധങ്ങളുടേയും സഹകരണത്തോടെ, ഈ ആത്മശക്തി കൊണ്ടാണ് രോഗിക്കു സുഖം കിട്ടുന്നത്. അഥവാ ക്ഷമയോടും പുഞ്ചിരിയോടും കൂടി രോഗത്തിന്റെ വേദനകളെയും അസ്വസ്ഥതകളെയും സഹിക്കാൻ പഠിക്കുന്നത്.

**രോഗങ്ങളുടെ നിവാരണത്തിനുംശമനത്തിനുമുള്ള ചില മൗലികതത്വങ്ങൾ**

അഭ്യസ്ഥവിദ്യനായ ഓരോ വ്യക്തിയും താഴെ പറയുന്ന കാര്യങ്ങൾ അറിഞ്ഞിരിക്കണം.

(എ) തത്വശാസ്ത്രപരമായി ജീവിതത്തെ എങ്ങനെ സ്വീകരിക്കണം

(ബി) സ്വന്തം ആരോഗ്യത്തെയും തന്റെ പരിപാലനത്തിനു ഏൽപ്പിക്കപ്പെട്ടവരുടെ ആരോഗ്യത്തെയും എങ്ങനെ

സംരക്ഷിക്കണം. ജീവിതത്തെ തത്വശാസ്ത്രപരമായി അംഗീകരിക്കുക എന്നുവെച്ചാൽ ഇതാണ്. സ്വേച്ഛാനുസാരമല്ല നാം ഈ ലോകത്തിൽ വന്നതെന്നും നമ്മുടെ സൃഷ്ടാവിന്റെ ഇച്ഛാനുസാരമാണെന്നും നാം മനസ്സിലാക്കണം. നമ്മെ ഇങ്ങോട്ട് അദ്ദേഹം അയച്ചത് ഒരു ഉദ്ദേശത്തോടുകൂടിയാണ്. ആ ഉദ്ദേശം നാം നിറവേറ്റേണ്ടിയിരിക്കുന്നു. നമ്മുടെ സുഖദുഃഖങ്ങൾ ആ ഉദ്ദേശനിർവ്വഹണത്തെ ആശ്രയിച്ചിരിക്കുന്നുവെന്നും നാം മനസ്സിലാക്കണം. ഇക്കാര്യം നാം അറിയാതെ പോയാൽ എന്തു ചെയ്യണമെന്നോ ചെയ്യരുതെന്നോ അറിയാൻ പറ്റില്ല. ഫലമോ? നാം ചെയ്യുന്നതെല്ലാം നിർവ്വഹിക്കുന്നതെല്ലാം നമുക്കോ മറ്റാർക്കെങ്കിലുമോ പ്രയോജനപ്പെടുന്നതല്ല. തികച്ചും പാഴായ ജീവിതമായിരിക്കും അത്.

വിദ്യാഭ്യാസം നമ്മിലേൽപ്പിച്ച രണ്ടാമത്തെ ബാദ്ധ്യത നല്ല ആരോഗ്യത്തിന്റെ പ്രാഥമിക നിയമങ്ങൾ ഓരോരുത്തരും അറിഞ്ഞിരിക്കണമെന്നതാണ്. സ്വന്തം അനാരോഗ്യത്തിനു ഉത്തരവാദിതങ്ങളല്ല എന്നു അഭ്യസ്ഥവിദ്യരായ എത്ര പേർക്ക് പറയാൻ കഴിയും?

**നല്ല ആരോഗ്യം നിലനിർത്തുന്നതിന്റെയും രോഗം ശമിപ്പിക്കുന്നതിന്റെയും പ്രാഥമികതത്വങ്ങൾ നമ്മുക്ക് പരിശോധിക്കാം**

ആരോഗ്യം നഷ്ടപ്പെടുമ്പോഴേ നാമതിന്റെ വിലയറിയു. നമ്മിലധികം പേരും കഴിഞ്ഞകാലത്തെ തെറ്റുകളെപ്പറ്റി പശ്ചാത്തപിക്കേണ്ടിവരും. രോഗി തന്നെയാണ് ഇപ്പോഴത്തെ അനാരോഗ്യത്തിന് ഉത്തരവാദിയെങ്കിലും അയാൾ വിഷാദപ്പെടേണ്ട കാര്യമില്ല.

ആരോഗ്യം തീർച്ചയായും വീണ്ടെടുക്കാൻ കഴിയും. എങ്കിലും അയാൾ തനിക്കുവേണ്ടിയും മറ്റുള്ളവർക്കു വേണ്ടിയും രോഗനിവാരണമാർഗ്ഗങ്ങൾ അറിഞ്ഞിരിക്കണം. കഴിഞ്ഞകാലത്ത് താൻ ചെയ്തിരിക്കാവുന്ന തെറ്റുകൾ ഒഴിവാക്കാൻ മറ്റുള്ളവരെ അയാൾക്ക് സഹായിക്കാവുന്നതാണ്.



**മനുഷ്യനിൽ ഏറ്റവും സാധാരണമായി കാണുന്ന പോരായ്മ അച്ചടക്കരാഹിത്യമാണ്**

നമ്മുടെ ഇന്ദ്രിയങ്ങളുടെ ഒരു പ്രലോഭനത്തെയും എതിർക്കാൻപറ്റാതെവന്നാൽ അതൊരു വലിയ പ്രശ്നമാവും.

നാം നമ്മുടെ ഇന്ദ്രിയങ്ങളുടെ ആധിപത്യത്തിൻ കീഴിലാണ്. അവയുടെ ഏതെങ്കിലും പ്രലോഭനത്തിനു മറുത്തൊരു വാക്ക് നാം പറയില്ല. ഇന്ദ്രിയങ്ങൾ പ്രകൃതിയുടെ ദാനമാകയാൽ ശരിക്കും അനുഗ്രഹമാണ്. പക്ഷെ അവയെ നിയന്ത്രിച്ചില്ലെങ്കിൽ അവ നമ്മുടെ വലിയ ശത്രുവുമാണ്. ഇന്ദ്രിയങ്ങളും ഇന്ദ്രിയവിധേയത്വവുമാണ് ഇത്രയേറെ അനാരോഗ്യത്തിനും ദുരിതങ്ങൾക്കും കാരണം. അതുകൊണ്ട് തീറ്റയുംകുടിയും നിയന്ത്രിക്കുക, വേവലാതിയും ദുർവൃത്തിയും ഉപേക്ഷിക്കുക, ശരിക്കും ആരോഗ്യകരമായ വിശ്രമം ഉറപ്പുവരുത്തുക, ശരിയായ വ്യായാമം എടുക്കുക, ജോലിയുടെയും വിശ്രമത്തിന്റെയും നിദ്രയുടേയും സമയം ക്രമീകരിക്കുക- ഇതൊക്കെ ആവശ്യമാണ്.

കഠിനാദ്ധ്വാനം വഴി അന്യരെ സേവിക്കാൻ പഠിക്കുക, സ്വാർത്ഥരഹിതമാവുക, നല്ലവരാകാനും നന്മ ചെയ്യാനും അവസരം തേടുക, ഇതൊക്കെ നല്ലതാണ്. ഇതൊക്കെ യഥാർത്ഥത്തിൽ നല്ല ആരോഗ്യത്തിനുള്ള നിയമങ്ങളാണ്. ഇവയോടൊപ്പം ശാസ്ത്രം അനുശാസിക്കുന്ന നിയമങ്ങളും പാലിക്കണം.

**നമ്മുടെ കഴിവിന്റെ പരിധിയിൽ ജീവിക്കുക എന്നതാണ് മറ്റൊരു പ്രധാന നിയമം**

ഇതു പറയുമ്പോൾ നിസ്സാരമായി തോന്നാം. എന്നാൽ നിരവധിപേർ ഈ തത്വം വിസ്മരിക്കുന്നു എന്നതുകൊണ്ട് സംഗതി പറയേണ്ടതാവശ്യമാണ്. നമ്മുടെ യഥാർത്ഥനിലയിൽ കവിഞ്ഞ സ്ഥിതിയുള്ളവരാണെന്ന് ഭാവിക്കുന്നതുകൊണ്ട് വിനാശകരമായ ധാർമ്മികഫലങ്ങൾ ഉണ്ടാകുന്നുണ്ട്. ഊതി വീർപ്പിച്ച ബുദ്ധി ഊതി വീർപ്പിച്ച കർമ്മങ്ങളിലേയ്ക്കും എത്തിക്കുന്നു.

പുരാതന മഹർഷികൾ അനാരോഗ്യത്തിന്റെ അടുത്തതും അകന്നതുമായ കാരണങ്ങൾ കണ്ടറിഞ്ഞവരാണ്. കഴിവിന്റെ പരിധിയിൽ ജീവിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി അവർ പലവട്ടം പച്ചയായി തുറന്നു പറഞ്ഞിട്ടുമുണ്ട്.

**പിന്നെ ദൈവത്തിൽ വിശ്വാസം വേണം, ഡോക്ടറിലും ഔഷധത്തിലും തന്നിൽ തന്നെയും വിശ്വാസം വേണം**

നാം രോഗത്തിലാകുമ്പോൾ, നിയമേന, നമ്മുടെ മനസ്സ് ചഞ്ചലമാകുന്നു. നാം ഒരു ഡോക്ടറിൽ നിന്ന് മറ്റൊരു ഡോക്ടറുടെ അടുത്തേക്ക് ഓടുന്നു. ഒന്നിനു പുറകെ മറ്റൊന്നായി മരുന്നുകൾ വിഴുങ്ങുന്നു. ഇതു നമ്മുടെ സ്ഥിതി മോശമാക്കാനേ സഹായിക്കൂ. അതുകൊണ്ട് വേണ്ടത് ശാന്തരായിരിക്കുകയാണ്; ആരുടെ കൈയിൽ രോഗി അർപ്പിക്കപ്പെട്ടുവോ ആ ഡോക്ടറിൽ വിശ്വാസം പുലർത്തുകയാണ്. ഡോക്ടർക്ക് രോഗം ഭേദമാക്കാനുള്ള സമയവും സന്ദർഭവും കൊടുക്കണം. പഴകിയ രോഗം മാറ്റാൻ സമയമെടുത്തേക്കാം. എന്നാൽ ഫലം പൊതുവേ നന്നാകും. ശമനം സ്ഥിരവുമായിരിക്കും. പഴകിയ രോഗങ്ങൾ പെട്ടെന്നു ശമിക്കുന്നത് പലപ്പോഴും അപകടകരമാണ്.

**ശാസ്ത്രയുഗത്തിൽ ജീവിക്കുന്നുന്നതിന് പ്രകൃതി നിയമങ്ങൾ ധിക്കരിക്കുക എന്നർത്ഥമില്ല**

ഞങ്ങളുടെ ഔഷധങ്ങൾ ഉപയോഗിച്ചു ഈ ലഘു ലേഖയിൽ കൊടുത്ത നിർദ്ദേശങ്ങളനുസരിച്ച് ചികിത്സിക്കാൻ ഉദ്ദേശിക്കുന്നവർ ഒന്നാമതായി രോഗിയുടെ ശരീരസ്ഥിതിയുടെ പ്രത്യേകതകൾ നല്ല പോലെ മനസ്സിലാക്കിയിരിക്കണം. രോഗം മനസ്സിലാക്കിയിരിക്കണം. ഔഷധങ്ങൾ തെരഞ്ഞെടുക്കണം. ഒടുവിലായി ഔഷധങ്ങൾ ശരിയാംവണ്ണം പ്രവർത്തിക്കാൻ സഹായകമാകുമാറ് എന്തെല്ലാം കാര്യങ്ങളാണ്, എന്തെല്ലാം ചിന്തകളാണ്, എന്തെല്ലാം നടപടികളാണ് വർജ്ജിക്കേണ്ടതെന്നും മനസ്സിലാക്കിയിരിക്കണം. ഔഷധങ്ങൾക്കു അവയുടേതായ



പരിമിതികളുണ്ടെന്നും അവ പ്രകൃതിയെ സഹായിക്കുക മാത്രമാണ് ചെയ്യേണ്ടതെന്നും മറന്നുകൂട. അതുകൊണ്ട് പ്രകൃതിയുടെ നിയമങ്ങൾ ലംഘിച്ചുകൂടാ. പരിതസ്ഥിതികൾ അനുവദിക്കുന്നേടത്തോളം അവ കണിശമായി അനുസരിക്കുകതന്നെ വേണം.

നാം ഒരു ശാസ്ത്രയുഗത്തിലാണ് ജീവിക്കുന്നത്. എന്നാൽ ചിലപ്പോൾ ശാസ്ത്രത്തിനു മുമ്പിൽ തലകുനിച്ചു ശാസ്ത്രങ്ങളുടെ മാതാവായ പ്രകൃതിയെ നാം അനാദരിക്കാറുണ്ട്.

ഔഷധങ്ങൾ, ടോണിക്കുകൾ, കുത്തിവെപ്പുകൾ എന്നിവകൊണ്ട് എല്ലാമായെന്നും സ്വയം ഒന്നും ചെയ്യേണ്ടതില്ലെന്നും ഒരു ധാരണയുണ്ട്. ഇതു അസംബന്ധമാണ്. വകതിരിവില്ലാത്ത ഔഷധ പ്രയോഗം, നാം എന്തു രോഗം ശമിപ്പിക്കാനാണോ അതു ചെയ്തത് അതിനേക്കാൾ മോശമായ രോഗം ഉൽപ്പാദിപ്പിച്ചെന്നു വരും. ശക്തിയുള്ള മരുന്നുകൾ കരുതലോടെ ഉപയോഗിക്കണം. ഡിഷേയിന്റെ ഹെർബോ-മിനറൽ ഔഷധങ്ങളെപ്പോലെയുള്ള ദോഷരഹിതമായ മരുന്നുകൾപോലും ദുരുപയോഗപ്പെടുത്തുവാൻ പാടില്ല.

**ജീവശക്തി - രോഗനിവാരിണി**

ജീവശക്തി എന്നത് വളരെയധികം തെറ്റിദ്ധരിക്കപ്പെട്ട ഒരു പദമാണ്. വൈദ്യശാസ്ത്രജ്ഞനെ സംബന്ധിച്ചിടത്തോളം അത് മനുഷ്യശരീരത്തിലെ എണ്ണമറ്റ സൂക്ഷ്മകോശങ്ങളുടെ (Cells) ശരിയായ പ്രവർത്തനമാണ്. ജീവശക്തിയെ 'ശക്തിയുടെ' പര്യായമാണെന്നു സാധാരണക്കാർ കരുതുന്നു. ഈ ശക്തിയാർജ്ജിക്കാൻ എല്ലാവരും വ്യഗ്രത കാട്ടുന്നു.

എന്നാൽ ജീവശക്തി ശാരീരികവും മാനസികവും ആത്മീയവുമായതാണെന്നാണ് ഞങ്ങളുടെ അഭിപ്രായം.

മാനസിക ജീവശക്തി മറ്റു രണ്ടെണ്ണത്തിനെയും അപേക്ഷിച്ച് പരമപ്രധാനമാണ്. മനസ്സാണ് ശരീരത്തെ ഭരിക്കുന്നത്. ദുർബ്ബല ശരീരനായ ഒരാൾ മനസ്സിന്റെ ശക്തികൊണ്ടു മാത്രം

കൂടുതൽ കാലം ജീവിക്കുന്നു. ദൃഢമായ മാനസിക ജീവ ശക്തിയുള്ള ഒരാൾ ദുർബ്ബലമനസ്കനായ ഒരാളെക്കാൾ എളുപ്പത്തിൽ രോഗത്തെ അതിജീവിക്കുന്നു. അതുകൊണ്ട് ആരോഗ്യമുള്ള ശരീരത്തിൽ ആരോഗ്യമുള്ള മനസ്സ് എന്ന പഴമൊഴി സത്യമത്രെ.

ആത്മീയ ജീവശക്തി എന്നതാണ് മറ്റൊരു പ്രധാനകാര്യം- ജീവിതം തന്നെ നമുക്കു കാട്ടിത്തരുന്നതുപോലെ.

നമ്മുടെ ആദരവ് നേടുന്നവർ ആരാണ്? നല്ല ശരീര പ്രകൃതിയുള്ള വ്യക്തിയാകണമെന്നില്ല. വളരെ പഠിച്ച ആളാകണമെന്നില്ല. പണക്കാരനോ കോമളനോ ആകണമെന്നില്ല. ശരിയായതു ചെയ്യുകയും തെറ്റായതു അപ്പടി വർജ്ജിക്കുകയും ചെയ്യുന്ന ഒരാൾ എത്ര വിനീതനായാലും നിങ്ങളുടെ ആദരവ് നേടുന്നു.ആത്മീയ ജീവശക്തി ഉണ്ടാവാൻ 'സന്യാസി'യാവേണ്ട. ഒന്നു മാത്രമേ വേണ്ടതുള്ളു. നമ്മുടെ ഹൃദയത്തെ സ്രഷ്ടാവിലേയ്ക്കു ഉയർത്തുകയും ദൈവഹിതമെന്ന നിലയിൽ നമുക്കുണ്ടാവുന്ന അനുഭവങ്ങളെ സ്വീകരിക്കുകയും ചെയ്യുക.

ഇതിനെ പരാജയമനസ്ഥിതി എന്നു വിളിക്കാനിടയുണ്ട്. എന്നാൽ ഞങ്ങളുടെ വിശ്വാസം മനുഷ്യൻ ദൈവത്തെ അനുസരിച്ചാൽ എല്ലാം മനുഷ്യനെ അനുസരിക്കുമെന്നാണ്. മനുഷ്യൻ ദൈവത്തെ എതിർത്താൽ മനുഷ്യനു കീഴിലുള്ള എല്ലാം-ഔഷധങ്ങൾപോലും- അവനെ എതിർക്കും.

**ജീവശക്തി പുനരുദ്ധാരണം - പോഷണം, ദഹനം വിരേചനം വഴി**

നമ്മുടെ ശരീരത്തിന്റെ സുസ്ഥിതി ഒരു വലിയ പരിധിയോളം ആശ്രയിച്ചുനിൽക്കുന്നതു ജീവിതത്തെ നാം എങ്ങനെ ക്രമീകരിക്കുന്നു എന്നതിനെയാണ്. സാരാംശത്തിൽ, നാം ജീവിക്കുന്നത് സുഖത്തിനു വേണ്ടിയാവരുത്; കർത്തവ്യ നിർവ്വഹണത്തിനു വേണ്ടിയാവണം.

പലതരം രോഗങ്ങളുടെ സങ്കീർണ്ണമായ ചരിത്രം വിവരിച്ചുകൊണ്ടും ഉപദേശവും ചികിത്സയും ആവശ്യപ്പെട്ടു



കൊണ്ടുമാണ് പലപ്പോഴും രോഗികൾ ഡോക്ടറെ സമീപിക്കുക, നഷ്ടപ്പെട്ട ജീവശക്തി വീണ്ടെടുക്കുന്നതിനാണ് കൂടുതൽ താൽപ്പര്യം കാണിക്കുക. ജീവശക്തി എന്നതു നല്ല ആരോഗ്യത്തിന്റെ വരദാനമാണെന്നും അതിന്റെ പ്രതിബന്ധങ്ങൾ നീക്കാതെ ജീവശക്തിയെ ഒരിക്കലും തിരിച്ചുകൊണ്ടു വരാൻ കഴിയില്ലെന്നും പക്ഷേ, അവർ മറക്കുന്നു.

രണ്ടുകാര്യങ്ങൾ മനസ്സിലാക്കിയിരിക്കണം: (1) നല്ല ആരോഗ്യത്തിന്റെ (പോഷണം, ദഹനം, ലയനം) മൗലിക തത്വങ്ങൾ (2) 'ശാരീരിക ചികിത്സ' എന്ന തലക്കെട്ടിൽ രോഗത്തിനുള്ള ചികിത്സയെ സംബന്ധിച്ചു മൂന്നാംഭാഗത്തു കൊടുത്ത വിശദീകരണങ്ങൾ - അവ, ജീവശക്തി വീണ്ടടുക്കാൻ നാം സ്വയം ചെയ്യേണ്ടത് എന്തെന്നും മനുഷ്യനുവേണ്ടി ശാസ്ത്രം എന്തു ചെയ്യുന്നുവെന്നും യഥാക്രമം കാണിച്ചു തരുന്നു.

**പോഷണം**

നല്ല പോഷണം എന്നാൽ നാം ശരിയായ ഭക്ഷണം കഴിക്കുന്നു എന്നാണർത്ഥം. ശരിയായി ഭക്ഷിക്കുക എന്നുവെച്ചാൽ വിഭവസമൃദ്ധമായി കഴിക്കുക എന്നല്ല. നമുക്ക് ഓരോരുർത്തർക്കും യോജിച്ച ഭക്ഷണമാണ് ശരിയായ ഭക്ഷണം. ഒരാളുടെ നല്ല മാംസഭക്ഷണം വേറൊരാൾക്ക് വിഷമായയെന്നുവരും. ചട്ണിയും ചപ്പാത്തിയും കഴിക്കുന്ന അധികപക്ഷവും കോഴിയും താറാവും കഴിക്കുന്നവരേക്കാൾ തടിച്ചവരും തടിമിടുക്കുള്ളവരുമായിരിക്കും.

ശാസ്ത്രീയ പോഷണംകൊണ്ട് അർത്ഥമാക്കുന്നത് നമ്മുടെ ഭക്ഷണം നമുക്ക് സമ്പന്നമാക്കാമെന്നാണ്. നമ്മുടെ വെളുപ്പിച്ച അരിക്കും അപ്പക്കൂട്ടുകാരത്തിന്റെ അപ്പത്തിനും വളരെ കുറച്ചേ ഭക്ഷ്യമൂല്യമുള്ളു. അധികം ഘനപ്പെട്ട ആഹാരം നമ്മുടെ ദുർബ്ബലമായ ആമാശയത്തിനു പറ്റില്ല. മറ്റുള്ളവയാകട്ടെ നമ്മുടെ കുറഞ്ഞ വരുമാനത്തിൽ ഒതുങ്ങുകയുമില്ല. ഇവിടെയാണ് ശാസ്ത്രം രക്ഷയ്ക്കെത്തുന്നത്. ഒരു ചായക്കരണ്ടി (Tea spoon) ആൽബോസാങ്ങ് ദിവസത്തിൽ ഒരുനേരം ഭക്ഷണത്തിന്റെ ഭാഗമായി കഴിച്ചാൽ പോഷണപരമായ പോരായ്മകൾ നികത്തപ്പെടും. അങ്ങിനെ നല്ല ആരോഗ്യം നിലനിർത്താം.

**ദഹനം**

നല്ല ദഹനം നല്ല ആരോഗ്യത്തിന്റെ താക്കോലാണ്. ദഹനം, എന്തു തിന്നുന്നു എങ്ങിനെ തിന്നുന്നു എന്നതിനെ ആശ്രയിച്ചു നിൽക്കുന്നു. പറ്റാത്ത സാധനങ്ങൾ നാം കഴിച്ചേക്കാം. പറ്റിയ സാധനങ്ങൾ തെറ്റായ രീതിയിലും കഴിച്ചേക്കാം.

ഭക്ഷണം നല്ലപോലെ ചവയ്ക്കണം. പല്ലുകൊണ്ട് ചവച്ച് കുഴമ്പുപാകത്തിലായല്ലാതെ തൊണ്ടയ്ക്കു താഴോട്ടു പോകാൻ ഇടയാകരുത്. ചവച്ചരയ്ക്കൽ അമിതഭക്ഷണത്തെ തടയുന്നു. ചീത്ത പല്ലും ദഹനദൂഷ്യവും ഒന്നിച്ചുപോകുന്നു. നല്ല പല്ല് നല്ല ദഹനത്തിന്റെ ഫലമാണ്. നല്ല ദഹനം നല്ല പല്ലിന്റെ ഫലവും.

ദഹനദൂഷ്യങ്ങൾ പലപ്പോഴും തെറ്റിദ്ധരിക്കപ്പെടാറുണ്ട്. നന്നായി ഭക്ഷിക്കുന്ന പലരും (അവർ സ്ഥിരമായി അധികം ഭക്ഷിക്കുന്നവരായിരിക്കും) തങ്ങൾക്കു നല്ല ദഹനമുണ്ടെന്നു തറപ്പിച്ചു പറയും. എന്നാൽ അവർ മറ്റുള്ളവരേക്കാൾ ദഹനദൂഷ്യം അനുഭവിക്കുന്നവരായിരിക്കും. കവിഞ്ഞ തോതിൽ ചായയും കാപ്പിയും കഴിക്കുന്നതുമൂലവും പുകവലി മൂലവും ദഹനദൂഷ്യമുണ്ടാകാം.

**പോഷണ പരിണാമം**

ഒരാൾ നല്ലവണ്ണം ഭക്ഷിക്കുകയും ഭക്ഷണം നല്ലവണ്ണം ദഹിക്കുകയും ചെയ്തിട്ടും വിളറിക്കാണുന്നുവെങ്കിൽ പോഷണപരിണാമം ശരിയല്ലെന്ന് പറയാം. മൂന്നാം ഭാഗത്തിൽ 'ചികിത്സ' എന്ന തലക്കെട്ടിൽ വിവരിച്ച പ്രകാശം അറിയപ്പെടുന്നതും അറിയപ്പെടാത്തതുമായ നിരവധി 100 കാരണങ്ങൾ ഇതിനുണ്ടാകും.

**പൊതുപ്രശ്നങ്ങൾ- സിരാസംബന്ധമായ അസ്വാസ്ഥ്യങ്ങൾ രക്തപ്രകൃതത്തിൽ മാറ്റം വരുത്തും**

സിരാബന്ധമായ അസ്വാസ്ഥ്യങ്ങൾ നല്ല ആരോഗ്യം സിരാവ്യൂഹത്തിന്റെ പ്രവർത്തനങ്ങളെക്കൂടി ആശ്രയിച്ചിരിക്കുന്നു. അതിരുകവിഞ്ഞ പരിഷ്ക്കാരം നമ്മുടെ ബുദ്ധിയെയും സിരകളെയും



ഭാരം പേറിക്കുന്നുണ്ട്. ശിശുക്കൾ ജനിക്കുന്നതുപോലും സിരാസംബന്ധമായ അസ്വാസ്ഥ്യങ്ങളോടുകൂടിയാണ്. സിരാസ്വാസ്ഥ്യത്തിന്നുള്ള പ്രകൃതിപരമായ ഏറ്റവും നല്ലപ്രതിവിധി ദിനചര്യയുടെ ക്രമീകരണവും വിശ്രമപൂർണ്ണമായ നിദ്രയും ശാന്തചിത്തതയുമാണ്. ജീവിതത്തെപ്പറ്റി ശരിയായ കാഴ്ചപ്പാടുണ്ടായാലേ ശാന്തചിത്തത കൈവരു. സുഖത്തിനോ പ്രശസ്തിക്കോ സമ്പത്തിനോ വേണ്ടിയാണ് നാം ജീവിക്കുന്നതെങ്കിൽ അവതന്നെ ഒരു ദിവസം നമ്മുടെ ശത്രുക്കളായിത്തീരും.

കർത്തവ്യനിർവ്വഹണത്തിനുവേണ്ടിയാണ് നാം ജീവിക്കുന്നതെങ്കിൽ ആ കർത്തവ്യം നമുക്ക് കൽപ്പിച്ചു തന്ന ജഗന്നിയന്താവ് ചുമതലകൾ നിർവ്വഹിക്കാനും പൗരുഷത്തോടെ ജീവിക്കാനും നമ്മെ സ്വാഭാവികമായും സഹായിക്കുന്നു.

ഇതാണ് ജീവിതത്തിന്റെ തത്വശാസ്ത്രം. പക്ഷേ തത്വശാസ്ത്രത്തിന് പ്രകൃതിയിൽനിന്നും സഹായം കിട്ടണം. ശാസ്ത്രം എത്രയും ദയാപൂർവ്വം ഉദാരമായി നൽകിയ സഹായോപാധികൾ വഴി ദുർബ്ബലസിരകളെ പരിചരിക്കുകയും വേണം.

സിരാസംബന്ധമായ രോഗങ്ങൾ പ്രകൃതി ദത്തകാരണങ്ങളാലും പ്രകൃതിവിരുദ്ധകാരണങ്ങളാലും ഉണ്ടാകാം. രോഗം, മാനസികായാസം, അമിതാദ്ധ്വാനം, വേവലാതി, വ്യാധി, ജീവിതവിപര്യയങ്ങൾ എന്നിവയെല്ലാം പ്രകൃതി ദത്തകാരണങ്ങളാണ്. ധാതുക്ഷയകരമായ കർമ്മങ്ങൾ, സ്വയംഭോഗം, എല്ലാതരത്തിലുമുള്ള അമിത കൃത്യങ്ങൾ എന്നിവയാണ് പ്രകൃതി വിരുദ്ധകാരണങ്ങൾ. പ്രകൃതിനിയമങ്ങളെ ലംഘിക്കുന്ന ആരും ശിക്ഷിക്കപ്പെടാതെ പോകുന്നില്ല.പോഷണക്കുറവുകൊണ്ടും ദഹനദൂഷ്യംകൊണ്ടും വിരേചനവൈകല്യംകൊണ്ടും സിരാരോഗങ്ങളുണ്ടാകാം. ദോഷകാരണം നീക്കിയാൽ അസ്വാസ്ഥ്യവും നീങ്ങിക്കൊള്ളും. നേരെമറിച്ചു സിരാസ്വാസ്ഥ്യങ്ങൾ ദഹനത്തെയും പോഷണപരിമാണത്തെയും വിരേചനത്തെയും തകരാറാക്കുകയും രക്തത്തെ ദുഷിപ്പിക്കുകപോലും ചെയ്യും. ഇതൊരു ദൂഷിതവലയമാണ്, ഒരു ചികിൽസാ പ്രശ്നവുമാണ്.

ആധുനിക ചികിൽസയിലെ പുതിയ സമീപനത്തിന്റെ ലഘുവിവരണമായി താഴെക്കൊടുത്ത ഉദ്ധരണി എല്ലാ കേസുകളും സിരാവ്യൂഹത്തിനു ചികിത്സ നൽകേണ്ടതിന്റെ പ്രാധാന്യം വ്യക്തമാക്കുന്നു.

ക്രിസ്തുവിനു ഉദ്ദേശം അഞ്ഞൂറുവർഷം മുമ്പ് സോക്രട്ടീസ് സൈനികസേവനത്തിൽനിന്ന് തിരിച്ചു വന്നു നാട്ടുകാരെ അറിയിച്ചു, കാട്ടാളൻമാരായ ട്രാഷിയൻകാർ ഒരു കാര്യത്തിൽ ഗ്രീക്ക് നാഗരികതയേക്കാൾ മുന്നിലാണെന്ന്. മനസ്സിനെ മാറ്റി നിർത്തി ശരീരത്തെ ചികിൽസിക്കാൻ കഴിയില്ലെന്നു അവർ മനസ്സിലാക്കിയിരിക്കുന്നു. അദ്ദഹം തുടർന്നു, പല രോഗങ്ങളും ഹെല്ലാസിലെ ഭിഷക്കുകൾക്കു ശമിപ്പിക്കാൻ അറിയാത്തതിന്റെ കാരണമിതാണ്. എന്തെന്നാൽ, സമഗ്രതയെക്കുറിച്ചു അവർ അജ്ഞരാണ്.

**രക്തപ്രകൃതത്തിലെ മാറ്റങ്ങൾ**

മുമ്പു നാം കണ്ട പോലെ, ഏതുകാരണത്താലും രക്തം ദുഷിക്കാവുന്നതാണ്. ദുഷിച്ച രക്തം സിരാരോഗങ്ങൾ ഉണ്ടാക്കുകയും ദഹനദൂഷ്യങ്ങൾ വരുത്തി വയ്ക്കുകയും ചെയ്യാം. ചികിത്സാ വിഭാഗത്തിൽ രക്തത്തിന്റെ വിവിധ രോഗാവസ്ഥകളെ വിവരിക്കുന്നുണ്ട്. അവയിൽ ഏറ്റവും പ്രധാനമായവ താഴെ പറയുന്ന രണ്ടു അവസ്ഥകളാണ്.

**പഴകിയ മലമ്പനിമൂലമുള്ള രക്തവ്യത്യസം**

ഇന്ത്യയിൽ ഈ രോഗം നാശം വിതയ്ക്കുന്നുണ്ട്. മലമ്പനി ശരീരത്തിൽ വർഷങ്ങളോളം ഒളിഞ്ഞിരിക്കുമെന്നു സാധാരണക്കാർക്ക് പൊതുവെ അറിയില്ല. ഒരാൾക്കു മലമ്പനിയുണ്ടായത് 25 ദിവസം മുമ്പായാലും 25 മാസം മുമ്പായാലും, അതു ശരീരത്തിൽ ഗൂഢമായി നാശം വരുത്തിക്കൊണ്ടിരിക്കാനിടയുണ്ട്. നിസ്സാര കാരണത്താൽ ദഹനക്രമക്കേട് ഉണ്ടാവുന്നുവെന്നതാണ് പഴകിയതോ ഒളിഞ്ഞുകിടക്കുന്നതോ ആയ മലമ്പനിയുടെ ലക്ഷണം. ചില കേസുകളിൽ തെർമോമീറ്റർ ചൂട് ഉയരുന്നതായി കാട്ടുകയില്ല.



**ഉഷ്ണരോഗംമൂലം രക്തത്തിൽ മാറ്റങ്ങൾ**

ഗൊണോറിയയോ, സിഫിലീസോ ബാധിച്ചശേഷം വേണ്ടുംവണ്ണം ചികിത്സ നടത്താൻ ശ്രമിച്ചിട്ടില്ലാത്തവർ പൊതുവെ രോഗചികിത്സയിൽ മാത്രമല്ല, നല്ല ആരോഗ്യം നിലനിർത്തുന്നതിലും നാനാതരം പ്രതിബന്ധങ്ങൾ നേരിടാൻ തയ്യാറായേ പറ്റൂ.

ഉഷ്ണരോഗങ്ങൾ ബാധിച്ചവരുടെ ശരീരത്തിൽ അനേക വർഷങ്ങളോളം അണുക്കൾ നിലനിൽക്കുമെന്നും, രോഗബാധിതരിൽ ക്രമമായി കാലേക്കൂട്ടി ചികിത്സ നടത്തിയവരാണെങ്കിലും വർഷങ്ങളോളം ശുദ്ധീകരണ ചികിത്സ ചെയ്തുകൊണ്ടിരിക്കണമെന്നും ചികിത്സാരംഗത്തെ അധികൃതവിദഗ്ധർ അഭിപ്രായപ്പെടുന്നു. രോഗികൾക്കു തെറ്റായ സുരക്ഷിതബോധം ഉണ്ടായിക്കൂട. ഈ രോഗത്തിന്റെ പ്രത്യേക ലക്ഷണങ്ങളൊന്നും കാണാനില്ലാത്തതുകൊണ്ട് തങ്ങൾ പരിപൂർണ്ണമായും രോഗവിമുക്തരാണെന്നു ഉറപ്പിക്കുകയുമരുത്. ആരെയും ഭയപ്പെടുത്തണമെന്നു ഞങ്ങൾക്കു ഉദ്ദേശമില്ല.

അതുകൊണ്ട്, നഷ്ടപ്പെട്ട ആരോഗ്യം വീണ്ടെടുക്കുവാനുള്ള മാർഗ്ഗങ്ങൾ ഞങ്ങൾ നിർദ്ദേശിക്കുന്നു. ശാസ്ത്രവും അനുഭവവും ഉത്തമമെന്നും പ്രായോഗികമെന്നും വിശ്വസനീയമെന്നും തികച്ചും അന്യൂനമെന്നും തെളിയിച്ച മാർഗ്ഗങ്ങളാണവ.

# ഔഷധാവലി

# (മെറ്റീരിയാ മെഡിക്ക)

## രണ്ടാം ഭാഗം

**ഡിഷേയിന്റെ ഹെർബോ മിനറൽ ഔഷധങ്ങളുടെ മാത്ര ചെറുതാണ്.**

ഗുളികകളുടെ മാത്ര, പ്രത്യേക നിർദ്ദേശമില്ലെങ്കിൽ, കുട്ടികൾക്കു അര മുതൽ ഒന്നുവരെയും മുതിർന്നവർക്കു ഒന്നു മുതൽ രണ്ടു വരെയും.

നിയമേന, മേൽപറഞ്ഞ കുറഞ്ഞ തോതാണ് എടുക്കേണ്ടത് എങ്കിലും, ഉടനടി ഫലം കാണേണ്ട അവസ്ഥകളിൽ (ഉദാ.

കടുത്തപനി), ശൂല തുടങ്ങിയവ പരമാവധി മാത്ര ഉപ യോഗിക്കാം).

**മാത്രകളുടെ ഇടവേള സാധാരണഗതിയിൽ നാലു മണിക്കൂറാണ്**

എങ്കിലും ശമനം കണ്ടുതുടങ്ങിയാൽ ഇടവേള വർദ്ധിപ്പി ക്കണം. മാത്ര കുറയ്ക്കുകയും വേണം. പ്രകൃതിക്കു സ്വയം പ്രവർത്തിക്കാൻ അവസരം നൽകുന്നതിനു ഇതാവശ്യമാണ്.

**അനുപാതം ഔഷധങ്ങളുടെ പ്രവർത്തനം മിതപ്പെടുത്തുകയോ ശക്തിപ്പെടുത്തുകയോ ചെയ്യുന്നു.**

ചൂടുവെള്ളത്തിൽ കഴിക്കുകയോ മരുന്നിനുശേഷം ചൂടു വെള്ളം കഴിക്കുകയോ ചെയ്താൽ ഫലം വേഗം അനുഭവപ്പെ ടും. അല്പം ഉൻമേഷം വേണ്ടപ്പോഴും ശ്വാസകോശത്തെയോ നെഞ്ചിനെയോ ബാധിക്കുന്ന രോഗങ്ങൾക്കു വിശേഷിച്ചും, തേനാണ് (അല്പം തുള്ളികൾ മുതൽ ഏതാണ്ട് കാലോ അരയോ ടീസ്പൂൺ) മറ്റൊരു ഫലപ്രദമായ അനുപാതം.

**മരുന്നു സേവിക്കേണ്ട സമയം**

ഒഴിഞ്ഞ വയറ്റിലോ ഭാഗികമായി ഒഴിഞ്ഞ വയറ്റിലോ എന്നു വെച്ചാൽ ഭക്ഷണത്തിനു ഒരു മണിക്കൂർ മുമ്പോ, മൂന്നു മണിക്കൂർ കഴിഞ്ഞോ-മരുന്ന് സേവിച്ചാൽ നന്നായി പ്രവർത്തിക്കും. കേവലം ധാതുപോഷണത്തിനുള്ള (Constructive) ഔഷധമാണെങ്കിൽ സാധാരണഗതിയിൽ ഭക്ഷണം കഴിഞ്ഞ ഉടനെയാണ് സേവി ക്കേണ്ടത്.

ഹോമിയോ ഔഷധങ്ങൾ വെറും വയറ്റിൽ മാത്രം കൊടു ക്കേണ്ടതാണ്. ഈ മരുന്ന് കൊടുക്കുന്നതിന് 1/2 മണിക്കൂർ മുമ്പ് വരെയും, മരുന്ന് കൊടുത്തതിനു ശേഷം 1/2 മണിക്കൂർവരെയും ഭക്ഷണമോ മറ്റു മരുന്നുകളോ കൊടുക്കാൻ പാടുള്ളതല്ല.

**ഡിഷേയിൻ ഔഷധങ്ങൾക്കു പത്ഥ്യമില്ല**

ഭക്ഷണകാര്യത്തിൽ യാതൊരു പത്ഥ്യവുമില്ല. രോഗിക്ക് ഇഷ്ടമുള്ളതെന്തോ അത് കഴിക്കാം. ഇഷ്ടപ്പെടാത്തത് വർജ്ജി ക്കകയും ആകാം. രൂക്ഷമായ രോഗസ്ഥിതിയിൽ ലഘുഭക്ഷണമോ ദ്രാവകഭക്ഷണമോ ആയിരിക്കണം.- ദഹനദൂഷ്യരോഗങ്ങളിൽ



വിശേഷിച്ചും. ശരിയായ ഭക്ഷണക്രമീകരണമാണ് ചികിൽസയുടെ വിജയത്തിനു മുഴുവൻ ആധാരം.

**കൂട്ടുപ്രയോഗം (combination)**

എല്ലാ ഡിഷേയിൻ ഔഷധങ്ങളും കൂട്ടിക്കലർത്തി ഉപയോ ഗിക്കാവുന്നതാണ്. ബുദ്ധിപൂർവ്വകമായ കൂട്ടിക്കലർത്തലിലാണ് പൊതുവെ ഔഷധങ്ങളുടെ ഫലസിദ്ധി കിടക്കുന്നത്. പ്രത്യേക രോഗാവസ്ഥകളിൽ ഉപയോഗിക്കാനുള്ള പ്രത്യേക ഔഷധമിശ്ര ത്തിനു രണ്ടോ മൂന്നോ ഔഷധങ്ങളാവാം. ആവശ്യത്തിന്റെ തോത നുസരിച്ച് ഓരോ മരുന്നും കൂട്ടിയോ കുറച്ചോ ചേർക്കാം.

**ഡിഷേയിൻ ഔഷധങ്ങൾ കൂടുതൽ ചൂർണ്ണനം ചെയ്ത് വീര്യം വർദ്ധിപ്പിക്കാം.**

ഡിഷേയിൻ ഹെർബോ - മിനറൽ ഔഷധങ്ങൾ, ഹോ മിയോപ്പതി സമ്പ്രദായമനുസരിച്ചു പഞ്ചസാര ചേർത്തു എത്ര വേണമെങ്കിലും വീര്യം കൂട്ടാവുന്നതാണ്.

ഹോമിയോപ്പതിയിൽ അവഗാഹം നേടിയ ഒരു അലോ പ്പതി ഡോക്ടർ ഡിഷേയിനിന്റെ മെഡിറ്റാബും അൽബോസാങ്ങും 3 X തോതിൽ ചൂർണ്ണനം ചെയ്തപ്പോൾ കൂടുതൽ ഫലപ്രദമായി കണ്ടുവെന്നു പ്രസ്താവിച്ചിരിക്കുന്നു.

**കിഴിപിടിക്കലിനെ (Fomentation) പ്പറ്റി ഒരു വാക്ക്**

കിഴി പിടിക്കൽ ഒരു പഴഞ്ചൻ രീതിയിലുള്ള ചികിൽസയാ ണെന്നു തോന്നാം. എന്നാൽ, അത് ഫലപ്രദമാണ്. ചിലപ്പോൾ ഡിഷേയിൻ ഔഷധ പ്രയോഗങ്ങളുടെ പ്രയോജനപ്രദമായ അനു ബന്ധമായി ഉപയോഗിക്കാനും പറ്റും. ചൂടുവെള്ളം മുക്കിപ്പി ഴിഞ്ഞോ പൂഴി വറുത്തുപൊതിഞ്ഞോ കിഴിവെയ്ക്കുന്നതിനേക്കാൾ നല്ലത് ഈറൻ കിഴിയാണെന്നു പറയപ്പെടുന്നു.

- ഇഷ്ടികക്കഷണം തീയിൽ പഴുപ്പിക്കുക
- വെള്ളത്തിൽ മുക്കിപ്പിഴിഞ്ഞ തുണിയിൽ പൊതിയുക
- അതു പല മടക്കുകളായുള്ള ഉണങ്ങിയ തുണിയിൽ പൊതി യുക.

- ചൂട് കുറയുന്നതിനനുസരിച്ച് തുണിയുടെ ഓരോ മടക്കും നീക്കുക.

ഈ കിഴിവയ്ക്കൽ സാമാന്യവേദനകൾക്കും ശൂലയ്ക്കും, നെഞ്ചുപഴുപ്പിനും മറ്റും ഉത്തമമാണ്. വാതത്തിനും മറ്റു പ്രത്യേകാവശ്യങ്ങൾക്കും ഉള്ളിലെ തുണിയിൽ അൽപം ഉപ്പ് തളിക്കുകയോ തുണി ഉപ്പുവെള്ളത്തിൽ മുക്കിപ്പിഴിയുകയോ ചെയ്യാവുന്നതാണ്.

### *ഡിഷേയിന്റെ ലേപനോൽപ്പന്നങ്ങൾ – പുറമെ പുരട്ടാൻ*

ബാഹ്യചികിൽസ ആന്തരിക ചികിൽസയെ പലപ്പോഴും സഹായിക്കുന്നു. എങ്കിലും രോഗശമനം പുറമെ നിന്നല്ല. ഉള്ളിൽനിന്നാണ് ഉണ്ടാവേണ്ടത്. കുറഞ്ഞപക്ഷം കടുത്തവേദന നീർക്കെട്ട് (Inflammation), തൊണ്ടയിലും ചെവിയിലും മറ്റുമുണ്ടാകുന്ന കുത്തിപ്പറി വേദന(Irritation) എന്നിവയ്ക്കു പെട്ടെന്നു ആശ്വാസം കിട്ടാൻ പുറമെ മരുന്നു പുരട്ടിയാൽത്തന്നെ മതിയാകും. സാധാരണഗതിയിൽ ആന്തരിക ചികിൽസയോടൊപ്പം അതിനു സഹായകമായ ബാഹ്യചികിത്സയും നടത്തണം. ഭേദം കണ്ടുതുടങ്ങിയാൽ ലേപനം നേർപ്പിക്കണം.

ഹെർബോ-സൾഫ്കൊണ്ടോ, ഹീലിങ്ങ് ഡസ്റ്റ് കൊണ്ടോ ലേപനം തയ്യാറാക്കുന്നതിന്റെ പൊതു പ്രമാണം, ഒരു ഭാഗം മരുന്നിന് അഞ്ചുഭാഗം മൃദുവായ എണ്ണയോ വാസ്ലൈനോ ചേർക്കുക എന്നതാണ്. ഫലം കുറേക്കൂടി മെച്ചപ്പെടുത്താൻ റിപ്പാന്റോ നല്ലതാണ്.

വേദനകൾക്കും ശ്വാസകോശ-നെഞ്ചു രോഗങ്ങൾക്കും തൊണ്ടരോഗത്തിനും അണ്ണാക്കു പിണ്ഡവ്യാധിക്കും വാതത്തിനും അതുപോലുള്ള മറ്റവസ്ഥകൾക്കും റബ്സോണും ചെസോളും വളരെ പ്രയോജനം ചെയ്യും.ഡിഷേയിന്റെ കുത്തിവെപ്പുമരുന്നുകൾ പെട്ടെന്ന് ഫലം ചെയ്യും. അവ ദോഷരഹിതവുമാണ്.

ഡിയേഷിന്റെ ഹെർബോമിനറൽ ഔഷധങ്ങൾ തൊലിയ്ക്കുള്ളിലേയ്ക്കു ചെലുത്തിയാൽ നല്ല ഫലം ചെയ്യും. കുത്തിവപ്പിനു വേദനയുണ്ടാവില്ല. പ്രതികൂലപ്രതികരണവും ഉണ്ടാവില്ല. ഇതിനുള്ള പ്രത്യേക ഔഷധങ്ങളെസംബന്ധിച്ച വിശദവിവരങ്ങൾ



ഉൽപ്പന്ന വിവരക്കുറിപ്പിൽ കൊടുത്തിട്ടുണ്ട്.

ഡിയേഷിന്റെ ഹെർബോ-മിനറൽ ഔഷധങ്ങൾ കഠിന രോഗങ്ങളിലും പഴകിയ രോഗങ്ങളിലും അതിവേഗം പ്രവർത്തിക്കുന്നു. ഔഷധം ഫലിച്ചുകഴിഞ്ഞാൽ ശമനപ്രക്രിയ നിലനിർത്താനും പ്രകൃതിയെ സഹായിക്കാനുമുള്ള ഒരു ചെറിയ സഹായകമാത്ര മതിയാകും.

നിശ്ചിത മാത്രകളിൽ ഡിഷേയിനിന്റെ ഹെർബോ-മിനറൽ ഔഷധങ്ങൾ തികച്ചും ദോഷരഹിതമത്രെ.

കുറഞ്ഞ വിലയാണ് വച്ചിട്ടുള്ളത്. കാരണം ഇന്ത്യയിലെ ദരിദ്രവിഭാഗങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുകയെന്നതാണ് 90 കൊല്ലമായി ഞങ്ങൾ അംഗീകരിച്ച തത്വം. ആ വിഭാഗത്തിനു ഫലപ്രദമായ ഔഷധം കുറഞ്ഞ ചെലവിലും സുരക്ഷിതമായും കിട്ടുകയാണല്ലോ ആവശ്യം.

## ആഗർ-കോ (Agar-co)

### *അംഗവിക്ഷോഭത്തിനുള്ള ഗുളികകൾ (അപസ്മാരം)*

**വിവരണം**

അഗാരികസ് ചെറിയ മാത്രയാൽ ഞരമ്പുവലിക്കു ശമനൗഷധമായി പ്രവർത്തിക്കും. അംഗവിക്ഷോഭപരമായ ക്രമക്കേടുകൾക്കും അപസ്മാരത്തിനും വളരെ ഫലപ്രദം. അരക്കെട്ടിലെ അവയവങ്ങളിൽ ലിലിയം ശക്തിയായി സ്വാധീനം ചെലുത്തും. ഗർഭാശയത്തിന്റെയും അണ്ഡകോശത്തിന്റെയും ചില നിദാനാവസ്ഥകൾ അപസ്മാരലക്ഷണങ്ങൾ കാണിക്കുമെന്നതു കൊണ്ട് ആഗർ-കോ അപസ്മാരത്തിനു പ്രയോജനപ്പെടുന്നു. എസ്ത്യൂസ ശമനൗഷധമാണ്. സ്വാസ്ഥ്യമില്ലായ്മ, ക്ഷോഭം വരിക, തല ചുറ്റൽ എന്നിവ തടയുന്നു.

**സൂചനകൾ**

കുട്ടികളുടെയും ശിശുക്കളുടെയും ബലം പിടിക്കൽ, സ്ത്രീകളിലെ അപസ്മാരം, കുട്ടികളിലെയും പുരുഷൻമാരിലെയും

അപസ്മാര പ്രകടനങ്ങൾ. ചുഴലിക്ക് പകൽ വൈററസോൺ കൊടുക്കാം. കിടക്കാൻ നേരം ആഗർ-കോയും; ചികിത്സ തുടരേണ്ടതാണ്. രോഗം ആവർത്തിച്ച് വരുന്നവർക്ക് വൈററസോണോട് കൂടിയ അതേ ചികിത്സ നൽകണം.

**മാത്ര:**

ശിശുക്കൾക്കും ചെറിയ കുട്ടികൾക്കും, കാൽ ഭാഗം ഗുളിക പൊടിച്ച് പാലിലോ തേനിലോ കൊടുക്കാം. മുതിർന്ന കുട്ടികൾക്കും മുതിർന്നവർക്കും പകുതി ഗുളിക ദിവസം മൂന്നുപ്രാവശ്യം ഭക്ഷണത്തിനു അരമണിക്കൂർ മുന്നേ തന്നെ കൊടുക്കണം.

**പാക്ക്**

50 ഗുളികകളുടെ കുപ്പി

## ആൽബോ-സാങ്ങ് (Albo-Sang)
## *ചൂർണ്ണവും ഗുളികകളും*

**വിവരണം**

ആയുർവ്വേദചികിൽസയിൽ പോഷണമൂല്യത്തിനും ഭക്ഷണത്തിന്റെ ഗുണാംശം വർദ്ധിപ്പിക്കാനും ഉപയോഗിക്കുന്ന അതിപ്രധാനമായ ചില ഇന്ത്യൻ പച്ച മരുന്നുകൾ അത്യാവശ്യമായ ധാതുപദാർത്ഥങ്ങളുമായി സംയോജിപ്പിച്ചിരിക്കുന്നു. സൂക്ഷ്മകോശങ്ങളുടെ പോഷണത്തിന്നാവശ്യമായ അവശ്യഘടകങ്ങൾ പ്രദാനം ചെയ്യുന്നു. അഗ്നിമാന്ദ്യമുള്ള രോഗികൾക്കും പ്രയോജനം ചെയ്യും.

**സൂചനകൾ**

**ഒരു പൂരകമെന്ന നിലയിൽ :** ഗുണം കുറഞ്ഞ ഭക്ഷണത്തിന്, ദഹനം കുറഞ്ഞ രോഗികൾക്ക്.

**പൊതുവായ ക്ഷീണത്തിന് :** മാനസികവും ശാരീരികവുമായുള്ള ബലക്ഷയം,വാർദ്ധക്യ ക്ഷീണം, ഓർമ്മശക്തിയും ഏകാഗ്രതയും ഇല്ലായ്മ, രോഗത്താലും ജീവിതക്ലേശത്താലും ഉണ്ടാകുന്ന അകാല വാർദ്ധക്യം എന്നിവയുമായി ബന്ധപ്പെട്ടത്.



**ശിശുക്കളെ ഊട്ടൽ :** മുലപ്പാലോ കുപ്പിപ്പാലോ ഇല്ലാത്ത ശിശുക്കൾക്ക് നറുംപാലിൽ ചേർത്തു കൊടുത്താൽ ദഹനവും, വിരേചനവും പൊതു ആരോഗ്യവും നന്നാകും, തൂക്കം വർദ്ധിക്കാനും സഹായിക്കും.

**വളരുന്ന കുട്ടികൾ:** ധാതുക്കളുടെയും മറ്റു പോഷകങ്ങളുടെയും കൂടുതലായ ആവശ്യം നിറവേറ്റുന്നു. വിശപ്പ് വർദ്ധിപ്പിക്കുന്നു. മാനസികവും ശാരീരികവുമായ ഊർജ്ജസ്വലത നൽകുന്നു. തൂക്കം വർദ്ധിപ്പിക്കാൻ സഹായിക്കുന്നു.

**മുലയൂട്ടുന്ന അമ്മമാർ:** ഗർഭകാലത്തും മുലയൂട്ടുന്ന കാലത്തും കൂടുതൽ ആവശ്യമായിവരുന്ന കാൽസ്യവും ഫോസ്ഫറസും മറ്റു ധാതുക്കളും പ്രദാനം ചെയ്യുന്നു. മുലയൂട്ടാനുള്ള ക്ലേശം നീക്കുന്നു. മുലപ്പാൽ വർദ്ധിപ്പിക്കുന്നു.

**ബുദ്ധിപരമായ ജോലി ചെയ്യുന്നവർ:** അമിതമായ ജോലിയും ആന്തരികമായ പിരിമുറുക്കവും മൂലം ശാരീരികവും മാനസികവുമായി ഉണ്ടാവുന്ന ക്ലേശം നീക്കുന്നു.

**പ്രായമായവർക്ക് :** വാർദ്ധക്യകാലത്ത് ടോണിക്കായും ആരോഗ്യം വീണ്ടെടുക്കാനുള്ള ഔഷധമായും ഉപയോഗിക്കാം.

**രോഗാവസ്ഥയിലും സുഖപ്പെട്ടശേഷവും :** ശരീരത്തിന്റെ പ്രതിരോധ സംവിധാനത്തെ ശക്തിപ്പെടുത്താൻ സഹായിക്കുന്നു. വിശപ്പും ദഹനവും വർദ്ധിപ്പിക്കുക വഴി ആരോഗ്യം അതിവേഗം വീണ്ടെടുക്കാൻ സഹായിക്കുന്നു.

**രക്തക്കുറവ് :** രക്തക്കുറവിനുള്ള ചികിത്സയിൽ ഒരു സഹായഘടകമെന്ന നിലയിൽ പൊതുവായ ശക്തിക്ഷയം നീക്കുന്നു. വിശപ്പു വർദ്ധിപ്പിക്കുന്നു.

ചായ, കാപ്പി, പാൽ, തൈര്, പഴച്ചാർ, ദ്രവഭക്ഷണം അഥവാ വെള്ളം ചേർത്ത ഭക്ഷണം എന്നിവയോടൊപ്പം കഴിക്കാം.

**മാത്ര:**

ശിശുക്കൾക്ക് : 1/4 ടീ സ്പൂൺ വീതം രണ്ടുനേരം

കുട്ടികൾക്ക് : അര ചായക്കരണ്ടി വീതം രണ്ടുനേരം
മുതിർന്നവർക്ക് : ഒരു ചായക്കരണ്ടിയോ രണ്ടു ഗുളികകളോ വീതം രണ്ടുനേരം.

**മുന്നറിയിപ്പ്** : ചൂർണ്ണം പഞ്ചസ്സാര അടങ്ങിയതാകയാൽ പ്രമേഹരോഗികളും അമിതഭാരമുള്ളവരും വർജ്ജിക്കണം. ഓരോ പാക്കിലും ഉപയോഗക്രമം അടക്കം ചെയ്തിട്ടുണ്ട്.

**പാക്ക്:**

(1) ചൂർണ്ണം - 200 ഗ്രാമിന്റെയും 400 ഗ്രാമിന്റെയും ടിന്നുകൾ.

(2) 300 ഗുളികകളുടെയും കുപ്പികൾ.

## ആൽബോവിററ് ചൂർണ്ണം (Albovit Powder)

**ഒരു കുടുംബത്തിനാവശ്യമായ പരിപൂർണ്ണപൂരകം.**

**വിവരണം**

ശതാവരിയും കുങ്കുമപ്പൂവും അടങ്ങിയ പ്രകൃതിദത്തമായ അവശ്യ പോഷകങ്ങളുടെ മിശ്രിതം.

**ഔഷധവിവരം**

ശതാവരി വേരിൽ നിന്നും എടുത്തിട്ടുള്ള

| | |
|---|---|
| ശതാവരി സത്ത് | 40 gm |
| ബദാം | 10 gm |
| ഈന്തപ്പഴം | 15 gm |
| കുങ്കുമപ്പൂവ് | 25 gm |

ഉന്നതനിലവാരത്തിലുള്ള മാംസ്യഘടകങ്ങളും മതിയായ അളവിൽ അവശ്യപോഷകങ്ങളും അടങ്ങിയ ആദ്യത്തെയും ഏകമാത്രവുമായ മരുന്ന്. ശതാവരി ഒരു ആന്റി ഓക്സിഡന്റും ദഹനത്തെ സഹായിക്കുന്നതും വ്യാധിക്ഷമത്വം നൽകുന്നതും ഓജസ് വീണ്ടെടുക്കാൻ സഹായിക്കുന്നതും ഗർഭഛിദ്രം തടയുന്നതുമായ ഔഷധസസ്യമാണ്. ഇതു പ്രകൃതി ദത്ത പോഷകങ്ങളാൽ സമൃദ്ധമാണ്. ബദാം പോഷകഗുണമുള്ളതും ഉത്തേജനം നൽകുന്നതുമായ ഒരു ശമനൗഷധമാണ്.



ഈന്തപ്പഴം പോഷകഗുണമുള്ളതും ശമനൗഷധവും സംയോഗാക്തിയുണ്ടാക്കുന്നതും ആരോഗ്യം വീണ്ടെടുക്കാൻ സഹായിക്കുന്നതുമാണ്. കുങ്കുമപ്പൂ സംയോഗാക്തിയുണ്ടാക്കുന്നതും ഉത്തേജനം നൽകുകയും വിശപ്പുണ്ടാകാൻ സഹായിക്കുകയും ചെയ്യുന്നു.

**സൂചനകൾ**

പോഷകസമൃദ്ധവും ആരോഗ്യം വീണ്ടെടുക്കാനുതകുന്നതുമായ ഒരു ടോണിക്ക് എന്നനിലയിൽ എല്ലാ പ്രായക്കാർക്കും പരിപൂർണ്ണ സംരക്ഷണം ഉറപ്പ് വരുത്തുന്നു.

**മാത്ര:**

മുതിർന്നവർ : 2 – 3 ടീ സ്പൂൺ ചൂർണ്ണം ഒരു കപ്പ് പാലിലോ വെള്ളത്തിലോ കലക്കി ദിവസം രണ്ടു തവണ സേവിക്കുക

കുട്ടികൾ : 1 – 2 ടീ സ്പൂൺ വീതം

**പാക്ക്:** 200 gm ചൂർണ്ണം

## ആൽബോക്കാൽ (Albocal)

**മഗ്നീഷ്യം, നാകം, വിററമിൻ - D3 എന്നിവ അടങ്ങിയ കാൽസ്യം പൂരകം.**

**ഔഷധവിവരം**

(ഓരോ ഗുളികയിലും അടങ്ങിയിട്ടുള്ളത്.)

കാൽസ്യം കാർബണേററ് I P – 1250 mg

മഗ്നീഷ്യം ഹൈഡ്രോക്സൈഡ് I P – 240 mg

സിങ്ക് സൾഫേററ് മോണോഹൈഡ്രേററ് usp – 20.59 mg

വിററാമിൻ D3 250 i. u

നാഡീവ്യവസ്ഥിതികളുടെയും മാംസപേശിവ്യവസ്ഥിതികളുടെയും പ്രവർത്തനത്തെ സംബന്ധിച്ച ഉദ്ഗ്രഥനത്തിന് കാൽസ്യം ഒരു സുപ്രധാന ഘടകമാണ്. ഹൃദയത്തിന്റെ സാധാരണമായ

പ്രവർത്തനത്തിനും ഇത് വളരെ ആവശ്യമാണ്. ഇത് രക്തത്തിന്റെ ഘനീഭവിപ്പിക്കലിന്റെ രീതികളെ നടപ്പിലാക്കുന്ന ഘടകങ്ങളിൽ ഒന്നാണ്.

**സൂചനകൾ**

ഗർഭധാരണം, മുലയൂട്ടൽ, അസ്ഥിക്ഷതം,വളരുന്ന കുട്ടികൾ, ആർത്തവ വിരാമം.

**മാത്ര:** മുതിർന്നവർ : ഒരു ഗുളിക വീതം ദിവസം രണ്ടു തവണ സേവിക്കുക.

**പാക്ക്:**

10 ഗുളികകളുടെ 3 ബ്ലിസ്റ്റർ സ്ട്രിപ്പുകൾ പെട്ടി അടങ്ങിയ പെട്ടി.

## **അമീഗ്ളിയ** (Amyglia)

### **ഞരമ്പുവലിക്കുള്ള ഗുളികകൾ**

**വിവരണം**

രക്തധമനിയുടെ പിരിമുറുക്കത്തിനും ഹൃദയവിക്ഷോഭത്തിനും ആശ്വാസം കിട്ടാൻ പ്രത്യേകമായുപയോഗിക്കുന്ന ഔഷധങ്ങളുടെ മിശ്രം.

**സൂചനകൾ**

ഹൃദയഭിത്തികളിലെ ധമനികളെ വികസിപ്പിക്കുന്നതു വഴി ഹൃദയ വിക്ഷോഭത്തിനു ആശ്വാസം നൽകുന്നു.

തലവേദനകളിലും ഉയർന്ന രക്തസമ്മർദ്ദത്തിലും പെട്ടെന്നു ആശ്വാസം ലഭിക്കേണ്ടതാണ്. (ഇതു രക്തനാളികളെ വികസിപ്പിക്കുകയും രക്തസമ്മർദ്ദം കുറച്ചുകൊണ്ടുവരികയും ചെയ്യുന്നു.)

വൈറ്റസോൺ തലവേദന ശമിപ്പിക്കുന്നില്ലെങ്കിൽ അമീഗ്ളിയ കൊടുക്കുക, ഞരമ്പുവലി സംബന്ധിച്ച രോഗങ്ങൾ, ഉദാ: വേദനയോടു കൂടിയ ആർത്തവം, ഏക്കം, കൊക്കക്കുര, ശിശുക്കളുടെ ബലം പിടിക്കൽ, കൊടിഞ്ഞിക്കുത്ത് തുടങ്ങിയവ.

ഗുളിക പൊടിച്ച് നാവിനടിയിൽ പതിവായി ഇടയ്ക്കിടെ വെച്ചുകൊണ്ടിരുന്നാൽ ദണ്ഡമിളക്കം (ചുഴലി) ഒഴിവാക്കാം.



**മാത്ര:**

1/2 ഗുളിക മൂന്നുനേരം

**പാക്ക്**

50 ഗുളികകളുടെ കുപ്പി

## **ഔറാററിനം** (Auratinum)

### **ഗർഭാശയരോഗങ്ങൾക്ക്**

**വിവരണം**

ഗർഭാശയത്തിലും അണ്ഡകോശങ്ങളിലും ഫലം ചെയ്യുന്നതിന് ഗുളിക രൂപത്തിലാക്കിയ ഔഷധമിശ്രം.

ഔറം മുരിയാറ്റികം : സ്ത്രീകളുടെ അരക്കെട്ടിലെ അവയവങ്ങൾക്കുണ്ടാകുന്ന ക്രമക്കേടുകൾക്കു ഫലപ്രദം. ഉയർന്ന രക്തസമ്മർദ്ദത്തിനും നല്ല ഫലം ചെയ്യും.

ടർ. പുൽസാറ്റില: ചഞ്ചലചിത്തരായ രോഗികൾക്കു വിശേഷിച്ചും പ്രയോജനം നൽകും. ഞരമ്പു വേദനകളും കടച്ചിലും ശമിപ്പിക്കുന്നു. ആർത്തവമില്ലായ്മയ്ക്കും ആർത്തവസംബന്ധമായ ക്രമക്കേടുകൾക്കും ഉപയോഗിക്കാം.

ടർ. തൂജ : വെള്ളപോക്കിനു പ്രത്യേക ഗുണം ചെയ്യും. ഗർഭാശയവീക്കം മൂലമുള്ള ഇടുപ്പുവേദനയ്ക്കും.

**സൂചനകൾ**

ഗർഭാശയത്തിന്റെയും അണ്ഡകോശങ്ങളുടേയും വീക്കവും വേദനയും ആർത്തവക്കുഴപ്പങ്ങളും. ഗർഭാശയമുഖത്ത് പുണ്ണ്, വെള്ളപോക്ക്, ആർത്തവക്കുറവും ക്രമം തെറ്റിയ ആർത്തവവും.

ചഞ്ചലചിത്തരായ സ്ത്രീകൾക്ക് ഞരമ്പു വേദന, ശരീരത്തിന് തണുപ്പ് തുടങ്ങിയ ലക്ഷണങ്ങളുണ്ടാകും. അത്തരക്കാർക്ക് വിശേഷിച്ചും ഫലപ്രദം.

**മാത്ര:**

1/2 മുതൽ 1 ഗുളികവരെ മൂന്നുനേരം വീതം ഭക്ഷണത്തിനും

കിടക്കാൻ പോകുന്നതിനും അരമണിക്കൂർ മുമ്പേ കഴിക്കുന്നതാണ് ഉത്തമം.

**പാക്ക്**

50 ഗുളികകളുടെ കുപ്പി

## ബയോ സാൽ (Bio Sal)

### ശിശുക്കൾക്ക് ടോണിക്ക്

**വിവരണം**

ശിശുക്കൾക്കും ചെറിയ കുട്ടികൾക്കും ഉണ്ടാവുന്ന ദഹന ക്കുഴപ്പങ്ങൾക്കു പ്രതിവിധിയായി വീട്ടിൽ സൂക്ഷിക്കാവുന്ന കൺകണ്ട ഹെർബൽ ഔഷധം, ബയോസാലിൽ ലഹരി വസ്തു ക്കൾ ഒന്നും അടങ്ങിയിട്ടില്ല.

| | | |
|---|---|---|
| ശതകുപ്പ | – | 0.0018 ml |
| തിപ്പലി | – | |
| ജടാമാഞ്ചി | – | |
| കടുക്ക | – | |
| ചുക്ക് | – | |
| വയമ്പ് | – | |
| അമ്ളവേതസം | – | |
| ഇരട്ടിമധുരം | – | |
| അയമോദകം | – | |
| താലീസപത്രം | – | |

**സൂചനകൾ**

വിശപ്പില്ലായ്മ, അമ്ലം, ശൂലവേദന, ദഹനദൂഷ്യങ്ങൾ, വായു സ്തംഭനം, അതിസാരം, ഭക്ഷണം വയറ്റിൽ കിടന്നു നുരയ്ക്കൽ. അസ്വസ്ഥത, അംഗവിക്ഷോഭം, ദഹനക്രമക്കേടുകൾ എന്നിവയും പല്ലു മുളയ്ക്കുമ്പോഴുണ്ടാകുന്ന അസുഖങ്ങളും.

രാവിലെയും രാത്രിയും പതിവായി ഉപയോഗിച്ചാൽ വിശ



പ്പുണ്ടാകും. ദീപനശക്തി വർദ്ധിക്കും. അതിസാരം തടയും.

ദീപനം മെച്ചപ്പെടുത്താനും വിരേചനം ശരിപ്പെടുത്താനും രോഗാവസ്ഥയിലും രോഗാനന്തരഘട്ടത്തിലും കൊടുക്കാം.

**മാത്ര:**

ജനിച്ചു അധികദിവസമായിട്ടില്ലാത്ത കുഞ്ഞുങ്ങൾക്ക് 1/2 ചായക്കരണ്ടി വീതം രണ്ടുനേരം.

1–6 മാസം : 1/2 ചായക്കരണ്ടിവീതം രണ്ടുനേരം :

6 മാസം... 1 കൊല്ലം : 1 ചായക്കരണ്ടിവീതം രണ്ടുനേരം:

1 കൊല്ലം കഴിഞ്ഞാൽ 1–2 ചായക്കരണ്ട ിവീതം രണ്ടുനേരം

**പാക്ക്**

100 ml കുപ്പി

## ബ്രഹ്മഡൈൻ (Brahamdine)

### ഗർഭാശയ ടോണിക്ക് ഗുളികകൾ

**വിവരണം**

ഗർഭാശയത്തെ ഉജ്ജീവിപ്പിക്കുന്നവയെന്നു നൂറ്റാണ്ടുക ളായി പ്രസിദ്ധി നേടിയ ആയുർവ്വേദ ഔഷധങ്ങളുടെ മിശ്രം.

| | | |
|---|---|---|
| തഗരം | – | 28 mg |
| അമുക്കുരം | – | 28 mg |
| പാച്ചോറ്റി | – | 52 mg |
| അശോകം | – | 52 mg |
| സ്വർണ്ണക്ഷീരി | – | 2 mg |
| ശതാവരി | – | 40 mg |
| ഷിപ്പോർണ്ണജയ | – | 28 mg |
| കാട്ടുപരത്തി | – | 40 mg |
| ഇരട്ടിമധുരം | – | 14 mg |

**ഔഷധവിവരം**

ലോധ്ര(പാച്ചോറ്റി): ഗർഭാശയകലകൾക്കു അയവുണ്ടാക്കുന്നു. വേദനയോടുകൂടിയ ആർത്തവം, അമിതമായ ആർത്തവസ്രാവം, വെള്ളപോക്ക് എന്നിവയിൽ ഫലപ്രദമായ ഉജ്ജീവനൗഷധമായി പ്രവർത്തിക്കുന്നു. കാലം തെറ്റിയുള്ള ആർത്തവം ശരിപ്പെടുത്തുകയും ചെയ്യുന്നു.

അശോകം: ഗർഭാശയ ധാതുക്കളെ ബലപ്പെടുത്തി രോഗശമനം വരുത്തുകയും ആർത്തവം ക്രമീകരിക്കപ്പെടുകയും ചെയ്യുന്നു.

അമുക്കുരം, തഗരം, സ്വർണ്ണക്ഷീരി എന്നിവ മനോവിഷമം നീക്കി സ്വസ്ഥത കൈവരുത്തുന്നു. അശ്വഗന്ധം ക്ഷീണഹര ഔഷധമാണ്. ബലാറ്റാഗ്ര ഞരമ്പുകൾക്കു വിലപ്പെട്ട ഒരു ടോണിക്കാണ്. ഞരമ്പുവലി ശമിപ്പിക്കും.

വിബ്രുണം (ഷിപ്പോർണ്ണജയ), കാട്ടുപരത്തി എന്നിവ ഗർഭാശയരോഗങ്ങൾ, വേദനയോടുകൂടിയ ആർത്തവം ഇവയ്ക്ക് നല്ലതാണ്. ഇരട്ടിമധുരം ശ്വേതപ്രഭരത്തിനും ഗർഭാശയരോഗങ്ങൾക്കും നല്ലതാണ്.

**സൂചനകൾ**

ക്രമാധികമായ രക്തംപോക്ക്, വെള്ളപോക്ക്, ക്രമംതെറ്റിയ ആർത്തവം, രക്തം വല്ലാതെ വാർന്നുപോകുന്നുണ്ടെങ്കിൽ ചീനിയം-കോ കൂടി കൊടുക്കണം.

**മാത്ര**

1 മുതൽ 2 ഗുളികവരെ മൂന്നു നേരം വീതം

**പാക്ക് :**

10 ഗുളികകളുടെ 10 ബ്ലിസ്റ്റർ സ്ട്രിപ്പുകളുടെ പെട്ടി.

## ബ്രഹ്മഡൈൻ സിറപ്പ് (Brahamdine Syrup)

ഗർഭാശയ ആരോഗ്യം വീണ്ടെടുക്കാൻ സഹായിക്കുന്ന ടോണിക്ക്

| | | |
|---|---|---|
| തഗരം | – | 115 mg |



| | | |
|---|---|---|
| അമുക്കുരം | – | 120 mg |
| പാച്ചോറ്റി | – | 140 mg |
| അശോകം | – | 225 mg |
| ശതാവരി | – | 155 mg |
| ഷിപ്പോർണ്ണജയ | – | 90 mg |
| കാട്ടുപരത്തി | – | 80 mg |
| ഇരട്ടിമധുരം | – | 50 mg |
| ജഡാമഞ്ചി | – | 45 mg |
| മുത്തങ്ങ (സസ്യം) | – | 75 mg |
| പട്ട | – | 20 mg |
| ഇഞ്ചി | – | 20 mg |
| ചെറുമരുന്ന്/മരമഞ്ഞൾ | – | 65 mg |

**ഔഷധവിവരം**

ലോധ്ര(പാച്ചോറ്റി): ഗർഭാശയകലകൾക്കു അയവുണ്ടാക്കുന്നു. വേദനയോടുകൂടിയ ആർത്തവം, അമിതമായ ആർത്തവസ്രാവം, വെള്ളപോക്ക് എന്നിവയിൽ ഫലപ്രദമായ ഉജ്ജീവനൗഷധമായി പ്രവർത്തിക്കുന്നു. കാലം തെറ്റിയുള്ള ആർത്തവം ശരിപ്പെടുത്തുകയും ചെയ്യുന്നു.

അശോകം: ഗർഭാശയ ധാതുക്കളെ ബലപ്പെടുത്തി രോഗശമനം വരുത്തുകയും ആർത്തവം ക്രമീകരിക്കപ്പെടുകയും ചെയ്യുന്നു.

അമുക്കുരം, തഗരം, സ്വർണ്ണക്ഷീരി എന്നിവ മനോവിഷമം നീക്കി സ്വസ്ഥത കൈവരുത്തുന്നു. അശ്വഗന്ധം ക്ഷീണഹര ഔഷധമാണ്. ബലാറ്റാഗ്ര ഞരമ്പുകൾക്കു വിലപ്പെട്ട ഒരു ടോണിക്കാണ്. ഞരമ്പുവലി ശമിപ്പിക്കും.

വിബ്രുണം (ഷിപ്പോർണ്ണജയ), കാട്ടുപരത്തി എന്നിവ ഗർഭാശയരോഗങ്ങൾ വേദനയോടുകൂടിയ ആർത്തവം ഇവയ്ക്ക് നല്ലതാണ്. ഇരട്ടിമധുരം ശ്വേതപ്രഭരത്തിനും ഗർഭാശയരോഗങ്ങൾക്കും

നല്ലതാണ്.

**സൂചനകൾ**

ക്രമാധികമായ രക്തംപോക്ക്, വെള്ളപോക്ക്, ക്രമം തെറ്റിയ ആർത്തവം, ആർത്തവത്തിനു മുൻപും പിൻപും ഉള്ള വിളർച്ച,ഞരമ്പു വലിഞ്ഞുണ്ടാകുന്ന വേദന, ഭാവവ്യതിയാനങ്ങൾ, ഉത്കണ്ഠ ആദിയായവ.

മുത്തങ്ങ ഗർഭാശയ ഞരമ്പു വലിഞ്ഞുണ്ടാകുന്ന വേദനയ്ക്കു വളരെ പ്രയോജനപ്രദമാണ്. ചെറുമരുന്ന് ഒരു രോഗാണുനാശകവും അമിതമായ ആർത്തവ സ്രാവത്തിനു വളരെ പ്രയോജനപ്രദമാണ്.

**മാത്ര**

2 – 3 ടീ സ്പൂൺ വീതം 2 നേരം (അതി രാവിലെയും രാത്രി കിടക്കുന്നതിനു മുൻപും)

പാർശ്വഫലങ്ങൾ ഇല്ല

**പാക്ക്**

200 ml സിറപ്പിന്റെ കുപ്പി

# ചെസ്സോൾ (Chesol)

## *പുറമെ പുരട്ടി തിരുമ്മാൻ*

## വിവരണം

പേശിവേദനയ്ക്കും കടച്ചിലിനും, നെഞ്ചുപഴുപ്പിനും ശ്വാസം നാളത്തിലെ കഫക്കെട്ടിനും.

പച്ചമരുന്നുകൾ പിഴിഞ്ഞെടുത്തു തയ്യാറാക്കിയ ഈ ഔഷധം വാതത്തിനും സന്ധികളിൽ അയവില്ലായ്മയ്ക്കും ചുമയ്ക്കും തലവേദനയോടുകൂടിയുള്ള നെഞ്ചുപഴുപ്പിനും വളരെ ഫലപ്രദം. പക്ഷപാതത്തിനും പേശീക്ഷയത്തിനും ഫലം ചെയ്യും.

| | | |
|---|---|---|
| കുന്നി | – | 7.5 g |
| മുളക് (ചുവന്ന മുളക്) | – | 6g |
| കറ്റാർവാഴ | – | 5g |
| കടുക് | – | 4.75g |
| വയമ്പ് | – | 5g |
| ചുക്ക് | – | 3g |
| നീർവാളം | – | 3g |
| കുറാശാണി | – | 0.85g |
| അയമോദകം | – | 1.88 g |
| ഗ്രാമ്പൂ | – | 0.83 g |
| പെപർമിന്റ് ഓയിൽ | – | 1.25 g |
| സസ്യ എണ്ണ | – | qS |



## ഔഷധവിവരം

കുന്നി-നീരും വേദനയും ഇല്ലാതാക്കുന്നു.

വയമ്പ് - പഴക്കം ചെന്ന സന്ധിരോഗങ്ങൾക്ക് ഉപയോഗ പ്രദമാണ്.

നീർവാളം - ശ്വാസം മുട്ടൽ, സന്ധിരോഗങ്ങൾ ഇവയ്ക്ക് ഉപയോഗപ്രദമാണ്.

കറ്റാർവാഴ, ചുക്ക്, അയമോദകം ഇവ വേദനയും നീരും ശമിപ്പിക്കുന്നു. വ്രണത്തെ ഉണക്കുന്നു.

കാപ്സിക്കം, ഗ്രാമ്പൂ തൈലം അണുനാശിനിയാണ്. രക്തയോട്ടത്തെ ത്വരിതപ്പെടുത്തുന്നു.

## പ്രയോഗം

വേദനയോ കാഠിന്യമോ ഉള്ള സ്ഥലത്തു പുരട്ടി നന്നായി തിരുമ്മണം. നെഞ്ചുപഴുപ്പിനു നെഞ്ചിൽ പുരട്ടി സാവകാശം തടവുക.

ശിശുക്കളുടെ ചർമ്മം വളരെ മൃദുലമായതുകൊണ്ട് ആദ്യത്തെ ഒന്നോ രണ്ടോ ഉപയോഗത്തിന്നുശേഷം ഏതെങ്കിലും ഭക്ഷ്യ എണ്ണ ചേർത്തു ചെസ്സോളിന്റെ ശക്തി കുറയ്ക്കാവുന്നതാണ്.

**പാക്ക്**

50 ml കുപ്പി

100 ml കുപ്പി

## ചീനിയം - കോ (Chiniumco)

### രക്തസ്രാവത്തിനുള്ള ഗുളികകൾ

**വിവരണം**

ക്രമാതീതമായ രക്തവാർച്ച തടയുന്നതിനുള്ള ആയൂർവ്വേദ മരുന്നുകളുടെ ഒരു മിശ്രം.

| | | |
|---|---|---|
| അമ്ള വേതസം | – | 44 mg |
| കടുകു രോഹിണി | – | 24 mg |
| മലങ്കാരയ്ക്ക | – | 3 mg |
| കറുവാപ്പട്ട | – | 12 mg |
| തിലപുഷ്പി | – | 15 mg |
| സ്ഫടികം | – | 3 mg |

**ഔഷധവിവരം**

ഇലവംഗം (കറുവാപ്പട്ട): വായുശമകവും ക്ഷീണഹരവും ദീപനകരവും ആയ ഔഷധമെന്നതിനു പുറമേ രക്തവാർച്ച തടയുന്നതിനും ഫലപ്രദമാണ്. ഗർഭാശയ പേശികളെ അതു ഉത്തേജിപ്പിക്കുന്നു. ഗർഭാശയം തെറ്റായ രീതിയിൽ ചുരുങ്ങുകകാരണം പ്രസവം നീണ്ടുപോകുന്ന കേസുകളിലും ഉപകരിക്കാം.

മലങ്കാരയ്ക്ക : ഒരു വിരേചനൗഷധവും ക്ഷിപ്രപ്രസവ സഹായകമായ ടോണിക്കുമാണ്.

കടുക് രോഹിണി : ആർത്തവമില്ലാത്ത അവസ്ഥയിൽ ഫലപ്രദം. ദുഷിച്ച രക്തം നീക്കി വയറ്റിനെ ശുദ്ധീകരിക്കുന്നു.

തിലപുഷ്പി, അമ്ളവേതസം രക്തസ്തംഭനത്തെ ഉണ്ടാക്കുന്നു. സ്ഫടികം- രക്തസ്തംഭനത്തെ ഉണ്ടാക്കുന്നു, രക്താർശ്ശസ്, ശ്വേതപ്രദേശം ഇവയിൽ ഫലപ്രദമാണ്.



**സൂചനകൾ** : ഗർഭാശയത്തിലോ മൂലക്കുരുമൂലമോ ഉള്ള രക്തസ്രാവം, മൂക്കിലൂടെയോ വായിലൂടെയോ രക്തം വരൽ, രക്താതിസാരം എന്നിവയ്ക്ക്.

ഗർഭാശയം, അണ്ഡനാളം, അണ്ഡാശയം എന്നിവയിലെ വ്യാധികൾമൂലം സ്ത്രീകൾക്കു അടിവയറ്റിലുണ്ടാകുന്ന വേദനകൾക്ക്

**മാത്ര:**

കുട്ടികൾ : 1/4 മുതൽ 1/2 ഗുളിക മൂന്നു നേരം വീതം

മുതിർന്നവർക്ക് : 1 മുതൽ 2 വരെ ഗുളിക മൂന്നുനേരം വീതം

**പാക്ക്:**

10 ഗുളികകളുടെ 10 ബ്ലിസ്റ്റർ സ്ട്രിപ്പുകളുടെ പെട്ടി.

## ഡാഞ്ചൈൻ (Dangine)

### *ചുമയ്ക്കുള്ള സിരാക്ഷോഭശമന ഗുളികകൾ*

**വിവരണം**

ചുമയുണ്ടാക്കുന്ന സിരാക്ഷോഭത്തിനും കൊക്കക്കുരയ്ക്കും വിശേഷിച്ചും ഫലപ്രദമായ പച്ചമരുന്നുകൾ.

| | | |
|---|---|---|
| ചിത്തിരപ്പാല | – | 49 mg |
| ആറ്റ് വഞ്ചി | – | 30 mg |
| ആടലോടകം | – | 30 mg |
| സ്ഫടികം | – | 14 mg |
| സോമലത | – | 36 mg |
| ഇരട്ടിമധുരം | – | 7 mg |
| അമുക്കുരം | – | 3 mg |
| അമൽപ്പൊരി | – | 2 mg |

| | | |
|---|---|---|
| തഗരം | – | 2 mg |
| മഞ്ഞൾ | – | 0.31 mg |
| ചുക്ക് | – | 0.08 mg |
| അയമോദകം | – | 0.11 mg |
| നെല്ലിക്ക | – | 0.04 mg |
| പിപ്പലി | – | 0.04 mg |
| ജീരകം | – | 0.04 mg |
| പെരുംജീരകം | – | 0.24 mg |

**ഔഷധവിവരം**

**സ്ഫടികം–** ധാതുക്കൾക്കു ബലം നൽകി, സിരാക്ഷോഭം നീക്കുന്നതും പഴുപ്പിനെ തടയുന്നതുമായ ഔഷധം. ശ്വാസനാളങ്ങൾക്കു ആശ്വാസം നൽകുന്നു.

**ആടലോടകം (വസാക) –** കഫം മുറിക്കാൻ പ്രസിദ്ധമായ ഔഷധമാണ്. കാഠിന്യവും പഴകിയതുമായ നെഞ്ചു പഴുപ്പിനു ഉപയോഗിക്കുന്നു. കഫത്തെ ദ്രാവകമാക്കി നീക്കം ചെയ്യുന്നു.

**നള (ആറ്റ് വഞ്ചി)–** സിരാക്ഷോഭഹരമാണ്; കഫമിളക്കുകയും ചെയ്യും. രോഗത്തിന്റെ ആക്രമണവേളയിൽ ശ്വസനേന്ദ്രിയ സിരകളുടെ ക്ഷോഭം കുറയ്ക്കുന്നതാണ് മുഖ്യമായ പ്രയോജനം.

**ദുധി(ചിത്തിരപ്പാല)–** ചുമയുടെ കേന്ദ്രത്തെ അടക്കി നിർത്താൻ പ്രവർത്തിക്കുകയും ശ്വാസനാളികൾക്ക് ആശ്വാസം നൽകുകയും ചെയ്യും. കുട്ടികൾക്കുണ്ടാകുന്ന ചുമയ്ക്കു വിശേഷിച്ചും ഫലപ്രദം.

**സോമലത –** ശ്വാസം മുട്ടലിന് നല്ലതാണ്.

**ഇരട്ടിമധുരം –** കഫത്തെ ഇളക്കിക്കളയുന്നു. ശ്വാസനാള സംബന്ധമായ രോഗങ്ങൾക്ക് നല്ലതാണ്.

**അമുക്കുരം–** ബല്യമാണ്, സ്തംഭനമാണ്, മസ്തിഷ്ക്ക പ്രവർത്തനത്തെ മന്ദീഭവിപ്പിക്കുന്നു.

**അമൽപ്പൊരി, തഗരം –** ഉറക്കം ഉണ്ടാക്കുന്നതാണ്.



**സൂചനകൾ**

സിരാക്ഷോഭ സംബന്ധമായ അസഹനീയ ചുമ.. വിശേഷിച്ചും വില്ലൻ ചുമ.

**മാത്ര:**

കുട്ടികൾക്ക് 1/4 മുതൽ 1/2 വരെ ഗുളിക നാലുമണിക്കൂർ കൂടുമ്പോൾ തന്നെ കൊടുക്കാം. ചെറിയ കുട്ടികൾക്കു ഗുളിക പൊടിച്ച് തേനിൽ കൊടുക്കാം.

ശരീരത്തിന്റെ പ്രതിരോധശക്തി വർദ്ധിപ്പിക്കാനും രോഗ ശമനം ത്വരിതപ്പെടുത്താനും അൽബോസാങ്ങ് പാലിൽ ചേർത്തു രണ്ടുനേരം കൊടുക്കുന്നതു നല്ലതാണ്.

**പാക്ക്:**

10 ഗുളികകളുടെ 10 ബ്ലിസ്റ്റർ സ്ട്രിപ്പുകളുടെ പെട്ടി.

# ഡെസിൽ (Decil)

## വേദനകൾക്കും പനിക്കുമുള്ള ഗുളികകൾ

**വിവരണം**

വേദനകളും പനിയും മാറ്റാനുള്ള പ്രശസ്തമായ രണ്ടു ഔഷധങ്ങൾ കാഫീൻ ചേർത്ത് തയ്യാറാക്കിയത്.

### ഔഷധവിവരം

**അസറ്റൽ സാലിസ്റ്റിക്ക് ആസിഡ്:** ഏറ്റവും പ്രചാരമുള്ള ജ്വര വേദനസംഹാരിയാണ്. നീർക്കെട്ടിനു നല്ല ഫലം ചെയ്യും. വാതസംബന്ധമായ വേദനയ്ക്കും ഈ ഔഷധം പറ്റും.

**പാരാസെറ്റമോൾ :** ഇതും അസറ്റൽ സാലിസ്റ്റിക്ക് പോലെ തന്നെ ഫലം ചെയ്യുന്നതാണ്.

**കാഫീൻ :** ഉത്തേജനം നൽകും. രോഗികൾക്ക് പ്രസന്നത കൈവരുത്തും. വേദനസംഹാരി ഔഷധങ്ങളുടെ മിശ്രം, അതിലെ ഒറ്റ മരുന്ന് വലിയ അളവിൽ കഴിക്കുന്നതിനേക്കാൾ ഫലം ചെയ്യുമെന്ന് സമർത്ഥിക്കപ്പെട്ടതാണ്. മാത്രമല്ല. വേദന മാറുന്നതോടെ ഉണ്ടാകാവുന്ന ദോഷഫലങ്ങൾ കുറയ്ക്കുകയും ചെയ്യും. വേദനാസംഹാരി ഔഷധങ്ങൾ പരസ്പരം ചേർക്കുകയും അവ കാഫി

നുമായി കൂട്ടിച്ചേർക്കുകയും ചെയ്യുമ്പോൾ അവ ഓരോന്നും ഒറ്റയ്ക്കു ഉപയോഗിക്കുന്നതിനേക്കാൾ ഫലദായകമായിത്തീരുന്നു.

**സൂചനകൾ**

ചെന്നിക്കുത്ത്(മൈഗ്രേയിൻ)അടക്കമുള്ള തലവേദന, പല്ലു വേദന, ആർത്തവവേദന, പേശികളിലെയും, അസ്ഥിവ്യൂഹത്തി ലെയും വേദനകൾ, വാതസംബന്ധമായ വേദന, ഞരമ്പുകടച്ചിൽ എന്നിവയ്ക്ക്. എല്ലാ ജ്വരാവസ്ഥകളിലും പനിച്ചൂട് കുറയ്ക്കാനും ഇൻഫ്ളുവൻസയ്ക്കും സാധാരണ ജലദോഷത്തിനും മറ്റും.

**മാത്ര:**

മുതിർന്നവർ: 1 മുതൽ 2 വരെ ഗുളികകൾ, ആവശ്യമെ ങ്കിൽ നാലുമണിക്കൂർ ഇടവിട്ട്.

**പ്രത്യേകം ശ്രദ്ധിക്കുക:**

ഡോക്ടറുടെ ഉപദേശം ഇല്ലാതെ ഈ ഗുളിക 10 വയ സ്സിൽ താഴെയുള്ള കുട്ടികൾക്ക് കൊടുക്കാൻ പാടുള്ളതല്ല. വെറും വയറ്റിൽ കൊടുക്കാനും പാടില്ല.

**പാക്ക്:**

10 ഗുളികകളുടെ 10 സ്ട്രിപ്പുകളടങ്ങിയ പെട്ടി.

500 ഗുളികകളുടെ ടിൻ

# ദെസ്മാ (Desma)

## (ആസ്തമ) കാസശ്വാസത്തിനുള്ള ഗുളികകൾ

**വിവരണം**

കാസശ്വാസത്തിന് ആശ്വാസം നൽകുന്ന ആയൂർവ്വേദഔഷധങ്ങ ളുടെ ഒരു മിശ്രം. ചുമയുള്ളപ്പോൾ കഫം ഇളക്കാനും ഉപയോഗി ക്കുന്നു.

| | | |
|---|---|---|
| ആടലോടകം | – | 40 mg |
| സോമലത | – | 130 mg |
| ചിത്തിരപ്പാല | – | 40 mg |
| ആറ്റുവഞ്ചി | – | 4 mg |
| സെനേഗ | – | 10 mg |
| കർക്കടക ശൃംഗി | – | 49 mg |
| കണ്ടകാരിചൂണ്ട | – | 49 mg |
| തഗരം | – | 39 mg |



**ഔഷധവിവരം**

**ഹ്യൂമ(സോമലത):** ശ്വാസനാള പേശികൾക്ക് അയവു നൽകുന്നു. ആസ്തമയുടെ ആക്രമണത്തെ തടയുകയോ കുറയ്ക്കു കയോ ചെയ്യുന്നു. എഫെഡ്രായിൻ ക്ഷാരം മൂലമാണ് അത് പ്രവർത്തിക്കുന്നത്.

**ആടലോടകം (വസാക) :** കഫം മുറിക്കാൻ പ്രസിദ്ധമായ ഔഷധമാണ്. കഠിനവും പഴകിയതുമായ നെഞ്ചുപഴുപ്പിനു ഉപ യോഗിക്കുന്നു. കഫത്തെ ദ്രാവകമാക്കി നീക്കം ചെയ്യുന്നു.

നള(ആറ്റ്വഞ്ചി) സിരാക്ഷോഭകരമാണ്. കഫമിളക്കുകയും ചെയ്യും. രോഗത്തിന്റെ ആക്രമണവേളയിൽ ശ്വസനേന്ദ്രിയസിരക ളുടെ ക്ഷോഭം കുറയ്ക്കുന്നതിനാണ് മുഖ്യമായും ഉപയോഗിക്ക പ്പെടുന്നത്.

**ഭൂതി(ചിത്തിരപ്പാല):** ചുമയുടെ കേന്ദ്രത്തെ അടക്കി നിർത്താൻ പ്രവർത്തിക്കുന്നതോടൊപ്പം ശ്വാസനാളികൾക്ക് ആശ്വാസം നൽകുകയും ചെയ്യും. കുട്ടികൾക്കുണ്ടാകുന്ന ചുമ കൾക്ക് പ്രത്യേകിച്ചും ഫലപ്രദം.

തഗരം, ഉത്തേജകമാണ്, മാംസപേശി സങ്കോചത്തെ ഇല്ലാതാക്കുന്നു. നിദ്രാജനകമാണ്. കണ്ടകാരിചൂണ്ട ചുമയ്ക്കും ശ്വാസംമുട്ടലിനും നല്ലതാണ്. കർക്കടകശൃംഗി ചുമ, ശ്വാസം മുട്ടൽ മുതലായ ശ്വാസനാളസംബന്ധമായ രോഗങ്ങൾക്ക് നല്ലതാണ്.

**സൂചനകൾ**

(1) ആസ്തമയുടെ ആക്രമണം തടയുക (2) പെട്ടെന്ന് ആശ്വാസം ലഭിക്കുന്നതിനുള്ള ആസ്തമാ ചികിത്സ, (3) പഴകിയ ചുമ, ശ്വാസനാളങ്ങളിലെ രോഗബാധയെത്തുടർന്നുള്ള ചുമ, സാധാരണ ജലദോഷം, നെഞ്ച്, പഴുപ്പ് തുടങ്ങിയവ.

**മാത്ര:**

മുതിർന്നവർ : 1 മുതൽ 2 വരെ ഗുളികകൾ നാലുനേരം വീതം

കുട്ടികൾ : 1/2 മുതൽ 1 വരെ ഗുളികകൾ മൂന്നുനേരം വരെ

**പാക്ക്:**

10 ഗുളികകളുടെ 10 ബ്ലിസ്റ്റർ സ്ട്രിപ്പുകളുടെ പെട്ടി.

# ഡയാസിൻ (Diasyn)

**അതിസാരത്തിനുള്ള ഗുളികകളും ഔഷധമിശ്രണവും**

**വിവരണം**

അതിസാരത്തിനും രക്താതിസാരത്തിനുമുള്ള ഔഷധങ്ങളുടെ ഒരു മിശ്രം.

| | | ഗുളിക | ഔഷധമിശ്രണം |
|---|---|---|---|
| കടുക്ക | – | 32 mg | 28 mg |
| കൂവളം | – | 87 mg | 14 mg |
| കടുകപ്പാല | – | 66 mg | 56 mg |
| വരമഞ്ഞൾ | – | 88.5 mg | 88.6 mg |
| ജീരകം | – | 7.7 mg | |
| ധാതകി | – | 9.7 mg | |
| അയമോദകം | – | 9.7 mg | |
| ഏഴിലംപാല | – | 7.7 mg | |

## ഔഷധവിവരം

കൂർച്ചി (കടുകപ്പാല)ബെയൽ(കൂവളം): എന്നിവ അതിസാരത്തിനും രക്താതിസാരത്തിനും പേരുകേട്ട ഔഷധങ്ങളാണ്. കഠിനവും പഴകിയതുമായ അമീബാ രക്താതിസാരത്തിനു വിശേഷിച്ചും, ഇന്ത്യാക്കാരും പാശ്ചാത്യരുമായ വൈദ്യവിചക്ഷണന്മാർ



കുർച്ചി വളരെ ഫലപ്രദമാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

ബെൽബെറീസ് അരിസ്റ്റാറ്റ(വരമഞ്ഞൾ): ധാതകി അതിസാരത്തിന്നും മറ്റ് ആമാശയ സംബന്ധമായ രോഗങ്ങൾക്കും ഉപയോഗിക്കുന്നു.

**കൂവളം :** വളരെ പഴകിയ അതിസാരത്തിനു ഉപയോഗിക്കുന്നു.

**ഏഴിലംപാലം :** പഴകിയ അതിസാരത്തിനു ഉപയോഗിക്കുന്നു.

**ജീരകം :** ദീപനവും ശീതവും ഉണ്ടാക്കുന്നു.

**അയമോദകം :** വയറിളക്കത്തിന്നും വയറുവേദനയ്ക്കും ഉപയോഗിക്കുന്നു.

**സൂചനകൾ**

വിഷാണുക്കൾ മൂലമുള്ള രക്താതിസാരത്തിനും അതിസാരത്തിനും വിഷമാതിസാരത്തിനും ചെറുകുടലിൽ പുളിപ്പുണ്ടാക്കുന്നതിനും കുട്ടികളുടെ അതിസാരത്തിനും.

**മാത്ര**

മുതിർന്നവർ : 1 മുതൽ 2 വരെ ഗുളികകൾ നാലു മണിക്കൂർ ഇടവിട്ട്.

കുട്ടികൾ : 1/2 ഗുളിക നാലുമണിക്കൂർ ഇടവിട്ട്

കുട്ടികൾക്കായുള്ള സിറപ്പ് : 6 വയസ്സ് വരെ 1/2 ടീ സ്പൂൺ 3 നേരം ഭക്ഷണത്തിന് 1/2 മണിക്കൂർ മുമ്പ്. 6 വയസ്സിനുമേൽ 1 ടീ സ്പൂൺ വീതവും.

N. B. കഠിനമായ കേസുകളിൽ ക്ഷണം ഫലം കിട്ടാൻ ഡയാസിൻ കുത്തിവെയ്പ് മരുന്നുകളും ലഭ്യമാണ്. മരുന്നു കഴിക്കുമ്പോൾ തന്നെ 1ml. തൊലിയ്ക്കടിയിൽ കുത്തിവെച്ചാൽ വേഗം ഫലം കാണും.

**പാക്ക്:**

10 ഗുളികകളുടെ 10 സ്ട്രിപ്പുകളടങ്ങിയ പെട്ടി.

300 ഗുളികകളടങ്ങിയ കുപ്പി

60 ml കുപ്പി - സിറപ്പ്

10 x 1 ml ആംപ്യൂളുകളുടെ പെട്ടി

50 x 1 ml ആംപ്യൂളുകളുടെ പെട്ടി.

## എൻട്രോഫ്സ് (Entrops)

**ചെവി, മൂക്ക്, തൊണ്ട എന്നിവിടങ്ങളിലെ പഴുപ്പിന് പുറമെ പുരട്ടാൻ**

**വിവരണം**

രോഗാണുക്കളെ നശിപ്പിച്ച് പഴുപ്പും വേദനയും മാറ്റാൻ ഫലപ്രദം, ചെവി, മൂക്ക്, തൊണ്ട, മോണ എന്നിവിടങ്ങളിൽ പുരട്ടാൻ

കുറിപ്പ് : കണ്ണുകളിൽ ഉപയോഗിക്കരുത്.

**സൂചനകൾ**

വായ്, തൊണ്ട , കണ്ഠനാളം എന്നിവിടങ്ങളിലെ രോഗബാധകൾക്കും ഗളവീക്കത്തിന്നും, മോണയിലും ഗണ്ഡശ്ലേഷ്മകലയിലും ഉണ്ടാവുന്ന വ്യാധികൾക്കും.

ചെവിയിലും മൂക്കിലും ഓരോ തുള്ളിയായും രോഗാണുബാധിച്ച മുറിവിലും വീക്കത്തിലും ഒരു ലേപനമായും ഉപയോഗിക്കാം.

**ഉപയോഗം**

മൂന്നുമണിക്കൂർ ഇടവിട്ട് പരുത്തി മുക്കി പുരട്ടണം

ഒരു തുള്ളിയായി 2-3 മണിക്കൂർ ഇടവിട്ട് ഒരു തുള്ളിവീതം

മുറിവ് കൂട്ടാൻ : പരുത്തി മുക്കി നന്നാലു മണിക്കൂർ കൂടുമ്പോൾ വെക്കണം.

തണുപ്പുള്ള സ്ഥലത്ത് വെളിച്ചം തട്ടാതെ സൂക്ഷിക്കണം. ഉപയോഗിക്കുംമുമ്പ് നല്ലപോലെ കുലുക്കണം.

**പാക്ക്:**

50 ml കുപ്പി



100 ml കുപ്പി

## ഫെറസ് ഫ്യൂമറേറ്റ് (Ferrous Fumarate)

**ഐ. പി. ഗുളികകൾ സുരക്ഷിതവും ഫലപ്രദവും വളരെ സൗകര്യപ്രദവുമായ രക്താണുവർദ്ധിനി**

**വിവരണം**

ഫെറസ് ഫ്യൂമിറേറ്റ് വളരെ ഭദ്രവും വിഷാംശം വിരളവും എളുപ്പം ശരീരത്തിൽ അലിഞ്ഞു ചേരുന്നതുമായ ഇരുമ്പുലവണമാണ്. 200 മില്ലിഗ്രാം അടങ്ങിയ ഗുളികകളായി ലഭിക്കുന്നു. ഇതു 65 മില്ലിഗ്രാം മൂലപദാർത്ഥത്തിനു തുല്യമാണ്.

**സൂചനകൾ**

മൂലക്കുരു, കൊക്കപ്പുഴുബാധ എന്നിവ മൂലമുള്ള രക്തവമനത്താലും രക്തം കട്ടപിടിക്കുന്ന രോഗത്താലും ഭക്ഷണത്തിൽ നിന്നും വേണ്ടത്ര ഇരുമ്പിന്റെ അംശം ലഭിക്കാത്തതിനാലും ഉണ്ടാകുന്ന രക്തക്കുറവിന്റെ പതിവായ ചികിത്സയ്ക്ക്; വളരുന്ന കുട്ടികൾക്കും കുഞ്ഞുങ്ങൾക്കും തൂക്കം വർദ്ധിപ്പിക്കും. വാർദ്ധക്യത്തിലും രോഗാനന്തര ചികിത്സയിലും ഹെമോഗ്ലോബിന്റെ തോതു നിലനിർത്തും. എല്ലാ കേസുകളിലും രക്തക്ഷയത്തിന്റെ പ്രാഥമിക കാരണങ്ങൾ നീക്കണം. ഇല്ലെങ്കിൽ ഔഷധം നിർത്തിയാൽ വീണ്ടും വിളർച്ച പ്രത്യക്ഷപ്പെടും.

**മാത്ര**

ദിവസേന ഒന്നു മുതൽ മൂന്നുവരെ ഗുളികകൾ ഭക്ഷണത്തിനുശേഷമോ ചികിത്സകൻ നിർദ്ദേശിക്കും പ്രകാരമോ.

കുട്ടികൾ : 1/2 മുതൽ 1 വരെ ഗുളിക ഭക്ഷണശേഷം

എതിർ സൂചനകൾ : വയറ്റിൽ പുണ്ണ്, ഭക്ഷണം വേണ്ടവിധം ലയിച്ചു ചേരായ്ക, അസ്വീകാര്യത.

**പാക്ക്**

50, 500 ഗുളികകളുടെ പാക്കുകൾ

## ഫ്ളൂസെൻ (Fluzen)

ഫലപ്രദവും സുരക്ഷിതവുമായ രോഗവിഷാണുനാശക ഗുളികകൾ.

**വിവരണം**

അതിവേഗം പകരുന്ന രോഗങ്ങൾക്കെതിരെ പോരാടുന്ന വളരെ ഫലപ്രദവും സുരക്ഷിതവുമായ ആയുർവ്വേദസസ്യങ്ങളുടെ മിശ്രം.

**ഔഷധവിവരം**

| | | |
|---|---|---|
| തുളസി | – | 150 mg |
| കിരിയാത്ത് | – | 60 mg |
| കടുക് രോഹിണി | – | 50 mg |
| വേപ്പ് | – | 80 mg |
| അമൃത് | – | 40 mg |
| മഞ്ഞൾ | – | 30 mg |
| വെളുത്തുള്ളി | – | 20 mg |
| ഇഞ്ചി | – | 10 mg |
| കുരുമുളക് | – | 10 mg |
| തിപ്പലി | – | 10 mg |

തുളസി രോഗാണുനാശകമായും പകർച്ചവ്യാധികളെ തടയാൻ കഴിവുള്ളതായും വ്യാധിക്ഷമത്വം നൽകുന്നതുമായും പരക്കെ ഉപയോഗിച്ചുവരുന്നു.

കിരിയാത്ത് ആയുർവ്വേദത്തിൽ രോഗാണുനാശകമായും ചൂട് കുറയ്ക്കാനും വേദന കുറയ്ക്കാനും ഉപയോഗിക്കുന്നു.

കടുക് രോഹിണി പകർച്ചവ്യാധിയകറ്റാനും ചൂട് കുറയ്ക്കാനും വ്യാധിക്ഷമത്വമുണ്ടാക്കാനും ആന്റി ഓക്സിഡന്റായും ഉപയോഗിക്കുന്നു. വേപ്പ് കീടാണു നാശകമായും



സൂക്ഷ്മാണുനാശകമായും വേദനയകറ്റാനും ഉപയോഗിക്കുന്നു. അമൃത് ഒരു അണുനാശകവും വ്യാധിക്ഷമത്വം നൽകുന്നതും വേദന സംഹാരിയുമാണ്. മഞ്ഞളിൽ രോഗാണുനാശിനിയുടെയും വേദന സംഹാരിയുടെയും ഗുണങ്ങളുണ്ട്. വെളുത്തുള്ളി എറ്റവും ഫലപ്രദമായ രോഗാണു നാശിനിയും വിഷാണു നാശിനിയുമാണ്. ഇഞ്ചി പനിയകറ്റാനും കീടാണു നാശകമായും വേദനയകറ്റാനും ആന്റി ഓക്സിഡന്റായും ഉപയോഗിക്കുന്നു. തിപ്പലി കീടാണു നാശിനിയും കരളിനെ രോഗങ്ങളിൽ നിന്ന് സംരക്ഷിക്കാൻ കഴിവുള്ളതും മരുന്നിന്റെ പ്രവർത്തനത്തെ ത്വരിതപ്പെടുത്താൻ കഴിവുള്ളതുമാണ്. കുരുമുളക് പരമ്പരാഗതമായ വേദന സംഹാരിയും ചൂട് കുറയ്ക്കാനും ആന്റി ഓക്സിഡന്റായും സൂക്ഷ്മാണുനാശകമായും ഉപയോഗിക്കുന്നു.

**സൂചനകൾ**

പകർച്ച പനി പ്രതിരോധിക്കാനും തല വേദനയോടു കൂടിയ പനി, ദേഹം വേദനയും അതികഠിനമായ പേശി വേദനയും, ചുമ, ജലദോഷം.

**മാത്ര**

മുതിർന്നവർ : 1 – 2 ഗുളികകൾ വീതം ദിവസം രണ്ട് നേരം

കുട്ടികൾ : 1/2 മുതൽ 1 വീതം ദിവസം രണ്ട് നേരം

(പ്രായത്തിനനുസരിച്ച്)

**പാർശ്വഫലങ്ങൾ ഇല്ല**

**പാക്ക്**

30 ഗുളികകളുടെ കുപ്പി

## ഗാസ്ട്രോമോൺ (Gastromone)

**വായുസ്തംഭനത്തിനും സിരാസംബന്ധമായ അഗ്നിമാന്ദ്യത്തിന്നുമുള്ള ഗുളികകൾ**

**വിവരണം**

ആമാശയത്തിലെയും കുടലുകളിലെയും അസുഖങ്ങൾക്കുള്ള പച്ചമരുന്നുകൾ

| | | |
|---|---|---|
| നെല്ലിക്ക | – | 25 mg |
| പെരുംജീരകം | – | 31 mg |
| അമ്ളവേതസം | – | 20 mg |
| കടുക്ക | – | 15 mg |
| തഗരം | – | 24 mg |
| കൊടുവേലി | – | 20 mg |
| താലീസം | – | 8 mg |
| പപ്പായ | – | 7 mg |
| കടുക് രോഹിണി | – | 5 mg |
| പേരേലം | – | 2 mg |
| കിരിയാത്ത് | – | 5 mg |
| കൊത്തമല്ലി | – | 2 mg |
| കയ്യോന്നി | – | 20 mg |
| മഞ്ഞൾ | – | 22 mg |
| ചുക്ക് | – | 5 mg |
| അയമോദകം | – | 8 mg |
| പിപ്പലി | – | 2.5 mg |
| ജീരകം | – | 2.5 mg |
| അമുക്കുരം | – | 2.5 mg |

**ഔഷധവിവരം**

അമ്ളവേതസം,കടുക്ക, എന്നിവയുടെ ചെറിയ മാത്രകൾ അതിസാരം നിർത്താൻ സഹായിക്കുന്നു. പെരുംജീരകം, ജീരകം, വായുമുട്ടലിന് ആശ്വാസം നൽകുന്നു. നെല്ലിക്ക വിരേചനം ക്രമീകരിക്കാനാണ് പൊതുവേ ഉപയോഗിക്കുന്നത്. ഈ നാലു മരുന്നുകളും ചേർന്ന് ആമാശയത്തിന്റെയും കുടലിന്റെയും സാധാരണ പ്രവർത്തനത്തെ സഹായിക്കുന്നു. കൊടുവേലി, ദഹനമില്ലായ്മ, അർശ്ശസ്സ് വയറിലെ അസുഖം ഇവയ്ക്ക് നല്ലതാണ്.



കടുക് രോഹിണി, അമ്ളപിത്തം, ദഹനമില്ലായ്മ, വിശപ്പില്ലായ്മ ഇവയ്ക്ക് നല്ലതാണ്.

തഗരം ദഹനത്തെ സഹായിക്കുന്നു.

മഞ്ഞൾ സുഗന്ധിയാണ്, ദീപനമാണ്, കൃമിഘ്നമാണ്, അമുക്കുരം ബല്യമാണ്, അമൽപ്പൊരി വേദനയോട് കൂടിയ വയറ്റിലെ അസുഖങ്ങൾക്ക് നല്ലതാണ്.

പേരേലം, കിരിയാത്ത്, കൊത്തമല്ലി, കയ്യോന്നി, അയമോദകം, പിപ്പലി, ജീരകം, എന്നിവ ദഹനത്തെ സഹായിക്കുന്നു, വിശപ്പിനെ ഉണ്ടാക്കുന്നു.

**സൂചനകൾ**

ദഹനക്കുറവ്, വായുസ്തംഭനം, സിരാസംബന്ധമായ അഗ്നിമാന്ദ്യം, കുട്ടികൾക്കും മുതിർന്നവർക്കുമുള്ള അതിസാരം.

കരളിന്റെ ക്രമരഹിതമായ പ്രവർത്തനം. അമ്ലതയുടെ ആധിക്യത്തിലും അപര്യാപ്തതയിലും ഒരുപോലെ പ്രതിവിധിയാണ്.

**മാത്ര**

മുതിർന്നവർ: ഒന്നു മുതൽ രണ്ടുവരെ ഗുളികകൾ ഭക്ഷണത്തിനു 15 നിമിഷം മുമ്പോ ഭക്ഷണം കഴിച്ചോ ഉടനെയോ.

കുട്ടികൾ : 1/4 മുതൽ 1/2 വരെ ഗുളിക ഭക്ഷണത്തിനു മുമ്പോ ഭക്ഷണം കഴിഞ്ഞോ ഉടനെയോ.

**പാക്ക്**

100 ഗുളികകളുടെ കുപ്പി

# ജിജി സിറപ്പ് (Gigi Syrup)

**വിവരണം**

വിവിധതരം തൊലിപുറമേയുള്ള അസുഖങ്ങൾക്ക്

**ഔഷധവിവരം**

| | | |
|---|---|---|
| നറുനീണ്ടി | – | 210 mg |
| തഴുതാമ | – | 150 mg |
| മഞ്ഞൾ | – | 40 mg |
| നെല്ലിക്ക | – | 20 mg |
| താന്നിക്ക | – | 20 mg |
| കടുക്ക | – | 20 mg |
| കിരിയാത്ത് | – | 50 mg |
| കയ്യോന്നി | – | 30 mg |
| കറ്റാർവാഴ | – | 60 mg |
| വേപ്പ് | – | 70 mg |
| അമൃത് | – | 90 mg |
| റോസ് | – | 50 mg |

**നറുനീണ്ടി**

നറുനീണ്ടി മൂത്രച്ചുടിച്ചിൽ ഇല്ലാതാക്കുന്നു. രോഗാണുനാശനം, വ്യാധിക്ഷമത്വം, ഉണ്ടാക്കുന്നതും ആന്റി ഓക്സിഡന്റുമാണ്. കരളിനു നല്ലതാണ്.

**തഴുതാമ**

മൂത്രനാളി പാകം ഇല്ലാതാക്കുന്നു. കരളിനു ഹിതമാണ്, വിരേചനം, രക്തശുദ്ധി, രോഗാണുതാണം, വ്യാധിക്ഷമത്വം

**മഞ്ഞൾ**



രോഗാണുനാശനം, പാകം ഇല്ലാതാക്കുന്നു ഫംഗസ്നാശമാണ്, ആന്റിഓക്സിഡന്റുമാണ്, ത്വക്രോഗഹിതം

**കടുക്ക**

വിരേചനം, രക്തശുദ്ധി, രസായനം, ത്വക്രോഗഹിതം, നിറത്തെ ഉണ്ടാക്കുന്നു

**ശരപുങ്ക**

രോഗാണുനാശനം, പാകത്തെ ഇല്ലാതാക്കുന്നു, വ്യാധിക്ഷമത്വം, രസായനം, മലശോധന

**കിരിയാത്ത്**

ചൂടും വിഷാംശങ്ങളും പുറം തള്ളുന്നു

**കയ്യോന്നി**

വൈറസ് ബാക്ടീരിയ നാശകം കരളിനുഹിതം,രസായനം

**കറ്റാർവാഴ**

കൃമി നാശകം, കരളിനു നല്ലത്, ശോധനയുണ്ടാക്കുന്നു, പാകത്തെ ഇല്ലാതാക്കുന്നു, ബാക്ടീരിയ നാശകം

**വേപ്പ്**

രോഗാണുകൃമിനാശം, പാകത്തെ ഇല്ലാതാക്കുന്നു, കരളിനു ഹിതം

**അമൃത്**

രോഗാണുനാശകം, പാകത്തെ ഇല്ലാതാക്കുന്നു, രസായനം, വ്യാധിക്ഷമത്വം, അലർജി ഇല്ലാതാക്കുന്നു

**റോസ്**

ബാക്ടീരിയ വൈറസ് ഫംഗസ് നാശകം, പാകത്തെ ഇല്ലാതാക്കുന്നു, രസായനം, ശീതവീര്യം, രോഗാണുനാശകം, രക്തശുദ്ധി

# ഗ്രാണ്ടിക്കോ (Grandi-Co)

## ഹൃദയത്തിനുള്ള ടോണിക്ക് ഗുളികകൾ

**വിവരണം**

ഹൃദയത്തെ ഉത്തേജിപ്പിക്കാനും മൂത്രോല്പാദനം വർദ്ധിപ്പിക്കാനും പേരുകേട്ട ആയുർവ്വേദ ഔഷധങ്ങളുടെ മിശ്രം.

| | | |
|---|---|---|
| നീർമരുത് | – | 103 mg |
| തഴുതാമ | – | 120 mg |
| അമുക്കുരം | – | 87 mg |
| കുറാശാണി | – | 0.88 mg |
| തിലപുഷ്പി | – | 48.3 mg |
| ചുക്ക് | – | 15.3 mg |

**ഔഷധവിവരം**

(അർജ്ജുന) നീർമരുത്, (അശ്വഗന്ധ), അമുക്കുരം, തഴുതാമ എന്നിവ ഹൃദയത്തിനു ടോണിക്ക് ഫലം ചെയ്യും. മൂത്ര വർദ്ധകവുമാണ്. പുരാസനി സിരോക്ഷോഭത്തെ മെല്ലെ അമർച്ച ചെയ്യും. ഹൃദയത്തെ ഉത്തേജിപ്പിക്കുകയും ചെയ്യും.

തിലപുഷ്പിയും ഹൃദയത്തിന് ടോണിക് ഫലം ചെയ്യും.

ചുക്ക് ദീപനമാണ്.

**സൂചനകൾ**

അമിതമായ നാഡിമിടിപ്പിനും ശ്വാസോച്ഛ്വാസക്ലേശത്തിനും ആശ്വാസം നൽകുന്ന ഒരു ഹൃദയടോണിക്കായി ഉപയോഗിക്കാം. ദൂഷ്യഫലം ഇല്ല. മയക്കം വരുത്തുകയുമില്ല. മൂത്രം വർദ്ധിപ്പിക്കുന്നതുകൊണ്ട് നീരിനും പ്രയോജനപ്രദമാണ്. ഹൃദയ സംബന്ധവും വൃക്കസംബന്ധവുമായ രോഗങ്ങളിൽ ഉപയോഗിക്കാം.

**മാത്ര**

മുതിർന്നവർ 1 മുതൽ 2 വരെ ഗുളിക മൂന്നു നേരം വീതം അധികമായി നാഡിമിടിപ്പിനും ഹൃദയസംബന്ധമായ



ആസ്തമയ്ക്കും ഇടവേള കുറയ്ക്കാം.

**പാക്ക്**

100 ഗുളികകളുടെ കുപ്പി

# ഹീലിങ്ങ് ഡസ്റ്റ് (Healing Dust)

## പഴുപ്പിന് ഉപയോഗിക്കാനുള്ള ചൂർണ്ണം

**വിവരണം**

മുറിവുകൾക്കും വ്രണങ്ങൾക്കും വിതറാനുള്ള ചൂർണ്ണം

**ഔഷധവിവരം**

ഐഡോഫോം, ബോറിക് ആസിഡ്, എന്നിവ പഴുപ്പുനീക്കാൻ പേരുകേട്ട മരുന്നുകളാണ്. ആദ്യം മുറിവായ കുത്തിക്കൂടുന്നതു തടയും. ഹാൽഡിയ്ക്കും പഴുപ്പുനീക്കാനുള്ള ശക്തിയുണ്ട്. കുത്തിപ്പറി വേദന കുറയ്ക്കുകയും ചെയ്യും.

രോഗം ബാധിച്ച സ്ഥലത്തു വിതറിയാൽ ഐഡോഫോം മെല്ല കിനിഞ്ഞിറങ്ങി സൂക്ഷ്മരോഗാണുക്കളുടെ വളർച്ച തടയും. ചൂർണ്ണം നീരിനെ കുറച്ചു മുറിവായ ശുദ്ധീകരിക്കും.

**പ്രയോഗം**

മുറിവുകളിലും വ്രണങ്ങളിലും യഥായോഗ്യം വിതറാം. ആവശ്യമെങ്കിൽ നേരിയ തുണികൊണ്ടു മൂടുകയോ കെട്ടുകയോ ചെയ്യാം.

ചെവിയിൽനിന്നു ചലം സ്രവിക്കുന്ന അവസ്ഥയിൽ നേരിയ തോതിൽ വിതറി പഞ്ഞി തിരുകിവയ്ക്കുക. ഒന്നോ രണ്ടോ ദിവസം കൂടുമ്പോൾ ചെവി വൃത്തിയാക്കണം. അങ്ങിനെ രണ്ടു പ്രാവശ്യം ചെയ്യുക. മൂന്നാം തവണ മരുന്നു മിക്കവാറും വേണ്ടിവരില്ല.

**പാക്ക്**

10 ഗ്രാമിന്റെ കുപ്പി

110 ഗ്രാമിന്റെ കുപ്പി

# ഹെമോപ്ലെക്സ് (Hemoplex)

## പകർച്ചവ്യാധികൾക്കുള്ള ഗുളികകൾ

**വിവരണം**

രോഗാണുസംക്രമണം തടയാനും രോഗാവസ്ഥയിൽ ചികിത്സിക്കാനും പറ്റിയ ആയൂർവ്വേദ മരുന്നുകളടങ്ങിയ ഗുളികകൾ.

| | | |
|---|---|---|
| കിരിയാത്ത് | – | 40 mg |
| അമുക്കുരം | – | 40 mg |
| സ്വർണ്ണക്ഷീരി | – | 28 mg |
| എരുക്ക് | – | 32 mg |
| നറുനീണ്ടി | – | 60 mg |
| ഗന്ധകം | – | 2 mg |

**ഔഷധവിവരം**

നീർക്കെട്ടും പഴുപ്പുമുള്ള അവസ്ഥയിൽ നിർദ്ദേശിക്കപ്പെടുന്ന ഇന്ത്യൻ പച്ചമരുന്നുകളുടെ ഒരു മിശ്രം. പ്രത്യേകിച്ചും ഭേദമാകാതെ നിൽക്കുന്ന പഴയ കേസുകളിൽ. പഴകിയ ജീർണ്ണരോഗങ്ങൾക്കും വിശേഷിച്ചും, കിരിയാത്ത് ദഹനത്തെ സഹായിക്കുന്നു. ജ്വരഹരമാണ് നറുനീണ്ടി. രക്തത്തെ ശുചിയാക്കാൻ ഉപയോഗിക്കുന്നു. അമുക്കുരം ബല്യമാണ്. സ്വർണ്ണക്ഷീരി, എരുക്ക്, ഗന്ധകം എന്നിവ പഴക്കം ചെന്ന ത്വക് രോഗങ്ങൾക്ക് നല്ലതാണ്.

**സൂചനകൾ**

പരുക്കൾ, വീക്കം, വ്രണം, മുറിവുകൾ, പഴകിയ നെഞ്ചു പഴുപ്പ്, പഴുകിയ അണ്ണാക്കു പിണ്ഡവ്യാധി, ജീർണ്ണജ്വരങ്ങൾ

**മാത്ര**

മുതിർന്നവർ 1 മുതൽ 2 വരെ ഗുളികകൾ മൂന്നു നേരം വീതം

കുട്ടികൾ : 1/4 മുതൽ 1/2 വരെ ഗുളികകൾ മൂന്നു നേരം വീതം



അടിയന്തരഘട്ടങ്ങളിൽ ഉയർന്ന മാത്രകൾ കുറഞ്ഞ ഇട വേളകളിൽ കൊടുക്കാം. രോഗം സുഖപ്പെട്ടു തുടങ്ങിയാൽ മാത്ര കുറയ്ക്കുകയും ഇടവേള കൂട്ടുകയും വേണം.

100 ഗുളികകളുടെ കുപ്പി.

# ഹെർബിറ്റാഴ്സ് (Herbitars)

(മുമ്പത്തെ ഹെർബൽ ബീറ്റേഴ്സ്)

## കരൾ സംബന്ധമായ ക്രമക്കേടുകൾക്കുള്ള ഗുളികകൾ, കുട്ടികൾക്കുള്ള സിറപ്പ്

**വിവരണം**

വിശപ്പില്ലായ്മ, കരൾ, മാന്ദ്യം, പിത്തദൂഷ്യം, മലബന്ധം എന്നിവയ്ക്കു ആയൂർവ്വേദ പ്രമാണത്തിലെ തിക്തകം തുടങ്ങിയ പച്ച മരുന്നുകളുടെ മിശ്രം.

| | | |
|---|---|---|
| മഞ്ചാടി | – | 56 mg |
| പെരുംജീരകം | – | 31 mg |
| കിരിയാത്ത് | – | 79 mg |
| കയ്യോന്നി | – | 34 mg |
| ചിന്നാമുക്കി | – | 17 mg |
| നാഗകേസരം | – | 9 mg |
| കട്ഫലം | – | 5 mg |
| കടുക്ക | – | 7 mg |
| കൊത്തമല്ലി | – | 18 mg |
| ഗുഗ്ഗുലു | – | 17 mg |
| മഞ്ഞൾ | – | 17 mg |
| ചുക്ക് | – | 4 mg |
| അയമോദകം | – | 6 mg |
| നെല്ലിക്ക | – | 2 mg |

| | | |
|---|---|---|
| പിപ്പലി | – | 2 mg |
| ജീരകം | – | 2 mg |

**ഔഷധവിവരം**

a കിരിയാത്ത്, മഞ്ചാടി എന്നിവ ദീപനം വർദ്ധിപ്പിക്കുന്നു. ഇവ ശരീരത്തിലെ വിഷാംശങ്ങളെ നീക്കുമെന്നും വിശ്വസിക്കപ്പെടുന്നു. ചിന്നാമുക്കി, പെരുംജീരകം, പിത്തനീര് പുറത്തുകളയാൻ സഹായിക്കും. കരളിന്റെ പ്രവർത്തനത്തെ ശരിപ്പെടുത്തുമെന്ന് വിശ്വസിക്കപ്പെടുന്നു. കരളും പ്ലീഹയെയും വികസിക്കുന്ന അവസ്ഥയിൽ ചികിത്സിക്കാൻ പേരുകേട്ട ഔഷധമാണ് കയ്യോന്നി. നീരുള്ള മഞ്ഞപ്പിത്തരോഗാവസ്ഥയിൽ കരൾ രോഗങ്ങളുടെ ഏകാതാനതയും സാധാരണ ധർമ്മവും നിലനിർത്താൻ ഇതു പ്രയോജനപ്പെടുന്നു. കരൾ പഴുപ്പിനും ഇതു ഉപയോഗിച്ചുവരുന്നു.

b നാഗകേസരം സ്തംഭനമാണ്. വിശപ്പിനെ ഉണ്ടാക്കുന്നു.

c കട്ഫലം സുഗന്ധിയാണ്. സ്തംഭനമാണ്.

d ഗുഗ്ഗുലു അണു നാശിനിയാണ്. വിശപ്പിനെ ഉണ്ടാക്കുന്നു.

e മഞ്ഞൾ സുഗന്ധിയാണ്. വിശപ്പിനെ ഉണ്ടാക്കുന്നു. (വർദ്ധിപ്പിക്കുന്നു) ദഹനത്തെ സഹായിക്കുന്നു.

f കടുക്ക വയറ് വീർപ്പിനെ ഇല്ലാതാക്കുന്നു. ശൂല, കരൾ, പ്ലീഹ രോഗങ്ങൾ ഇവയിൽ ഉപയോഗിക്കുന്നു.

g കൊത്തമല്ലി സുഗന്ധിയാണ്. വിശപ്പിനെ ഉണ്ടാക്കുന്നു.

**സൂചനകൾ**

കരൾരോഗങ്ങൾ, ദഹനദൂഷ്യം, വായുസ്തംഭം മൂലമുള്ള അഗ്നിമാന്ദ്യം, വിശപ്പില്ലായ്മ, മലബന്ധം, നീരുള്ള മഞ്ഞപ്പിത്തം, പിത്തനീർദൂഷ്യങ്ങൾ, കരൾപഴുപ്പ്, പ്രത്യാണുക ഔഷധങ്ങളോ ഗർഭനിരോധ മരുന്നുകളോ മറ്റോ കഴിച്ചുണ്ടാകുന്ന കരൾദൂഷ്യങ്ങളും



**മാത്ര**

മുതിർന്നവർ : ആദ്യത്തെ ആഴ്ച 2 മുതൽ 3 വരെ ഗുളികകൾ ഭക്ഷണത്തിന് മുൻപ്, മൂന്നാഴ്ച ചികിത്സ വേണമെന്നാണ് നിയമം. രണ്ടാമത്തെയും മൂന്നാമത്തെയും ആഴ്ചയിൽ പ്രധാന ഭക്ഷണത്തിനുമുമ്പ് ഒന്ന് എന്ന തോതിൽ ദിവസേന രണ്ടോ മൂന്നോ ഗുളിക:

കുട്ടികൾ : മുതിർന്നവരുടെ പകുതിവീതം മാത്രകൾ.

ഹെർബിറ്റേഴ്സ് ആവശ്യമെന്നു തോന്നുന്ന കാലത്തോളം നിത്യേന രണ്ടോ മൂന്നോ ഗുളിക കഴിക്കാം. ധാരാളം വെള്ളം കുടിക്കണം.

മഞ്ഞപ്പിത്തത്തിനുള്ള ചികിത്സയിൽ കൈനട്ടോമൈനിനോടൊപ്പം കഴിക്കുന്നതാണ് ഏറ്റവും നല്ലത്. അഗ്നിമാന്ദ്യത്തിന് മാഗ്നൈനിന്റെ കൂടെ കഴിക്കണം. പിത്തകോപം, ഓക്കാനം, ഛർദ്ദി എന്നിവയിൽ വൈറ്റൽ എസ്സെൻനോടുകൂടിയും കഴിക്കാം.

**പാക്ക്**

10 ഗുളികകളുടെ 10 ബ്ലിസ്റ്റർ സ്ട്രിപ്പുകളുടെ പെട്ടി.

250 ഗുളികകളുടെ ബോട്ടിൽ

കുട്ടികൾക്ക് കൊടുക്കാൻ സ്വാദിഷ്ടമായ സിറപ്പ് പാകത്തിലും ലഭിക്കും.

**മാത്ര**

1 മുതൽ 2 വരെ ചായക്കരണ്ടി രണ്ടോ മൂന്നോ നേരം വീതം.

**പാക്ക്**

100 ml കുപ്പി

## ഹെർബോ – സൾഫ് (Herbo -Sulph)

### ആഭ്യന്തരദൂഷ്യനിവാരണി ഗുളികകൾ

**വിവരണം**

ആഭ്യന്തരദൂഷ്യനിവാരണികളായി പ്രവർത്തിക്കുകയും തൊലിയിലെ പഴകിയ വ്രണം എന്നിവയ്ക്കു ആശ്വാസം നൽകുകയും ചെയ്യുന്ന സസ്യഔഷധങ്ങൾ.

| | | |
|---|---|---|
| മഞ്ഞൾ | – | 32 mg |
| ഗന്ധകം | – | 22 mg |
| എരുക്ക് | – | 40 mg |
| കടുക്ക | – | 80 mg |
| കിരിയാത്ത് | – | 21.2 mg |
| കടുക്ക | – | 64.3 mg |

**ഔഷധവിവരം**

കടുക്ക രക്തശോധനത്തെ ഉണ്ടാക്കുന്നു. മൂത്രാശയരോഗങ്ങൾക്ക് ഫലപ്രദമാണ്. കിരിയാത്ത് ബല്യമാണ്. വിശപ്പിനെ ഉണ്ടാാക്കുന്നു. ജ്വരഹരമാണ്. മഞ്ഞൾ, ഗന്ധകം, എരുക്ക് മുതലായവ എല്ലാതരത്തിലുള്ള പഴക്കം ചെന്ന ത്വക്ക് രോഗങ്ങൾക്ക് ഫലപ്രദമാണ്.

**മാത്ര**

മുതിർന്നവർ 1 മുതൽ 2 വരെ ഗുളികകൾ മൂന്നുനേരം വീതം.

ഹെർബോ-സൾഫ് ഗുളിക പൊടിച്ച് അഞ്ചുഭാഗം വാസ്ലൈൻ ചേർത്തു പുറമെ പുരട്ടാം; റിപ്പാൻഡോ ചേർത്തു പുരട്ടുന്നത് കൂടുതൽ നന്ന്. രോഗം ബാധിച്ച സ്ഥലം ചൂടുവെള്ളം കൊണ്ടു കഴുകി വൃത്തിയാക്കി മയമുള്ള തുണികൊണ്ടു തുടച്ച ശേഷം വേണം മരുന്നു പുരട്ടുക.

**പാക്ക്**

10 ഗുളികകളുടെ 10 ബ്ലിസ്റ്റർ സ്ട്രിപ്പുകളുടെ പെട്ടി



300 ഗുളികകളുടെ ബോട്ടിൽ

## അയോബിൻ (Iobine)

### ഇടയ്ക്കിടെ ഉണ്ടാവുന്ന ജലദോഷം തടയാനുള്ള ഗുളികകൾ

**വിവരണം**

ഇടയ്ക്കിടെ ഉണ്ടാകുന്ന സാധാരണ ജലദോഷത്തിന്നെതിരെ ശരീരത്തിന്നു പ്രതിരോധശക്തി നൽകുന്ന ആയുർവ്വേദ മരുന്നുകളുടെ മിശ്രം.

| | | |
|---|---|---|
| ബ്രഹ്മി | – | 44 mg |
| കിരിയാത്ത് | – | 44 mg |
| നറുനീണ്ടി | – | 155 mg |
| ഗന്ധകം | – | 8 mg |
| മൈലാഞ്ചി | – | 11 mg |
| വേപ്പ് | – | 22 mg |
| എരുക്ക് | – | 62 mg |

**ഔഷധവിവരം**

മൈലാഞ്ചി സ്തംഭനമാണ്. പഴക്കം ചെന്ന ത്വക്ക് രോഗങ്ങളിലും നല്ലതാണ്.

എരുക്ക് സങ്കോചത്തെ മാറ്റുന്നു. കഫത്തെ ഇളക്കി കളയുന്നു. ബല്യമാണ്.

വേപ്പ് സ്തംഭനമാണ്. അണുനാശിനിയാണ്. കൃമിഘ്നമാണ്, ബല്യമാണ്. കിരിയാത്ത് ബല്യമാണ്. വിശപ്പുണ്ടാക്കുന്നു. ജ്വരഹരമാണ്. ഗന്ധകം ത്വക്കിനെ ഉത്തേജിപ്പിക്കുന്നു.ബ്രഹ്മി നറുനീണ്ടി എന്നിവ ത്വക്ക് രോഗങ്ങൾക്കും വ്രണങ്ങൾക്കും ഫലപ്രദമാണ്. ബല്യമാണ്.

**സൂചനകൾ**

ഇടയ്ക്കിടെയുള്ള ജലദോഷം, അണ്ണാക്കുപിണ്ഡവ്യാധി, ത്വക് രോഗങ്ങൾ, കരൾസംബന്ധമായ ക്രമക്കേടുകൾ എന്നിവ

യ്ക്കും. ദീർഘകാലരോഗം മൂലമുള്ള പൊതുവായ ബലക്ഷയ ത്തിനും അയോബെൻ അൽബോസാങ്ങിന്റെ കൂടെ കഴിക്കാം.

**മാത്ര**

മുതിർന്നവർ : 1 ഗുളിക 3 നേരം വീതം

കുട്ടികൾ :1/2 ഗുളിക 3 നേരം വീതം

**പാക്ക്**

10 ഗുളികകളുടെ 10 സ്ട്രിപ്പുകളടങ്ങിയ പെട്ടി

300 ഗുളികകളുടെ ബോട്ടിൽ

## കോഫ്ളിൻ സിറപ്പ് (Koflyn Syrup)

| | | |
|---|---|---|
| ആടലോടകം | – | 135 mg |
| ചിത്തിരപ്പാല | – | 30 mg |
| സോമലത | – | 80 mg |
| ഇരട്ടിമധുരം | – | 210 mg |
| സെനേക | – | 30 mg |
| ആറ്റ്വഞ്ചി | – | 15 mg |

**ഔഷധവിവരം**

ആടലോടകം ആശ്വാസകരമായ ഒരു കഫവേദി ഔഷധ മാണ്. ചിത്തിരപ്പാല ചുമയ്ക്കും ആസ്മയ്ക്കും ഉപയോഗിക്കുന്നു. സോമലത ശ്വാസനാളം വികസിപ്പിക്കുന്നു. ഇരട്ടിമധുരം ചുമയ്ക്കും ശ്വാസനാള രോഗത്തിനും ഉപയോഗിക്കുന്ന ഒരു ശമനൗഷധമാ ണ്. കൂടാതെ കോഫ്ളിൻ സിറപ്പ് കുട്ടികൾക്ക് മികച്ച ഔഷധമാ ണ്. എല്ലാവിധ ചുമയ്ക്കും നല്ലതാണ്. തുടർച്ചയായി ഉപയോഗി ച്ചാലും ദോഷം ചെയ്യാത്തതാണ്. ഇത് തുടർച്ചയായി രണ്ട് ആഴ്ച്ച ഉപയോഗിക്കേണ്ടതാണ്. അസുഖത്തിന്റെ കാഠിന്യമനുസരി ച്ച് ആവശ്യമെങ്കിൽ തുടരാം. **പാർശ്വഫലങ്ങൾ ഇല്ല**



**മാത്ര**

മുതിർന്നവർ: 2 ടീ സ്പൂൺ വീതം 4 നേരം

കുഞ്ഞുങ്ങൾ 1/4 ടീസ്പൂൺ വീതം **3** നേരം

കുട്ടികൾ 1 മുതൽ 5 വയസ്സ് വരെ 1/2 ടീസ്പൂൺ വീതം **3** നേരം.

കുട്ടികൾ 5 മുതൽ10 വയസ്സ് 1 ടീസ്പൂൺ വീതം **3** നേരം

**പാക്ക്**

100 മി. ലി. യുടെ കുപ്പി

## കോഫ്ളിൻ (Koflyn)

***ചുമക്കുള്ള ഗുളികകൾ***

**വിവരണം**

ചുമയുടെ ചികിത്സയ്ക്കു കഫമിളക്കാനുതകുന്ന പേരുകേട്ട ആയുർവ്വേദ ഔഷധങ്ങൾ അടങ്ങിയ ഗുളികകൾ

| | | |
|---|---|---|
| ആടലോടകം | – | 140 mg |
| സോമലത | – | 80 mg |
| സെനേക | – | 20 mg |
| ആറ്റ്വഞ്ചി | – | 10 mg |
| ചിത്തിരപ്പാല | – | 20 mg |
| ഇരട്ടിമധുരം | – | 20 mg |
| വാൽമുളക് | – | 10 mg |
| കട്ഫലം | – | 12.2 mg |
| കടുക്ക | – | 32.6 mg |
| സ്വർണ്ണക്ഷീരി | – | 4 mg |
| പിപ്പലി (തിപ്പരി) | – | 2 mg |

കർക്കടകശൃംഗി - 40.6 mg

**ഔഷധവിവരം**

ആടലോടകം ആശ്വാസകരമായ ഒരു കഫവേദി ഔഷധമാണ്. ചിത്തിരപ്പാല ചുമയ്ക്കും ആസ്മയ്ക്കും ഉപയോഗിക്കുന്നു. സോമലത ശ്വാസനാളം വികസിപ്പിക്കുന്നു. ഇരട്ടിമധുരം ചുമയ്ക്കും ശ്വാസനാള രോഗത്തിനും ഉപയോഗിക്കുന്ന ഒരു ശമനൗഷധമാണ്.

a ആറ്റ്വഞ്ചി മുഖ്യമായും പഴകിയ നെഞ്ചുപഴുപ്പിനും ശ്വാസനാളസംബന്ധമായ ആസ്തമയ്ക്കും ഉപയോഗിക്കുന്നു.

b കട്ഫലം പഴക്കം ചെന്ന ചുമ, ശ്വാസംമുട്ടൽ ഇവയെ ശമിപ്പിക്കുന്നു.

c വാൽമുളക്, സെനേക, കഫത്തെ ഇളക്കി കളയുന്നു.

d കടുക്ക ചുമയ്ക്കും ശ്വാസം മുട്ടലിനും നല്ലതാണ്.

e സ്വർണ്ണക്ഷീരി കഫത്തെ ഇളക്കിക്കളയുന്നു. ഉറക്കത്തെ ഉണ്ടാക്കുന്നു.

f തിപ്പലി, ജലദോഷം,ചുമ, ശ്വാസം മുട്ടൽ ഇവയ്ക്ക് നല്ലതാണ്. കർക്കടകശൃംഗി കഫത്തെ പുറത്തേയ്ക്ക് ഇളക്കിക്കളയുന്നു. ശ്വാസം മുട്ടൽ മുതലായ അവസ്ഥകളിലും നല്ലതാണ്.

**സൂചനകൾ**

കഠിനവും പഴകിയതുമായ ചുമയുടെ ചികിത്സയ്ക്കു പ്രയോജനം ചെയ്യും. ശ്വാസനാളത്തിലെ ശ്രവണപിണ്ഡം അലിയിച്ചു ദ്രവീകരിക്കുന്നു. ആസ്തമാരോഗത്തിൽ സിരാക്ഷോഭം നിയന്ത്രിച്ചു ആശ്വാസം നൽകുന്നു.

**മാത്ര**

മുതിർന്നവർ: 1 മുതൽ 2 വരെ ഗുളികകൾ മൂന്നു നേരം വീതം

കുട്ടികൾ: 1/2 ഗുളിക മൂന്നു നേരം



**പാക്ക്**

10 ഗുളികകളുടെ 10 സ്ട്രിപ്പുകളടങ്ങിയ പെട്ടി.

300 ഗുളികകളുടെ ബോട്ടിൽ

100 ml കുപ്പി

## **കൈനട്ടോമൈൻ** (Kynotomine)

### **കരളിന്റെ ക്രമക്കേടുകൾക്കുള്ള (മഞ്ഞപ്പിത്തമടക്കം) ഗുളികകൾ**

### **കുട്ടികൾക്കുള്ള സിറപ്പ്**

**വിവരണം**

കരൾരോഗചികിത്സയ്ക്കുള്ള ആയുർവ്വേദ ഔഷധങ്ങളുടെ മിശ്രം. മഞ്ഞപ്പിത്തത്തിനുള്ള ചികിത്സയിൽ പ്രത്യേകം ഫലപ്രദം.

| | | |
|---|---|---|
| കയ്യോന്നി | – | 52 mg |
| കടുക്രോഹിണി | – | 34 mg |
| അമ്ലവേതസം | – | 23 mg |
| ഗന്ധകം | – | 5 mg |
| കടുക്ക | – | 11 mg |
| തഴുതാമ | – | 50 mg |
| മഞ്ചടി | – | 27 mg |
| വയമ്പ് | – | 7 mg |
| നെല്ലിക്ക | – | 58 mg |
| പേക്കുമ്മട്ടി | – | 9 mg |
| ഗിരിപർപ്പട | – | 9 mg |
| ഇലവങ്ഗം | – | 7 mg |
| ജാതിക്ക | – | 7 mg |
| കറുവാപ്പട്ട | – | 11 mg |

| | | |
|---|---|---|
| മഞ്ഞൾ | – | 17 mg |
| ചുക്ക് | – | 4 mg |
| അയമോദകം | – | 6 mg |
| പിപ്പലി | – | 2 mg |
| ജീരകം | – | 2 mg |
| പെരുംജീരകം | – | 2 mg |

**ഔഷധവിവരം**

a അമ്ലവേതസം ഒരു സൗമ്യവിരേചനിയാണ്. അതേസമയം അതിസാര ചികിത്സയിൽ ഉപയോഗിക്കുന്ന തിക്തമായ ഒരു മരുന്നാണ്. വിരേചക ഗുണമുള്ള ഗന്ധകം പിത്തനീരിന്റെ ഉൽപ്പാദനം വർദ്ധിപ്പിക്കും. കരൾ വീക്കത്തിനു കടുക്ക ഉപയോഗിക്കുന്നു. കടുക് രോഹിണി നീരിനെ നീക്കുകയും മറ്റു ഔഷധഘടകങ്ങളുടെ പ്രവർത്തനം ത്വരിപ്പിക്കുകയും ചെയ്യുന്നു. തഴുതാമ മൂത്രം വർദ്ധിപ്പിച്ചു നീരിനെ പുറത്തേക്കു കളഞ്ഞ് മഹോദരത്തെ തടയും. കയ്യോന്നി കരൾ രോഗങ്ങളുടെ ശമനത്തിന് പേരുകേട്ട ഒരു ഔഷധമാണ്. അത് ആരോഗ്യകരമായ പിത്തനീരിനെ നാളികളിലേയ്ക്ക് ശ്രവിപ്പിച്ച് കരളിന് ഒരു ടോണിക്കായി പ്രവർത്തിക്കുന്നു.

b പേക്കുമ്മട്ടി കൃമിഹരമാണ്. മലബന്ധത്തെ മാറ്റുന്നു. മഞ്ഞപ്പിത്തത്തിന് നല്ലതാണ്. കരൾ രോഗങ്ങൾക്കും പനിയ്ക്കും നല്ലതാണ്.

c മഞ്ചാടി മഞ്ഞപിത്തത്തിന് ഉപയോഗിക്കുന്നു.

d വയമ്പ്, നെല്ലിക്ക, ഇലവങ്ഗം, ജാതിക്ക, അയമോദകം, തിപ്പലി, ജീരകം, കായം ഇവ ദീപനമാണ്. ഉത്തേജകമാണ്. സുഗന്ധിയാണ്. ദഹനത്തെ സഹായിക്കുന്നു.

**സൂചനകൾ**

മഞ്ഞപ്പിത്തത്തിന്റെ ചികിത്സയ്ക്ക് പിത്തനാളിയുടെ ജീർണ്ണിപ്പ് നീക്കുന്നു. ഔഷധമായും അതു സാവകാശം പ്രവർത്തിക്കാം. അൽപ്പദിവസങ്ങൾക്കകം മഞ്ഞപ്പിത്തം ഭേദപ്പെടുത്തും.



**മാത്ര**

മുതിർന്നവർ : 1 ഗുളിക മൂന്നുനേരം വീതം

കുട്ടികൾ : 1/2 ഗുളിക മൂന്നുനേരം വീതം

**പാക്ക്**

10 ഗുളികകളുടെ 10 സ്ട്രിപ്പുകളടങ്ങിയ പെട്ടി

250 ഗുളികകളുടെ ബോട്ടിൽ

കുട്ടികൾക്കു കൊടുക്കാൻ രുചിയായ സിറപ്പായും ലഭിക്കും.

**മാത്ര**

1 മുതൽ രണ്ടു ചായക്കരണ്ടി വരെ രണ്ടോ മൂന്നോ നേരം വീതം

**പാക്ക്:** 100 ml കുപ്പിയായും കിട്ടും.

## ലിവാക്ററിൻ - ജി (Livactin - G)

ആന്റി ഓക്സിഡന്റ് ഗുളികകൾ

***വിവരണം***

വാർദ്ധക്യസഹജമായ ബലഹീനതയ്ക്കും പ്രായാധിക്യത്താലുള്ള അസുഖങ്ങൾക്കും ഉപയോഗിക്കുന്ന പലതരം ഔഷധങ്ങളുടെ ഒരു മിശ്രം.

***ഔഷധവിവരം***

| | |
|---|---|
| അമുക്കുരസത്ത് | – 225 mg |
| കുടങ്ങൽ സത്ത് | – 100 mg |
| ബ്രഹ്മി സത്ത് | – 125 mg |
| ശുദ്ധശിലാജിത് | – 60 mg |

അമുക്കുരം ആയുർവ്വേദത്തിൽ പരക്കെ ഉപയോഗിക്കുന്ന ഒരു ഔഷധസസ്യമാണ്. പാരമ്പര്യമായി ഇതിന്റെ വേര് ഊർജം

വർദ്ധിപ്പിക്കുന്നതിനും മൊത്തത്തിലുള്ള ആരോഗ്യം മെച്ചപ്പെടുത്തുന്നതിനും ദീർഘായുസ്സിനും വേണ്ടി ഉപയോഗിക്കുന്ന പൊതുവായ ടോണിക്കാണ്. അമുക്കുരം പ്രായാധിക്യത്തെ ചെറുക്കുന്നതും യൗവ്വനം വീണ്ടെടുക്കാൻ സഹായിക്കുന്നതുമായ ഔഷധ സസ്യമാണെന്ന് ഏററവും പുതിയ ശാസ്ത്ര ഗവേഷണത്തിൽ കണ്ടെത്തി. ഇത് നാഡികളെ സംരക്ഷിക്കുവാനും മാനസികപിരിമുറുക്കത്തെ കുറയ്ക്കുവാനും വ്യാധിക്ഷമത്വം നൽകുന്നതിനും മദ്ധ്യവയസ്സിന്റെ ആപത്സന്ധിയിൽ ഒരു ടോണിക്കായും ആന്റി ഓക്സിഡന്റായും ഉപയോഗിക്കുന്നു. ബ്രഹ്മി മൂവായിരത്തിലധികം വർഷങ്ങളായി ഓർമ്മ ശക്തി വർദ്ധിപ്പിക്കുന്നതിനായി ആയുർവ്വേദത്തിൽ ഉപയോഗിച്ചു വരുന്നു. ഓർമ്മ ശക്തി വർദ്ധിപ്പിക്കുന്നതിനും മസ്തിഷ്കത്തിനു വേണ്ട ഒരു ടോണിക്കായും ആകാംക്ഷ നിയന്ത്രിക്കുന്നതിനും നാഡികളെ സംരക്ഷിക്കുന്നതിനും ഇത് ഉപയോഗിക്കുന്നു. കുടങ്ങൽ മസ്തിഷ്കത്തിന്റെ പ്രവർത്തനത്തിനുള്ള ടോണിക്കായി ഉപയോഗിക്കുന്നു.

ഇത് ഓർമ്മ ശക്തി മെച്ചപ്പെടുത്തുവാനും രോഗപ്രതിരോധശേഷി ഉയർത്തുന്നതിനും മാനസികപിരിമുറുക്കത്തെ കുറയ്ക്കുവാനും സാധാരണമായ ക്ഷീണത്തിനും സ്വഭാവരീതി മെച്ചപ്പെടുത്തുവാനും ഉപയോഗിക്കാവുന്നതാണെന്ന് ശാസ്ത്ര ഗവേഷണം തെളിയിച്ചിട്ടുണ്ട്. ശിലാജിത് വാർദ്ധക്യരോഗങ്ങൾ മൂലമുണ്ടാകുന്ന പ്രശ്നങ്ങൾക്ക് വളരെ ഫലപ്രദവും മാനസിക പിരിമുറുക്കത്തെ കുറയ്ക്കുന്നതും ഒരു ആന്റിഓക്സിഡന്റുമാണ്. ഇത് പൊതുവെയുള്ളതും ലൈംഗികപരമായ ക്ഷീണത്തിനും പരക്കെ ഉപയോഗിച്ചു വരുന്നു

**മാത്ര**

1 - 2 ഗുളികകൾ വീതം പ്രഭാത ഭക്ഷണത്തിനും ഉച്ചയൂണിനും ശേഷം

**സൂചനകൾ**

വാർദ്ധക്യസഹജമായ ക്ഷീണം, വാർദ്ധക്യകാലത്താവശ്യമായ ടോണിക്ക്,ഒരു ആന്റി-ഓക്സിഡന്റ് മാനസിക പിരിമുറുക്കത്തെ കുറയ്ക്കുന്നു.



**പ്രായാധിക്യത്തോടനുബന്ധിച്ച് ഉണ്ടാകുന്ന ലക്ഷണങ്ങൾ:**

* സ്വഭാവത്തിലും ധാരണാശക്തിയിലും ഉണ്ടാകുന്ന വ്യതിയാനങ്ങൾ
* ജീവിത നിലവാരത്തിനു കോട്ടം തട്ടുക
* ഓർമ്മ ശക്തി കുറയുക
* ഉറക്കമില്ലായ്മ
* ക്ഷീണം
* കുറയുന്ന ലൈംഗിക തൃഷ്ണ

**പാർശ്വഫലങ്ങൾ ഇല്ല**

**പാക്ക്**

30 ഗുളികകളുടെ കുപ്പി

## മാഗ്നൈൻ (Magnine)

**പുളിച്ചുതികട്ടലിനും ഞരമ്പു വലിക്കുമുള്ള ഗുളികകൾ**

**വിവരണം**

കുടൽപ്പുണ്ണിനും അമ്ലാധിക്യത്തിനുമുള്ള ചികിത്സയ്ക്ക് പേരു കേട്ട അമ്ലനാശിനികൾ (Belladona) ചേർത്തു തയ്യാറാക്കിയ മിശ്രം

**ഔഷധവിവരം**

അമ്ലനാശിനികളാണ് പരക്കെ ഉപയോഗിക്കപ്പെടുന്ന ഔഷധങ്ങൾ. കുടൽപ്പുണ്ണുള്ള രോഗികളിൽ അമ്ലത്തിന്റെ സാന്നിദ്ധ്യമാണ് വേദനയ്ക്കുള്ള ഭാഗികമായ കാരണം. അതു രോഗത്തിന്റെ സ്വാഭാവിക ലക്ഷണമാണ്. പുണ്ണ് ശമിപ്പിക്കുന്നതിനു അത് തടസ്സമായും വർത്തിക്കുന്നു. അമ്ലനാശിനി പ്രയോജനപ്രദമാകണമെങ്കിൽ ഉദരാന്തര അമ്ലത്തെ കുറയ്ക്കുക കൂടിവേണം; ആ പ്രക്രിയ കഴിയുന്ന കാലം നീണ്ടു നിൽക്കുകയും വേണം.

മഗ്നീഷ്യം ട്രൈസിലിക്കേറ്റിനും അലുമിനിയം ഹൈഡ്രോക്സൈഡിനും ദീർഘകാലം അമ്ലരസം നീക്കിനിർത്താൻ കഴിയും. അവ ഏറ്റവും ഉത്തമമായ അമ്ലനാശിനിയുമാണ്. രണ്ടു ലവണ

ങ്ങളും ലയിച്ചു ചേരുന്നില്ലെന്നതുകൊണ്ട് അവ ശരീരത്തെ ബാധിക്കുന്നുമില്ല.

കണ്ടകാരികയുടെ ഗുണാംശം വേഗസ് (Vagus) നാഡിയെ പ്രതിബന്ധിച്ചു അമ്ലസ്രാവം കുറയ്ക്കുന്നു. ഞരമ്പുവലി നിയന്ത്രിച്ചു വേദനയ്ക്ക് ആശ്വാസം നൽകുകയും ചെയ്യുന്നു.

**സൂചനകൾ**

കുടൽപ്പുണ്ണ്, അമ്ലാധിക്യം, അമ്ലസംബന്ധമായ അഗ്നിമാന്ദ്യം

***മാത്ര***

മുതിർന്നവർ : ഭക്ഷണത്തിന്റെ 15 മുതൽ 30 വരെ മിനിട്ടു മുമ്പോ പിമ്പോ 2 ഗുളികകൾ ചവച്ചിറക്കുക. ഭക്ഷണത്തിന്റെ ഇടവേളകളിൽ വേദനയുണ്ടാവുന്നുണ്ടെങ്കിൽ ഒന്നോ രണ്ടോ ഗുളിക അലിച്ചിറക്കുക.

കുട്ടികൾ : ഒരു ഗുളിക

**പാക്ക്**

10 ഗുളികകളുടെ 50 ബ്ലിസ്റ്റർ സ്ട്രിപ്പുകളുടെ പെട്ടി

500 ഗുളികകളുടെ ടിൻ

## മെഡിറ്റാബ് (Meditab)

### *ചുമയ്ക്കുള്ള ഗുളികകൾ*

ചുമയുടെ ചികിത്സയിൽ കൺകണ്ട ഔഷധമാണ്!

പ്രസിദ്ധി നേടിയ ആയുർവ്വേദ ഔഷധങ്ങളുടെ ഈ മിശ്രം പഴകിയ ചുമയും ബലക്ഷയവുമുള്ള അവസ്ഥയിൽ ശരീരത്തെ ആരോഗ്യവത്താക്കാൻ പറ്റിയ കപർഡികാഭസ്മം അടങ്ങിയതാണിത്.

| | | |
|---|---|---|
| ആറ്റുവഞ്ചി | – | 51 mg |
| ചിത്തിരപ്പാല | – | 27 mg |
| വരടി | – | 7 mg |
| ആടലോടകം | – | 63 mg |
| വെളുത്തുള്ളി | – | 7 mg |



**ഔഷധവിവരം**

ആടലോടകം, ആറ്റുവഞ്ചി, ചിത്തിരപ്പാല എന്നിവ കഫത്തെ ദ്രവീകരിക്കാൻ പോരുന്ന ഔഷധങ്ങളാണ്. (കഠിനമായ ചുമയ്ക്കു കോഫ്ളിൻ നോക്കുക) വെളുത്തുള്ളി കഫം മുറിക്കാനും, പഴുപ്പ് നീക്കാനും വിയർപ്പും മൂത്രവും ത്വരിപ്പിക്കാനുമുള്ള ഗുണങ്ങൾ അടങ്ങിയതാണ്. പഴകിയ നെഞ്ചുപഴുപ്പിനും ശ്വാസകോശസംബന്ധമായ രോഗാവസ്ഥകളിലും ഇതുപയോഗിക്കുന്നു. കപർഡികാ ഭസ്മം (പരടി) ഒരു പൊതു ഉജ്ജീവൗഷധമായി കരുതപ്പെടുന്നു. പഴകിയ ശ്വാസകോശങ്ങളിൽ വിശേഷിച്ചും ഉദാ: ക്ഷയം.

**സൂചനകൾ**

പഴകിയ ചുമ, ക്ഷയരോഗം മൂലമുള്ള ചുമ, പഴകിയ ആസ്മച്ചുമ

***മാത്ര***

1 മുതൽ 2 വരെ ഗുളിക പാലിലോ തേനിലോ ചേർത്തു രണ്ടോ മൂന്നോ നേരം വീതം.

**പാക്ക്**

20 ഗുളികകളുടെ കുപ്പി

**കുറിപ്പ്:** കഠിനമായ ചുമയ്ക്കു കോഫ്ളിൻ ഉപയോഗിക്കണം. വിഷമിപ്പിക്കുന്ന സിരാക്ഷോഭത്തിന്റെ ചുമയാണെങ്കിൽ ഡാബൈനും ദസ്മയും മാറി മാറി ഉപയോഗിക്കണം. ചെസോളോറബ്സനോ പുരട്ടി നെഞ്ചു തടവാം.

## മെഡിക്കേറ്റഡ് ടൂത്ത് പൗഡർ (Medicated Tooth Powder)

**വിവരണം**

മോണപഴുപ്പ്, മോണവീക്കം, മോണയുടെ ദാർഢ്യം ക്ഷയിക്കൽ എന്നിവയ്ക്കുള്ളതാണ് മെഡിക്കേറ്റഡ് ടൂത്ത് പൗഡർ

| | | |
|---|---|---|
| കടുക്ക | – | 12 g |

| | | |
|---|---|---|
| വിഴാലരി | – | 1.5 g |
| കാട്ടാവണക്ക് | – | 2.0 g |
| വേമ്പകാ | – | 1.7 g |
| അയമോദകം | – | 1 g |
| ആലം | – | 3.4 g |
| ഗന്ധാപൂർട്ടൈൽ | – | 1 ml (ഹേമന്തഹരിതാ) |
| ചുണ്ണാമ്പ് | – | q. s |

**ഉപയോഗരീതി**

വിരലിലെടുത്തു പല്ലുതേയ്ക്കുകയും മോണ അമർത്തി ഉഴിയുകയും ചെയ്യണം. പിന്നെ ആവശ്യമെന്നു തോന്നുകയാണെ ങ്കിൽ അകവും പുറവും ബ്രഷ് ചെയ്യാം. പൽപ്പൊടി ഉപയോഗിച്ചു കഴിഞ്ഞാൽ 10-15 മിനിട്ടുനേരത്തേയ്ക്ക് വെള്ളം കവിൾക്കൊള്ളു കയോ കഴുകുകയോ ചെയ്യരുത്. രാത്രി കിടക്കാൻ പോകുംമുമ്പും രാവിലെയും പൽപ്പൊടി ഉപയോഗിക്കണം. പതിവായി ഉപയോ ഗിച്ചാൽ മോണപഴുപ്പ് ഭേദപ്പെടും. ധാരാളം ചലം വരുന്നുണ്ടെ ങ്കിൽ രാത്രിയും രാവിലെയും പല്ലുതേച്ചശേഷം എൻട്രോപ്സ് പുരട്ടുക.

**പാക്ക്**

50 ഗ്രാമിന്റെ ടിൻ.

## മെർസിനാ (Mersina)

### പ്രമേഹത്തിനുള്ള കാപ്സ്യൂൾസ്

**വിവരണം**

പ്രായമായാൽ ഉണ്ടാവുന്ന പ്രമേഹരോഗത്തിനു ഫലപ്രദ മെന്നു പേരുകേട്ട ഇന്ത്യൻ പച്ചമരുന്നുകൾ.

| | | |
|---|---|---|
| ചക്കരക്കൊല്ലി | – | 75 mg |
| പാവൽ | – | 81 mg |
| ആവര | – | 63 mg |
| ഞാവൽ | – | 96 mg |
| നെല്ലിക്ക | – | 48 mg |
| വേപ്പ് | – | 30 mg |
| ഉലുവ | – | 15 mg |
| കോവൽ | – | 93 mg |
| അമൃത് | – | 63 mg |
| ചവർക്കാരം | – | 12 mg |



**ഔഷധവിവരം**

മദ്ധ്യവയസ്ക്കർക്കുണ്ടാകുന്ന പ്രമേഹരോഗത്തിന്റെ ചികി ത്സയ്ക്കു ഫലപ്രദമെന്നു പേരുകേട്ട ഔഷധങ്ങളാണ് ചേരുവകൾ. ഈ പച്ചമരുന്നുകളിൽ ഒന്നിനും ദൂഷ്യഫലമില്ലെന്ന് സമർത്ഥിക്ക പ്പെട്ടതാണ്. ഇവ ഒന്നിച്ചുകൊടുക്കുമ്പോഴാണ് വെവ്വേറെ കൊടു ക്കുന്നതിനേക്കാൾ ഫലം ചെയ്യുക.

**സൂചനകൾ**

വളർച്ചയെത്തുമ്പോഴുണ്ടാകുന്ന പ്രമേഹത്തിന്. കരളിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുകയും ക്ഷീണം തടയുകയും ചെയ്യും.

**മാത്രയും ഉപയോഗവും**

**പ്രമേഹരോഗത്തിന് മെർസിനാ വളരെ ഫലപ്രദമാണ്.**

1 മുതൽ 2 വരെ കാപ്സ്യൂൾസ് മൂന്നു നേരം വീതം ഭക്ഷ ണത്തിനു അരമണിക്കൂർ മുമ്പായി. തുടക്കത്തിൽ വലിയ മാത്ര വേണ്ട ിവരും. മൂത്രത്തിൽ പഞ്ചസാര ഇല്ലാത്ത അവസ്ഥ നില നിർത്താൻ പറ്റുന്ന തോതുവരെ മാത്ര കുറച്ചുകൊണ്ടുവരാം. വ്യക്തികൾക്കനുസരിച്ച മാത്രകളിൽ വ്യത്യാസം വരുത്തണം.

ഭക്ഷണത്തിൽ പത്ഥ്യം പാലിക്കണം. ചികിത്സയുടെ ഫലം

മനസ്സിലാക്കാൻ മൂത്രം ഇടയ്ക്കിടെ പരിശോധിക്കണം. സന്ദർഭം പോലെ രക്തത്തിലെ പഞ്ചസാര പരിശോധിക്കുന്നതും നല്ലതാണ്.

ഇൻസുലിനോടുകൂടിയും കൊടുക്കാം. മൂത്രപരിശോധനയുടെ ഫലം മനസ്സിലാക്കാൻ ഇൻസുലിനു പകരമാക്കാവുന്നതും ഇൻസുലിൻ കുറയ്ക്കാവുന്നതുമാണ്.

ഇളം പ്രായക്കാരുടെ പ്രമേഹരോഗത്തിന്നും കെറ്റോസിസ് പ്രമേഹക്കുരു എന്നിവയ്ക്കും മെർസിനാ നിർദ്ദേശിച്ചുകൂടാ.

**പാക്ക്**

10 കേപ്സ്യൂളുകളുടെ 5 ബ്ലിസ്റ്റർ സ്ട്രിപ്പുകളുടെ പെട്ടി

## നെവോസ്സ് (Nevoss)

## സിരാക്ഷീണത്തിനും ഉൽക്കണ്ഠയ്ക്കുമുള്ള ഗുളികകൾ

**വിവരണം**

ഞരമ്പുകളുടെ തകർച്ച, സിരാസംബന്ധമായ പിരിമുറുക്കം, എന്നിവയ്ക്കുള്ള ആയൂർവ്വേദ ഔഷധങ്ങളുടെ മിശ്രം.

| | | |
|---|---|---|
| അമുക്കുരം | – | 72 mg |
| ജാതിക്ക | – | 0.52 mg |
| കുറാശാണി | – | 19 mg |
| ഇരട്ടിമധുരം | – | 41 mg |
| ഞെരിഞ്ഞിൽ | – | 82 mg |

**ഔഷധവിവരം**

a കുറാശാണി, അജ്ജയൻ മാനസികാഘാതം തടയുന്നു. പേശികളിലെ ഞരമ്പുവലിക്കു ആശ്വാസം നൽകുന്നു. ചെറുകുടലിന്റെയും മൂത്രാശയത്തിന്റെയും ഭാഗങ്ങളിലുണ്ടാവുന്ന കൊളുത്തിവലിക്കും ഉപയോഗിക്കാം. അമുക്കുരം കേന്ദ്രനാഡീ വ്യൂഹത്തെ അടക്കി നിർത്തുന്നതും മൂത്രം വർദ്ധിപ്പിക്കുന്നതുമായ ഔഷധമാണ്.

b ഞെരിഞ്ഞിൽ ബല്യമാണ്. വജ്ജീകരണത്തെ മന്ദീഭവിപ്പിക്കുന്നു. ഈ വർദ്ധനവിനെ ഉണ്ടാക്കുന്നു.

c ഇരട്ടിമധുരം ബല്യമാണ്, തണുപ്പാണ്, ഉപലോപ്ത ഉണ്ടാക്കുന്നു.



**സൂചനകൾ**

ഞരമ്പുക്ഷീണം, ഉൽക്കണ്ഠ, ഇടക്കിടെയുള്ള മൂത്രവിസർജ്ജനം, ഉദര-ആന്ത്രശൂല, വിറയൽ മുതലായവ, ശാരീരികവും മാനസികവുമായ ആയാസങ്ങളാൽ ഞരമ്പുകൾക്കുണ്ടായ തകർച്ച ജീവശക്തി, നഷ്ടം, ശുക്ലസ്ഖലനം, അധികമായ ലൈംഗികാസക്തി, അധികമായ വിയർപ്പ്, മനസ്സിന്റെ പ്രവർത്തനത്തിനു തടസ്സം സൃഷ്ടിക്കുകയോ മാനസികക്കുഴപ്പമുണ്ടാക്കുകയോ ചെയ്യുന്നില്ല.

**മാത്ര**

മുതിർന്നവർ 1 മുതൽ 2 ഗുളികവരെ 3-4 മണിക്കൂർ ഇടവിട്ട് പാലിൽ കഴിക്കുന്നത് നല്ലതാണ്.

കുട്ടികൾ : 1/4 മുതൽ 1/2 വരെ ഗുളിക 4 മണിക്കൂർ ഇടവിട്ട്

**പാക്ക്**

100 ഗുളികകളുടെ കുപ്പി

## ഒലോസിൻ (Olosyn)

### *പുറമെ പുരട്ടാനുള്ള എണ്ണ*

**വിവരണം**

നാഡീവ്യൂഹത്തിനു ആശ്വാസഫലം ചെയ്യുന്നതിന് സസ്യ എണ്ണയിൽ പച്ചമരുന്നുനീര് പാകപ്പെടുത്തിയത്. പുറമെ ഉപയോഗിക്കാൻ മാത്രം.

| | | |
|---|---|---|
| കയ്യോന്നി | – | 0.66 g |
| വേപ്പ് | – | 0.66 g |

| | | |
|---|---|---|
| കഴഞ്ചി | – | 0.66 g |
| ബ്രഹ്മി | – | 0.66 g |
| ഉലുവ | – | 22 g |
| ഉമ്മം | – | 1.32 g |
| നെല്ലിക്ക | – | 3.33 g |
| സസ്യഎണ്ണ | – | qs |

**ഔഷധവിവരം**

a പേരുകേട്ട ഇന്ത്യൻ പച്ചമരുന്നുകളുടെ ഇലകളിൽ നിന്നെടുത്ത സത്ത് എണ്ണയിൽ പാകപ്പെടുത്തിയിരിക്കുന്നു. പുറമെ പുരട്ടി ഉരസിപ്പിടിച്ചാൽ മാംസപേശിയിലും നാഡിഞരമ്പുകളിലും ആശ്വാസം അനുഭവപ്പെടും. കൂടാതെ പല ചർമ്മരോഗങ്ങളിലും ആശ്വാസം കിട്ടും. സിരാക്ഷോഭത്തെ നിയന്ത്രിച്ച് സ്വസ്ഥത ഉളവാക്കുന്നതുമാണ്.

b നെല്ലിക്ക തലമുടിക്ക് ബലം കൊടുക്കുന്നു. വളർച്ചയെ ത്വരിതപ്പെടുത്തുന്നു.

c ബ്രഹ്മി രക്തയോട്ടത്തെ ത്വരിതപ്പെടുത്തുന്നു. തൊലിപ്പുറത്തുണ്ടാകുന്ന രോഗങ്ങൾക്കും വ്രണങ്ങൾക്കും നല്ലതാണ്.

d കയ്യോന്നി ഇന്ദ്രലുപ്തത്തിനും ചർമ്മരോഗങ്ങൾക്കും നല്ലതാണ്.

e വേപ്പ് പേൻ നാശകമാണ്. തലയോട്ടിയിൽ ഉണ്ടാകുന്ന രോഗങ്ങൾക്കും നല്ലതാണ്.

f ഉലുവ തണുപ്പാണ്, തലമുടി വളർച്ചയെ ത്വരിതപ്പെടുത്തുന്നു. മുടികൊഴിച്ചിൽ തടയുന്നു. ഉമ്മം പേനിനെ നശിപ്പിക്കുന്നു. തൊലിപ്പുറത്തുള്ള രോഗങ്ങൾക്കും നല്ലതാണ്.

g കഴഞ്ചി വാതരോഗങ്ങൾക്ക് നല്ലതാണ്.



**പ്രയോഗം**

മേൽ പുരട്ടുന്നതിന്. 5 മുതൽ 6 വരെ ഭാഗത്തിന് 1 എന്ന തോതിൽ സസ്യ എണ്ണയിൽ കലർത്തി കുളിക്കും മുമ്പ് പുരട്ടാം.

ഹെയർ ഓയിൽ ആയും ഉപയോഗിക്കാം. തലയോട്ടിയിൽ വിരൽകൊണ്ട് ഉരസിപ്പിടിപ്പിക്കുക, കിടക്കുന്നതിനുമുമ്പ് ചെയ്താൽ സുഖനിദ്രയുണ്ടാവും. തലവേദനയ്ക്കു ആശ്വാസം കിട്ടും. നേരിയ മയക്കത്തിന്റെ സുഖാനുഭവമുണ്ടാകും. ഒരു ടോണിക്ക് എന്ന നിലയിൽ തലമുടിയുടെ വളർച്ചയെ സഹായിക്കും. മുടി കൊഴിച്ചിലിനും പ്രയോജനം.

ഒലോസിൻ, ചുഴലി, അപസ്മാരം, നാഡീക്ഷീണം എന്നിവയിലും ഗുണം ചെയ്യും. ചെവിക്കല്ലിന് കേടില്ലെങ്കിൽ, തലയിൽ പുരട്ടുന്നതിന്നു പുറമെ രണ്ടു തുള്ളിവീതം ദിവസേന കാതിൽ ഇറ്റിക്കുയുമാവാം.

**പാക്ക്**

50 മി. ലി. യുടെ കുപ്പി.

100 മി. ലി. യുടെ കുപ്പി

## റാസ്ജെന്റ് (Rasgent)
### *കണ്ണിൽ ഇറ്റിക്കാൻ*

**വിവരണം**

കണ്ണുകളിൽ പഴുപ്പ്, 'കുത്തിക്കൂടൽ' എന്നിവയ്ക്കു ആശ്വാസം നൽകുന്ന ഒരു നേതൃബിന്ദു

| | | |
|---|---|---|
| രസകർപ്പൂരം | – | 1.1 g |
| ആലം | – | 1.1 g |
| നാമക് | – | 3.4 g |

**ഔഷധവിവരം**

ചെങ്കണ്ണുരോഗം ബാധിച്ചവർ ഈ ലായനി കണ്ണിൽ ഉപയോഗിച്ചാൽ പഴുപ്പ് നീങ്ങിക്കിട്ടും. കണ്ണിനു കുളിർമ്മ ലഭിക്കുന്നതുമാണ്. കണ്ണു കുത്തിക്കൂടലിനും അഴുകലിനും ശമനമുണ്ടാകും.

**ഉപയോഗിക്കേണ്ട വിധം**

ഒരു ചായക്കരണ്ടി തിളപ്പിച്ചാറ്റിയ വെള്ളത്തിൽ ഒന്നോ രണ്ടോ തുള്ളി മരുന്ന് കലക്കി ഇരു കണ്ണുകളിലും ഇറ്റിക്കുക. രോഗം ഒരു കണ്ണിനു മാത്രമാണെങ്കിലും മരുന്ന് ഇരുകണ്ണിലും ഒഴിക്കണം. പകൽ രണ്ടോ മൂന്നോ നേരം വീതവും കിടക്കാൻ പോകുന്നതിനു മുമ്പും ഉപയോഗിക്കാം.

**പാക്ക്**

ഒരു ഗ്രെയിൻ മരുന്ന് രണ്ടു നേരം നാവിലിട്ട് അലിച്ചിറക്കിയാൽ മുഖക്കുരു രോമക്കുരു എന്നിവ മാറിക്കിട്ടും.

10 ഗ്രാം കുപ്പി

## റിമോറിൻ (Remorin)

### *വാതരോഗത്തിന്നുള്ള കാപ്സ്യൂൾസ്*

**വിവരണം**

രക്തവാതത്തിനും, ആമവാതത്തിനുമുള്ള ആയൂർവ്വേദ ഔഷധങ്ങളുടെ മിശ്രം.

| | | |
|---|---|---|
| ഗുഗ്ഗുലു | – | 100 mg |
| നെല്ലിക്ക | – | 3.7 mg |
| വെള്ള ഉപ്പ് | – | 3.7 mg |
| ഇന്തുപ്പ് | – | 3.7 mg |
| കടുക്ക | – | 3.7 mg |
| താന്നിക്ക | – | 3.7 mg |
| ചുക്ക് | – | 3.7 mg |
| കുരുമുളക് | – | 3.7 mg |
| തിപ്പലി | – | 3.7 mg |
| അത്തിത്തിപ്പലി | – | 3.7 mg |
| വിഴാലരി | – | 3.7 mg |
| ജീരകം | – | 3.7 mg |
| കരിഞ്ചീരകം | – | 3.7 mg |
| വാൽമുളക് | – | 3.7 mg |
| അരത്ത | – | 3.7 mg |
| കരിനൊച്ചി | – | 3.7 mg |
| കൊത്തമല്ലി | – | 3.7 mg |
| താലീസപത്രം | – | 3.7 mg |
| കടുരോഹിണി | – | 3.7 mg |
| മുത്തങ്ങ | – | 3.7 mg |
| ഏലത്തിരി | – | 3.7 mg |
| ഞെരിഞ്ഞിൽ | – | 3.7 mg |
| ചവർക്കാരം | – | 3.7 mg |
| വയമ്പ് | – | 3.7 mg |
| ലന്താഗല | – | 3.7 mg |
| അയമോദകം | – | 3.7 mg |
| അതിവിടയം | – | 3.7 mg |
| അരുത | – | 3.7 mg |



**ഔഷധവിവരം**

ഈ ഔഷധങ്ങളുടെ കൂട്ടായ പ്രവർത്തനം സിരകൾക്ക് സ്വസ്ഥത നൽകുകയും ഞരമ്പുവലിയും വാതവും ശമിപ്പിക്കുകയും ചെയ്യുന്നു. റിമോറിനിലുള്ള ഗുഗ്ഗുലു രക്തത്തിലുള്ള കൊഴുപ്പിനെ കുറയ്ക്കുകയും ചെയ്യുന്നു.

**സൂചനകൾ**

രക്തവാദം, ആമവാതം, സന്ധിവാതം, ഇടുപ്പുവാതം, നടുകടച്ചിൽ, വാതശൂല എന്നീ രോഗങ്ങൾക്ക് റിമോറിൻ ഫലപ്രദമാണ്.

**മാത്ര**

ആദ്യത്തെ പതിനഞ്ചു ദിവസത്തേക്കു രണ്ട് ക്യാപ്സൂൾ വീതം മൂന്ന് നേരം പിന്നെ മൂന്ന് മാസത്തേക്കിലും ഒരു ക്യാപ്സൂൾ വീതം മൂന്ന് നേരം. വളരെ ക്ഷീണിച്ചുള്ളവർക്ക് ഡോസ് കുറച്ച് കൊടുക്കാം.

ഗർഭകാലത്തും മുലയൂട്ടുന്ന കാലത്തും, അതിസാരം ഉള്ള പ്പോഴും ഇത് കൊടുക്കാൻ പാടില്ല.

**പാക്ക്**

10 ക്യാപ്സൂളുകളുടെ 3 ബ്ലിസ്റ്റർ സ്ട്രിപ്പുകളുടെ പെട്ടി.

## റിമോറിൻ തൈലം (Remorin oil)

വാതരോഗത്തിനുള്ള തൈലം

**വിവരണം**

സന്ധിവാത സംബന്ധമായ വേദനകൾക്കും മുട്ടുവേദ നയ്ക്കും അയവില്ലാത്ത ജോയിന്റുകൾക്കും വാതവേദനയ്ക്കും ഉള്ള ആയുർവ്വേദ ഔഷധങ്ങളുടെ മിശ്രം.

| | | |
|---|---|---|
| ഗുഗ്ഗുലു | – | 5 mg |
| അമുക്കുരം | – | 5 mg |
| കരിനൊച്ചി | – | 5 mg |
| അരത്ത | – | 5 mg |
| മഞ്ഞൾ | – | 2 mg |
| മുരിങ്ങ | – | 5 mg |
| ഉമ്മത്ത് | – | 3 mg |
| ഇഞ്ചി | – | 3 mg |
| ആവണക്ക് | – | 4 mg |
| എരുക്ക് | – | 3 mg |
| കർപ്പൂരം | – | 5 mg |



| | | |
|---|---|---|
| പുതിനാ അർകം | – | 5 mg |
| ഹേമന്ത ഹരിതാ | – | 6 ml |
| ദേവദാരു/ചരളം | – | 4 ml |
| സസ്യ എണ്ണ | – | q s |

**ഔഷധവിവരം**

ഗുഗ്ഗുലു രക്തവാതത്തിനും അയവില്ലാത്ത മുട്ടുകൾക്കും അതു സംബന്ധിച്ച അസുഖങ്ങൾക്കും പ്രയോജനപ്രദമാണ്. ഇതിനു ഏതു വ്യവസ്ഥിതിയിലേക്കും ആഴ്ന്നിറങ്ങി പ്രവർത്തി ക്കുവാനുള്ള കഴിവുണ്ട്. അമുക്കുരം ഒരു വാതരോഗ നിവാരി ണിയും വേദനാ സംഹാരിണിയുമാണ്. കഠിനമായ വാതരോ ഗത്തെത്തുടർന്നുണ്ടാകുന്ന നീരു വീക്കത്തിന് കരിനൊച്ചി വളരെ പ്രയോജനപ്രദമാണ്. അരത്ത വാതരോഗത്തിനും അത് സംബന്ധമായ അസുഖങ്ങൾക്കും ഉപയോഗിക്കുന്നതാണ്. മഞ്ഞൾ പ്രത്യേക ശരീരഭാഗത്തെ ബാധിക്കുന്ന നീരു വീ.ക്കത്തെ അകറ്റാൻ സഹായിക്കുന്നു.

മുരിങ്ങ വാതരോഗത്തിനും മുട്ടു വേദനയ്ക്കും ഉപയോ ഗിക്കുന്നു. ഉമ്മത്ത് വാതരോഗ സംബന്ധമായുണ്ടാകുന്ന വേദ നയകറ്റാനും നീരുവീക്കത്തിനും മുതുക് വേദനയ്ക്കും വാതവേദ നയ്ക്കും ഞരമ്പുവലിക്കും ഉപയോഗിക്കുന്നു. ആവണക്ക് വാതരോഗത്തിനും മുതുക് വേദനയ്ക്കും ഉപയോഗിക്കുന്നു. എരു ക്ക് വേദനയുള്ള മുട്ടുകൾക്കും നീരുകൾക്കും പുരട്ടാവുന്നതാണ്. ഇഞ്ചി,കർപ്പൂരം,പുതിനാ അർകം, ചരളം, ഹേമന്ത ഹരിതാ എന്നിവ പ്രത്യേക ശരീരഭാഗത്തെ ഉത്തേജിപ്പിക്കുന്നതിനും ശരീരം ചുവപ്പിക്കുന്നതിനും ഉപയോഗിക്കുന്നു. പരമാവധി ആഴ്ന്നിറങ്ങി വേഗതയേറിയ ഫലപ്രദമായ ആശ്വാസം തരുന്നതിനു വേണ്ടി റിമോറിൻ തൈലം അടിസ്ഥാനപരമായി മേൽ പറഞ്ഞ ചേരുവകളാൽ പ്രത്യേകം തയാറാക്കിയതാണ്.

**സൂചനകൾ**

സന്ധിവാത സംബന്ധമായ വേദന,മുട്ടു വേദന,അയവില്ലാത്ത മുട്ടുകൾ, വാത വേദന.

**ഉപയോഗം**

ശരീരത്തിൽ അസുഖം ബാധിച്ച ഭാഗത്ത് സാവകാശം മൃദുവായി തടവിയതിന് ശേഷം ചൂട് വെള്ളം ഉപയോഗിച്ച് ആവി പിടിക്കുക. തിരുമ്മരുത്.

**ഇതൊടൊപ്പം റിമോറിൻ കാപ്സൂളുകളും കൂടി ഉപയോഗിച്ചാൽ അതിവേഗം പൂർണ്ണ ആശ്വാസം ലഭിക്കും.**

**പാക്ക്**

50 മി. ലി. തൈലത്തിന്റെ കുപ്പി.

100 മി. ലി. തൈലത്തിന്റെ കുപ്പി.

## റിപ്പാൻടോ(Ripanto)

### ***തീ***പ്പൊള്ളലിനും തഴുതണത്തിനുമുള്ള ഒരു ലേപനം

**വിവരണം**

തീപ്പൊള്ളൽ, ചൊറി, തഴുതണം, വ്രണം എന്നിവയിൽ ആശ്വാസം നൽകും.

| | | |
|---|---|---|
| ചെറുചണ എണ്ണ | – | 33.6 g |
| എള്ളെണ്ണ | – | 8.8 g |
| തേൻമെഴുക് | | |

**ഉപയോഗം**

തീപ്പൊള്ളലും ചൊറിയും ബാധിച്ച സ്ഥാനത്ത് യഥേഷ്ടം പുരട്ടുക. വേദനയും നീറ്റലും മാറിക്കൊള്ളും. ഉണങ്ങുന്നതുവരെ രാവിലെയും രാത്രിയും ഉപയോഗിക്കണം. തുണികൊണ്ട് കെട്ടാവുന്നതാണ്.



വ്രണം, തഴുതണം, കിടക്കപ്പുണ്ണ്: ചൂടുവെള്ളത്തിൽ കഴുകി ഉണങ്ങിയ തുണികൊണ്ട് ഒപ്പി രാവിലെയും വൈകുന്നേരവും പുരട്ടണം.

തൊലി വിള്ളലിനും മുറിവിനും തൊലിയിലെ തടിപ്പിനും: തൊലിക്ക് പതം വരുത്താൻ പുരട്ടി തടവണം. ലഘു ക്രീമായി മുഖത്തു ഉപയോഗിക്കാം. വരണ്ടതോ ഇർപ്പമുള്ളതോ ആയ കാലാവസ്ഥകളിൽ ഉള്ളംകൈ തോലുരിയുമ്പോഴും കാൽമടമ്പു പൊട്ടിക്കീറുമ്പോഴും പുരട്ടിത്തടവാവുന്നതാണ്.

ഓലിയം ലിനിയം, ഓലിയം സിസെയ്മും സ്നിഗ്ദ്ധത വരുത്തുന്ന ഔഷധങ്ങളാണ്. ഉപരിതലത്തെ നീർക്കെട്ട് നീക്കി അവ ശമനം കൈവരുത്തും.മൂലക്കുരുവിനും മലശോധനയ്ക്കു മുമ്പും ശേഷവും ഉപയോഗിക്കാം. സ്പോളക്സ് ഉപയോഗിച്ച് മലബന്ധം നീക്കണം.

**പാക്ക്**

15 ഗ്രാം ട്യൂബ്

## റബ്സോൻ (Rubzon)

### ബാഷ്പീകരിച്ച ലേപനം തലവേദനയ്ക്കും ജലദോഷത്തിനും

**വിവരണം**

പുറമെ പുരട്ടി തടവാൻ പേരുകേട്ട ഔഷധ ചേരുവകളുടെ മിശ്രം.

| | | |
|---|---|---|
| പുതിനാ അർകം | – | 5 g |
| കർപ്പൂരം | – | 10 g |
| ഹേമന്ത ഹരിതാ | – | 5 ml |
| യൂക്കാലിതൈലം | – | 2.5 ml |
| മെഴുക് | – | q. s |
| ചരളം | – | 2.5 ml |

**സൂചനകൾ**

തലവേദന, ജലദോഷവും, ചുമയും, നെഞ്ചുപഴുപ്പ്, വേദനയും കടച്ചിലും ഞരമ്പുവേദന, ഉളുക്ക്, നെഞ്ചു തണുപ്പിന്, ചൂടുവെള്ളത്തിലിട്ട് ആവി ശ്വസിക്കാവുന്നതാണ്. അസുഖമുള്ള സ്ഥലത്തു പുരട്ടി ഉഴിയുകയുമാവാം.

**പാക്ക്**

15 ഗ്രാം ട്യൂബ്

# സാൽഫോസ് (Sal Phos)

***ദീപനമുണ്ടാക്കുന്നതും വിശപ്പു വർദ്ധിപ്പിക്കുന്നതുമായ ഗുളികകൾ***

**വിവരണം**

വിശപ്പില്ലായ്മയ്ക്കും ദഹനദൂഷ്യങ്ങൾക്കുമുള്ള ആയുർവ്വേദ ഔഷധങ്ങളുടെ മിശ്രം.

| | | |
|---|---|---|
| അമ്ളവേതസം | – | 33 mg |
| കൊടുവേലി | – | 33 mg |
| ചുക്ക് | – | 8 mg |
| കടുക്ക | – | 23 mg |
| ജീരകം | – | 4 mg |
| താലീസം | – | 13 mg |
| പപ്പായ | – | 12 mg |
| നെല്ലിക്ക | – | 10 mg |
| കടുക് രോഹിണി | – | 8 mg |
| പെരുംജീരകം | – | 28 mg |
| പേരേലം | – | 3 mg |
| കിരിയാത്ത് | – | 8 mg |
| കൊത്തമല്ലി | – | 3 mg |
| കയ്യോന്നി | – | 32 mg |
| മഞ്ഞൾ | – | 33 mg |
| അയമോദകം | – | 12 mg |
| പിപ്പലി (തിപ്പലി) | – | 4 mg |



***ഔഷധവിവരം***

അമ്ളവേതസം അല്പമാത്രകളായി അതിസാരചികിത്സയിൽ ഉപയോഗിക്കപ്പെടുന്നു.

കടുക്ക ദീപനൗഷധമായും ഉപയോഗിക്കപ്പെടുന്നു. ഇതു കുടലിന്റെ പ്രവർത്തനം ക്രമീകരിക്കുന്നു. ജീരകം ശമകൗഷധമായാണ് ഉപയോഗിക്കുന്നത്. ഇതു വിശപ്പ് വർദ്ധിപ്പിക്കും.

ചുക്ക് വായുശമകമാണ്. ഇതു വയറിളക്കം തടയും. കൊടുവേലി മുഖ്യമായും ഉപയോഗിക്കുന്നതു ആമാശയത്തിലെ അസുഖങ്ങൾ നീക്കാനും ദീപനം വർദ്ധിപ്പിക്കാനുമാണ്.

കായം വയറ് വീർപ്പിനെ ഇല്ലാതാക്കുന്നു.

നെല്ലിക്ക ശോധന ശരിയാക്കുന്നു.

താലീസപത്രം വിശപ്പ് ഉണ്ടാക്കുന്നു. ദഹനത്തെ സഹായിക്കുന്നു.

പപ്പായ ദഹനരസത്തെ വർദ്ധിപ്പിക്കുന്നു, വിശപ്പില്ലായ്മ ഇല്ലാതാക്കുന്നു.

കടുക് രോഹിണി വിശപ്പില്ലായ്മ, ദഹനക്കേട് ഇവയിൽ ഉപയോഗിക്കുന്നു.

മഞ്ഞൾ സുഗന്ധിയാണ്, ദീപനമാണ്, കൃമിഘ്നമാണ്.

പേരേലം കിരിയാത്ത്, കൊത്തമല്ലി, കയ്യോന്നി, അയമോദകം, തിപ്പലി ഇവ ദഹനത്തെ സഹായിക്കുന്നു. വിശപ്പിനെ ഉണ്ടാക്കുന്നു.

***സൂചനകൾ***

വിശപ്പില്ലായ്മ, ദഹനപ്രക്രിയയിൽ നുരച്ചുണ്ടാകുന്ന കുഴപ്പങ്ങൾ, പിത്തനീര്, വായുസ്തംഭനം, അജീർണ്ണ സംബന്ധമായ അസ്വാസ്ഥ്യങ്ങൾ, അതിസാരം, പതിവായ മലബന്ധം

**മാത്ര**

വിശപ്പില്ലായ്മയ്ക്കു ഒരു ദീപനൗഷധമെന്ന നിലയിൽ ഒന്നു മുതൽ രണ്ടു വരെ ഗുളികകൾ ഭക്ഷണത്തിനു മുമ്പ്. മറ്റു ദഹന ദൂഷ്യങ്ങൾക്കു 1 മുതൽ 2 വരെ ഗുളികകൾ ഭക്ഷണശേഷം.

കുട്ടികൾ : 1/2 മുതൽ 1 വരെ ഗുളിക

ശിശുക്കൾ : ബയോ സാൽ (Bio Sal) കൊടുക്കാം.

**പാക്ക്**

10 ഗുളികകളുടെ 10 സ്ട്രിപ്പുകളടങ്ങിയ പെട്ടി

300 ഗുളികകളുടെ ബോട്ടിൽ

## സെൻസൈൻ ( Senzine)

### *ഞരമ്പുകളുടെ ശേഷിക്കുറവിനുള്ള ടോണിക്ക്, ഗുളികകൾ*

**വിവരണം**

സെൻസൈനിലെ ആയുർവ്വേദ മരുന്നുകളുടെ മിശ്രം വാജീകരണ ഔഷധമല്ല. എങ്കിലും ഞരമ്പുകളുടെ ദൗർബ്ബല്യം, ലൈംഗികമായ ശേഷിക്കുറവ് എന്നിവയിൽ ആശ്രയിക്കാവുന്ന ഒരു ടോണിക്കാണ്.

| | | |
|---|---|---|
| ഞെരിഞ്ഞിൽ | – | 115 mg |
| അമുക്കുരം | – | 44 mg |
| സ്വർണ്ണക്ഷീരി | – | 6 mg |
| ചുക്ക് | – | 9 mg |
| വെളുത്തുള്ളി | – | 2 mg |
| വയമ്പ് | – | 8 mg |
| ജീരകം | – | 11 mg |
| ഇരട്ടിമധുരം | – | 25 mg |
| ജാതിക്ക | – | 11 mg |
| അമൽപൊരി | – | 3 mg |
| തകരം | – | 3 mg |



**ഔഷധവിവരം**

ഇതിലെ ചേരുവകൾ സിരക്ഷോഭത്തെ അടക്കി ഉൽക്കണ്ഠയും പിരിമുറുക്കവും ശമിപ്പിക്കുന്നു. ലൈംഗിക യോഗ്യത വീണ്ടെടുക്കാൻ സഹായിക്കുകയും ചെയ്യുന്നു. വായുശമനം വരുത്തുന്ന ചുക്ക് ഒരു സുഖാവസ്ഥ അനുഭവവേദ്യമാക്കുന്നു. മൂത്രവും വിയർപ്പും വർദ്ധിപ്പിക്കാനുള്ള ഗുണങ്ങളടങ്ങിയ വെളുത്തുള്ളി പഴുപ്പു നീക്കുന്നു. അതിമൂത്രം മൂത്രാശയവ്യാധി എന്നിവയിലെ നീറിപ്പുകച്ചിലിനു ശമനം വരുത്തുന്നു. കൂടാതെ ലൈംഗികോത്തജനവും നൽകുന്നു.

അമുക്കുരം മധ്യ ഞരമ്പുമണ്ഡലത്തെ ഉത്തേജിപ്പിക്കുന്നു.

സ്വർണ്ണക്ഷീരി ചെറിയ അളവിൽ മധ്യ ഞരമ്പുമണ്ഡലത്തെ ഉത്തേജിപ്പിക്കുന്നു.

ഞെരിഞ്ഞിൽ വേദനയോടുകൂടിയ അതിമൂത്ര രോഗത്തിനും മൂത്രച്ചാലിലെ നീർക്കെട്ടിനും ഉപയോഗിക്കുന്നു.

വയമ്പ് ഉത്തേജകമാണ്. മസ്തിഷ്ക പ്രവർത്തനത്തെ മന്ദീഭവിക്കുന്നു.

ഇരട്ടിമധുരം ബലത്തെ ഉണ്ടാക്കുന്നു, തണുപ്പാണ്.

ജാതിക്ക ഉത്തേജകമാണ്, ദീപനമാണ്.

അമൽപ്പൊതി നിദ്രയെ ഉണ്ടാക്കുന്നു. മസ്തിഷ്ക പ്രവർത്തനത്തെ മന്ദീഭവിക്കുന്നു.

ജീരകം ദീപനം ഉത്തേജകമാണ്, സുഗന്ധിയാണ്.

**സൂചനകൾ**

സിരാമാന്ദ്യം, സിരാദൗർബ്ബല്യം എിന്നിവ മൂലമുള്ള ശേഷിക്കുറവിനു,ലൈംഗികശക്തി വീണ്ടെടുക്കുന്നതിനുള്ള സൗ

മ്യമായ ശമനൗഷധവുമാണ്.

**മാത്ര**

സിരാശമനൗഷധമെന്ന നിലയിൽ ഒരു ഗുളിക ഭക്ഷണത്തിനു ഒരു മണിക്കൂർ മുമ്പ്

ഒരു ലൈംഗികോത്തജനമെന്ന നിലയിൽ 1 മുതൽ 2 വരെ ഗുളികകൾ മൂന്നുനേരം വീതം.

**പാക്ക്**

100 ഗുളികകളുടെ കുപ്പി

## സ്കിൻമെന്റ് (Skinment)

***രോഗാണുനാശിനിലേപനം***

രോഗാണുക്കളുടേയും പരാദങ്ങളുടേയും സംക്രമണം മൂലം ഉണ്ടാകുന്ന ത്വക്ക് രോഗങ്ങൾക്കുള്ള പേരുകേട്ട ഔഷധങ്ങളുടെ വീര്യവത്തായ ഒരു മിശ്രിതം

**സൂചനകൾ**

ബെൻസോണിക്ക് ആസിഡ്, സാലിസൈലിക് ആസിഡ്, ഡിത്രനോൾ എന്നിവ തൊലിയെ ബാധിക്കുന്ന പരാദസംക്രമണ രോഗങ്ങൾക്കു വളരെ ഫലപ്രദമാണ്. ഇച്ചത്ത്മോളിൽ അണുസംസാരഗുണങ്ങൾ അടങ്ങിയിരിക്കുന്നതിനാൽ പഴകിയ ത്വക്ക് രോഗങ്ങളിൽ ലേപനമായി ഉപയോഗിക്കുന്നു.

ഗന്ധകം, പഴുപ്പു നീക്കാനുള്ള സൗമ്യമായ ഒരു ഔഷധമാണ്; പരാദനാശിനിയുമാണ്. തഴുതണം, പുഴുക്കടി, മുഖക്കുരു എന്നിവയിൽ ധാവനൗഷമായും ലേപനമായും ഉപയോഗിക്കുന്നു.

സ്കിൻമെന്റ് മുഖ്യമായും പുഴുക്കടി, ചിരങ്ങ്, തഴുതണം, ചൊറി എന്നിവയ്ക്കാണ് ഉപയോഗിക്കുന്നത്.

**ഉപയോഗം**

രോഗം ബാധിച്ച സ്ഥലത്തു രാത്രി ഉരസിപ്പിച്ചു രാവിലെ കഴുകിക്കളയുക. വളരെ നേരിയ ചർമ്മമാണെങ്കിൽ ഭക്ഷ്യയോഗ്യമായ സസ്യഎണ്ണ തുല്യ അളവിൽ കൂട്ടിച്ചേർക്കാവുന്നതാണ്. കണ്ണിനടുത്ത് പുരട്ടരുത്.



**പാക്ക്**

15 ഗ്രാം ട്യൂബ്

## സ്പോളാക്സ് (Spolax -E Powder)

സ്പോളാക്സ് ഇ ചൂർണ്ണം

വിട്ടുമാറാത്ത മലബന്ധത്തിനുള്ള പതഞ്ഞുപൊങ്ങുന്ന ചൂർണ്ണം.

**വിവരണം :**

നാരുള്ള ഭക്ഷണത്തിന്റെ പൂരകം, വിരേചനൗഷധം, വായുക്ഷോഭം തടയുന്നത്. ഇതിൽ ഉയർന്ന അളവിൽ അടങ്ങിയിട്ടുള്ള പഞ്ചസ്സാര ചേർക്കാത്ത നാരിന്റെ ഘടകം പ്രമേഹമുള്ളവർക്കും സുരക്ഷിതമായി ഉപയോഗിക്കാൻ പാകമുള്ളതാക്കുന്നു.

**ഔഷധവിവരം**

| | |
|---|---|
| സ്പോജെൽ (സപ്ജാ) | 3.71 g |
| പെരുംജീരകം | 0.140 g |
| ജീരകം | 0.028 g |

മ്യൂസിലാജിനസ് കുരുവിന്റെ പുറംതോടിൽ നിന്നെടുത്ത സ്പോജെൽ ജലം വലിച്ചെടുക്കുന്നതിനാൽ ബാക്ടീരിയ സംബന്ധമായും മററുമുള്ള വിഷവസ്തുക്കളെ വലിച്ചെടുക്കുന്നതിനും അതിന് അസാമാന്യശക്തിയുണ്ട്. ഉണങ്ങിപ്പോകാത്ത വിധം മലം ഉൽപ്പാദിപ്പിക്കാനുള്ള അതിന്റെ പ്രവർത്തനം തികച്ചും സാങ്കേതികമാണ്.

പെരുംജീരകവും ജീരകവും സുഗന്ധികളായ വായുശമനൗഷധങ്ങളാണ്. വായു സ്തംഭനത്തിനുള്ള ചികിത്സയിൽ

ഇവ ഉപയോഗിക്കുന്നു.

**സൂചനകൾ**

ആന്ത്രദൂഷ്യം, ഭക്ഷ്യപരമായ അപര്യാപ്തത, വ്യായാമമില്ലായ്മ എന്നിവ മൂലമുള്ള മലബന്ധം, പ്രായമായവരിലും കുട്ടികളിലും രോഗശയ്യയിൽ കിടക്കുന്നവരിലും ഉണ്ടാകാറുള്ള മലബന്ധം. വേദനരഹിതമായ മലബന്ധത്തിനു സഹായിക്കുന്നതിനാൽ മൂലക്കുരു രോഗികൾക്ക് ഉടൻ ആശ്വാസം ലഭിക്കും.

പ്രമേഹ രോഗികളിലും ഹൃദ്രോഗികളിലും കൊളസ്ട്രോളിന്റെ അളവ് കുറയ്ക്കുന്നു.

**മാത്ര**

മുതിർന്നവർ 1-3 ചായക്കരണ്ടി സ്പോളാക്സ് ഇ ഉണങ്ങിയ ഒരു ഗ്ലാസിൽ ഇടുക. അതിൽ വെള്ളമൊഴിച്ച് ഇളക്കി ഉടൻ സേവിക്കുക. അതിനു ശേഷം ഒരു ഗ്ലാസ് വെള്ളം അധികം കുടിക്കുക.

**പാക്ക്:**

125 ഗ്രാമിന്റെ എച്ച് ഡി. പി കണ്ടെയ്നർ.

## സ്പോളാക്സ് (Spolax)

വിരേചനത്തിനുള്ള തരികൾ

**വിവരണം**

വിട്ടുമാറാത്ത മലബന്ധം നീക്കാൻ പ്രകൃതിദത്തമായ വിരേചനൗഷധങ്ങൾ അടങ്ങിയ തരികൾ. കുടലുകളിലെ നീക്കം സുഗമമാക്കും. വേദനയോ അസുഖമോ, നീറ്റലോ ഉണ്ടാകുന്നില്ല.



| | | |
|---|---|---|
| സ്പോജെൽ (സപ്ജാ) | - | 2.5 mg |
| ഗം ട്രോകൻത്ത് | - | 0.5 g |
| ചിന്നാമുകി | - | 0.1 g |
| പെരുംജീരകം | - | 0.125 g |
| ജീരകം | - | 0.025 g |

**ഔഷധവിവരം**

സനയുടെ സജീവമൂലകങ്ങൾ അന്നപഥത്തിൽ വച്ചുകൂടി കലർന്ന വൻകുടലിൽ വിസർജ്ജനവസ്തുവായി വൻതോതിൽ വന്നു നിറയുന്നു. കുടലുകളുടെ സ്വാഭാവിക പ്രവർത്തനംപോലെ പുറത്തേയ്ക്കു തള്ളി വിടാനുള്ള ഉത്തേജനം അവ സൃഷ്ടിക്കുന്നു. സൗൻഫ് സുഗന്ധിയായ വായുശമന ഔഷധമാണ്. വായുസത്ംഭനത്തിനുള്ള ചികിത്സയിൽ ഉപയോഗിക്കുന്നു.

മ്യൂസിലാജിനസ് കുരുവിന്റെ പുറംതോടിൽ നിന്നെടുത്ത സ്പോജൽ ജലം വലിച്ചെടുക്കുന്നതിനാൽ ബാക്ടീരിയ സംബന്ധമായും മറ്റുമുള്ള വിഷവസ്തുക്കളെ വലിച്ചെടുക്കുന്നതിനും അതിന് അസാമാന്യശക്തിയുണ്ട്. ഉണങ്ങിപ്പോകാത്തവിധം മലം ഉൽപ്പാദിപ്പിക്കാനുള്ള അതിന്റെ പ്രവർത്തനം തികച്ചും സാങ്കേതികമാണ്.

**സൂചനകൾ**

ആന്ത്രദൂഷ്യം, ഭക്ഷ്യപരമായ അപര്യാപ്തത,വ്യായാമമില്ലായ്മയ എന്നിവ മൂലമുള്ള മലബന്ധം.

പ്രായമായവരിലും കുട്ടികളിലും രോഗശയ്യയിൽ കിടക്കുന്നവരിലും ഉണ്ടാകാറുള്ള മലബന്ധം, വേദനരഹിതമായ മലബന്ധത്തിന്നു സഹായിക്കുന്നതിനാൽ മൂലക്കുരു രോഗികൾക്ക് ഉടൻ ആശ്വാസം ലഭിക്കും.

അതിസാര, രക്താദിസാര ചികിത്സയിൽ ഒരു അനുബന്ധ ഔഷധമായും ഉപയോഗിക്കാം.

**മാത്ര**

മുതിർന്നവർ 1–3 ചായക്കരണ്ടി തരി ഒരു ഗ്ലാസ് വെള്ളത്തിൽ, ഭക്ഷണത്തിനു രണ്ടു മണിക്കൂർ മുമ്പോ പിമ്പോ കഴിക്കണം. അടുത്തദിവസം രാവിലെ മലശോധനയുണ്ടാവുന്നതാണ്.

**പാക്ക്**

75 ഗ്രാമിന്റെ എച്ച്. ഡി. പി. കണ്ടെയ്നർ.

200 ഗ്രാമിന്റെ എച്ച്. ഡി. പി. കണ്ടെയ്നർ.

## ടൂറായിക്കോ (Turai Co)

***മൂത്രരോഗത്തിനും മൂത്രാശയപ്പഴുപ്പിനും***

**വിവരണം**

മൂത്രകൃച്ഛ്റത്തിനും മൂത്രാശയത്തിലെ പഴുപ്പുകൾക്കുമുള്ള പ്രസിദ്ധ ആയൂർവ്വേദ ഔഷധങ്ങളുടെ മിശ്രം.

| | | |
|---|---|---|
| തഴുതാമ | – | 120 mg |
| വാൽമുളക് | – | 30 mg |
| ഞെരിഞ്ഞിൽ | – | 120 mg |
| നാഗകേസരം | – | 30 mg |

**ഔഷധവിവരം**

തഴുതാമ ആയൂർവ്വേദത്തിൽ പ്രസിദ്ധമായ മൂത്ര ത്വരകമാണ്, ഹൃദ്രോഗ സംബന്ധവും വൃക്കരോഗസംബന്ധവുമായ എല്ലാതരം നീർവീക്കത്തിലും മഹോദരത്തിലും ഇതുപയോഗിക്കുന്നു.

വാൽമുളക് മൂത്രാശയത്തിലെ പഴുപ്പിനെ നീക്കാൻ പേരുകേട്ടതാണ്. അസ്ഥിസ്രാവ സംബന്ധമായ മൂത്രാശയപ്പഴുപ്പിനും പഴകിയ മൂത്രാശയ വീക്കത്തിനും ഉപയോഗിക്കുന്നു. ആയൂർവ്വേദത്തിൽ വൃക്കയിലെയും മൂത്രസഞ്ചിയിലെയും കല്ലിനെ നീക്കാൻ ഉപയോഗിക്കുന്നു.

ഞെരിഞ്ഞിൽ വേദനയോടുകൂടിയ അതിമൂത്രരോഗത്തിനും മൂത്രച്ചാലിലെ നീർക്കെട്ടിനും ഉപയോഗിക്കുന്നു. നാഗകേസരം സ്തഭനമാകുന്നു.



**സൂചനകൾ**

മൂത്രകൃച്ഛ്റത്തിനും മൂത്രാശയപ്പഴുപ്പിനും കല്ലുണ്ടായതുകൊണ്ടോ അണുബാധകൊണ്ടോ ഉണ്ടാവുന്ന വേദനയോടുകൂടിയ വിഷമകരമായ ബഹുമൂത്രരോഗത്തിനുള്ള ശമനൗഷധം.

**മാത്ര**

1 മുതൽ 2 വരെ ഗുളികകൾ മുതിർന്നവർക്ക്, ദിവസം മൂന്നു നേരം. ധാരാളം വെള്ളം കുടിച്ചുകൊണ്ടിരിക്കണം.

**പാക്ക്:**

10 ഗുളികകളുടെ 10 സ്ട്രിപ്പുകളടങ്ങിയ പെട്ടി.

300 ഗുളികകളുടെ ബോട്ടിൽ

## വൈറ്റസോൺ (Vitesson)

***ശാന്തത വരുത്തുന്ന ഗുളികകൾ***

**വിവരണം**

സിരാസംവിധാനത്തിലെ ക്രമക്കേട് നീക്കുന്നതിനുള്ള ആയൂർവ്വേദ ഔഷധമിശ്രം. മനോമാന്ദ്യം ഉണ്ടാകാത്തവിധം ശാന്തത പ്രദാനം ചെയ്യുന്നത്.

| | | |
|---|---|---|
| അമൽപൊരി | – | 20 mg |
| അമുക്കുരം | – | 80 mg |
| തകരം | – | 80 mg |
| കുറാശാണി | – | 20 mg |
| കുറാശാണി (exit) | – | 0.5 mg |

**ഔഷധവിവരം**

അശ്വഗന്ധം ഒരു ശമകൗഷധമായും ഒരു ടോണിക്കായും കാമോദ്ദീപനമായും ഉപയോഗിക്കപ്പെടുന്നു. നേരിയ തോതിൽ മൂത്രവർദ്ധകവുമാണ്.

അമൽപൊരി വർദ്ധിച്ച രക്തസമർദ്ദത്തിലും വൈകാരിക കാരണങ്ങളാലുണ്ടാകുന്ന രോഗങ്ങളിലും ഞരമ്പുകളുടെ പിരിമുറുക്കത്തിലും ഉപയോഗിക്കപ്പെടുന്നു.

തകര ഉറക്കമില്ലായ്മയ്ക്കും മാനസികമായ എരിച്ചിലിനും ഉൻമാദനത്തിനും അപസ്മാരത്തിനും ഉപയോഗിക്കുന്നു. കുറാശാണി, അജ്വയൻ വായുകോപവും ഞരമ്പുവലിയും ശമിപ്പിക്കുന്നു.കുറാശാണി ഉറക്കത്തെ ഉണ്ടാക്കുന്നു. മസ്തിഷ്ക പ്രവർത്തനത്തെ മന്ദീഭവിപ്പിക്കുന്നു.

തകരം ഉത്തേജകമാണ്. മസ്തിഷ്ക്ക പ്രവർത്തനത്തെ മന്ദീഭവിപ്പിക്കുകയും ചെയ്യുന്നു.

**സൂചനകൾ**

വൈകാരിക കാരണങ്ങളാലുണ്ടാകുന്ന രോഗങ്ങൾ, ഞരമ്പുകളുടെ പിരിമുറുക്കം, ഉൽക്കണ്ഠ, ഉറക്കമില്ലായ്മ, രക്തസമ്മർദ്ദം, പേശിസന്ധിവേദനകൾ, തലവേദന, ഞരമ്പുസംബന്ധമായ വേദനകൾ, പകൽ ഉപയോഗിക്കാൻ പറ്റിയത്.

**മാത്ര**

മുതിർന്നവർ : 1 മുതൽ 2 വരെ ഗുളികകൾ മൂന്നു നേരം വീതം. ഫലപ്രതീകരണമനുസരിച്ചു മാത്ര ക്ലിപ്തപ്പെടുത്താം. മറ്റു രീതിയിലുള്ള ചികിത്സകൾക്കും ഉപയോഗിക്കാം.

കുട്ടികൾ : 1/4 1/2 ഗുളിക പ്രായമനുസരിച്ച്

**പാക്ക്**

300 ഗുളികകളുടെ ബോട്ടിൽ



10 ഗുളികകളുടെ 10 സ്ട്രിപ്പുകളടങ്ങിയ പെട്ടി.

## ***സാഹർ കോ*** (Zaher-Co)

***തേൾവിഷത്തിനും സ്ത്രീകളുടെ ആർത്തവം നിൽക്കുമ്പോഴുണ്ടാകുന്ന അസ്വസ്ഥതകൾക്കും ഉള്ള ഹോമിയോപ്പതി ഗുളിക. കൂടാതെ സൂര്യാഘാതം മൂലമുണ്ടാകുന്ന വേദനകൾക്കും ഉപകാരപ്രദം***

**മാത്ര**

പ്രായപൂർത്തിയായവർക്ക് 1 ഗുളിക. വേണ്ടിവന്നാൽ 4 മണിക്കൂർ തോറും ആവർത്തിക്കുക

കുട്ടികൾക്ക് : 1/4 മുതൽ 1/2 ഗുളിക വരെ

**പാക്ക്**

30 ഗുളികകളുടെ കുപ്പി.

## ***മൂന്നാം ഭാഗം***

### ***ആമുഖം***

പലതരം രോഗങ്ങളുടെ ചികിത്സയെപ്പറ്റിയാണ് ഈ ഭാഗത്തു പ്രതിപാദിപ്പിക്കുന്നത്. രോഗചികിത്സയ്ക്കോ രോഗനിവാരണത്തിനോ ഔഷധങ്ങൾ ഉപയോഗിക്കാം. ശരിയായ രോഗനിർണ്ണയം ചെയ്തു കഴിഞ്ഞാൽ ചികിത്സ എളുപ്പമായിത്തീരുന്നു.

രോഗിയുടെ ശരീരസ്ഥിതി അഥവാ ശരീരഘടന, ലിംഗം, പ്രായം, രോഗദൈർഘ്യം, എന്നിവയ്ക്കനുസരിച്ചു മാത്ര നിശ്ചയിക്കാൻ ചികിത്സകൻ അറിഞ്ഞിരിക്കണം. ഔഷധങ്ങളുടെ പരസ്പര പ്രവർത്തനവും ചികിത്സയുടെ പത്ഥ്യമുറയും സംബന്ധിച്ച് അയാൾ ബോധവാനായിരിക്കണം. ചികിത്സാകാലത്തു എന്തെങ്കിലും വിഷമം അനുഭവപ്പെട്ടാൽ അതുടൻ അറിയിക്കാൻ രോഗിയെ ഉപദേശിക്കണം. ഔഷധം എങ്ങിനെ ഉപയോഗിക്കണമെന്ന് പൊതുനിർദ്ദേശങ്ങളിലെ രണ്ടാം ഭാഗത്തിൽ വിവരിച്ചിട്ടുണ്ട്.

ഈ ആമുഖക്കുറുപ്പിൽ കാര്യങ്ങൾ ലളിതമാക്കാനുള്ള ഞങ്ങളുടെ ആഗ്രഹം വ്യക്തമാക്കുകയാണ്. എന്നാൽ, നമ്മുടെ

മുഖ്യലക്ഷ്യം കഷ്ടപ്പെടുന്ന സഹോദരങ്ങളെ സഹായിക്കുകയായിരിക്കണം. ഒരു രോഗത്തിനു നിങ്ങൾ ഏതു മരുന്നു തെരഞ്ഞെടുക്കുകയാണെങ്കിലും പോഷണവും ദഹനവും സംബന്ധിച്ച വശങ്ങൾ എപ്പോഴും കണക്കിലെടുക്കണം.

ഇവിടെ ശാരീരകാടിസ്ഥാനത്തിലുള്ള ചികിത്സാരീതിയെപ്പറ്റി ഞങ്ങൾ വിശദീകരിക്കുകയാണ്. ''തരം തിരിപ്പ്'' എന്ന തലക്കെട്ടിൽ കൊടുത്ത കാര്യങ്ങളോടൊപ്പം ഇതു സസൂക്ഷ്മം പഠിച്ചിരിക്കണം. വിവിധ ഔഷധങ്ങളുടെ പ്രവർത്തനങ്ങൾക്കുള്ള മൗലികതത്വങ്ങളെപ്പറ്റി അത് നിങ്ങൾക്ക് ഒരു ധാരണ നൽകും.

***ഭക്ഷണം*** (Diets)

അമിതമായ തീറ്റയും അവിരാമമായ ഇരുത്തവും ആധുനിക ജീവിതത്തിലെ രണ്ടു തിന്മകളത്രെ. ഭക്ഷണമുറകൾ ക്രമീകരിച്ചാൽ സാധാരണ ആരോഗ്യം നിലനിർത്തുന്ന കാര്യത്തിൽ വളരെ മുന്നോട്ടുപോകാൻ കഴിയും. ഒരു രോഗിയുടെ കാര്യത്തിൽ ഇതു കൂടുതൽ പ്രധാനമാണ്. അതുപോലെ പതിവായി വ്യായാമം എടുത്തേ തീരു. ദഹനത്തെയും ആരോഗ്യപരിപാലനത്തേയും അതു സഹായിക്കുന്നു. വ്യായാമം ശ്വസനപരമാകാം (ശ്വാസം വലിച്ചെടുക്കലും പുറത്തുവിടലും); ശരീര പേശികൾക്കു മിതമായ വ്യായാമം നൽകുന്ന നടത്തമോ, മറ്റു വ്യായാമമോ ആകാം. കഠിനവ്യായാമം രോഗികൾക്കു പറ്റിയതല്ല. ശരീരത്തിന്റെ പൂർണ്ണിപ്പ്, രക്തസമ്മർദ്ദം, പ്രമേഹം എന്നിവയ്ക്കനുസരിച്ചു ആഹാരവിധി നിർദ്ദേശിക്കേണ്ടതാവശ്യമായി വന്നേക്കാം.

***പൂർണ്ണിപ്പ്*** (Obesity)

ഇത്തരം കേസുകളിൽ പരിമിതമായ അളവിൽ ലവണം കൊടുക്കണം. ഭക്ഷണംകൊണ്ടു തടി കുറയ്ക്കണം. വ്യായാമത്തിനു പതിവായി നടക്കണം. തണുത്ത വെള്ളത്തിൽ കുളിക്കുന്നതു നല്ലതാണ്. നാരങ്ങാപ്പഴങ്ങൾ, പ്രത്യേകിച്ചും നീര്, പ്രയോജനം ചെയ്യും. നെയ്യ്, വെണ്ണ എന്നീ കൊഴുപ്പടങ്ങിയ പദാർത്ഥങ്ങൾ ദോഷം ചെയ്യും. അവ ഹൃദ്രോഗത്തിന്നു കാരണമായേക്കാം.

***രക്തസമ്മർദ്ദം*** (Diets)

ഉപ്പിടാത്ത ഭക്ഷണമാണ് രോഗി കഴിക്കേണ്ടത്. ചായ,



കാപ്പി, മദ്യം എന്നിവ വർജ്ജ്യം. നാരങ്ങാപ്പഴങ്ങൾ(നീര്) പ്രയോജനം ചെയ്യും. ഭക്ഷണസമയത്ത് വെള്ളം കുടിക്കാതിരിക്കുകയും ഭക്ഷണാനന്തരം അരമണിക്കൂർ കഴിഞ്ഞു വെള്ളം കുടിക്കുകയും ചെയ്യുന്നതു ശീലമാക്കിയാൽ ഒരളവോളം രക്തസമ്മർദ്ദം നിയന്ത്രിക്കാം. രക്തസഞ്ചയനം മൂലമുള്ള ഹൃദ്രോഗം, വൃക്കവീക്കം, മഹോദരം, നീര് എന്നീ കേസുകളിലും ഉപ്പില്ലാത്ത ഭക്ഷണം പ്രധാനമാണ്.

***പ്രമേഹം*** (Diabetes)

ഈ രോഗികൾക്ക് കാർബോ ഹൈഡ്രേറ്റുകളും, കൊഴുപ്പുകളും, പ്രോട്ടീനുകളും ഒരു നിശ്ചിത അളവിൽ ആവശ്യമാണ്. ഉദാഹരണത്തിന് ഒരു കിലോഗ്രാം ശരീരതൂക്കത്തിന് 200 മുതൽ 300 വരെ ഗ്രാം കാർബോഹൈഡ്രേറ്റ്; അര മുതൽ ഒരു ഗ്രാംവരെ പ്രോട്ടീനും; ഒരു ദിവസം 2,100 മുതൽ 2,400 വരെ കലോറി നികത്താനുള്ള കൊഴുപ്പും. തടികൂടിയവരാണെങ്കിൽ ഭക്ഷണത്തിലെ എണ്ണ, നെയ്യ്, വെണ്ണ, ഉപ്പ് എന്നിവ നിയന്ത്രിക്കണം.

***ഉദരാന്തര വ്രണം*** (Peptic Ulcer)

പാൽക്രീം, ഹൈഡ്രോ പ്രോട്ടീൻ എന്നിവയടങ്ങിയ സൗമ്യാഹാരം ഒരളവോളം വ്രണം ഉണക്കാനും വേദന ശമിപ്പിക്കാനും സഹായകമാണ്. പാൽ ഒരു ഭക്ഷണമായും പ്രകൃതിദത്തക്ഷാരമായും പ്രവർത്തിക്കുന്നു. കൊഴുപ്പും പ്രോട്ടീനും അതിലടങ്ങിയിട്ടുണ്ട്. അത് ഇടയ്ക്കിടെ കൊടുത്തുകൊണ്ടിരിക്കണം. ഈ രോഗമുള്ളവർ ഒരിക്കലും മദ്യം കഴിക്കരുത്. മുളക്, മസാല എന്നിവ പോലും എരിവുചേർത്ത ഭക്ഷണവും അമ്ലഭക്ഷണവും വർജ്ജിക്കണം.

ചായയും കാപ്പിയും ദിവസത്തിൽ ഒരു നേരം വീതം കഴിച്ചാൽ ദോഷമില്ല. പക്ഷെ പാൽ ചേർത്ത് കഴിക്കണം.

***മദ്യസേവ*** (Alcoholics)

മദ്യം വെള്ളം ചേർത്ത് ചെറിയ മാത്രകളായി ഭക്ഷണത്തിന്നുമുമ്പു ഉപയോഗിച്ചാൽ വിശപ്പുണ്ടാക്കും. പോഷകക്കുറവിൽ പ്രത്യേകം പ്രയോജനം ചെയ്യും. വാർദ്ധക്യകാലത്ത് കിടക്കാൻ പോകുന്നതിന്നു മുമ്പ് കഴിച്ചാൽ പൂർണ്ണവിശ്രമം നൽകും. തണുത്ത

അന്തരീക്ഷത്തിൽനിന്ന് തിരിച്ചെത്തിയ ശേഷമാണെങ്കിൽ അതു ഗുണം ചെയ്യും. പക്ഷേ മദ്യം ഉപയോഗിച്ചശേഷം വിശ്രമമെടുക്കണം. നേരെ മറിച്ച് മദ്യം കഴിച്ചശേഷം തണുപ്പുകൊള്ളുന്നത് ദോഷം ചെയ്യും. കൊഴുപ്പും പ്രോട്ടീനും പ്രദാനം ചെയ്യാൻ സഹായിക്കും. അതിനു കലോറിമൂല്യമുണ്ട്. ശരിയായ ഭക്ഷണമില്ലാതെ ഉപയോഗിച്ചാൽ കരൾ ദൂഷ്യമോ ഉദരത്തിലും കുടലിലും അസ്വാസ്ഥ്യമോ ഉളവാകും. നിരന്തരമായ ഉപയോഗം അതിനു അത്യാസക്തിയുണ്ടാക്കുകയും സ്വീകാര്യത വർദ്ധിപ്പിക്കുകയും ചെയ്യും. മാനസികാസ്വസ്ഥ്യങ്ങൾ ഒഴിവാക്കാനും ശാരീരിക തളർച്ച തീർക്കാനുമാണ് ആളുകൾ പൊതുവേ അതുപയോഗിക്കുന്നത്. എന്നാൽ നിരന്തരമായ ഉപയോഗം മൂലം അതിന് അടിമയായിത്തീരുന്നു. കൊഴുപ്പിന്റെ ആധിക്യം മൂലം കരളിനും വൃക്കയ്ക്കും ഹൃദയത്തിനുമുള്ള തകർച്ചയ്ക്കും മറ്റും കുഴപ്പങ്ങൾക്കും അതു കാരണമാവുകയും ചെയ്യുന്നു.

### ***പുകയിലകൂട്ടി മുറുക്കൽ*** (Tobacco Chewing with betel leaves)

നാവിനും ഊനുകൾക്കും,വ്രണം, അർബ്ബുദം എന്നിവയ്ക്കു അതു കാരണമാവാം. ഉദരാന്തരവ്രണവും ഉണ്ടാക്കാം.പുകയിലയിലെ നിക്കോട്ടിൻ ശ്ലേഷ്മ കലയിലൂടെ ഊർന്നിറങ്ങി പല ദോഷഫലങ്ങളും ഉണ്ടാക്കും.

### ***ചായയും കാപ്പിയും*** (Tea and Coffee)

ചായയിൽ കാഫൈൻ, തിയോഫിലിൻ, തിയോബ്രോമൈൻ എന്നിവ അടങ്ങിയിരിക്കുന്നു. കാഫൈൻ ഘടകം തലവേദനയ്ക്കു നല്ലതാണ്. കേന്ദ്രനാഡിവ്യൂഹത്തിൽ അതു ഉണർവ്വുണ്ടാക്കി താൽക്കാലികമായി ഒരുത്തേജനം നൽകും. ഉണർവ്വ് രണ്ടു മണിക്കൂർ നീണ്ടുനിൽക്കും. തിയോഫിലിനും തിയോബ്രോമൈനും അധിക പ്രയോജനം ഉള്ളതല്ല. അവ ഹൃദയത്തെ ഒന്നുണർത്തി മൂത്രവിസർജ്ജനത്തിനു പ്രേരണ നൽകും. ഒരു കോപ്പ ചായയിൽ ഉദ്ദേശം 150 മീ. ഗ്രാം കാഫൈൻ അടങ്ങിയിരിക്കുന്നു.

### ***അമിതമായ ചായകുടി***

ചായയിലടങ്ങിയിരിക്കുന്ന കാഫൈൻ വേർപെടുത്തിയെടുത്ത കാഫൈൻ പോലെ ദോഷകരമല്ല. എ. പി. സി. ഗുളിക രൂപത്തിലുള്ള കാഫൈൻ ഉദാഹരണം. ചായയിൽ ടാനിൻ എന്ന പദാർത്ഥം ഉണ്ട്. അതു പ്രോട്ടീനെ ത്വരിപ്പിക്കുന്നു. ദഹനദൂഷ്യമുണ്ടാക്കാം. പക്ഷേ പാലും ക്രീമും ചേർക്കുന്നതുകൊണ്ട് ആ ദോഷം വലിയൊരളവോളം ഒഴിവാക്കാം. അവ അതിന്റെ ശക്തി കുറയ്ക്കുമാറ് പ്രവർത്തിക്കും. എങ്കിലും കേന്ദ്ര നാഡിവ്യൂഹത്തെ വിജൃംഭിക്കുമെന്നതിനാൽ 12 വയസ്സിൽ താഴെയുള്ള കുട്ടികൾക്കു വർജ്യമായി കരുതണം. ഉദരാന്തര വ്രണം, വർദ്ധിച്ച രക്തസമ്മർദ്ദം, ഛർദ്ദ്യാതിസാരം എന്നീ കേസുകളിലും വർജ്യമത്രേ. കാപ്പിയിലുമുണ്ട് കാഫൈൻ, അതിന്റെ ഫലവും ചായയുടേതുതന്നെ. അതിനുപുറമെ, കാപ്പിയിൽ ബാഷ്പപ്രായമായ എണ്ണകളുണ്ട്. അവ മണവും രുചിയും ദീപനവും നൽകുന്നു. കാപ്പിയിൽ ടാനിൻ ഇല്ല. എങ്കിലും കാപ്പിക്കനുകൂലമായ പ്രമാണങ്ങൾ ചായയുടേതുതന്നെ. ചായയിലും കാപ്പിയിലും പഞ്ചസാര ചേർക്കുന്നത് പൊതുവേ സ്വാദിനുവേണ്ടിയാണ്. സാധാരണ ആളുകളിലും രക്തസമ്മർദ്ദമുള്ളവരിലും ദിവസത്തിൽ രണ്ടുകപ്പ് ചായയോ കാപ്പിയോ ദോഷം ചെയ്യില്ല.



### ***ദഹനം*** (Digestion)

സാൽഫോസ് ദഹനദൂഷ്യങ്ങൾക്കു പ്രയോജനം ചെയ്യുന്ന ഔഷധമാണ്. ദീപനക്കുറവ് ഉള്ളവർ ഗാസ്ട്രോമോൺ ഉപയോഗിക്കുന്നതാണ് നല്ലത്. ദഹനദൂഷ്യങ്ങൾ ചിലപ്പോൾ അമ്ലാധിക്യവുമായി ബന്ധപ്പെട്ടതാകാം. അതിനു നല്ലത് മാഗ്സൈൻ ആണ്. ഭക്ഷണത്തിനുശേഷം അരമണിക്കൂർ കഴിഞ്ഞു അതുപയോഗിക്കണം. വായുസ്തംഭനം, വായുശൂല അല്ലെങ്കിൽ ആമാശയവും കുടലുമായി ബന്ധപ്പെട്ട പലതരം വേദനകൾ– നിയമേന ഇവ ഭക്ഷണാനന്തരവും രാത്രിയും ഉണ്ടാവുന്നു– എന്നിവ ഈ ഔഷധങ്ങൾ കൊണ്ട് സുഖപ്പെടും.

### ***ആഹാരസംലയനം*** (Assimilation)

ഒരു വ്യക്തി നല്ലവണ്ണം ഭക്ഷിക്കുന്നുണ്ടാവാം. നല്ല ദഹനവുമുണ്ടെന്നു തോന്നുന്നുമുണ്ടാകാം. എന്നിട്ടും ആരോഗ്യക്കുറവ് അനുഭവപ്പെടുന്നു.

ഇതിനു കാരണം, ആഹാരം ശരീരത്തിൽ ശരിയായവണ്ണം ലയിച്ചു ചേരുന്നില്ല എന്നതാണ്. ഈ പോഷണ പരിണാമക്കുറവിനു കാരണമെന്തെന്ന് കണ്ടുപിടിച്ച്, അതിനനുസരിച്ച് ചികിത്സിക്കണം. എങ്കിലും ആൽബോ-സാങ്ങും ഗാസ്ട്രോമോണും പല ആഹാരഘടകങ്ങളുടേയും പോഷണ പരിണാമ പ്രക്രിയ വളർത്താൻ സഹായകമാണ്.

***ആഹാരം പിടിക്കായ്ക*** (Sensitization)

ചില ഔഷധങ്ങളോ ആഹാരഘടകങ്ങളോ അവ എല്ലാവരിലും പതിവായി ഉപയോഗിക്കുന്നതാണെങ്കിലും ചിലപ്പോൾ രോഗിക്കു പിടിക്കില്ല. അത്തരം കേസുകളിൽ ഗാസ്ട്രോമോൺ ആണ് പ്രതിവിധി.

***ക്രമത്തിൽ ആഹാരം പിടിക്കുമാറാക്കുന്ന പ്രക്രിയ*** (Gradual Desensitization Process)

പിടിക്കാത്ത ഭക്ഷ്യവസ്തുക്കളോ ഔഷധമോ ചെറിയ തോതിൽ കുറച്ചു ദിവസം കൊടുക്കുക. ഇടയ്ക്കിടെ തോതു വർദ്ധിച്ചുകൊണ്ടു വരണം. അവ ശരീരത്തിനു സ്വീകാര്യമാകുന്നതുവരെ.

***വിസർജ്ജനം*** (Elimination)

ഇതിനർത്ഥം കുടലുകൾ പതിവായി ഒഴിയുകയെന്നതാണ്. മറ്റു വാക്കുകളിൽ പറഞ്ഞാൽ മലബന്ധം നീക്കുക എന്നാണ്. പ്രായമായവർക്കും ദുർബ്ബലർക്കും ഗർഭിണികൾക്കും, മുലയൂട്ടുന്ന അമ്മമാർക്കും, പൊതുവേ ശരീരശേഷി കുറഞ്ഞവർക്കുമുള്ള മലബന്ധം കരുതലോടെ കൈകാര്യം ചെയ്യണം. കുടലുകളുടെ പ്രവർത്തനരീതി ക്രമീകരിക്കുന്നതു ശരിയായ വിസർജ്ജനത്തെ സഹായിക്കുന്നു. കടുപ്പുമുള്ള വിരേചന ഔഷധങ്ങളുടെ പതിവായ ഉപയോഗം ചെറുകുടലുകൾക്കു ദോഷം ഉണ്ടാക്കും. കൂടാതെ പോഷണപരമായ കുഴപ്പങ്ങളും, ആൽബോസാങ്ങും, ഗാസ്ട്രോമോണും, സ്പോളാക്സിനോടൊപ്പം കൊടുത്താൽ യാതൊരു ദൂഷ്യഫലവും കൂടാതെ കുടലുകളുടെ ചലനം ക്രമീകരിക്കപ്പെടും; പോഷണത്തെ വിപരീതമായി ബാധിക്കുകയുമില്ല. കൂടാതെ അർശോ രോഗത്തിനും സ്പോളോക്സ് നല്ലതാണ്.

***സിരാസംബന്ധമായ അസന്ധതകൾ*** (Nervous Disturbances)



സിരാസംവിധാനമാണ് മറ്റെല്ലാ സംവിധാനങ്ങളെയും പൊതുവേ നിയന്ത്രിക്കുന്നത്. അതായത് ശ്വാസോച്ഛ്വാസം, ഹൃദ്രക്തധമനി, ഉദരം ആന്ത്രം എന്നല്ല കാഴ്ചയും ശ്രവണവുമടക്കം എല്ലാം സ്വയം പ്രവർത്തകമായ സിരാസംവിധാനത്തിൽനിന്നുള്ള പ്രത്യേക ഞരമ്പുകൾ ഹൃദയത്തെയും ആമാശയത്തെയും കുടലുകളെയും കണ്ണിനെയും കാതിനെയും മറ്റും നിയന്ത്രിക്കുന്നുണ്ട്. രോഗബാധ മൂലമോ ഔഷധങ്ങൾ മൂലമോ സിരാസംവിധാനത്തിൽ എന്തെങ്കിലും കേടുപറ്റിയാൽ അതു കേന്ദ്രസിരാസംവിധാനത്തെ പൊതുവേയും അതതു ഞരമ്പുകളുമായി ബന്ധപ്പെട്ട മറ്റു സംവിധാനങ്ങളെ പ്രത്യേകമായും ദോഷകരമായി ബാധിക്കും. അതുപോലെ മറ്റു സംവിധാനങ്ങളിലെ, വിശേഷിച്ചും ഉദരത്തിലെയും കുടലുകളിലെയും (പോഷണം, ദഹനം) കുഴപ്പങ്ങൾ പരോക്ഷമായി സിരാസംവിധാനത്തെയും ബാധിക്കും. വൈകാരികമായ തകിടം മറിയലോ, മലബന്ധമോ മറ്റു കാരണങ്ങളോ ആവാം കേന്ദ്രസിരാസംവിധാനത്തിലെ കുഴപ്പങ്ങൾക്കു നിദാനം. പോഷണപരമായ കുഴപ്പങ്ങൾ ആൽബോസാങ്ങും ശരിയായ ഭക്ഷണവും വഴി പരിഹരിക്കാവുന്നതാണ്. മലബന്ധം സാൽഫോസും സ്പോളാക്സും ഉപയോഗിച്ചും. വൈകാരികമായ തകിടം മറിയൽ വൈറ്റസ്റ്റോൺ കൊണ്ടാണ് ശരിപ്പെടുത്തേണ്ടത്. പാൽ, പഴച്ചാറ് എന്നിവയടക്കമുള്ള ദ്രവഭക്ഷണം സിരാക്ഷോഭത്തിലും മലബന്ധത്തിലും വളരെ പ്രയോജനം ചെയ്യും.

മാനസികാസ്വാസ്ഥ്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. സാധാരണ പ്രതിവിധി വൈറ്റസ്റ്റോൺ. കൂടെ ആൽബോസാങ്ങും. വൈറ്റസ്റ്റോൺ ആഹാരങ്ങൾക്കിടയിൽ താരതമ്യേന ചെറിയ മാത്രകളായി കഴിക്കാം. കിടക്കാൻ നേരം കഴിക്കുന്നത് കൂടുതൽ നന്ന്. ദിവസേന ഒരു ഗുളികയും ആൽബോസാങ്ങും മതിയാകും. വലിയ മാത്ര (രണ്ടു ഗുളിക) ആവശ്യമായി വരുമ്പോൾ അതു ദ്രവഭക്ഷണത്തിന്റെയോ പഴച്ചാറിന്റെയോ കൂടെ കഴിക്കണം.

***ജ്വരോൻമാദം*** (Delirium)

പനിച്ചാലുണ്ടാകുന്ന പൊതുവായ ഒരു കുഴപ്പമാണിത്. കാരണത്തിനു ചികിത്സിച്ചാൽ ജ്വരോൻമാദം സ്വയം നീക്കിക്കൊള്ളും. ഇത്തരം കേസുകളിൽ പറ്റിയ ഔഷധം വൈറ്റസ്റ്റോൺ ആണ്. കുട്ടികൾക്കാണെങ്കിൽ ചീനിയം-കോയും കൂടെ കൊടുക്കണം.

***അംഗവിക്ഷോഭം*** (Convulsions)

അംഗവിക്ഷോഭങ്ങൾ വൈറ്റസ്സോൺ കൊണ്ട് ചികിത്സിക്കാം. അംഗവിക്ഷോഭപരമായ മൂർച്ഛയ്ക്കു ആഗർ-കോ ആണ്. പ്രത്യേകൗഷധം. അത്തരക്കാർക്ക് നല്ല ഉറക്കം ആവശ്യമാണ്.

***ഉറക്കമില്ലായ്മ*** (Insomnia)

ഇതു ദഹനസംബന്ധമായ കുഴപ്പം മൂലമോ മനശ്ശല്യം കൊണ്ടോ വൈകാരിക കാരണങ്ങളാലോ ഉണ്ടാകാം. ചിലപ്പോൾ അമിതമായ പുകവലിയും ചായയും കാപ്പിയും ഉറക്കം തടഞ്ഞേക്കാം. കൂടാതെ വേദനയുള്ള ഏതവസ്ഥയും നിദ്രയ്ക്കു വിഘാതം നിൽക്കാം.

രോഗി ഉറക്കമില്ലെന്നു പറയുമ്പോൾ രക്തസമ്മർദ്ദാധിക്യവും കാരണമാകുന്നത് ഓർക്കണം. അതിനാൽ ഉറക്കമില്ലായ്മക്കുള്ള ചികിത്സ ശരിക്കു പറഞ്ഞാൽ കാരണത്തിനുള്ള ചികിത്സയാണ്. ശരിയായ രോഗനിർണ്ണയവും കാരണം കണ്ടെത്തലും ചികിത്സയ്ക്കുമുമ്പ് അത്യാവശ്യമാണ്. ശമനൗഷധമോ മയക്കുമരുന്നോ ആവശ്യമില്ലാതെ കൊടുക്കരുത്. മയക്കുമരുന്നുകളുടെ പതിവായ ഉപയോഗം പിന്നെ ഒരു ശീലമായിത്തീരാം; രോഗി അതിനടിമയായിപ്പോകും.

വൈറ്റസ്സോണാണ് ഞരമ്പുരോഗത്തിനും ഉറക്കമില്ലായ്മക്കും മുഖ്യ പ്രതിവിധി. മനസ്സിന്റെ പിരിമുറുക്കവും അസ്വാസ്ഥ്യവും തളർച്ചയും നീക്കാൻ ഒരു മാത്ര മതിയാകും. കിടക്കാൻ നേരം ഒരു മാത്ര കഴിച്ചാൽ സുഖകരമായ ഉറക്കം ലഭിക്കും.

***ഞരമ്പുരോഗവും ബാഹ്യവേദനകളും*** (Neuralgia & Superficial Pains)

പല്ലുവേദന, ചെവിക്കുത്ത്, സന്ധിവേദന, തലവേദന, പേശിവേദന, എന്നിവയ്ക്കു ഡെസിൽ ആണ് നൽകേണ്ടത്. ഈ രോഗങ്ങളോടൊപ്പം ഉറക്കമില്ലായ്മയുമുണ്ടെങ്കിൽ ഡെസിലിനോടൊപ്പം വൈറ്റസ്സോണും കൊടുക്കണം.

കുറിപ്പ് : ഡെസിൽ ഉദരാന്തർഭാഗത്തു എരിച്ചിൽ ഉണ്ടാക്കുമെന്നതുകൊണ്ട് ഉദരരോഗമുള്ളവർക്കു പറ്റില്ല.

സിരാമാന്ദ്യം (Neurasthenia) ക്രമാധികമായ ശാരീരികയാസം, രക്തവാർച്ച, കഠിനരോഗം എന്നിവ മൂലമോ, രോഗാണുസംക്രമണത്താൽ അഴുകിയുണ്ടാവുന്ന വിഷബാധ, ദഹനദൂഷ്യം എന്നിവ മൂലമോ ശരീരത്തിനും മനസ്സിനും വരുന്ന തളർച്ചയാണ് ഇതിന്റെ സ്വഭാവം. ശരിയായ രോഗനിർണ്ണയവും നിദാനചികിത്സയും ആവശ്യമായേക്കാം. പലപ്പോഴും അനാരോഗ്യസ്ഥിതിയും ശരീരത്തിനും മനസ്സിനും വല്ലാത്ത തളർച്ചയും മനസ്സിടിച്ചിലും വ്യാകുലതയും തലവേദനയും അവ്യക്തമായ വേദനകളും ഉണ്ടായേക്കാം. രോഗി അവശനായിക്കൊണ്ടിരിക്കും; പോഷണക്കുറവുണ്ടാവും; ദഹനപ്രക്രിയ താറുമാറാകും. രോഗി വിവരിക്കുന്ന അസുഖങ്ങൾക്ക് ശാരീരികമായ കാരണമൊന്നും കണ്ടെന്നുവരില്ല. സാധാരണഗതിയിൽ സാഹചര്യത്തിൽ മാറ്റവും അതോടൊപ്പം പൊതു ആരോഗ്യത്തിൽ ശ്രദ്ധയും മെച്ചപ്പെട്ട ആഹാരവും ഉജ്ജീവനം നൽകുന്ന ഔഷധങ്ങളും മാത്രമേ വേണ്ടു. താഴെ പറയും വിധം ചെയ്താൽ വേഗത്തിൽ സ്ഥിതി മെച്ചപ്പെടും.

ആൽബോ-സാങ്ങ് രണ്ടു നേരം പാലിൽ കഴിക്കുക. ഭക്ഷണാനന്തരം രണ്ടു ഗാസ്ട്രോമോൺ ഗുളികകളും കിടക്കാൻനേരം വെറ്റസ്സോൺ ഒരു ഗുളികയും കൂടിയായാൽ ആൽബോസാങ്ങുമായി അവ ചേർന്ന് സംയുക്തഫലം പ്രദാനം ചെയ്യും. വേണ്ടത്ര വിശപ്പില്ലെങ്കിൽ ഭക്ഷണത്തിനു അരമണിക്കൂർ മുമ്പ് സാൽഫോസ് കഴിക്കണം. മലബന്ധമുണ്ടെങ്കിൽ സ്പോളാക്സ് ഉപയോഗിച്ച് അത് നീക്കണം.

***അപസ്മാരം*** (Hysteria)

അടിസ്ഥാനപരമായ ഒരു മാനസികാവസ്ഥയുടെ സവിശേഷ ചേഷ്ടയാണത്. മാനസികമായ അപക്വതയുമായി ഇതു ബന്ധപ്പെട്ടിരിക്കുന്നു. സുബോധാവസ്ഥയിൽ ചില തീവ്രവികാരങ്ങളുടെ സമ്മർദ്ദത്തിനു വിധേയരാകുന്ന രോഗികളിൽ അത്തരം ശാരീരിക ചേഷ്ടകൾ ഉണ്ടാകുന്നു. എന്നാൽ അതിനു ശാരീരികമായ ഒരു കാരണവും കാണുകയുമില്ല. അവർക്കു പൊതുസാഹചര്യത്തിൽ നിന്നുണ്ടാവുന്ന ഉൽക്കണ്ഠയോ മനസ്സിടിച്ചിലോ അകറ്റാൻ ലക്ഷണപരമോ അവലംബാത്മകമോ ആയ മാനസിക ചികിത്സ ആവശ്യമാണ്. സമയത്തിനു ഭക്ഷണം, ജോലി, ഉറക്കം, ഉല്ലാസവസരങ്ങൾ എന്നിവ നൽകി പൊതു ആരോഗ്യത്തിൽ ശ്രദ്ധിക്കണം.

***ചികിത്സ താഴെപറയും പ്രകാരമാണ്***

ആഗർ–കോ ദിവസത്തിൽ രണ്ടു നേരം വീതവും വൈറ്റ സ്റ്റോൺ ഉറങ്ങാൻ നേരവും കഴിക്കാൻ രോഗിയെ ഉപദേശിക്കുക. പൊതു ആരോഗ്യം നന്നാക്കാൻ ആൽബോ–സാങ്ങ് രണ്ടും നേരം വീതം കഴിക്കാം.

## ***ചുഴലി*** (Epilepsy)

പല തരത്തിൽ ചുഴലി ഉണ്ടാവാം. ഉഗ്രമായ രീതിയിലും ലഘുവായ രീതിയിലും ഉണ്ടാകും. എതു വയസ്സിലും ഇതു വന്നേക്കാം. കുട്ടിക്കാലത്താണ് സാധാരണ കാണാറ്. ഉഗ്രമായ ചുഴലിയുടെ ആരംഭത്തിൽ രോഗിയിൽ അസാധാരണമായ ഒരു ചേതോവികാരം കാണാം; ഉടൻതന്നെ ഒരു ആർത്തനാദം പുറപ്പെടുവിച്ച് രോഗി വീഴുന്നു. സ്വയം കഠിനമായ മർദ്ദനമേൽപ്പിച്ചുകൊണ്ടിരിക്കും. മാംസപേശികൾ അയവില്ലാതെ നിർശ്ചേഷ്ടമായിരിക്കും. ആദ്യം വിളറിയ മുഖം, ശ്വാസോച്ഛ്വാസം തടയപ്പെട്ടു കരിവാളിക്കും. ചുരുക്കം നിമിഷങ്ങൾക്കുള്ളിൽ പേശികളും ദൃഷ്ടികളും ചലിച്ചുതുടങ്ങും. താടിയെല്ലു ഊക്കോടെ ചലിപ്പിച്ച് പല്ലു കടിച്ചുകൊണ്ടിരിക്കും; നാവ് കടിച്ചു മുറിച്ചെന്നുവരാം. അറിയാതെ മലമൂത്രവിസർജ്ജനവും ഉണ്ടാകാം. അനന്തരം രോഗി അബോധാവസ്ഥയിൽ മയങ്ങിപ്പോകുന്നു. കൈകാലുകൾ തളർത്തിയിട്ട് ഉറക്കമാണ് പിന്നെ. ഒടുവിൽ ഉണരുന്നത് എന്തോ ഒരു മാനസിക വിഭ്രാന്തിയോടെയായിരിക്കും.

ചുഴലിക്കുള്ള ചികിത്സ രോഗിയും അയാളെ ശുശ്രൂഷിക്കുന്ന ആളും സഹകരിച്ചെങ്കിലേ നടക്കൂ. അംഗവിക്ഷോഭത്തിനുള്ളതോ ശമനം വരുത്തുന്നതോ ആയ പ്രത്യേക ഔഷധം രോഗിക്ക് ആവശ്യമാണ്. ഭക്ഷണവും ശോധനയും ക്രമീകരിക്കുന്നതിലും ശ്രദ്ധിക്കണം. ശമനപരമായ ഫലം കിട്ടാൻ വൈറ്റ സ്റ്റോൺ മൂന്നുപ്രാവശ്യം ആഗർ–കൊ ചേർത്ത് കൊടുക്കണം. ഭക്ഷണത്തിനു മുമ്പാണ് ഔഷധം നൽകേണ്ടത്. രണ്ടു മൂന്നു കൊല്ലം ഈ ചികിത്സ തുടരണം. മൂന്നു കൊല്ലത്തിനുശേഷം മാത്രകുറച്ചുകൊണ്ടു വന്നു ഒടുവിൽ നിർത്താം. ഒരു പൊതു ജീവനൗഷധമെന്ന നിലയിൽ ആൽബോ–സാങ്ങ് ഉപയോഗിക്കാം. രക്തസമ്മർദ്ദം തൊണ്ട വീക്കം, വായുവികാരം എന്നിവയോടനുബന്ധിച്ച ചുഴലിയാണെങ്കിൽ അമ്ലീഗിയ ഫലപ്രദമാണ്. തീ, കിണർ എന്നീ അപകടസ്ഥലങ്ങളിൽനിന്നു രോഗി അകന്നു കഴിയണം. ചുഴലിയുടെ വികാരലാഞ്ചന പ്രകടമാകുമ്പോൾ അമ്ലീഗിയ കൊടുത്താൽ



രോഗാക്രമണത്തെ തടയാൻ കഴിഞ്ഞെന്നുവരും. രോഗാക്രമണവേളയിൽ രോഗി സ്വയം പീഢിപ്പിക്കുന്നതു തടയണം. നാവ് കടിച്ചുപോകാതിരിക്കാൻ ചെറിയ മരക്കട്ട വായിൽ തിരുകണം.

## ***രക്തത്തിലെ മാറ്റം – വിളർച്ച*** (Anemia)

വിളർച്ച പലതരത്തിലാകാം. പ്രാഥമികമായത് പോഷണത്തകരാറുകൾ മൂലമുണ്ടാകുന്നതാണ്; മറ്റൊന്ന് പരാദസംക്രമണം ദുഷിപ്പ്, രക്തസ്രാവം എന്നിവ മൂലമുണ്ടാകുന്നതും. വിളർച്ചയുടെ കാരണം കണ്ടുപിടിച്ചു പ്രതിവിധി കാണണം.

സൂചനകളും ലക്ഷണങ്ങളും : തൊലി, ചുണ്ട്, കൺപോളയുടെ ഉൾഭാഗം എന്നിവ വിളർത്തിരിക്കും. തളർച്ചയും തലകറക്കവും ഉണ്ടാവും; ശ്വാസംകിട്ടായ്മ പോലും അനുഭവപ്പെടും. നാഡിമിഡിപ്പ് വർദ്ധിക്കും; വിശപ്പില്ലായ്മയും ദീപനക്കുറവുമുണ്ടാക്കും.

## ***വേദനകൾ*** (Pains)

രോഗിയെ ഡോക്ടറുടെ അടുത്തേയ്ക്കു ക്ഷണം എത്തിക്കുന്ന പല അവസ്ഥകളിലെയും പ്രധാനപ്പെട്ട ലക്ഷണമാണ് വേദന. രോഗനിർണ്ണയം ചെയ്തു ചികിത്സിക്കുന്നതിലാണ് ചികിത്സകന്റെ വിജയം കിടക്കുന്നത്. വേദനയ്ക്കു പെട്ടെന്നുള്ള ചികിത്സാ രോഗനിർണ്ണയത്തെ തടസ്സപ്പെടുത്തിയേക്കാം. ഉദാ: ഉദരവീക്കം മൂലമുള്ള വേദന, വേദന പലതരമുണ്ട് – ലഘുവായത്, കഠിനമായത്, മിതമായത്, അത് രോഗാണുബാധമൂലമാകാം. – ഉദാ: അപാംഗപ്പഴുപ്പ്, നീർക്കെട്ടുമൂലമുള്ള വേദനകൾ. ഉദാ: സന്ധിവീക്കം, ഞരമ്പുകടച്ചിൽ, പേശിവേദന, വേദനയുടെ കാരണമെന്തായാലും പ്രത്യേകം ശ്രദ്ധിക്കണം. ഉദാ: അപാംഗപഴുപ്പിനു ശസ്ത്രക്രിയാ ചികിത്സയോ ക്രിയാചികിത്സയോ പ്രത്യുണുകൗഷ ചികിത്സയോ ആവശ്യമാണ്.

## ***സന്ധിയിലെ കഠിനമായ നീർക്കെട്ട്:***

സന്ധിവിൽ ചൂടുണ്ടാകും; വീണ്ടും ഇളകുമ്പോൾ കഠിനവേദനയുണ്ടായിരിക്കും. ഇത്തരം കേസുകളിൽ ഗളഗ്രന്ഥി, മസ്തിഷ്കദരം എന്നിവയിൽ പഴുപ്പുണ്ടോ എന്നുകൂടി നോക്കി രാസൗഷധങ്ങളുടെ ചികിത്സയും നടത്തേണ്ടതായി വരും.ഇത്തരം കേസുകളിൽ 24 മണിക്കൂർ കൂടുമ്പോൾ റിമോറിൻ കുത്തിവയ്ക്കുന്നത്

വളരെ വിജയപ്രദമായിരിക്കും. വേദന കുറഞ്ഞാൽ ഡെസിൽ ഉപയോഗിച്ചുള്ള ചികിത്സ പൂർണ്ണസുഖം പ്രാപിക്കുന്നതുവരെ തുടരാം. പരുത്തി വച്ചുകെട്ടിയ നീർക്കെട്ട് അധികമാണെങ്കിൽ ചീള് വച്ചുകെട്ടിയോ ആ അവയവം ഇളകാതെ സൂക്ഷിക്കണം. ദുസ്സഹാവസ്ഥയിൽ ചെസ്സോളോ റബ്സനോ കൊണ്ട് തടവുന്നത് വളരെ നല്ലതാണ്. വീക്കം കുറഞ്ഞാൽ മെല്ലെ അനക്കി നോക്കാം. ദഹനത്തിലും ശോധനയിലും ശ്രദ്ധിക്കണം. ദ്രവഭക്ഷണം, പാൽ, പഴച്ചാറ് എന്നിവ മാത്രമേ പനി വിട്ടുമാറും വരെ കൊടുക്കാവൂ.

ചിലപ്പോൾ മാനസികവേദനയുണ്ടാകും. അപ്പോൾ വേദനയ്ക്കുള്ള മരുന്നുകളോടൊപ്പം വൈറ്റസ്സാണും കൊടുക്കണം.

## *മറ്റു വേദനാവസ്ഥകൾ*

തലവേദന, ചെവിക്കുത്ത്, പല്ലുവേദന, ആർത്തവ വേദന, തലവെട്ട്, (Sinusistis) ശസ്ത്രക്രിയാനന്തര വേദനകൾ, ഉളുക്ക്, ഈ അവസ്ഥയിൽ ഡെസിൽ വളരെ ഫലവത്താണ്. നടപ്പുപനിയുടെ ശാരീരിക വേദനകൾക്കും അതു പ്രയോജനപ്പെടും. എങ്കിലും അടിവയറ്റിലെയും ആന്തരാവയവങ്ങളിലെയും വേദനകൾക്ക് അത് നിർദ്ദേശിക്കപ്പെടുന്നില്ല.

### ***തലവേദന*** (Headache)

ചെറുതും വലുതുമായ പല രോഗങ്ങളുടേയും ഒരു ലക്ഷണമാണിത്. സാധാരണ ജലദോഷമടക്കം പല ജ്വരങ്ങളുടേയും ആരംഭത്തിൽ കഠിനവും മാറിക്കൊണ്ടിരിക്കുന്നതുമായ തലവേദന കാണാറുണ്ട്. മറ്റു കാരണങ്ങൾ ഇവയാണ്. രക്തക്കുറവ്, മലബന്ധം, നേത്രായാസം, ഉൽക്കണ്ഠ, സിരാരോഗം, കൊടിഞ്ഞി, ഉയർന്ന രക്തസമ്മർദ്ദം, പഴകിയ വൃക്കരോഗം, ചെവി-മൂക്ക്-തൊണ്ട - പല്ല് രോഗങ്ങൾ.

രോഗകാരണത്തിനു ചികിത്സിക്കലാണ് പ്രധാനം. തലവേദനയുടെ പതിവ് മരുന്ന് ഡെസിൽ ആണ്. രോഗലക്ഷണത്തിനുള്ള പ്രതിവിധിയാണിത്. നെറ്റിയിൽ റബ്സൻ പുരട്ടിയാൽ ആശ്വാസം കിട്ടും. കിടക്കാൻനേരം വൈറ്റസ്സാൺ കഴിച്ചാൽ ഗാഢനിദ്ര കിട്ടും. കഠിനമായ കേസുകളിൽ നെർവോപ്ലെക്സ് കുത്തിവെച്ച് പരീക്ഷിക്കാം.- സാധാരണ ചികിത്സ ഫലിക്കുന്നില്ലെങ്കിൽ.



### ***വയറും കുടലുകളും*** (Stomach and Intestine)

ഭക്ഷണം ദ്രവരൂപത്തിലോ അർദ്ധദ്രവരൂപത്തിലോ ആണെങ്കിൽ ചെറുകുടലിൽ നന്നായി ലയിച്ചു ചേരുന്നു. അതുപോലെ മിക്ക ഔഷധങ്ങളും അവിടെവെച്ചു ലയിച്ചു ചേരുന്നു. വെള്ളം അവയുടെ ലയനം ത്വരിതപ്പെടുത്തും. സാധാരണഗതിയിലുള്ള വിശപ്പ് നല്ല ലക്ഷണമാണ്. പ്രമേഹരോഗത്തിൽ വിശപ്പ് കൂടിയേക്കാം. പക്ഷേ അത് 'കള്ളവിശപ്പാണ്' എന്തെന്നാൽ ഭക്ഷണം ശരിയാംവണ്ണം ലയിച്ചു ചേരുന്നില്ല. കരൾ ന്യൂനത, വിരശല്യം, ദഹനദൂഷ്യം തുടങ്ങിയ അവസ്ഥകളിലും ലയിച്ചുചേരൽ കുറവായിരിക്കും.

ദഹനം സാധാരണ വിശപ്പിൽനിന്ന് വ്യത്യസ്തമാണ്. സമ്പൂർണ്ണദഹനം എന്നുവെച്ചാൽ, കാർബോഹൈഡ്രേറ്റുകളും, കൊഴുപ്പുകളും, മാംസ്യങ്ങളും ജീവകങ്ങളും ധാതുപദാർത്ഥങ്ങളും ലയിച്ചുചേരുക അഥവാ നന്നായി പ്രയോജകീഭവിക്കുക എന്നാണർത്ഥം. സാധാരണ വിശപ്പ് ഒരളവോളം ദഹനത്തെ സഹായിക്കുന്നു. ഉദര-കുടൽ വ്യാധികൾ പൊതുവേ വിശപ്പില്ലായ്മയും ദഹനദൂഷ്യങ്ങളുമായി ബന്ധപ്പെട്ടതാണ്. അമിതമായ തീറ്റയും ശരിക്കു ചവച്ചരക്കാതെ ഭക്ഷണം വിഴുങ്ങലും ദഹനത്തിനു കോട്ടമുണ്ടാക്കുമെന്ന് മനസ്സിലാക്കണം. ഭക്ഷണസമയത്തെ മാനസികാസ്വസ്ഥതയും ഉറക്കമില്ലായ്മയും ദഹനത്തെ ബാധിക്കും. സമയത്തിനു ഭക്ഷണം, ശരിയായ വ്യായാമം എന്നിങ്ങനെയുള്ള നിഷ്ഠകൾ ദഹനത്തെയും പോഷണപരിണാമത്തെയും സഹായിക്കുന്നു.

ഉദര-കുടൽ രോഗങ്ങൾ ഭക്ഷണം ദഹിക്കലുമായി ബന്ധപ്പെട്ടിരിക്കുന്നു. ദഹനം വായിൽ (ശരിയായ ചവച്ചരയ്ക്കലോടെ) ആരംഭിച്ചു ആമാശയത്തിലും കുടലുകളിലുമായി തുടർന്നുപോകുന്നു. ദഹനപ്രക്രിയയിലാണ് ആഹാരം രക്തത്തിൽ ചേരുന്നതിനും സൂക്ഷ്മകോശകലകളിൽ ലയിക്കുന്നതിനും പാകപ്പെടുന്നത്. ദഹനനീരുകൾക്ക് പ്രവർത്തിക്കുവാൻ കഴിയുമാറ് ആദ്യമായി പല്ലുകളാൽ ആഹാർപദാർത്ഥങ്ങൾ മുറിക്കപ്പെടുന്നു. ഉമിനീർ ഗ്രന്ഥികളിൽനിന്ന് വായയിലേയ്ക്ക് ഉമിനീർ സ്രവിക്കുന്നു. ഭാഗികമായി ദഹിക്കപ്പെടും. വയറ്റിൽ എത്തിയാൽ ആഹാരത്തിൽ ആമാ

ശയരസം(അമ്ലം) നല്ലപോലെ കൂട്ടിക്കലർത്തപ്പെടുന്നു. ഭക്ഷണത്തിലെ മാംസ്യാംശത്തെ പാകപ്പെടുത്തി പതം വരുത്തുകയാണ് ആമാശയ രസം ചെയ്യുന്നത്. അങ്ങനെ ഒരു നിശ്ചിതതോതിൽ ആഹാരം അമ്ലീകരിച്ചുകഴിഞ്ഞാൽ ആമാശയത്തിന്റെ പുറം കവാടം തുറന്നു ആഹാരമിശ്രം ചെറുകുടലിലേയ്ക്ക് കടക്കുന്നു. ചെറുകുടലിൽ പിത്തനീരും ദ്രോമദ്രവവും കുടലിലെതന്നെ ദഹനനീരും ചേർന്ന് കുറേക്കൂടി ദഹനം വരുത്തുന്നു. അങ്ങനെ ദഹിച്ച ആഹാരം ചെറുകുടലിന്റെ ലൈനിങ്ങ് (Lining) കോശങ്ങൾ ഏറ്റെടുക്കുന്നു.

ഭക്ഷണാംശം വിലയിച്ചു ***യകൃത്തിൽ*** പ്രവേശിച്ചു ചയാപചയ പ്രക്രിയയ്ക്കുശേഷം പോഷണപരിണാമവിധേയമാകുന്നു.

**വിശപ്പില്ലായ്മ** (Loss of Appetite) : കുടൽ, വായു, മലബന്ധം, എന്നിവ മൂലമുള്ള വിശപ്പില്ലായ്മയ്ക്ക് ഹെർബൽ ബീറ്റേഴ്സ്(ഹെർബിറ്റേഴ്സ്)കൊണ്ട് ചികിത്സിക്കാവുന്നതാണ്.

### ***അഗ്നിമാന്ദ്യം*** (Dyspepsia)

ഗാസ്ട്രോമോൺ നൽകാം: ഭക്ഷണത്തിനും അരമണിക്കൂർ മുമ്പ് വെള്ളത്തോടെ കഴിക്കണം. മലബന്ധമോ ദഹനദൂഷ്യമോ ഉണ്ടെങ്കിൽ യഥാക്രമം സാൽഫോസോ സ്പോളോക്സോ ഉപയോഗിക്കാം. ഒരു ടോണിക്കായി ആൽബോ-സാങ്ങും കൊടുക്കാം. പ്രത്യേകിച്ചും ക്ഷീണിതർക്ക്. ഇരുപ്പുജീവിതം നയിക്കുന്നവർക്കാണെങ്കിൽ ആഹാരത്തിനുമുമ്പ് ചുറുചുറുക്കോടെയുള്ള ഒരു നടത്തം നന്നായിരിക്കും.

### ***വായുസ്തംഭനം*** (Flatulence)

വായുസ്തംഭനം കൊണ്ടല്ലെങ്കിൽ ദഹനദൂഷ്യമോ മലബന്ധമോ അമിതഭക്ഷണമോ ആവാം വായുകെട്ടലിനു കാരണം. സമാന്യമായി ഭക്ഷണത്തിനു അര മണിക്കൂർ മുമ്പ് സാൽഫോസും ഭക്ഷണശേഷം ഗാസ്ട്രോമോണും കഴിച്ചാൽ വായുസ്തംഭനത്തെ തടയാം.

### ***ദഹനേന്ദ്രിയ വ്രണം*** (Peptic Ulcer)

ആമാശയവ്രണവും പക്വാശയ വ്രണവും ഉൾപ്പെടുന്നു. സാധാരണയായി ഉദരഭാഗത്തോ പക്വാശയഭാഗത്തോ ഇടയ്ക്കിടെ



വേദന അനുഭവപ്പെടും. വേദനയുള്ള ഭാഗം ലോലമായിത്തീരാം. ആമാശയ വ്രണത്തിന്റെ വേദന ഭക്ഷണം കഴിച്ച് ഉടനെയായിരിക്കും. അതായത് ഭക്ഷണം എരിച്ചിലുണ്ടാവുന്നതു കൊണ്ടാണ് വേദന. പക്വാശയവ്രണമാണെങ്കിൽ ഭക്ഷണം കഴിച്ചു ഏതാണ്ട് അരമണിക്കൂർ കഴിഞ്ഞായിരിക്കും വേദന തുടങ്ങുക. അതായത് ഭക്ഷണം പക്വാശയമുഖത്ത് എത്തിയശേഷം രണ്ടും പൊതുവേ അമ്ലാധികൃവുമായി ബന്ധപ്പെട്ടിരിക്കുന്നു. അതുകൊണ്ട് ഇത്തരം കേസുകളിൽ അമ്ലനാശിനികളും ഞരമ്പുവലിക്കുള്ള ഔഷധങ്ങളും പ്രയോജനപ്പെടും. അമ്ലാധിക്യത്തിന്നുള്ള മരുന്ന് മാഗ്നൈൻ ആണ്. നാലുമണിക്കൂർ ഇടവിട്ടു അതുകൊടുക്കാം. ഗാസ്ട്രോമോൺ ഭക്ഷണത്തിനു ഒരു മണിക്കൂർ മുമ്പോ ഭക്ഷണാനന്തരം രണ്ടു മണിക്കൂർ കഴിഞ്ഞോ കൊടുക്കണം. മദ്യപാനവും പുകവലിയും വർജ്ജിക്കാൻ അത്തരം രോഗികളെ ഉപദേശിക്കുകയും വേണം. ഭക്ഷണം സൗമ്യമായിരിക്കണം; സുഗന്ധമസാലകൾ അടങ്ങിയതാവരുത്; നല്ലവണ്ണം ചവച്ചിറക്കുകയാണ് വേണ്ടത്. ഭക്ഷണത്തിനുമുമ്പ് പാൽ കുടിക്കാനും ഭക്ഷണം കഴിച്ച് രണ്ടു മണിക്കൂറിനുശേഷം ധാരാളം വെള്ളം കുടിക്കാനും രോഗിയെ ഉപദേശിക്കണം. ചികിത്സ ആറു മാസം തുടരണം.

രോഗം കഠിനമാണെങ്കിൽ തീവ്രമായ വേദനയുണ്ടാകും; അതു ഛർദ്ദിക്കുശേഷം കുറയും. ഔഷധ ചികിത്സകൊണ്ടു വലിയ ഗുണമില്ലെങ്കിൽ ശസ്ത്രക്രിയ നടത്തേണ്ടിവരും.

### ***ആമാശയവീക്കം*** (Gastritis)

പറ്റാത്ത ആഹാരം കഴിച്ചതുകാരണം ഉണ്ടാകാറുള്ള ഒരു സാധാരണ അസുഖമാണിത്. പനി, അടിവയറ്റിൽ വേദന, ജലാംശം വാർന്നുപോകൽ എന്നിവയാണ് അതിന്റെ സ്വഭാവം. അതു കുടലുകൾ വരെ ബാധിച്ചാൽ ഛർദ്ദ്യതിസാരമെന്നാണ് പറയുക. അതായത് അതിസാരമുണ്ടായി കഠിനമായി ജലവാർച്ചയോടെ രോഗി അവശനായിത്തീരും. ഐസ് കഷണം വായിലിട്ട് അൽപ്പാൽപ്പം ഉറുമ്പിക്കുടിച്ചാൽ ഒരതിർത്തിവരെ ഛർദ്ദി നിയന്ത്രിക്കാം. അതിസാരത്തോടനുബന്ധിച്ചുണ്ടാകുന്ന വേദനകൾ താഴെ പറയും പ്രകാരം ചികിത്സിക്കാവുന്നതാണ്.

കുറേ സമയത്തേയ്ക്കു ഭക്ഷണമേ കഴിക്കരുത്. എന്നാൽ വെള്ളവും മറ്റും സൗമ്യദ്രവങ്ങളും മാഗ്നൈനോടുകൂടി കഴിക്കാം.

അതിസാരം നിയന്ത്രിക്കാൻ ഡയാസിൻ നാലു മണിക്കൂർ കൂടുമ്പോൾ കഴിക്കണം. രോഗലക്ഷണങ്ങളുടെ കാഠിന്യവും കുറച്ചു വെന്നുകണ്ടാൽ നേരിയ തോതിൽ ഭക്ഷണം കഴിക്കാം. അതായത് പാൽ, കഞ്ഞി, പഴച്ചാറ് തുടങ്ങിയവ മൂന്നുനാലു മണിക്കൂർ ഇടവിട്ട് ആൽബോസാങ്ങോടുകൂടി കഴിക്കാം.

***അതിസാരം*** (Diarrhea)

ഇടയ്ക്കിടെ സാധാരണത്തേതിലും അയഞ്ഞ് ദ്രവപ്രായത്തിൽ മലശോധനയുണ്ടാകുക എന്നതാണ് ഈ രോഗം. ഇതിന്റെ കാരണം പലതാകാം. ഉദാ:- ദഹനക്കേട്; ചില പ്രത്യേക രോഗാണുബാധ(അമീബ ബാസിലസ്) എന്തായാലും അതിസാരത്തിന്റെ കാരണം കണ്ടുപിടിച്ച് അതിനനുസരിച്ച ചികിത്സ നൽകണം. അമീബയോ ബാസിലസോ ബാധിച്ചുണ്ടാകുന്ന രക്താതിസാരമായാലും ഡയാസിൻ ഫലപ്രദമാണ്.

അതിസാരം കഠിനമായിത്തീരുകയും അതോടനുബന്ധിച്ച് രക്തം പോവുകയും ചെയ്യുന്നതാണ് സാധാരണ രക്താതിസാരം (Dysentery). അടിവയറ്റിൽ വേദന, പനി, തലവേദന, വലിയ ക്ഷീണം, ദാഹം എന്നിവ ഉണ്ടാകും. ഛർദ്ദിയും വരും.

**അമീബാ രക്താതിസാര**( Amoebic Dysentery)ത്തിന്ന് ഇടയ്ക്കിടെ അയഞ്ഞു മലശോധനയുണ്ടാകും. അടിവയറ്റിൽ വേദനയുണ്ടാകും. (ചിലപ്പോൾ ശൂല) രക്തവും കഫവും പോകുന്നതോടെ കുടൽനീറ്റവും അനുഭവപ്പെടും.

**ബാസിലറി രക്താതിസാര** ( Bacillary Dysentery)ത്തിനു മേൽപ്പറഞ്ഞ ലക്ഷണങ്ങൾ കൂടാതെ, മലശോധനയോടൊപ്പം വല്ലാത്ത ജലവാർച്ചയും ഉണ്ടാകാം.

പുതിയ മലമെടുത്തു സൂക്ഷ്മദർശിനിയിലൂടെ പരിശോധിച്ചാൽ രോഗം നിർണ്ണയിക്കാം.

നാലുമണിക്കൂർ ഇടവിട്ട് ഡയാസിൻ നൽകുക. രോഗി ദ്രവഭക്ഷണം മാത്രം കഴിച്ചു പുതച്ചു കിടക്കണം. സൗമ്യാഹാരമോ പാലിൽ വേവിച്ച സാഗോയോ കൊടുക്കണം. ധാരാളം വെള്ളം കുടിക്കണം. ആരോഗ്യനിയമങ്ങൾ പാലിക്കണം. അതായത് നല്ല



ശുചിത്വം, ഭക്ഷണം കേടുവരാതെ സൂക്ഷിക്കുക, ഈച്ചകളെ അകറ്റുക എന്നിവ. ബാസിലസ് മൂലമുണ്ടാകുന്ന രക്താതിസാരത്തിന് ഡയാസിൻ ഗുളിക നൽകണം. അതിസാരം വിട്ടുമാറിയാൽ മൂന്നു ദിവസം കൂടി ഡയാസിൻ ഗുളിക നൽകുക. അല്ലെങ്കിൽ കഠിന സ്ഥിതി ഭേദപ്പെടുംവരെ 24 മണിക്കൂർ കൂടുമ്പോൾ ഡയാസിൻ കുത്തിവെയ്ക്കാവുന്നതാണ്. ഉഷ്ണകാലത്തുണ്ടാകുന്ന അതിസാരത്തിന് ഗാസ്ട്രമോണും ചീനിയം-കോയും ചെറുനാരങ്ങാനീരിൽ കൊടുക്കുന്നതു ഫലപ്രദമാണ്. അതിസാരം ഭേദമായാൽ ദീപന ശക്തി വർദ്ധിപ്പിക്കുന്നതിനും ദഹനദൂഷ്യങ്ങൾ നീക്കുന്നതിനും സാൽഫോസ് കൊടുക്കണം.

***അപാംഗപ്പഴുപ്പ്*** (Appendicitis)

ശസ്ത്രക്രിയാവിദഗ്ദ്ധന്റെ അടിയന്തര ശ്രദ്ധ ആവശ്യമുള്ള ഒരു ആസന്ന സ്ഥിതിയാണിത്. ശസ്ത്രക്രിയ്ക്കു തൊട്ടുമുമ്പായി പ്രത്യണുകൗഷധ ചികിത്സ പരീക്ഷിക്കാവുന്നതാണ്. എങ്കിലും അത്തരം കേസുകളിൽ ശസ്ത്രക്രിയാവിദഗ്ദ്ധനു ചികിത്സ വിട്ടുകൊടുക്കുന്നതാണ് നല്ലത്. വയർ കഴുകലും വിരേചനവും ആശാസ്യമായിരിക്കില്ല.

വേദന ആദ്യം പൊക്കിളിനു തന്നെയാണ് സാധാരണ തുടങ്ങുക. പിന്നീട് അടിവയറ്റിന്റെ താഴെ വലതുമൂലയിലേയ്ക്കു നീങ്ങും. ഛർദ്ദി, നേരിയ പനി, മലബന്ധം അല്ലെങ്കിൽ അതിസാരം എന്നിവയാണ് മറ്റു ലക്ഷണങ്ങൾ. രോഗംബാധിച്ച പ്രദേശത്തെ പേശി അയഞ്ഞിരിക്കും; അല്ലെങ്കിൽ കട്ടിയായിരിക്കും.

തൊണ്ണുപഴുപ്പ് (Sprue) : ഭക്ഷണം ആഗിരണം ചെയ്യപ്പെടുന്നതിലെ ദൂഷ്യമാണ്. വയറ്റുപോക്ക്, പൊതുവായ ക്ഷീണം, തൂക്കം കുറയുക എന്നിവ ലക്ഷണങ്ങളാണ്. മലം വിവർണ്ണവും സ്ഥൂലവും നുരച്ചു കൊഴുത്തതുമായിരിക്കും. വ്യത്യസ്ത ഘട്ടങ്ങളിലായി ചികിത്സ ചെയ്യേണ്ടിവരും. 1. ഭക്ഷണപരമായ ചികിത്സ; 2.വിജലീകരണ ചികിത്സ; 3. രോഗശമനാന്തര ചികിത്സ, ഗാസ്ട്രോമോൺ ഓരോ ഗുളിക വീതം രണ്ടുനേരം വീതവും ആൽബോസാങ്ങും വൈറ്റസ്സോണും രണ്ടു പ്രാവശ്യവും ഭക്ഷണത്തിനു മുമ്പും കഴിക്കാൻ നിർദ്ദേശിക്കാം. നിയന്ത്രിത ഭക്ഷണം (പാലും പഴവും) ഔഷധചികിത്സയ്ക്കു സഹായകരമാകും. കാർബോഹൈഡ്രേറ്റും കൊഴുപ്പും കുറയ്ക്കണം.

**ആന്ത്രശൂല (Intestinal Colic) :** കുടലിലെ ഞരമ്പുവലിപോലെയുള്ള വേദനയാണിത്, കുടൽ വലിയുന്നതാകാം കാരണം (സാധാരണഗതിയിൽ മലബന്ധംമൂലം); അല്ലെങ്കിൽ കുടലിൽ വായുമുറ്റുന്നതുമൂലമാകാം. ചെറുകുടലിലെ ശൂല പെട്ടെന്നുണ്ടാകുന്ന കഠോരവേദനയാണ്; അതു അടിവയറ്റിന്റെ ഭാഗത്തായിരിക്കും. അവിടം അമർത്തിപ്പിടിച്ചാൽ ആശ്വാസം കിട്ടും. ചിലപ്പോൾ അതിസാരമോ മലബന്ധമോ ഉണ്ടാകും. അത്തരം രോഗികൾ മൂടിപ്പുതച്ചുസ്വസ്ഥമായി കിടക്കണം. ഒരു ഭക്ഷണവും കൊടുക്കരുത്. രോഗനിർണ്ണയം അഥവാ വകതിരിച്ചുള്ള രോഗ നിർണ്ണയം ശൂലയുടെ ചികിത്സയ്ക്കു സഹായകമാകാം. നിർകെട്ടിപ്പഴുത്ത പ്രകൃതം തോന്നിയാൽ ആശുപത്രിയിൽ പ്രവേശിപ്പിക്കുന്നതാണ് നല്ലത്. മറ്റു പ്രകാരത്തിലാണെങ്കിൽ, കുടൽവായു നീക്കാൻ ഒരു കുപ്പിയിൽ ചൂടുവെള്ളം നിറച്ച് 'കിഴിപിടിക്കുന്നതു'കൊണ്ടു ചില കേസുകളിൽ ഗുണം കിട്ടും. സാൽഫോസ് കൊടുത്ത് വായുസ്തംഭത്തിനു ആശ്വാസം വരുത്താം; അതുപോലെ മലബന്ധത്തിനും സ്പോളാക്സോ ഡയാസിനോ കൊടുത്ത് അതിസാരത്തിനു ചികിത്സിക്കണം.

## ***കരൾ – പ്ലീഹ*** (Liver- Spleen)

കാർബോഹൈഡ്രേറ്റ്, പ്രോട്ടീൻ, കൊഴുപ്പ് എന്നിവയുടെ ചയാപചയ പ്രക്രിയയിൽ ഒരു സുപ്രധാന പങ്കുവഹിക്കുന്ന അവയവമാണ് കരൾ. കരൾ രോഗത്തിനു കാരണം പലതാകാം. ഉദാഹരണം മലമ്പനി, ദുർമ്മേദസ്, കരൾവീക്കം, വിശപ്പില്ലായ്മ, അരുചി, പിത്തകോപം, മലബന്ധം, അതിസാരം എന്നിവ കരൾ രോഗംമൂലമുണ്ടാകും. ഇത്തരം കേസുകളിൽ ചികിത്സയ്ക്കുമുമ്പു രോഗനിർണ്ണയം ചെയ്യേതുണ്ട്. ഇത്തരം രോഗികൾക്കു മികച്ച പ്രോട്ടീൻ ഭക്ഷണവും നാരങ്ങാനീരും പാടനീക്കിയ പാലും ഇടയ്ക്കിടെ കൊടുക്കണം. ഭക്ഷിച്ച ആഹാരത്തിന്റെ പോഷണപരിണാമത്തെ ആശ്രയിച്ചാണ് ഈ ചികിത്സയുടെ വിജയം. മദ്യവും വറുത്തതോ മെഴുക്കുമുറ്റിയതോ അധികം സുഗന്ധമസാല ചേർത്തതോ ആയ ഭക്ഷണം തീരെ വർജ്ജിക്കണം. ശരിയായ മലശോധന ആവശ്യമാണ്. ശരിയായ വിശപ്പും ദഹനവും രോഗം ഭേദപ്പെടുന്നതിന്റെ ലക്ഷണങ്ങളാണ്. ഇതിനു സാൽഫോസും ഗാസ്ട്രോമോണും ഹെർബൽ ബീറ്റേഴ്സും(ഹെർബിറ്റേഴ്സ്) വളരെ സഹായിക്കും. ഇതേ മരുന്നുകൾ തന്നെ കുട്ടികൾക്കു



ചെറിയ മാത്രകളായി കൊടുക്കാം. രോഗം ഭേദപ്പെട്ടുവരുമ്പോൾ ആൽബോസാങ്ങ് കൊടുക്കുന്നത് നല്ലതാണ്.

പിത്താശയപിണ്ഡം (Gall Stones): പിത്താശയത്തിൽ കല്ലുണ്ടാകൽ ചിലപ്പോൾ ഒരു പ്രശ്നമാകാം. ചിലപ്പോൾ അത് പിത്തനാളിയെ തടസ്സപ്പെടുത്തുമാറ് വലുതാകും. അപ്പോൾ വലത്തെ വാരിയെല്ലിന്റെ അറ്റത്തും ചുമലിലും അസഹ്യവേദനയുണ്ടാകാം. അത് തീവ്രമാകുമ്പോൾ രോഗിക്കു നടുക്കവും വിയർപ്പുമുണ്ടാകും. ദുർബ്ബലമായി അതിവേഗത്തിൽ നാഡിമിടിപ്പും; ഓക്കാനവും ഉണ്ടാകും. തൊലി വിളർക്കും; കണ്ണു മഞ്ഞളിക്കും, ഞരമ്പുവലിക്കുള്ള ചികിത്സ നൽകണം. ഭക്ഷണത്തിൽ ശ്രദ്ധിക്കണം. ഹെർബൽ ബീറ്റേഴ്സ്കൊണ്ടു ശോധന ക്രമീകരിക്കണം. അമിതാഹാരം വർജ്ജിക്കണം. കൊഴുപ്പുള്ള ആഹാരം നിയന്ത്രിക്കണം. പച്ചക്കറികളും പഴങ്ങളും ധാരാളം കഴിക്കാം. രോഗാക്രമണങ്ങൾക്കിടയിൽ നടത്തപോലുള്ള ചെറിയ വ്യായാമം നന്ന്.

## ***പ്ലീഹ*** (Spleen)

മലമ്പനിമൂലം പൊതുവേ പ്ലീഹ വീങ്ങാം. അതിനു ഹെർബൽ ബീറ്റേഴ്സും (ഹെർബിറ്റേഴ്സ്) കൊടുത്ത് രണ്ടാഴ്ച ചികിത്സിക്കണം. ആൽബോസാങ്ങ് ശരിയായ ടോണിക്ക് ഔഷധമാണ്. ഈ സമയത്തുണ്ടാകാവുന്ന രക്തക്കുറവും ദൗർബ്ബല്യവും വിശപ്പില്ലായ്മയും പരിഹരിക്കാൻ അതുപയോഗിക്കണം.

## ***രോഗാണുബാധ*** (Infections)

മലമ്പനിയുടെ പരാദം ബാധിച്ച പെൺകൊതുകുകൾ കടിക്കുന്നതുവഴിയാണ് മലമ്പനി മനുഷ്യനിൽ പകരുന്നത്. രോഗം കഠിനമോ വിട്ടുമാറാത്തതോ ആകാം. വിറയൽ, നല്ലപനി, വിയർക്കൽ എന്നിവയാണ് കഠിനരോഗത്തിന്റെ സ്വഭാവം. ഒന്നിടവിട്ട ദിവസങ്ങളിലോ നാലാം ദിവസം തോറുമോ ഇത്തരം അസുഖങ്ങൾ ഉണ്ടാകുന്നു.

## ***മലേറിയ***

ശരിക്കുള്ള മലമ്പനിബാധയ്ക്ക് മൂന്നു ഘട്ടങ്ങളുണ്ട്. തണുപ്പുഘട്ടം, ചൂടുഘട്ടം, വിയർപ്പുഘട്ടം.

തണുപ്പുഘട്ടം : അര മുതൽ രണ്ട് മണിക്കൂർവരെ നീണ്ടു

നിൽക്കുന്നു. കൈകാലുകളിലും പുറത്തു വേദനയും വിറയലും ഉണ്ടാകും. പിന്നെ കുളിരു തുടങ്ങുന്നു. പല്ലുകൾ കുട്ടിയടിക്കും; ആകെ കിടിലം വരും. കൊടും തണുപ്പ് അനുഭവപ്പെടും.

ചൂടുഘട്ടം : പൊതുവേ നാലുമണിക്കൂർ നീണ്ടുനിൽക്കും. കുറേശ്ശെയായി ശരീരത്തിൽ ചൂടു വ്യാപിക്കുന്നതുപോലെ തോന്നും. അതോടൊപ്പം പലപ്പോഴും മയക്കവും ചിത്തവിഭ്രാന്തിയും ഉണ്ടാകും.

വിയർപ്പുഘട്ടം : ഒന്നുരണ്ടു മണിക്കൂർ നേരം ആകെ വിയർക്കുന്നതോടെ പനി കുറയുന്നു. വേദനയും അസ്വാസ്ഥ്യവും ഭേദപ്പെടുന്നു. രോഗാക്രമണം നിത്യേനയോ മൂന്നു ദിവസമോ നാലു ദിവസമോ കൂടുമ്പോഴോ, രോഗാണുവിന്റെ തരമനുസരിച്ച് ഉണ്ടാകാം.

***ഗൊണോറിയ*** (Gonorrhoea)

ഗൊണോകോക്കസ് എന്ന രോഗാണുവിന്റെ ബാധമൂലം ഉണ്ടാകുന്ന ഒരു ഗുഹ്യരോഗമാണിത്. മൂത്രാശയഭാഗത്തെയും(മൂത്രനാളി, മൂത്രസഞ്ചി, വൃക്ക) മറ്റു അവയവങ്ങളെയും അത് പിടികൂടുന്നു. മൂത്രനാളിയിൽ രൂക്ഷമായ പഴുപ്പും എരിച്ചിലോടെയുള്ള മൂത്രവാർച്ചയും ചലവാർച്ചയും ഉണ്ടാകും. മൂത്രനാളം പഴുത്തു വീങ്ങും. രോഗാണു രക്തത്തിലേയ്ക്കും കടക്കാവുന്നതാണ്. അങ്ങനെ രക്തവിഷബാധയുണ്ടാകാം. അല്ലെങ്കിൽ സന്ധികളേയും പേശിവ്യൂഹത്തെയും ബാധിക്കാം. സ്ത്രീകളിൽ ഗർഭപാത്രത്തിലേയ്ക്കും അണ്ഡനാളത്തിലേയ്ക്കും പ്രവേശിച്ചേക്കാം. തക്കതായ ചികിത്സ നടത്തിയാൽ എത്ര കടുത്ത ഗൊണോറിയ ബാധയേയും നിർവ്വീര്യമാക്കാൻ കഴിയും. അവഗണിച്ചാൽ രോഗം വിട്ടുമാറാത്ത അവസ്ഥയിലെത്തും. അയവില്ലായ്മ,സന്ധിവേദന, കണ്ണിനും ഹൃദയത്തിനും അസുഖം തുടങ്ങിയ ഒട്ടേറെ സങ്കീർണ്ണതകളിലേയ്ക്കും അതെത്തിക്കും. ഇത്തരം കേസുകളിൽ അയോബൈനും ബ്രഹ്മഡൈനും ദിവസം രുണ്ടു ഗുളിക വീതം രണ്ടു മൂന്നു മാസത്തോളം തുടർച്ചയായി കഴിക്കണം. പഴകിയ കേസുകളിൽ ഉണ്ടാവുന്ന ക്ഷീണം മാറ്റാൻ ആൽബോ-സാങ്ങ് സഹായിക്കുന്നു. മൂത്രച്ചുടുച്ചിലിനും ചലം പോക്കിനും ഹെമോപ്ലെക്സ് നാലു മണിക്കൂർ ഇടവിട്ട് കഴിക്കുന്നത് ഫലപ്രദമാണ്. ഇടയ്ക്കിടെ മൂത്രത്തിൽ ചലമുണ്ടോ എന്ന് പരിശോധിക്കണം. കൾച്ചർ സെൻസിറ്റൈസിംഗം ടെസ്റ്റുകളും (Culture sensitising) ഇടക്കിടെ വേണ്ടിവന്നേക്കാം. ചലം നിന്നതുകൊണ്ടുമാത്രം രോഗം മാറുന്നില്ല.

സ്ത്രീകളിലെ ഗൊണോറിയ രോഗത്തിനു ആഭ്യന്തരവും ബാഹ്യവുമായ ഊർജ്ജിതചികിത്സ ആവശ്യമാണ്. അവയവഭാഗം ശുദ്ധീകരിക്കുന്നതിൽ പ്രത്യേകം ശ്രദ്ധിക്കണം. മറ്റു ചികിത്സകളെല്ലാം പുരുഷന്മാരുടേതുതന്നെ.

ആഹാരം ക്രമീകരിക്കണം. ഭക്ഷണം ലളിതമായിരിക്കണം. മദ്യം നിഷിദ്ധമാണ്. ആറുമണിക്കൂർ കൂടുമ്പോൾ ആൽബോ-സാങ്ങ് കഴിക്കാവുന്നതാണ്.

***സിഫിലീസ്*** (Syphilis)

ട്രിപോണിമ പെല്ലാഡിയം (Triponema Palladeum) എന്ന ഒരു അണുജീവിയുണ്ടാക്കുന്ന രോഗമാണിത്. കഠിനവും വിട്ടുമാറാത്തതും ആന്തരികവുമായ പല സങ്കീർണ്ണരോഗങ്ങളും ഇതിന്റെ സ്വഭാവമാണ്. ലൈംഗിക സമ്പർക്കം ഉണ്ടായി ദിവസങ്ങൾക്കകം സാധാരണ പുണ്ണ് (ലൈംഗികാവയവങ്ങളിൽ) പ്രത്യക്ഷപ്പെടുന്നു. അതു വ്യാപിച്ചു കട്ടിവയ്ക്കുന്നു. സമീപത്തെ ഗ്രന്ഥികൾ വീങ്ങുകയും ചെയ്യുന്നു. ഇതു പ്രാരംഭമായുണ്ടാകുന്ന പുണ്ണായി അറിയപ്പെടുന്നു. ഗ്രന്ഥി വീങ്ങുന്നതിനെത്തുടർന്ന് പനിയും മറ്റു ഭാഗങ്ങളിൽ പഴുപ്പും പൊതുവായ അസുഖവും ഉണ്ടാകുന്നതാണ് രണ്ടാമത്തെഘട്ടം, പക്ഷാഘാതം പോലെ സിരാസംവിധാനത്തെ ബാധിക്കുന്ന തകരാറുകളുമായി ബന്ധപ്പെട്ടതാണ് മൂന്നാംഘട്ടം. സിഫിലിസ് ചികിത്സക്കുള്ള പ്രത്യേകോൽപ്പന്നം അയോബെൻ ആണ്. 24 മണിക്കൂർ ഇടവിട്ട് ഒരാഴ്ച അയോബെൻ കുത്തിവെയ്പ് നടത്തണം. പുണ്ണിന് ഹെമോപ്ലെക്സ് ഗുളിക മൂന്നോ നാലോ നേരം വീതം കഴിക്കുക; പുണ്ണ് അപ്രത്യക്ഷമായാൽ മാത്രയുടെ തോത് ദിവസത്തിൽ രണ്ടായി കുറയ്ക്കാം. കുറച്ചുകാലം അയോബൈനും തുടരണം. കഠിനമായ സിഫിലിസ് രോഗത്തിനു മാത്രമല്ല, വിട്ടുമാറാത്തതും ഒളിഞ്ഞു കിടക്കുന്നതുമായ മറ്റു രോഗബാധയിലും ഗുണം ചെയ്യും.

***നെഞ്ചിലും ശ്വാസകോശത്തിലും രോഗാണുബാധ*** (Chest and Lung Infections)

ശ്വാസകോശത്തിന്റെ മുകൾഭാഗത്തുണ്ടാകുന്ന രോഗാണു ബാധയാണ് നെഞ്ച് പഴുപ്പ്. (Bronchitis) തുടക്കത്തിൽ നെഞ്ചിന്റെ മേൽഭാഗത്ത് മുറുക്കവും പരുപരുപ്പും അനുഭവപ്പെടും. വരണ്ട ചുമയും തുടർന്നു പനിയും ഉണ്ടാകാം. ക്രമേണ ചുമയുടെ വരൾച്ച മാറും; ശ്വാസോച്ഛ്വാസ വിഷമം തോന്നും. അപ്പോൾ നെഞ്ചിനുള്ളിൽനിന്നു കുറുകൽ ശബ്ദം പുറപ്പെടും. ഈ അവസ്ഥയിൽ നാലുമണിക്കൂർ ഇടവിട്ട് കോഫ്ളിനും നൽകി നിരന്തര ചികിത്സ നടത്തണം. പനിച്ചൂട് വളരെ അധികമാണെങ്കിൽ ഹെമോപ്ലെക്സ്കൂടി കൊടുക്കണം. രോഗി കുറേ ദിവസം സ്വസ്ഥമായി കിടക്കണം. ധാരാളം വെള്ളവും പാലുപോലുള്ള ദ്രവഭക്ഷണവും കഴിക്കണം. ചെസോളോ റബ്സോണോ നെഞ്ചിലും പുറത്തും പുരട്ടുന്നത് നല്ലതാണ്. ഇതുമൂലം കിഴിപിടിക്കലും മറ്റും ഒഴിവാക്കാം.വിട്ടുമാറാത്ത നെഞ്ചുപഴുപ്പിന് മെഡിറ്റാബ് ശുപാർശ ചെയ്യപ്പെടുന്നു.

### ***ശ്ലേഷ്മവീക്കം*** (Pleurisy)

നെഞ്ചിൽ സൂചി തറയ്ക്കുന്നതുപോലുള്ള വേദനയോടെയാണ് ആരംഭം. ശ്വാസം കഴിക്കുമ്പോഴും ചുമയ്ക്കുമ്പോഴും വേദന കഠിനമായിരിക്കും. ഒരു തണുപ്പ് ബാധിച്ചതുപോലെയാണ് പലപ്പോഴും അതു തുടങ്ങുക. പനി 101 ഫാം ഡിഗ്രിയോളം വർദ്ധിക്കും. നീരിളക്കം ഉണ്ടായാൽ വേദന കുറയാൻ തുടങ്ങും. പക്ഷേ സാധാരണ ശ്വാസകൃച്ഛ്റം തുടർന്നുണ്ടാവുന്നു. പനി വർദ്ധിച്ച തോതിൽത്തന്നെ നിലനിൽക്കും. നേരിയ ചുമയും അനുഭവപ്പെട്ടേക്കാം. തണുപ്പ് ബാധിച്ച നിലയിൽ ഉയർന്ന പനിയും വല്ലാത്ത വിയർപ്പും ഉണ്ടെങ്കിൽ ശ്വാസകോശസഞ്ചിയിൽ ചലം അടിഞ്ഞുകൂടിയിട്ടുണ്ടെന്നു സംശയിക്കണം. ചികിത്സാപരമായ ലക്ഷണങ്ങളും സൂചനകളും വെച്ചുകൊണ്ടുള്ള താൽക്കാലിക നിർണ്ണയമാണിത്; അന്തിമതീരുമാനത്തിന്ന് നെഞ്ചിന്റെ സ്കൈയാഗ്രാം ആവശ്യമാണ്. ശരീരഘടനാപരമായ തകരാറുകൾ, തൂക്കം കുറയൽ എന്നിവയുമായി ബന്ധപ്പെട്ടതാണ് ഈ അടിയലൽ. ഇതിന് ചലം വലിച്ചെടുത്തു പ്രത്യണുകങ്ങൾ പ്രയോഗി(ശ്ലേഷ്മചർമ്മത്തിലും, പേശിയിലും)ക്കുന്നതിനുള്ള ശസ്ത്രക്രിയാചികിത്സ നടത്തണം. ഇത്തരം കേസുകളിൽ ഹെമോപ്ലെക്സ് പ്രധാന പരിഹാരങ്ങളാണ്. ചെസോൾ രാവിലെയും രാത്രിയും പുരട്ടുന്നതുകൊണ്ട് വേദനയ്ക്ക് ആശ്വാസം കിട്ടുമെന്നു മാത്രമല്ല, രോഗത്തിനു പ്രതികൂലമായ ഫലമുണ്ടാക്കുകകൂടി ചെയ്യുന്നു. ഈ കേസുകളിൽ രോഗിയുടെ ജീവശക്തി ഉയർത്താൻ ആൽബോ-സാങ്ങ് സഹായിക്കുന്നു. ചിലപ്പോൾ ഒരു നിശ്ചിത കാലയളവിൽ ക്ഷയരോഗത്തിനുള്ള ചികിത്സയും ആവശ്യമായേക്കും.



### ***ക്ഷയം*** (Tuberculosis)

രോഗികളെ സാനറ്റോറിയത്തിൽ കിടത്തി ചികിത്സിക്കുന്നതാണ് ഏറ്റവും നല്ലത്. രാസൗഷധങ്ങൾ കൊടുത്തു ചികിത്സിക്കുകയുംവേണം. അവർക്കു പനിയും ചുമയും ഉള്ളപ്പോൾ വിശേഷിച്ചും, വിശ്രമവും പ്രത്യേക പോഷകാഹാരവും ആവശ്യമാണ്. ക്ഷയരോഗത്തിന്റെ ആരംഭാവസ്ഥയിൽ രോഗിക്ക് ദൗർബ്ബല്യവും അനുഭവപ്പെടുന്നതും എളുപ്പത്തിൽ ക്ഷീണിതനാകുന്നതുമാണ്. രാത്രി വല്ലാതെ വിയർക്കും. പലപ്പോഴും വിശപ്പില്ലായ്മയും ഉണ്ടാകുന്നു. നേരിയ തോതിലെങ്കിലും ഇടവിടാതെ ചുമയുണ്ടാകും. രക്തക്കുറവ് ഒരു പ്രധാനലക്ഷണമാണ്. രോഗം വർദ്ധിക്കുന്നതനുസരിച്ച് വൈകുന്നേരമായാൽ പനി വർദ്ധിക്കുന്നു. വിയർപ്പും മെലിച്ചിലും വർദ്ധിക്കുന്നു. ചുമയ്ക്കുമ്പോൾ വേദന അനുഭവപ്പെടും. ശക്തിയായ ഞരമ്പുവലിയും ഉണ്ടാകുന്നു. കഫം ധാരാളം ഇളകും; ചിലപ്പോൾ അതിൽ രക്തത്തിന്റെ അംശമുണ്ടാകും.

ആൽബോ-സാങ്ങ് ഉപയോഗിക്കാൻ ഞങ്ങൾ ശുപാർശ ചെയ്യുന്നു. അത് ഈ രോഗത്തിനെതിരെ വിശേഷിച്ചും. എല്ലാ രോഗങ്ങൾക്കുമെതിരെ പൊതുവെയും, ശരീരത്തെ ബലപ്പെടുത്തുന്നു. സത്യത്തിൽ ക്ഷയരോഗത്തിന്റെ ആദ്യഘട്ടത്തിൽ രാസൗഷധചികിത്സയോടൊപ്പം ആൽബോ-സാങ്ങ് കഴിച്ചാൽ വളരെ ഫലപ്രദമായിരിക്കും. രോഗിയെ സാനിട്ടോറിയത്തിലേക്ക് അയയ്ക്കാൻ സാധിക്കുകയില്ലെങ്കിൽ, ശുദ്ധവായു ലഭിക്കാൻ രോഗിയെ ഒരു പൂന്തോട്ടത്തിൽ ഇരുത്തണം. ചുമയുടെ ചികിത്സയ്ക്കു മെഡിറ്റാബ് ചെറിയ മാത്രകളായി കൊടുക്കാം. ശ്വാസകോശത്തിൽനിന്ന് രക്തം പൊടിയുന്നതിന്ന് ചീനിയം-കോ വൈറ്റസ്സോൺ എന്നിവ കൊടുക്കണം. പഴച്ചാറ്, പാൽ, ടോണിക്ക് എന്നിവ കൊടുത്ത് തൂക്കം കുറയുന്നതു തടയാം.

### ***വില്ലൻചുമ*** (Whooping Cough)

കുട്ടികൾക്ക് സാധാരണ ഉണ്ടാകുന്ന ഒരു പകർച്ചവ്യാധിയാണിത്. ചുമ തുടർന്നു ശബ്ദത്തോടുകൂടി ശ്വാസം വലിയോ ഏങ്ങലോ ആണ് ഇതിന്റെ സ്വഭാവം. കട്ടിയായ കൊഴുത്ത കഫം ധാരാളം പുറത്തുചാടും. ഉറങ്ങുന്നതിനു മുമ്പോ ഭക്ഷണശേഷമോ പലപ്പോഴും രോഗമൂർച്ഛ ഉണ്ടാകും. രോഗാക്രമണത്തിനു മുമ്പ് കണ്ണ് ചോരച്ച് പുറത്തേയ്ക്കു തള്ളും. തീവ്രതയനുസരിച്ച് ആക്രമണത്തിന്റെ തവണ കൂടുകയോ കുറയുകയോ ചെയ്യും. നിയമേന ഛർദ്ദിക്കുന്നതുവരെയോ കൊഴുത്ത കഫം പുറത്തുവരുന്നതുവരെയോ ആശ്വാസം കിട്ടില്ല.

രോഗം പകരുന്നതാകയാലും കുട്ടികൾക്കു എളുപ്പത്തിൽ പകരാനിടയുണ്ടെന്നതിനാലും ഏക്കം ബാധിച്ച കുട്ടിയെ വേറെയാക്കണം. പനിയുള്ളപ്പോൾ തണുപ്പില്ലാത്ത കാറ്റോട്ടമുള്ള മുറിയിൽ കിടക്കയിൽ കിടത്തണം. ഛർദ്ദി അധികമുണ്ടെങ്കിൽ ആഹാരം പാൽമാത്രമായി ചുരുക്കണം. ഡാബ്ലെൻ ഇതിനു ഫലപ്രദമായ പരിഹാര ഔഷധമാണ്. ഞരമ്പുവലി തടയാനും കഫം ഇളക്കാനും ഇതു സഹായിക്കുന്നു.

കൂടാതെ കഠിനമായ രോഗാവസ്ഥയെ നിയന്ത്രിക്കാൻ വൈറ്റസ്സോൺ കൊടുക്കാവുന്നതാണ്. ചെസോൾ നെഞ്ചിൽ പുരട്ടി തടവുന്നത് രോഗാക്രമണത്തെ തടയാൻ സഹായിക്കുന്നു. പനിച്ചൂടിന് ഡെസിൽ കൊടുക്കാം.

***പ്രമേഹം*** (Diabetes)

പിത്താശയ ക്രമക്കേടുകളുമായി ബന്ധപ്പെട്ട രോഗമാണിത്. കാർബോ-ഹൈഡ്രേറ്റ്, മാംസ്യം കൊഴുപ്പ് എന്നിവയുടെ ചയാപചയ പ്രക്രിയ തൽഫലമായി തകരാറിലാവുന്നു. അതിയായ ദാഹം, വിശപ്പ്, മൂത്രമൊഴിക്കൽ എന്നിവ ഇതിന്റെ സ്വഭാവമാണ്. രക്തത്തിൽ പഞ്ചസാരയുടെ തോത് വർദ്ധിക്കാം. മൂത്രത്തിൽ പഞ്ചസാര കാണും. തെറ്റായ ചയാപചയപ്രക്രിയയുടെ ഫലമായ ഈ രോഗത്തിന് ദഹനക്രമക്കേടുമായി ബന്ധമുണ്ട്. സാധാരണ വല്ലാത്ത വിശപ്പുണ്ടാകുമെങ്കിലും രോഗി മെലിഞ്ഞിരിക്കും . പേശീദുർബ്ബലത, അസഹ്യത ഒരുതരം മനസ്സിടിച്ചിൽ എന്നിവയുണ്ടാകും. ചുണ്ടുകളും വായും തൊലിയും വളരുന്നു. നീണ്ടുനിന്നാൽ രക്തസമ്മർദ്ദവും ,കാഴ്ചശക്തിക്കു മാറ്റങ്ങളും സംഭവിക്കുന്നു. ചിലപ്പോൾ സിരാവ്യൂഹങ്ങളെയും ബാധിച്ചേക്കാം. പ്രമേഹത്തിന്നുള്ള



പൊതുചികിൽസ (1) നിയന്ത്രിതാഹാരം,(2) മിതമായ വ്യായാമം,(3) ഔഷധങ്ങൾ എന്നിവയുടെ പരിധിയിൽ നിർവ്വഹിക്കണം.

ആഹാരം രോഗിയുടെ തൂക്കവും രോഗത്തിന്റെ കാഠിന്യവും അനുസരിച്ച് പരിമിതപ്പെടുത്തണം. ഊർജ്ജസ്വലരായ രോഗികൾക്ക് അതിനൊത്ത ഭക്ഷണം ആവശ്യമാണ്. നടത്തം പ്രമേഹരോഗികൾക്കുള്ള ഏറ്റവും നല്ല വ്യായാമമുറയാണ്. പാട നീക്കിയതും പഞ്ചസാര ചേർക്കാത്തതുമായ പാൽ, റൊട്ടിയോ ചപ്പാത്തിയോ, ചെറിയ അളവിൽ കൊഴുപ്പും ചോറും ഭക്ഷണത്തിൽ ഉൾപ്പെടുത്തണം. വൻതോതിലുള്ള അരിഭക്ഷണം,പഞ്ചസാര, സ്റ്റാർച്ചുള്ള ഭക്ഷണം, വാഴപ്പഴം,മാങ്ങ എന്നിവ വർജ്ജിക്കുകയോ, മൂത്രത്തിൽ പഞ്ചസാരയുടെ അംശമില്ലെന്നു കാണുകയും രോഗലക്ഷണം അപ്രത്യക്ഷമാവുകയും ചെയ്യുന്നതുവരെ അവ പരിമിതപ്പെടുത്തുകയോ വേണം. മധുരനാരങ്ങപോലുള്ള സൈട്രസ് പഴങ്ങൾ ഒന്നോ രണ്ടോ ആകാം. പ്രമേഹത്തിനുള്ള മരുന്ന് മെർസിനയാണ്. ഒന്നു മുതൽ രണ്ടുവരെ കേപ്സ്യൂൾസ് മൂന്നുനേരം വീതം രണ്ടാഴ്ച കഴിക്കാം. മൂത്രത്തിൽ പഞ്ചസാര കുറയുന്നതിനനുസരിച്ചു ഒന്നുരണ്ടു കേപ്സ്യൂൾ രണ്ടുനേരം വീതം കഴിക്കുന്നതു തുടരാം. രക്തത്തിൽ പഞ്ചസാരയുണ്ടോ എന്നു ഇടയ്ക്കിടെ പരിശോധിക്കണം. എന്നാൽ മനോമാന്ദ്യവും അസഹ്യതയും ഉണ്ടെങ്കിൽ സിരാവ്യൂഹത്തിലും ശ്രദ്ധ വയ്ക്കണം. മെർസിനയോടൊപ്പം വൈറ്റൽ എസ്സെൻസും ഞങ്ങൾ ശുപാർശ ചെയ്യുന്നു.

തൂക്കം കുറയുന്നതിനും പേശികളുടെ ദൗർബല്യത്തിന്നും ആൽബോ-സാങ്ങ് ഗുളിക ഒരിക്കലോ രണ്ടു പ്രവശ്യമോ കഴിക്കുന്നതു നല്ലതാണ്.

ഈ രോഗലക്ഷണങ്ങളെല്ലാം തന്നെ പ്രോട്ടീനിന്റെ (മാംസ്യം) കുറവുകൊണ്ടാണ്. അതുകൊണ്ട് മാസ്യം ധാരാളമുള്ള ഭക്ഷണവും ദഹനത്തിനുള്ള മരുന്നുകളും മിതമായ വ്യായാമവും പ്രമേഹരോഗികൾക്കു സഹായകമായിരിക്കും.

***നീര്*** (Dropsy or edema)

ഇതു രണ്ടുതരത്തിലുണ്ടാകാം.

1. അമർത്തിയാൽ കുഴിയാത്തത്
2. അമർത്തിയാൽ കുഴിയുന്നത്

കുഴിയാത്ത നീര് തൈറോയിഡ് ന്യൂനതമൂലമുണ്ടാകുന്നു. കുഴിയുന്നത് രക്തം കട്ടിപിടിക്കയാലുള്ള ഹൃദ്രോഗം മൂലമാകാം. കാൽപ്പടത്തിലോ അവയവങ്ങളുടെ താഴെ അറ്റത്തോ തൂങ്ങിക്കിടക്കുന്ന ഭാഗത്തോ നീരുണ്ടാകുന്നതു പൊതുവെ ഹൃദയ പ്രവർത്തനത്തിന്റ അപര്യാപ്തത മൂലമാകാം. എന്നാൽ മുഖത്തു നീരുവരുന്നതു വൃക്കയുടെ തകരാറുകൊണ്ടാണ്. അതുപോലെ അടിവയറ്റിൽ നീർ സംരഭണം ഉണ്ടാകുന്നതു കരളിന്റെ ക്രമക്കേടുകൾക്കൊണ്ടും ,പോഷണപരമായ നീര് രക്തം കട്ടയായുണ്ടാകുന്ന ഹൃദ്രോഗത്തിന്റെ ലക്ഷണമോ സൂചനയോ ആണ്. ഇതിനു പ്രാരംഭഘട്ടത്തിൽ വിറ്റാമിൻ ബി1, പ്രോട്ടീൻഭക്ഷണം. ആൽബോ -സാങ്ങ് എന്നിവ കൊടുത്തു ചികിൽസിക്കാം.

വൃക്കയെ ബാധിക്കുമ്പോൾ ടുറായി -കോ ആണ് ഉപയോഗിക്കേണ്ടത്. കരൾരോഗസംബന്ധമായ നീരിന് കൈനോട്ടോമൈനും, ഹൃദയസംബന്ധിയാണെങ്കിൽ ഗ്രാൻഡി-കോയും ഉപയോഗിക്കണം. എന്നാൽ ഏതുതരം നീരായാലും ഉപ്പിടാത്ത ഭക്ഷണം പ്രധാനമാണ്. നാരങ്ങാനീര് നല്ലതാണ്. മേൽപ്പറഞ്ഞ ചികിൽസയോടൊപ്പം പൂർണ്ണവിശ്രമവുമായാൽ വേഗം ശമനം കാണും.

### ***ഗ്രന്ഥികൾ*** (Glands)

ലസീകാ ഗ്രന്ഥിവീക്കം.
(1) ഗ്രന്ഥികൾക്കു വേദനയുണ്ടാകും. വീങ്ങും
ഉദാ: നീർകെട്ടി പഴുക്കുന്നു

കഠിനമായ ഈ രോഗാവസ്ഥയിൽ പ്രത്യണുക ഔഷധങ്ങൾകൊണ്ടാണ് പൊതുവേ ചികിത്സിക്കുക.

(2) ഗ്രന്ഥികൾ വീങ്ങിയിരിക്കാം. പക്ഷേ വേദന ഉണ്ടാവില്ല. പല രോഗാവസ്ഥകളിലും ഇങ്ങിനെ കാണാം. ഇതു ദുഷിച്ചുകൊണ്ടോ രോഗാണുബാധകൊണ്ടോ മറ്റു കാരണങ്ങളാലോ ആവാം. വ്യത്യസ്തരീതിയിലുള്ള രോഗപരിശോധന അപ്പോൾ അത്യാവശ്യമായിത്തീരുന്നു. ഗ്രന്ഥി കൂടിക്കുഴയാം. ഉദാ: ഹോഡ്ജ്കിൻ (Hodgkins) രോഗം. ക്ഷയരോഗ ഗ്രന്ഥികൾക്കു ക്ഷയരോഗ ചികിത്സ തന്നെവേണം. ശുദ്ധവായു, സൂര്യപ്രകാശം, ആൽബോ -സാങ്ങിനോടൊപ്പം പഴച്ചാറ് എന്നിവ ആവശ്യമാണ്. പഴുത്തു വിങ്ങിയ ഗ്രന്ഥികൾക്കു പ്രത്യണുക ചികിത്സയാണ് ഏറ്റവും നല്ല പ്രതിവിധി. സ്വയം പൊട്ടിച്ചുരുങ്ങുമെങ്കിൽ ശസ്ത്രപ്രയോഗം ആവശ്യമില്ല. എന്നാൽ വല്ല മുറിവുമുണ്ടെങ്കിൽ റിപ്പാൻഡോ പുരട്ടി മുറി കെട്ടേണ്ടതാവശ്യമാണ്. ഉണങ്ങുന്നതു മന്ദഗതിയിലാണെങ്കിൽ മുറിവിൽ ഹീലിങ്ങ് ഡസ്റ്റ് വിതറുന്നതു നന്നായിരിക്കും. വിട്ടുമാറാത്ത എല്ലാ രോഗാവസ്ഥകളിലും ആൽബോ-സാങ്ങും പാലും പഴച്ചാറും നൽകി ചികിത്സിക്കണം.



### ***ത്വക്ക് രോഗബാധ*** (Skin affection)

ത്വക്ക് രോഗങ്ങൾ കഠിനമോ പഴകിയതോ ആവാം. കഠിനമായ രോഗബാധയ്ക്കു അണുനാശിനികൊണ്ടു ചികിത്സിക്കണം. പുറമെ മരുന്നു വച്ചു കെട്ടുകയോ മരുന്നുപുരട്ടി തുണികൊണ്ട് പൊതിയുകയോ പ്ലാസ്റ്റർ ഇടുകയോ ചെയ്യണം. ചില പഴകിയ രോഗലക്ഷണങ്ങളിൽ ശരീരാന്തർഭാഗത്തെ ദൂഷ്യം നീക്കാൻ മരുന്നു കഴിക്കുകയും വേണം. അയോബെൻ രക്ത ശുദ്ധീകരണ ഔഷധമായി അറിയപ്പെടുന്നു. ആൽബോ-സാങ്ങ് രക്തത്തെ പൊതുവായി സമ്പുഷ്ടമാക്കുന്നു. റിപ്പാൻഡോ പുറമേ ഉപയോഗിച്ചാൽ തഴുതണം മൂലവും മറ്റു പ്രകാരത്തിലും തൊലിയിലുണ്ടാവുന്ന തടിപ്പും കാർക്കശ്യവും നീങ്ങും. അയോബെൻ തൊലിക്കിടയിൽ കുത്തിവെച്ചാൽ ത്വക്‌രോഗങ്ങളിൽ വളരെ മികച്ചഫലം ചെയ്യുമെന്നു ഇയ്യിടെ പരീക്ഷണങ്ങളിൽ തെളിഞ്ഞിരിക്കുന്നു.

സാധാരണ കാണുന്ന ത്വക്ക്രോഗമാണ് ചിരങ്ങ്; അത് പകരുന്നതുമാണ്. കഠിനമായ ചൊറിയും, മാന്തുന്നതുമൂലം ചിലപ്പോൾ തൊലിയിൽ നീർക്കെട്ടും ഉണ്ടാകും.

പൊതു ആരോഗ്യത്തിലും രോഗ ബാധിച്ച തൊലി വൃത്തിയായി സൂക്ഷിക്കുന്നതിലും ശ്രദ്ധവയ്ക്കണം. ആവശ്യമായി വരുമ്പോൾ വസ്ത്രവും കിടക്കവിരിയും മാറ്റണം. രോഗാണു പകർച്ച ആവർത്തിക്കാതിരിക്കാൻ ശുചിത്വം പാലിക്കണം. എരിച്ചിലുണ്ടാകുന്ന സോപ്പുകൾ ഉപയോഗിക്കരുത്. ഹെർബോ-സൾഫ് ഒന്നിന് പത്ത് എന്ന തോതിൽ റിപ്പാൻഡോവിൽ ചാലിച്ച് കിടക്കാൻ നേരം പുറമേ പുരട്ടാം. അടുത്ത ദിവസം ഇതു കഴുകിക്കള

യാം.

***പുഴുക്കടി*** (Ring worm)

ശരീരത്തിന്റെ ഏതെങ്കിലും ഭാഗത്തു ബാധിക്കാവുന്ന ഒരു ത്വക്ക് രോഗമാണിത്. ഒരു പാടായി പ്രത്യക്ഷപ്പെട്ടു വട്ടം വച്ചു വലുതാകുന്നു. താടിയിലും തലയിലെ തൊലിയിലും മറ്റും പുഴുക്കടി ഉണ്ടാകാം. തലയോട്ടിയിലാണെങ്കിൽ ചെതുമ്പൽപോലെ വട്ടം വെച്ചുണ്ടാകുന്നു. അവിടെ മുടി നേർക്കും, നീളം കുറയും, ശക്തി കുറഞ്ഞു പിരിയുകയും ചെയ്യും. സ്കിൻമെന്റ് പുരട്ടി പുഴുക്കടി മാറ്റാം. രാവിലെ അതു കഴുകിക്കളയണം.

***വരട്ടുചൊറി*** (Psoriasis)

വിട്ടുമാറാത്ത ഒരുതരം ചർമ്മവ്യാധിയാണിത്. ശരീരത്തിന്റെ ഏതെങ്കിലും ഭാഗത്ത് ചെതുമ്പൽപോലെ ഇതു പൊട്ടിയുണങ്ങുന്നു.

***തഴുതണം*** (Eczema)

ഇതൊരു സാധാരണ ചർമ്മരോഗമാണ്. ചർമ്മത്തിനുണ്ടാകുന്ന ഒരുതരം തീർപ്പഴുപ്പ് ആണ് തഴുതണം. ചുവപ്പുനിറത്തോടെ അതു പ്രത്യക്ഷപ്പെടുന്നു. പിന്നീടതു ഉണലായി പൊട്ടും. ഈ ഉണലുകളിൽ നീരുകെട്ടുന്നു. പുറത്തുനിന്നു അണുബാധയുണ്ടായാൽ മുകൾപ്പരപ്പിൽ ചലം വയ്ക്കും;പിന്നെ നീരുണങ്ങി അവിടെ പൊറ്റ കെട്ടുന്നു. എപ്പോഴും ചൊറിച്ചിലുണ്ടാകും. അപ്പോൾ മാന്തുന്നതുമൂലം പിന്നെയും അണുബാധയുണ്ടാകാം.

അയോബെൻ കഴിച്ചുള്ള ചികിത്സയാണ് വേണ്ടത്. പുറമെ റിപ്പാന്റോ പുരട്ടി ഉരസിപ്പിടിക്കണം. ഹെർബോസൾഫ് കഴിക്കുകയോ റിപ്പാന്റോയിൽ (1:5 അനുപാതം) ചേർത്തു പുരട്ടുകയോ (കഴിക്കലും പുരട്ടലും ഒന്നിച്ചും ആവാം) ചെയ്താലും നല്ല ഫലം കാണും. വെണ്ണ, നെയ്യ് എന്നിങ്ങനെയുള്ള എണ്ണപദാർത്ഥങ്ങൾ ചേർത്ത് ഹീലിങ്ങ് ഡസ്റ്റ് രാവിലെയും കിടക്കാൻ നേരത്തും പുരട്ടിയാലും അസുഖം വേഗം നീങ്ങിക്കിട്ടും. സ്കിൻമെന്റും ഇത്തരം കേസുകളിൽ വിജയകരമായി ഉപയോഗിക്കാം. സാധാരണ ചർമ്മവ്യാധികൾക്കെല്ലാം മാംസ്യപുഷ്ടമായ ഭക്ഷണം കഴിച്ചു ചികിത്സിക്കണം. നാരങ്ങ, വിറ്റാമിൻസി,. ആൽബോ-സാങ്ങ് എന്നിവ



ശരീരസംബന്ധമായ തകരാറുകൾ നീക്കം ചെയ്യാൻ സഹായിക്കും.

***തുവക്കാരി*** (Urticaria)

ചർമ്മത്തിൽ നീർകെട്ടി പോളയ്ക്കുന്നതാണ് ഈരോഗത്തിന്റെ സ്വഭാവം. അമിതമായ സംവേദന പ്രതികരണമുണ്ടാകുന്നു. വല്ലാത്ത ചൊറിച്ചിൽ തോന്നും. പൊതുവേ രോഗം അധികനാൾ നീണ്ടുനിൽക്കില്ലെങ്കിലും ഇടയ്ക്കിടെ ശല്യം ചെയ്യും. ചില അലർജിയുടെ (Allergy) പ്രത്യാഘാതമാകാം. മുട്ട, തോടുള്ള മത്സ്യം എന്നിവപോലുള്ള ആഹാരസാധനങ്ങളിലടങ്ങിയ അപത്ഥ്യാംശമോ വൈകാരിക ഉത്തേജനമോ ഇവയൊന്നുമല്ലെങ്കിൽ പരാദസംക്രമണമോ ആകാം രോഗകാരണം. ഇടയ്ക്കിടെ രോഗമുണ്ടാകുന്നുവെങ്കിൽ അതിന്റെ കാരണം ശരിക്കും കണ്ടുപിടിക്കാൻ ശ്രദ്ധിക്കണം. അത്തരം ഭക്ഷ്യസാധനങ്ങൾ വർജ്ജിക്കുന്നതു നല്ലതാണ്. പൊതു ആരോഗ്യം നന്നാക്കാൻ ശ്രമിക്കണം. ദുഷിപ്പിന്റെ ഉറവിടങ്ങൾ നീക്കം ചെയ്യണം. ശാരീരികക്ഷീണവും വൈകാരിക ഞെരുക്കവും ഒഴിവാക്കണം.കൈനോട്ടോമെൻ ഗുളികകൾ ദിവസത്തിൽ മൂന്നോ നാലോ നേരം കഴിക്കുന്നതു കൊണ്ട് ആശ്വാസം കിട്ടും. ഹെമോപ്ലെക്സ് ഒരു ഗുളിക തേനിലും ചുടുവെള്ളത്തിലും കഴിച്ചാൽ ഫലപ്രദമാണ്. മലബന്ധമുണ്ടെങ്കിൽ സ്പോളാക്സ് കഴിച്ചു നീക്കണം. ദീപനത്തിലും ശോധനയിലും പ്രത്യേക ശ്രദ്ധ വേണം. ആൽബോ-സാങ്ങ് മേൽപ്പറഞ്ഞ ഔഷധങ്ങളോടൊപ്പം കഴിക്കുന്നതു അനുയോജ്യമാണ്.

***മുറിവുകൾ*** (Wounds and cuts)

രക്തത്തിൽ വിഷാണുക്കൾ കടക്കാതിരിക്കാൻ ഉടൻ മുറിവു കെട്ടണം. പുരട്ടാൻ റിപ്പാൻഡോ ഉപയോഗിക്കാം. ചലം കെട്ടുന്നുണ്ടെങ്കിൽ മുറികെട്ടുംമുമ്പ് അത് കളയണം. ഉണക്കത്തിന് ഹെർബോസാൾഫ് ഉപയോഗിക്കാം. വ്രണത്തിൽ നീരുണ്ടെങ്കിൽ ഹീലൻപോലുള്ള പൊടി വിതറണം. പഴുപ്പുള്ള മുറിവുകൾക്കെല്ലാം ഹെമോപ്ലെക്സ് (ഒരു ഗുളിക മൂന്നുനേരം വീതം) കൊടുക്കാവുന്നതാണ്.

***കുഴിനഖം*** (Whitlow)

തള്ളവിരലിലോ ഏതെങ്കിലും വിരലിലോ നീർക്കെട്ടുണ്ടാകുന്ന ഒരുതരം അണുബാധയാണ് ഈ രോഗം. രോഗബാധ വ്യാപ

കവും വേദനയോടുകൂടിയതുമാണെങ്കിൽ ശസ്ത്രപ്രയോഗം നടത്താവുന്നതാണ്. നാരങ്ങപ്പഴങ്ങൾ കഴിക്കുന്നത് ഫലപ്രദമായിക്കണ്ടിട്ടുണ്ട്.

***ഗ്രഹണി*** (Rickets)

വിറ്റാമിൻ ഡി യുടെ കുറവുമൂലം കാൽസിയം ചയാപചയത്തിലെ തകരാറുകൊണ്ടും ഉണ്ടാകുന്ന രോഗമാണിത്. ഇത് സാധാരണ കുട്ടികളിലാണ് കാണുക. വിറ്റാമിൻ ഡിയുടെ കുറവു ഗർഭകാലത്തോ മുലയൂട്ടുന്ന കാലത്തോ നല്ല ഭക്ഷണം കഴിക്കാതിരുന്നതുകൊണ്ടാകാം. ചില പ്രത്യേക സാഹചര്യത്തിൽ സൂര്യപ്രകാശത്തിന്റെ അഭാവംകൊണ്ടും വിറ്റാമിൻ ഡിയുടെ കുറവുവരാം. അസ്വസ്ഥത, തലവല്ലാതെ വിയർക്കുക, അസഹ്യത എന്നിവയാണ് പ്രാരംഭഘട്ടത്തിൽ കുട്ടികളിൽ കാണുന്ന ലക്ഷണങ്ങൾ. അസ്ഥികളുടെ അഗ്രം തടിക്കുക, പല്ലു മുളയ്ക്കാൻ വൈകുക എന്നീ ദൂഷ്യങ്ങളുമുണ്ടാകാം. കുട്ടി വൈകിയേ നടക്കാൻ തുടങ്ങൂ. വയർ തള്ളും. കാൽവളയും, മറ്റു പല അംഗവൈരൂപ്യങ്ങളും ഉണ്ടാകും. മുലപ്പാൽ കഴിക്കാത്ത കുട്ടികളിൽ ഇതു സാധാരണമാണ്. ഇതിനു നിവാരണവും ചികിത്സയും ആവശ്യമാണ്. കാൽസിയം അടങ്ങിയിരിക്കയാൽ ആൽബോസാങ്ങ് ഇത്തരം കേസുകളിൽ വളരെ പ്രയോജനകരമാണ്. പാലിൽ ഇത് രണ്ടുനേരം വീതം കൊടുക്കണം. ശിശുക്കളെ മുലയൂട്ടുന്നത് വളരെ നല്ലതാണ്. എന്നാൽ വിറ്റാമിൻ ഡിയും കാൽസിയവും അടങ്ങിയ ഗുണം കൂടിയ ഭക്ഷണം കഴിക്കണം.

***ലൈംഗിക ദൗർബ്ബല്യവും വന്ധ്യത്വവും*** (Sexual insufficiency or impotence:)

സ്വാഭാവികമായ ലൈംഗികദാഹം തനിയെ ഉണ്ടാകുന്നതാണ്. യാതൊരു ദോഷവും കൂടാതെ ന്യായമായ രീതിയിൽ അതു ശമിപ്പിക്കാം. അത് രണ്ടുകക്ഷികൾക്കും ഗുണകരമാണ്. ലൈംഗികമായ അതിക്രമങ്ങളും ദുരുപയോഗങ്ങളും വന്ധ്യത്വം ഉണ്ടാക്കുക, മാത്രമല്ല നാഡീവ്യൂഹത്തെ ശിഥിലീകരിക്കുകയും മാനസിക മണ്ഡലങ്ങളെ ക്ഷീണിപ്പിക്കുകയും ചെയ്യും.

ദൗർബ്ബല്യവും ശാരീരികക്ഷീണംകൊണ്ടോ സിരാദൗർബ്ബല്യം കൊണ്ടോ ആകാം. മാനസികാവസ്ഥയുടെ ഫലമായും ചില രോഗബാധയുണ്ടാക്കുന്ന തകരാറുകളുടെ ഫലമായും ഉണ്ടാകാം.ദഹനദൂഷ്യം, കരൾരോഗങ്ങൾ, ഗൊണോറിയ, സിഫിലിയസ് എന്നീ ഗുഹ്യരോഗങ്ങളും അതിന് കാരണമാകാം.



ചികിത്സ: രോഗിയുടെ പൂർവ്വകാലത്തെപ്പറ്റി ശ്രദ്ധയോടും അനുഭാവത്തോടും കൂടി ചോദിച്ചറിയുന്നത് രോഗകാരണം കണ്ടെത്താൻ സഹായകരമാകും. പോഷണം ലൈംഗികശേഷിയിൽ ഒരു പ്രധാന പങ്കുവഹിക്കുന്നുണ്ട്. ദീപനത്തകരാറുകൾ നേരെയാക്കണം. പതിവായി വ്യായാമം ചെയ്യാനും വിവാഹബന്ധത്തിനു പുറത്ത് സംഭോഗം നടത്താതിരിക്കാനും അയാളെ ഉപദേശിക്കണം. സെൻസൈൻ ലൈംഗികക്രിയയിൽ ലളിതമായ ഉത്തേജനം നൽകും. രണ്ടു ഗുളികകളുടെ മാത്ര മൂന്നുനേരംവീതം കഴിക്കണം. സിരാമാന്ദ്യമുണ്ടെങ്കിൽ വൈറ്റസ്സോൺ കൊടുക്കണം. ആൽബോ-സാങ്ങ് ഒരു ടോണിക്കായി രാവിലെയും വൈകുന്നേരവും പാലിൽ കഴിക്കണം.

***പുരുഷന്മാർക്കുണ്ടാകുന്ന സ്വപ്നസ്ഖലനം*** (Night emissions in males)

സ്വപ്നസ്ഖലനത്തെക്കുറിച്ച് പലരും അനാവശ്യമായി വേവലാതിപ്പെടുന്നു. യുവാക്കളിൽ ആഴ്ചയിലൊരിക്കൽ ഉണ്ടാകുന്ന സ്ഖലനം സ്വാഭാവികമാണെന്ന് കരുതണം. എന്നാൽ വർഷങ്ങളായി ലൈംഗികശേഷി ദുരുപയോഗപ്പെടുത്തുന്നവർക്ക് സ്വപ്നസ്ഖലനമുണ്ടാകുന്നുണ്ടെങ്കിൽ അതു രോഗമായി കരുതണം. അവരും നിരാശപ്പെടേണ്ടതില്ല. പതിവായി വെണ്ണ, പാൽ, നാരങ്ങാനീര് എന്നിവ കഴിക്കുകയും സസ്യേതര ഭക്ഷണം താൽക്കാലികമായി വർജ്ജിക്കുകയും ചെയ്താൽ ആരോഗ്യം പരിഹരിക്കാം. രോഗി മദ്യം കഴിക്കാൻ പാടില്ല. കാലത്ത് ആൽബോസാങ്ങ് പാലിൽ കഴിക്കുകയും കിടക്കാൻനേരം നെവോസ് ഒന്നു രണ്ടു ഗുളികകൾ കഴിക്കുകയും വേണമെന്ന് നിർദ്ദേശിക്കാം. എല്ലായ്പ്പോഴും മലബന്ധം ഒഴിവാക്കണം.

***ഫോസ്ഫാറ്റൂറിയ*** (Phosphaturia)

മൂത്രത്തിൽ ഫോസ്ഫറേറ്റ് ലവണം പോകുന്നതിന് ഒരു വൈറ്റൽ എസ്സെൻസ് ഗുളിക രണ്ടുനേരം വീതവും രണ്ടു നെവോസ് ഗുളിക കിടക്കാൻ നേരവും കഴിക്കുന്നതു നല്ലതാണ്. രണ്ടു ഔഷ

ധങ്ങളും ദിവസത്തിൽ മൂന്നുപ്രാവശ്യം ഒന്നിച്ചു കഴിക്കാവുന്നതാണ്.

***അറിയാതെയുള്ള ശുക്ലസ്ഖലനം*** (Spermatorrhea)

ഫോസ്ഫറസ് ലവണം പോകുന്ന അസുഖം ശുക്ലസ്ഖലനമാണെന്ന് തോന്നിയേക്കാം. പാലും പഴങ്ങളും അസുഖം കുറയ്ക്കും. ആൽബോ-സാങ്ങ് രണ്ടു നേരം വീതം കഴിക്കണം. സ്ഖലനം ലൈംഗികക്ഷീണവുമായി ബന്ധപ്പെട്ടതാണെങ്കിൽ ചെറിയ മാത്രകളായി സെൻസൈൻ കഴിക്കാം.

***കാസശ്വാസം*** (Asthma)

ഉപശ്വാസനാള(ക്ലോമ)സംബന്ധമായ കാസശ്വാസത്തിന്റെ സ്വഭാവങ്ങൾ പലതാണ്. ശ്വാസഗതിയിൽ കുറുകുന്നുതുപോലെ ശബ്ദമുണ്ടാകും. ശ്വാസതടസ്സം വരും. ഇതിന്നുകാരണം ഇടുങ്ങിയ ക്ലോമങ്ങളിലൂടെയുള്ള വായുഗതിക്കു വർദ്ധനമായ പ്രതിബന്ധം വരുന്നതുകൊണ്ടാണ്.

കാരണങ്ങൾ

(1) അലർജിയാവാം

(2) വൈകാരികമായ പിരിമുറുക്കമാകാം. മാനസികമായ ആഘാതമോ സമ്മർദ്ദമോ ഇതു ത്വരിതപ്പെടുത്തുന്നു.

(3) ശ്വസനേന്ദ്രിയങ്ങളിലെ രോഗാണുബാധമൂലമാകാം.പ്രത്യണുകൗഷധങ്ങൾ കൊടുത്തു നിയന്ത്രിച്ചാൽ അസുഖം കുറയും.

എന്നാൽ ഇതുസംബന്ധിച്ച മുഖ്യമായ രണ്ടുകാര്യങ്ങൾ ഇവയാണ്. ക്ലോമസിരാക്ഷോഭവും ക്ലോമചർമ്മവീക്കവും. ആസ്തമാ സംബന്ധമായ ക്ലോമതടസ്സങ്ങൾ അണുബാധയുണ്ടാകാനുള്ള മുൻ ഉപാധിയാണെന്നു തോന്നുന്നു. ക്ലോമ സംബന്ധമായ ആസ്തമ കഠിനമോ വിട്ടുമാറാത്തതോ ആകാം. സമാന്യമായി ശ്വസനേന്ദ്രിയഭാഗത്തെ രോഗാണുബാധയുമായി ബന്ധപ്പെട്ടിരിക്കുന്നു. ഈ അവസ്ഥ കാസശ്വാസം, നെഞ്ചുപഴുപ്പ് എന്ന് അറിയപ്പെടുന്നു.

കാസശ്വാസത്തിന്റെ ആക്രമണം മിയ്ക്കപ്പോഴും രാത്രിയാണുണ്ടാവുക. രോഗി ഉണർന്നു ശ്വാസം കിട്ടാൻ വിഷമിക്കുന്നു.



വ്യാകുലമനസ്സോടെ അയാൾ കിടക്കയിൽനിന്നെഴുന്നേറ്റ് ചെന്നു ജനാല തുറന്നു കൂടുതൽ വായുകിട്ടാൻ ശ്രമിക്കും. (ചിലപ്പോൾ ഹൃദയവുമായും ഇതു ബന്ധപ്പെട്ടിരിക്കും. ഇതിനു കാർഡിയാക്ക് ആസ്തമ (Cardiac Asthma) എന്നു പറയുന്നു. രക്തസമ്മർദ്ദം ഹൃദയത്തിന്റെ മറ്റു ക്രമക്കേടുകൾ എന്നിവയിലും കാർഡിയാക് ആസ്തമ ഉണ്ടാകുന്നു.)

ക്ലോമസംബന്ധിയായ കാസശ്വാസത്തിനു നീണ്ട ശ്വാസംവലിയുണ്ടാകും. രോഗി ധാരാളം കഫം തുപ്പിപ്പോയാൽ രോഗത്തിന്നു സമാധാനം കിട്ടും. അല്ലാഞ്ഞാൽ ശ്വാസനാളിയിൽനിന്നു കുറുകുറശബ്ദം ഉണ്ടായിക്കൊണ്ടിരിക്കും. ഈ രോഗികൾക്കു ഹേതുപദാർത്ഥങ്ങളെ സംബന്ധിച്ച് അറിവ് ഉണ്ടായിരിക്കണം. ഉദാഹരണത്തിന് ചില ഭക്ഷ്യപദാർത്ഥങ്ങളോ ഔഷധങ്ങളോ മദ്യം, രൂക്ഷഗന്ധം, അനാശാസ്യമായ ഏതെങ്കിലും ദൃശ്യം, വൈകാരികമായ തകിടം മറിയൽ എന്നിവയോ ക്ലോമസംബന്ധിയായ കാസശ്വാസാക്രമത്തിന്നു പ്രേരകമായേക്കാം. അതു പരിശോധിച്ചു നോക്കേണ്ടതു ആവശ്യമായേക്കാം. കുടലുകളിലെ പരാദസംക്രമണവും ചർമ്മവൈകല്യങ്ങളും മറ്റും സാധാരണ ഇസിനോഫീലിയ (Eosionphilia)യ്ക്കും തദ്വാരാ ക്ലോമസംബന്ധിയായ കാസശ്വാസാവസ്ഥയ്ക്കും ജന്മം നൽകിയേയ്ക്കും. ആരോഗ്യത്തെക്കുറിച്ചുള്ള സമാന്യശ്രദ്ധകൊണ്ടും ക്ഷീണം, മലബന്ധം, അമിതമായതീറ്റ എന്നിവ ഒഴിവാക്കുക വഴിയും കുറെയൊക്കെ രോഗാക്രമണം തടയാൻ കഴിയും. രാത്രിയിലെ ആഹാരം വളരെ ലഘുവായിരിക്കണം. അതു നേരത്തെ കഴിക്കുകയും വേണം. പത്ഥ്യമായ ആഹാരമേ രോഗിക്കുകൊടുക്കാവൂ.

രോഗഹേതുവനുസരിച്ചാണ് ചികിത്സ നൽകേണ്ടത്. രോഗാക്രമണം തടയാൻ ശ്രദ്ധവെയ്ക്കേണ്ടതാവശ്യമാണ്. ശ്വാസോച്ഛ്വാസവ്യായാമം കുട്ടികൾക്കും മുതിർന്നവർക്കും ഒരു പോലെ നല്ലതാണ്. ദസ്മ ഗുളിക കാസശ്വാസത്തിന്റെ ക്ഷോഭം തടയാനും നിയന്ത്രിക്കാനും കഫം ഇളക്കാനും വളരെ ഫലപ്രദമാണ്. രോഗാക്രമണങ്ങളുടെ ഇടവേളയിൽ മെഡിറ്റാബ് പ്രയോജനം ചെയ്യും. ചെസോൾ നെഞ്ചത്തു പുറമേ പുരട്ടുന്നത് വളരെ പ്രധാനമായ ഒരു അനുബന്ധ ചികിത്സയാണ്. പൊതു ആരോഗ്യം മെച്ചപ്പെടുത്താൻ ആൽബോസാങ്ങ് ഉപയോഗിക്കാം.

***ശിശുക്കൾക്കും കുട്ടികൾക്കുമുള്ള ചികിത്സ*** (Treatment of Babies

and Children)

ചികിത്സ മാതാവാകാൻ പോകുന്ന സ്ത്രീകളുടെ വിദ്യാഭ്യാസത്തോടുകൂടി ആരംഭിക്കുന്നു. ഗർഭിണികൾ ചില നിഷ്ടകൾ പാലിക്കണം. ശരിയായ ഭക്ഷണവും വ്യായാമവും അവർക്ക് ആവശ്യമാണ്. കഴിച്ച ആഹാരം ശരിയാംവണ്ണം ദഹിക്കുന്നുണ്ടോ എന്നു നോക്കണം. ശാരീരികമായോ മാനസികമായോ ആയാസവും വൈകാരികത്തകർച്ചയും ഉണ്ടായിക്കൂട. ആദ്യത്തെ മൂന്നുമാസം യാതൊരു മരുന്നും നിർദ്ദേശിച്ചുകൂട. ശിശുവിൽ അംഗവൈകല്യത്തിനു അതിടയാക്കും. കാൽസിയം, ഇരുമ്പ്, ഫോളിക് ആസിഡ് എന്നിവയടങ്ങിയ ടോണിക്കുകൾ ഭ്രൂണവളർച്ചയുടെ ഘട്ടത്തിൽ ആവശ്യമായേക്കാം. ആൽബോ-സാങ്ങ് അഭികാമ്യമായ ഔഷധമാണ്. മൂന്നാം ത്രൈമാസികക്കാലത്തു മറ്റു ടോണിക്കുകളോടൊപ്പം അതും തുടരണം. ശിശുവിന്റെ ശരീരഘടന പൊതുവേ മാതാപിതാക്കളുടെ ശരീരഘടനയെയും ഗർഭകാല ചികിത്സയെയും ഗർഭകാലത്ത് ബാധിക്കാവുന്ന അണുസംക്രമണത്തെയും ആശ്രയിച്ചിരിക്കും. മാസം തികയാത്ത കുഞ്ഞിനു പ്രത്യേക ശ്രദ്ധ ആവശ്യമാണ്. അവയവങ്ങൾ യഥായോഗ്യം വളർന്നിട്ടുണ്ടാവില്ല. ആഹാരത്തിന്റെയും മരുന്നിന്റെയും ചയാപചയപ്രക്രിയയും അവയുടെ വിസർജ്ജനവും കൂടുതൽ സങ്കീർണ്ണമാവാം. അവർക്കു ശരീരത്തിന്റെ തൂക്കത്തിനനുസരിച്ച മാത്രയാണ് ആവശ്യം. സാധാരണഗതിയിൽ കുറഞ്ഞമാത്രയാണ് അഭികാമ്യം. കുട്ടികൾക്കു എളുപ്പത്തിൽ രോഗസംക്രമണമുണ്ടാകും. എന്നാൽ, ആവണക്കെണ്ണപോലുള്ള വിരേചനികൾ അവർക്കു പത്ഥ്യമാണ്. കുട്ടികളുടെ ശോധന ക്രമീകരിച്ചുനിർത്തുകയെന്നതു അമ്മമാരുടെ ചുമതലയാണ്. എളുപ്പം ദഹിക്കുന്ന ഭക്ഷ്യങ്ങൾ നൽകലും ഛർദ്ദ്യതിസാരമോ അതുപോലുള്ള സംക്രമണരോഗങ്ങളോ ബാധിക്കാതെ നോക്കലും അവരുടെ ചുമതലയത്രേ. വളർച്ചയുടെ ഘട്ടത്തിലെ രോഗാണുബാധ വളർച്ച വിളമ്പിപ്പിക്കാനോ മുരടിപ്പിക്കാനോ കാരണമായേക്കാം. അതിനാൽ രോഗബാധയിൽ അടിയന്തര ശ്രദ്ധ അത്യാവശ്യമാണ്. ഉദാഹരണത്തിന്നു വസൂരി, പൊട്ടി, മണൽ (അഞ്ചാംപനി), പിള്ളവാതം, വില്ലൻചുമ, എന്നിവ കുത്തിവെപ്പ് വഴി തടയാൻ കഴിയും. ഗർഭിണികളെപ്പോലെ കുട്ടികൾക്കും സമ്പുഷ്ടവും എളുപ്പം ദഹിക്കുന്നതുമായ ഭക്ഷണവും അതുവഴി ജീവകവും ലഭിക്കണം. അസ്ഥിയുടെ വളർച്ചയ്ക്കു ആൽബോസാങ്ങ് ഫലപ്രദമാണ്. വളരുന്ന കുട്ടികൾക്കു അതു നിർദ്ദേശിക്കാം. സാൽഫോസ് ഉപയോഗിച്ചു ദഹനം ശരിപ്പെടുത്തുകയും വേണം. ബയോസാൽ അഗ്നി വർദ്ധകമാണ്. പുറത്തേയ്ക്കു തേട്ടുന്ന ശിശുക്കൾക്കു വിശപ്പില്ലായ്മക്കു ഹെർബൽ- ബിറ്റേഴ്സ് (ഹെർബിറ്റേഴ്സ്)കൊണ്ടു ചികിത്സിക്കുന്നു.



### ***പല്ലു മുളയ്ക്കൽ*** (Dentition)

സാധാരണ ആറാംമാസത്തിൽ പല്ലുമുളയ്ക്കാൻ തുടങ്ങും. ക്ഷീണം ബാധിച്ച ശിശുക്കൾക്കു ഇതൊരു ദുർഘടഘട്ടമാണ്. പലപ്പോഴും ഛർദ്ദിയും അതിസാരവും അവർക്കുണ്ടാകുന്നു. നാം പ്രതീക്ഷിക്കുന്ന കാലയളവിൽ പല്ല് ശരിയാംവണ്ണം വരുന്നില്ലെങ്കിൽ ശിശുക്കൾക്കു ആൽബോ-സാങ്ങ് കൊടുക്കാൻ നിർദ്ദേശിക്കണം. പോഷണക്കുറവുള്ള കുട്ടികളിൽ സാധാരണ ശരിയാംവണ്ണം പല്ലു വരില്ല. അമ്മമാർ ഇതു പ്രത്യേകം ശ്രദ്ധിക്കുകയും വേണ്ട പ്രതിവിധി ചെയ്യുകയുംവേണം. പല്ലമുളയ്ക്കാൻ കാലമായാൽ സാൽഫോസ് പ്രത്യേകം ഫലപ്രദമാണ്. വലിയ വിഷമമുണ്ടെങ്കിൽ വൈറ്റൽ എസ്സെൻസ് കൊടുക്കണം.

### ***രക്തസമ്മർദ്ദം*** (Blood Pressure)

പ്രായമാകുമ്പോഴാണ് പൊതുവേ രക്തസമ്മർദ്ദം വർദ്ധിയ്ക്കുക. അടിസ്ഥാനപരമായ രക്തസമ്മർദ്ദമെന്നാണ് ഇതിനു പറയുക. ഗർഭകാലത്ത് രക്തവിഷബാധ (Toxaemia)മൂലവും രക്തസമ്മർദ്ദം വർദ്ധിക്കും. തലവേദന, തലകറക്കം, ശ്വാസം കിട്ടായ്ക., ചിലപ്പോൾ അസഹ്യത, ഉറക്കമില്ലായ്മ, നെഞ്ചിടിപ്പ് എന്നിവയാണ് പൊതുവേ അതിന്റെ ലക്ഷണങ്ങൾ. ഹൃദയത്തിന്റെയും വൃക്കയുടേയും പ്രവർത്തനത്തെ തകരാറിലാക്കുകയോ പക്ഷവാതം ഉണ്ടാക്കുകയോ ചെയ്തേക്കാം. ചിലപ്പോൾ അന്ധതയ്ക്കും കാരണമായേക്കാം. ഇങ്ങിനെയുള്ള കടന്ന അവസ്ഥകളിൽ ആശുപത്രിയിൽ കിടത്തി ചികിത്സിക്കുന്നതാണ് നല്ലത്.

ചിലപ്പോൾ ഇളംപ്രായത്തിലും വൃക്കയെ ബാധിക്കാറുള്ള ഉയർന്ന രക്തസമ്മർദ്ദം ഉണ്ടായെന്നുവരാം. അതു വളരെ ഗൗരവപ്പെട്ടതാണ്. മാനസികകാരണങ്ങളാലും ഉയർന്ന രക്തസമ്മർദ്ദം അനുഭവപ്പെടും. ഈ കേസുകളിൽ രക്തസമ്മർദ്ദത്തിന്നുള്ള ഔഷധങ്ങൾകൊണ്ടു ചികിത്സിച്ചുകൂട. വൈറ്റൽ എസ്സെൻസ് ഗുളിക

ഓരോന്നു മൂന്നുനേരംവീതം കഴിച്ചാൽ ഉൽക്കണ്ഠയും അസ്വസ്ഥതയും അകറ്റാം. രക്തസമ്മർദ്ദം കുറയുന്നതിന്നും ഏറുന്നതിനും ഒരു ടോണിക്കായി ആൽബോസാങ്ങ് കൊടുക്കാം; സ്പോളാക്സ് നൽകി മലബന്ധം നീക്കണം.

അടിസ്ഥാനപരമായ രക്തസമ്മർദ്ദത്തിനുള്ള ചികിത്സ: ഭക്ഷണശീലം ക്രമീകരിക്കുക, രാത്രി ലഘുഭക്ഷണമാക്കുക, മദ്യവും പുകവലിയും വർജ്ജിക്കുക, അമിതമായ ചായയും കാപ്പിയും കഴിക്കാതിരിക്കുക തുടങ്ങിയ മുൻകരുതലുകൾ ഔഷധചികിത്സയോടൊപ്പം എടുക്കേണ്ടതത്യാവശ്യമാണ്. പഴച്ചാറാണ് മറ്റൊരു പ്രധാനം ഇനം. അതു മലബന്ധം നീക്കുകയും മൂത്രവിസർജ്ജനത്തെ സഹായിക്കുകയും ചെയ്യുന്നു. മൂത്രത്വരക ഔഷധങ്ങൾ പൊതുവേ അധികമായ കോശദ്രവ്യത്തിന്റെ തോതു കുറയ്ക്കുകയും രക്തസമ്മർദ്ദം കുറച്ചുകൊണ്ടുവരികയും ചെയ്യുന്നു. അതുകൊണ്ട് പഴച്ചാറ് പോഷണപദാർത്ഥമെന്നപോലെത്തന്നെ മൂത്രത്വരകമായും പ്രവർത്തിക്കുന്നു.

***രക്തംപോക്ക്*** (Bleeding)

രക്തംപോക്ക് അല്ലെങ്കിൽ രക്തവാർച്ച മൂക്കിലൂടെയാവാം, മൂലക്കുരുവിൽ നിന്നാവാം, ഗർഭാശയത്തിൽനിന്നാവാം, കഠിനമായ രക്തവാർച്ച പൊതുവേ നടുക്കവുമായി ബന്ധപ്പെട്ടുണ്ടാവും. അത്തരം കേസുകളിൽ വൈറ്റസ്സോൺ നിർദ്ദേശിക്കാം. ഒരു ശമനൗഷധമായി അതു നടുക്കം നീക്കുന്നു; ഇത്തരം രക്തവാർച്ചക്കുള്ള പ്രഥമ പ്രതിവിധി ചീനിയം-കോ ആണ്.

***കർണ്ണരോഗം*** (Ear Infection)

ബാഹ്യകർണ്ണരോഗബാധയോ മദ്ധ്യകർണ്ണരോഗബാധയോ ഉണ്ടാകാം.ബാഹ്യകർണ്ണരോഗബാധ: പൊതുവേ മരുന്ന് ഇറ്റിച്ചു ചികിത്സിക്കണം; അല്ലെങ്കിൽ അഴുകൽ നീക്കുന്ന (Anti Septic) ഔഷധമടങ്ങിയ ചൂർണ്ണം വിതറണം. ഹീലൻ(വിതറാനുള്ള ചൂർണ്ണം) വളരെ ഫലപ്രദമെന്നു കണ്ടിട്ടുണ്ട്. മദ്ധ്യകർണ്ണരോഗബാധ: ഇതു കഠിനമോ പഴകിയതോ ആകാം. കഠിനമായ രോഗാണുബാധയെങ്കിൽ സാധാരണ കഠിനവേദനയുണ്ടാകും. ചിലപ്പോൾ പനിയും കുട്ടികൾക്കിടയിൽ ഇതു സാധാരണമാണ്. അത്തരം വേദന ഡെസിൽ ഉപയോഗിച്ചു ക്രമത്തിൽ മാറ്റാൻ കഴി



യും. കർണ്ണപുടത്തിൽ തുളവീഴുകയാൽ ചലംപോക്ക് ഉണ്ടാവുകയും പഴകിയ രോഗബാധ അങ്ങിനെ സങ്കീർണ്ണമാവുകയും ചെയ്യും. ചിലപ്പോൾ ഭാഗികമായി ബധിരതയും ഉണ്ടാവാം. ഈ അവസ്ഥയിൽ പ്രത്യണുക ഔഷധങ്ങളും പഴുപ്പുനീക്കുന്നതിനു ചെവിയിൽ ഇറ്റിക്കാനുള്ള മരുന്നുകളും ഉപയോഗിച്ചു ദീർഘനാൾ ചികിത്സ നടത്തേണ്ടിവരും. ഇത്തരം കേസുകളിൽ എൻട്രോപ്സ് രണ്ടുനേരം വീതം ഇറ്റിക്കുകയും ഹെമോപ്ലെക്സ് നാലുനേരം വീതം കഴിക്കുകയും ചെയ്യാം. പൊതു ആരോഗ്യസ്ഥിതിയെപ്പറ്റി ശ്രദ്ധിക്കണം. പൊതുവായ ക്ഷീണത്തിനു ആൽബോസാങ്ങ് കഴിക്കണം.

***കണ്ണുകൾ*** (Eyes)

പഴുപ്പുപോലുള്ള അവസ്ഥകളിൽ സ്വേദനജലം (Distilled Water) അഥവാ തിളപ്പിച്ചാറ്റിയ വെള്ളം എടുത്തു അതിൽ റാസ്ജന്റ് കലക്കി കണ്ണിൽ ഇറ്റിക്കണം. അധികം വേദനയുണ്ടെങ്കിൽ ചീനിയം-കോ കഴിക്കാവുന്നതാണ്.

***സ്ത്രീരോഗങ്ങൾ*** (Gynaecological Disorders)

ഗർഭകോശം, യോനിനാളം, അണ്ഡനാളം, അണ്ഡകോശം (ജനനേന്ദ്രിയഭാഗം) എന്നിവയുമായി ബന്ധപ്പെട്ടതാണ് ഈ രോഗങ്ങൾ. ഹോർമോൺ സംബന്ധമായ പൊരുത്തക്കേടുകളോ, ഇന്ദ്രിയശൈഥില്യങ്ങളോ ആർത്തവക്രമക്കേടുകളോ ആകാം രോഗകാരണം. പ്രായപൂർത്തിയെത്തുമ്പോഴോ ആർത്തവം നിലക്കുമ്പോഴോ രോഗശമനമുണ്ടാകാം. തീണ്ടാരി അമിതമാകാം. ക്രമരഹിതമാകാം, പരിമിതമാകാം, വേദനയോടുകൂടിയോ, വേദനയില്ലാതെയോ ആകാം. കാരണം ആദ്യം നിർണ്ണയിച്ചു അതിനനുസരിച്ചു ചികിത്സിക്കണം. ഇത്തരം കേസുകളിൽ ഒരു ശമനൗഷധമെന്ന നിലയിൽ വെറ്റൽ എസ്സൈൻസ് ഉപയോഗിക്കാം.

***വേദനയോടുകൂടിയ ആർത്തവം*** (Dysmenorrhea)

ഇതിനു കാരണം ഗർഭാശയ തന്തുക്കളിലെ തകരാറുപോലുള്ള (Uterine Fibroid) ഇന്ദ്രിയരോഗങ്ങളാകാം; അധികപക്ഷവും ഇന്ദ്രിയശൈഥല്യം ഉണ്ടാവില്ല. ഇത്തരം രോഗികൾക്ക് ശമകൗഷധവും, വിശ്രമവും സ്വസ്ഥതയും ആണ് പ്രാഥമിക ചികിത്സ. സിരാക്ഷോഭ സംബന്ധമായ വേദനകൾക്കുള്ള ഔഷധം ബ്രഹ്മഡൈൻ

ആണ്. ശമനൗഷധമെന്ന നിലയിൽ വൈറൽ എസ്സെൻസ് കൊടുക്കാം. കഠിനമായ അവസ്ഥകളിൽ ചീനയം-കോ അല്ലെങ്കിൽ അമീഗ്ലിയ നിർദ്ദേശിക്കാം. പൊതു ആരോഗ്യത്തിൽ ശ്രദ്ധവേണം. ഉദാ: പതിവായ വ്യായാമം, രക്തക്കുറവിനും മലബന്ധത്തിന്നും ഉള്ള ചികിത്സ തുടങ്ങിയവ

***മറ്റു ഗർഭാശയ രോഗങ്ങൾ*** (Leucorrhoea)

വെള്ളപോക്കിനുള്ള കാരണം ഖണ്ഡിതമായി അറിയപ്പെട്ടിട്ടില്ല. യോനിയിൽനിന്നു വെളുത്ത ദ്രവം സ്രവിക്കുന്നതാണ് അതിന്റെ ലക്ഷണം. അത് ചലത്തോടുകൂടിയാവാം, വെറും നീർവാർച്ചയുമാവാം. എങ്കിലും ക്ഷീണശരീരക്കാർക്കാണ് പൊതുവേ ഇതു കണ്ടുവരുന്നത്. അത്തരം കേസുകളിൽ ജീവശക്തി വർദ്ധിപ്പിക്കാൻ ആൽബോസാങ്ങ് പ്രയോജനം ചെയ്യും. ലഘുവായ കേസുകളിൽ ആദ്യമായി ബ്രഹ്മഡൈൻ പരീക്ഷിച്ചു നോക്കണം. കഠിനമായ കേസുകളിൽ ഔറാറ്റിനവും ചീനിയം-കോയും ഒന്നിച്ചു കൊടുക്കുന്നതു പ്രയോജനം ചെയ്യും. ചിലപ്പോൾ വെള്ളപോക്ക് ഗുഹ്യരോഗബാധയുമായി ബന്ധപ്പെട്ടിരിക്കും. അത്തരം കേസുകളിൽ സൂക്ഷ്മാണുനാശിനികൾ കൊണ്ട് ബാഹ്യചികിത്സിയും യോനീനാളത്തിൽ പുകച്ചിൽ അനുഭവപ്പെടുന്നുവങ്കിൽ അഴുക്കൽ നീക്കുന്ന ഔഷധവും (Anti septic) പ്രയോഗിക്കണം. അതോടൊപ്പം അയോബൈൻ കഴിക്കുന്നതും വളരെ നല്ലതാണ്.

***ഗർഭം*** (Pregnancy)

ഗർഭകാലത്ത് ആൽബോസാങ്ങ് ഗർഭിണിയുടെ ഭ്രൂണവളർച്ചയ്ക്ക് സഹായകമാണ്. മുലയൂട്ടുന്ന അമ്മമാർക്കും ആൽബോസാങ്ങ് കൊടുക്കാം.

***പ്രസവം*** (Delivery)

പ്രസവം ചിലപ്പോൾ വളരെ ക്ലേശകരമായിത്തീരാം.പ്രസവം ലളിതവും സ്വാഭാവികവുമാക്കാൻ ഔറാറ്റിനം സഹായിക്കുന്നു. പ്രസവവേദന ബലപ്പെടാതിരിക്കുകയോ ഇല്ലാതിരിക്കുകയോ ചെയ്യുന്ന അവസ്ഥകളിൽ ഔറാറ്റിനം അതിനെ ഉത്തേജിപ്പിക്കും. ഔറാറ്റിനം ഒരു ഗുളിക രാവിലെയും ചീനിയം-കോ



ഒരു ഗുളിക വൈകുന്നേരവും കൊടുക്കാവുന്നതാണ്. പ്രസവവേളയിലെ ഉൽക്കണ്ഠയ്ക്കു ആശ്വാസം നൽകാൻ വൈറ്റൽ എസ്സെൻസ് വളരെ നല്ലതാണ്; പ്രസവം വിളംബിക്കുകയും രോഗിക്കു ഉൽക്കണ്ഠയും പരിഭ്രമം മൂർച്ഛിക്കുകയും ചെയ്യുമ്പോഴും വൈറ്റസ്സോൺ കൊടുക്കണം. പ്രസവാനന്തരം വല്ലാതെ രക്തവാർച്ചയുണ്ടെങ്കിൽ ചീനിയം-കോ കൊടുക്കാം. പ്രസവാനന്തരം പനിക്കുന്നതു ഗൗരവപ്പെട്ട കാര്യമാണ്. പനിയെ അവഗണിച്ചാൽ ചിലപ്പോൾ ക്ഷയരോഗമായി തിരിഞ്ഞേക്കാം.

***പനി*** (Fever)

പനിക്കു കാരണം പലതാകാം. ഉദാ: സൂര്യാതവം കിടന്നു പൂർണ്ണമായി വിശ്രമിക്കുകയും പഴച്ചാറും വെള്ളവും ഡെസിലും ആവശ്യമെങ്കിൽ കഴിക്കണം. ഫ്ളൂവിനു ഡെസിൽ കൊടുക്കണം. ശരീരത്തിന്റെ കഴപ്പും ഞരമ്പുകടച്ചിലും പേശിവേദനയും പനിയും നിയന്ത്രിക്കാൻ അതു സഹായിക്കും.

***തലവേദന*** (Headache)

വ്യത്യസ്ത രൂക്ഷതകളോടുകൂടിയ നാനാതരം രോഗങ്ങളുടെ ഒരു ലക്ഷണമത്രേ തലവേദന. സാധാരണ ജലദോഷമടക്കം നിരവധി ജ്വരാവസ്ഥകളുടെ തുടക്കത്തിൽ കഠിനമോ മാറിമാറിക്കൊണ്ടിരിക്കുന്നതോ ആയ തലവേദന പുറപ്പെടുന്നു. മലബന്ധം, നേത്രായാസം,സിരാവൈകല്യവ്യാകുലത, ഉയർന്ന രക്തസമ്മർദ്ദം, നാസിക-കർണ്ണ-ദന്തരോഗങ്ങൾ,കൊടിഞ്ഞി(മൈഗ്രേൻ), രക്തക്കുറവ്, വൃക്കരോഗം എന്നിവയാണ് തലവേദനയ്ക്കുള്ള മറ്റു കാരണങ്ങൾ. ശരിക്കു ചികിത്സ തുടങ്ങുംമുമ്പ് രോഗകാരണം കണ്ടെത്തേണ്ടതുണ്ട്. തലവേദനയുടെ ലക്ഷണപരിഹാരവും ഒരു സമാന്യപ്രതിവിധിയും എന്ന നിലയിൽ ഡെസിൽ ഉപയോഗിക്കാം. റബ്സോൺ നെറ്റിയിൽ പുരട്ടിയാൽ ആശ്വാസം കിട്ടും. ഉറങ്ങുന്നതിനുമുമ്പ് വൈറ്റസ്സോൺ ഉപയോഗിച്ചാൽ ഗാഢനിദ്ര കിട്ടാൻ സഹായകമാവും. ഔഷധം കഴിച്ചിട്ടും നല്ല ഫലം കാണുന്നില്ലെങ്കിൽ നെർവോ പ്ലക്സ് കുത്തിവയ്ക്കാം.

***മുടി, മസ്തക ചർമ്മരോഗങ്ങൾ*** (Hair and scalp affections)

മുടി കൊഴിഞ്ഞുപോകുന്നതു പൊതുവായ ആരോഗ്യക്കുറവു കൊണ്ടാവാം. ജീവകക്കുറവുകൊണ്ടോ പുഴുക്കടികൊണ്ടോ

ആകാം. പൊതു ആരോഗ്യക്കുറവിനു ആൽബോസാങ്ങ് വളരെ ഫലപ്രദമാണ്. ഒലോസിൻ വെളിച്ചെണ്ണയിൽ ചാലിച്ച് നിത്യവും തലയോട്ടിൽ വിരൽകൊണ്ട് ഉരസിപ്പിടിച്ചാൽ ഗാഢനിദ്രകിട്ടും. ഒലോസിൻ മുടി വളർച്ചയെ സഹായിക്കുകയും മുടികൊഴിച്ചിൽ തടയുകയും ചെയ്യും. പുഴുക്കടിയാണ് കാരണമെങ്കിൽ മുടി വെട്ടിക്കുറച്ചു സ്കിൻമെന്റ് പുരട്ടാം.

***ഹൃദ്രോഗങ്ങൾ*** (Heart Disease)

ഹൃദ്രോഗമുള്ള രോഗിക്കു അദ്ധ്വാനിച്ചാൽ ശ്വാസം കിട്ടായ്മയും നാഡിമിടിപ്പും നെഞ്ചുവേദനയും കാൽപ്പാദത്തിൽ വീക്കവും അമർത്തിയാൽ കുഴിയലും ഉണ്ടാകുന്നതാണ്. ഹൃദ്രോഗകാരണങ്ങൾ പലതാണ്. ഉദാഹരണത്തിനു അണുബാധ. (അതായത് ഹൃദയ കവാടസങ്കോചം) ഡെസിൽ പനിയും സന്ധികളിലെ നീർക്കെട്ടും നീക്കും. എന്നാൽ അവയവത്തിലെ പഴുപ്പു നീക്കാൻ പ്രത്യണുക ഔഷധങ്ങൾ ആവശ്യമായേക്കാം.

ഹൃദയവിക്ഷോഭം (Angina Pectoris) പോലുള്ള ഹൃദയഭിത്തികളിലെ രോഗബാധയ്ക്കു അമീഗ്ലിയ കൊടുത്തു ചികിത്സ നടത്തണം. ഹൃദ്രക്തധമനീ സ്തംഭന (Coronary thrombosis) രോഗം വളരെ കുഴപ്പം പിടിച്ചതാണ്. രോഗിയെ കിടക്കയിൽ കിടത്തി പരിപൂർണ്ണ വിശ്രമം നൽകുക അല്ലെങ്കിൽ ആശുപത്രിയിൽ പ്രവേശിപ്പിക്കുക, വേദനാസംഹാരിയും, രക്തം കട്ടപിടിക്കുന്നതിനെ തടയുന്നതിനും സിരാ ഉത്തേജകവുമായ ഔഷധങ്ങൾ കൊണ്ടു ചികിത്സിക്കുകയും വേണം. വിരേചന ഔഷധങ്ങൾ നിർദ്ദേശിച്ചു കൂട. പഴച്ചാറുകളാണ് അത്തരം കേസുകളിൽ പ്രയോജനകരം. ചിലപ്പോൾ ദഹനക്കുഴപ്പങ്ങൾ തീർച്ചയായും ഹൃദ്രോഗങ്ങളെ മൂർച്ഛിപ്പിച്ചെന്നുവരും- മുഖ്യമായും വായു മുറ്റുന്നതുമൂലം. അപ്പോൾ സാൽഫോസോ സ്പോളാക്സോ കൊടുത്തു ദഹനദൂഷ്യങ്ങൾ നീക്കം ചെയ്യുകതന്നെവേണം.

**മഞ്ഞപ്പിത്തം (Jaundice)**

കണ്ണിന്റെ വെള്ളയിലും തൊലിയിലും മഞ്ഞനിറം വ്യാപിക്കുന്ന ലക്ഷണങ്ങളോടുകൂടിയ രോഗമാണിത്. പനിയും ചൊറിച്ചിലും അനുഭവപ്പെട്ടേക്കാം. ഹൃദയമിടിപ്പ് കുറയുന്നു. മലത്തിന്നു



കളിമൺ നിറമായിരിക്കും. മൂത്രത്തിനു കടുംമഞ്ഞനിറവും. വിശപ്പുണ്ടാവില്ല. കരളിനുണ്ടാവുന്ന രോഗാണുബാധയാണ് പൊതുവേ രോഗകാരണം. മഞ്ഞപ്പിത്തം ലഘുവായ രോഗമാണ്. സങ്കീർണ്ണ രോഗവുമാണ്. അതുകൊണ്ട് കാലേക്കൂട്ടി രോഗം കണ്ടുപിടിച്ചു ഉടനടി ചികിത്സ നടത്തണം. രോഗം കരളിന്റെ പ്രവർത്തന തടസ്സം മൂലമുണ്ടാകുന്നതോ രക്തവിഷബാധ മൂലമുണ്ടാകുന്നതോ ആവാം. പ്രവർത്തന തടസ്സം പൊതുവേ അണുബാധമൂലമോ വീർത്ത വിരശല്യം കൊണ്ടോ പിത്താശയത്തിലെ ദുഷിപ്പുകൊണ്ടോ പിത്തനാളികളിലെ പഴുപ്പുകൊണ്ടോ ഉണ്ടാവുന്നു. കരളിന്റെ പഴുപ്പിനും ദുഷിപ്പിനും ചികിത്സയില്ല.

കരളിനു വിഷമേൽപ്പിക്കുന്ന ഔഷധങ്ങളും രക്തവിഷം മൂലമുള്ള മഞ്ഞപ്പിത്തത്തിനു കാരണമാകാം; പിത്തനാളിപ്പഴുപ്പ് ശരിയായി ചികിത്സിച്ചില്ലെങ്കിലും രക്തവിഷം മൂലമുള്ള മഞ്ഞപ്പിത്തമായി തിരിയാം. കാരണത്തിനുള്ള ചികിത്സയാണ് പ്രധാനം. അതിൽ സങ്കീർണ്ണതകളെ തടയലും ഉൾപ്പെടുന്നു. കൈനോടോമൈൻ ഒരു ഗുളികവീതം ദിവസം മൂന്നുനേരം കഴിക്കാവുന്നതാണ് പതിവു പരിഹാരം. കുട്ടികൾക്കു വയസ്സിനനുസരിച്ചു മാത്ര കുറയ്ക്കണം. ഒരു മാത്ര ഹെർബൽ ബിറ്റേഴ്സ് (ഹെർബിറ്റേഴ്സ്) കിടക്കാൻനേരം കഴിക്കുന്നതു ഫലപ്രദമാണ്. സംരക്ഷിതജലമോ ടാപ്പ് വെള്ളമോ(ക്ലോറിൻ ചേർത്ത വെള്ളവും) അണുബാധ ഉണ്ടാക്കാം. അതിനാൽ രോഗി തിളപ്പിച്ചാറ്റിയ വെള്ളം കുടിക്കണം. വെള്ളം കുടിച്ചശേഷം നാരങ്ങാനീര് കഴിക്കണം. പാൽപ്പൊടിയിലോ അഥവാ നെയ്യുടെ അംശമില്ലാത്ത മോരിൽ ഉപ്പു ചേർത്തോ ആൽബോസാങ്ങ് കൂടെ കഴിക്കാം. രോഗശമനം കണ്ടാലും തുടർന്നും കഴിക്കണം. പൂർണ്ണവിശ്രമമെടുക്കാനും, ചികിത്സ നടക്കുമ്പോഴും രോഗശമനവേളയിലും കൊഴുപ്പില്ലാത്ത ഭക്ഷണം കഴിക്കാനും രോഗിയെ ഉപദേശിക്കണം.

***വൃക്കശൂല*** (Renal Colic)

ഞരമ്പുവലിയുടെ കഠിനവേദനയാണ് ഇതിന്റെ സ്വഭാവം. ഇടുപ്പിൽ(പിന്നിൽ വൃക്കയുടെ സ്ഥാനത്തുനിന്ന്) മൂത്രസഞ്ചിയിലേക്കു കുത്തിത്തുളക്കുന്നതുപോലെയാണ് വേദന തോന്നുക. പൊതുവേ കല്ലുകൾ മൂലമുണ്ടാകുന്ന ഞരമ്പുവലിയാണത്. കല്ലുകൾ പല വലുപ്പത്തിലാകാം. ചെറിയ കല്ലുകൾ അഥവാ തരികൾ

ആണെങ്കിൽ എളുപ്പത്തിൽ മൂത്രക്കുഴലിലേക്കു കടന്നു മൂത്രത്തോടൊപ്പം പുറത്തുപോകും. ചിലപ്പോൾ മൂത്രസഞ്ചിയിൽതന്നെ തങ്ങിക്കിടന്നേക്കും. (വലിപ്പം കൂടിയതാണെങ്കിൽ). വലുപ്പം കൂടിയ കല്ലുകൾ മൂത്രക്കുഴലിൽ അടഞ്ഞു നിന്നേയ്ക്കും; അല്ലെങ്കിൽ വളരെ ഞെങ്ങി ഞെരുങ്ങി വൃക്കശൂലയുണ്ടാക്കിക്കൊണ്ടു മാത്രമേ പുറത്തുപോകു. ഈ സ്ഥിതി വരുംമുമ്പ് ഇടുപ്പുവേദനയും ഇടയ്ക്കിടെയായോ നിരന്തരമായോ ശൂലവും ഉള്ളതായി രോഗി പറയും. ഇടയ്ക്കിടെ അൽപ്പാൽപമായി മൂത്രമൊഴിക്കേണ്ടിവരും. മൂത്രത്തിൽ രക്തപ്പാടും, സാധാരണ കാണാറുണ്ട്. കല്ല് മൂത്രക്കുഴിലിലേയ്ക്കു നീങ്ങുന്നതോടെ വേദന അതി കഠിനമായിത്തീരും. ചിലപ്പോൾ വേദന സഹിക്കാനാകാതെ രോഗിയിൽ നടുക്കം ഉണ്ടായെന്നുവരാം. അല്പസമയം കഴിഞ്ഞ് കല്ല് പെട്ടെന്നു പുറത്തുചാടുന്നതോടെ വേദന ശമിക്കുന്നു.

### ***സൂചനകളും ലക്ഷണങ്ങളും***

ഞരമ്പുവലിക്കുള്ള ഔഷധങ്ങളുപയോഗിച്ചാണ് പൊതുവേ ഇതിന്നുള്ള ചികിത്സ. ബെലാഡോണ (Belladonna atropine) അട്രോപൈൻ മിശ്രകം ഇതിനു ഫലപ്രദമാണ്. ഇത് പെത്തിഡിൻ (Pethidine) പോലുള്ള ഔഷധത്തോടൊപ്പം പ്രയോഗിക്കപ്പെടുന്നു. മൂത്രാശയഭാഗത്തുണ്ടാകുന്ന ഏതെങ്കിലും ജീർണ്ണിപ്പുമായി ബന്ധപ്പെട്ട ആഹാരക്രമത്തിലെ കുഴപ്പങ്ങളാണ് പൊതുവേ കല്ല രൂപം കൊള്ളുന്നതിന് കാരണം. അതിനാൽ രോഗം ആവർത്തിച്ചുണ്ടാകാതിരിക്കാൻ ആഹാരം ക്രമീകരിക്കലാണ് ആവശ്യം. ധാരാളം വെള്ളം ചേർത്ത നാരങ്ങാനീരും, ചെറുനാരങ്ങനീരു ചേർത്ത മോരും ഇടവിട്ടുകൊടുത്താൽ കല്ല് വളർച്ച തടയാൻ കഴിയും; ചെറിയ കല്ലുകൾ നീക്കം ചെയ്യാൻ അതു സഹായകവുമാണ്. ടുറിയിക്കോ ആണ് മുഖ്യപ്രതിവിധി. മൂത്രവാർച്ചയ്ക്കും ഒരു വിശിഷ്ട ഔഷധമാണിത്. പുറത്തു റബ്സോൺ പുരട്ടുകയും ചെയ്യാം.

### ***വായ, നാവ്, പല്ല്*** (Mouth, Tongue and Teeth)

വായിലെ ദുർഗന്ധം ദഹനത്തകരാറുകാരണമാകാം. പല്ലുകളുടെ പരിപാലനം ശരിയല്ലാത്തതുകൊണ്ടും, ശുചീകരണക്കുറവുകൊണ്ടുമാകാം. രോഗാണു ബാധയ്ക്കും അതുമായി ബന്ധമുണ്ട്. (അതായത് പയോറിയ - Pyorrhoea). ചിലപ്പോൾ സി. ജീവകക്കുറവുകൊണ്ടും (Scurvy) ചിലവേള വായിൽ അജീർണ്ണസംബന്ധമായ പുണ്ണുണ്ടാവാം. ദഹനം ശരിപ്പെടുത്തിയും ശോധന ക്രമീകരിച്ചും ദുർഗന്ധവും ദീപനക്കുറവും നീക്കാം. ദഹനത്തിനു സാൽഫോസും മലബന്ധത്തിനു സ്പോളാക്സും ഉപകരിക്കും. മെഡിക്കേറ്റഡ് ടൂത്ത് പൗഡർ ദന്തചൂർണ്ണമായി ഉപയോഗിക്കാം. ഇതു മോണവീക്കം തടയുകയും പയോറിയയ്ക്കു ശമനം വരുത്തുകയും ചെയ്യും. പതിവായി ആൽബോസാങ്ങും അതോടൊപ്പം നാരങ്ങാനീരും ഉപയോഗിക്കാൻ രോഗിയെ ഉപദേശിക്കണം. വായിലെ അഴുകൽ നീക്കാനുള്ള ഔഷധങ്ങൾ അതായത് എൻട്രോപ്സ് വേദന കുറയ്ക്കുക കൂടി ചെയ്യും. കാരണം, അതു വേദനാസംഹാരിയാണ്; അഴുക്കൽ നീക്കുന്നതാണ്, പഴുപ്പ് തടയുന്നതാണ്. സങ്കീർണ്ണമായ കേസുകളിൽ ദന്തഡോക്ടറെ കാണിക്കണം.



### ***പല്ലുവേദന; മോണവീക്കം*** (Toothache-Oral Ulcers)

പല്ലുവേദന ഡെസിൽ ഉപയോഗിച്ചു ചികിത്സിക്കുന്നു. മോണയിൽ നീർക്കെട്ടും കഠിനവേദനയുമുണ്ടാക്കുന്ന മോണവീക്കത്തിന് എൻട്രോപ്സ് കൊണ്ടു ചികിത്സിക്കണം. വേദനയ്ക്കും നീർക്കെട്ടിന്റെ പഴുപ്പിനും ആശ്വാസം കിട്ടും. ഫലം മന്ദഗതിയിലാണെങ്കിൽ ഒരു ശമനൗഷധകമെന്ന നിലയിൽ വൈറ്റൽ എസ്സെൻസ് കൊടുക്കാം. സ്പോളാക്സ് ഉപയോഗിച്ച് മലബന്ധം നീക്കണം. മെഡിക്കേറ്റഡ് ടൂത്ത് പൗഡർ രാവിലെയും കിടക്കാൻനേരവും ഉപയോഗിക്കണം. വൈറ്റമിൻ സി. യോ ചെറുനാരങ്ങാനീരോ നാരകവിഭാഗത്തിൽപ്പെട്ട പഴച്ചാറോ പതിവായി കഴിക്കണം. വല്ലാതെ അഴുകുന്നുണ്ടെങ്കിൽ അണുനാശിനി ഔഷധങ്ങൾ ഉപയോഗിക്കണം.

### ***മൂക്ക്*** (Nose)

നാസാദ്വാരത്തിലൂടെയുള്ള നീർവീഴ്ച ചിലപ്പോൾ വല്ലാതെ ശല്യം ചെയ്യും. മൂക്കടഞ്ഞാൽ അകമെ വീക്കമോ മസ്തിഷ്കുദരപ്പഴുപ്പോ (Adenoids or Sinusitis) പോലുള്ള കുഴപ്പങ്ങൾ ഉണ്ടായേക്കാം. ഇത്തരം കേസുകളിൽ എൻട്രോപ്സ് ഉപയോഗിക്കണം. എൻട്രോപ്സ് ദിവസത്തിൽ രണ്ടുമൂന്നുനേരം മൂക്കിൽ ഇറ്റിച്ചാൽ പതിവായ നാസാവിഷമങ്ങൾക്ക് ആശ്വാസം ലഭിക്കും. സ്പോളാക്സ് ഉപയോഗിച്ച് മലബന്ധം നീക്കുക. അഞ്ചോ പത്തോ മിനിട്ടുനേരം ശ്വാസം വലിച്ചുകൊണ്ടുള്ള വ്യായാമം രാവിലെയും

വൈകുന്നേരവും ഒരു ദിനചര്യയാക്കുക. അതനുസരിച്ച് ആഹാര മുറകളും ക്രമപ്പെടുത്തണം.

***അർശസ്*** (Piles)

ഇതിനെ മലദ്വാരത്തിലെ വിള്ളലിൽനിന്നും വേർതിരിച്ചുകാണണം. കാരണം ക്രമരഹിതമായ ശോധനയോ മലബന്ധമോ വേണ്ടത്ര വെള്ളം കുടിക്കാത്തതോ മലശോധനയിൽ ആയാസപ്പെടുന്നതോ വയറിളകുന്നതിന്റെ തകരാറോ മലം ഉറച്ചുപോകുന്നതോ ആവാം. ഇവ മൂലം അർശസ് ഉണ്ടാവുന്നു എന്നു മാത്രമല്ല, വലിഞ്ഞുനിൽക്കുന്ന ഞരമ്പുകൾക്ക് പോറലേറ്റു ചോര പോകാനും ഇടയാകും. കുടലിലുണ്ടാകുന്ന ആന്തരികമായ അർശസ് പിണ്ഡം പുറത്തേയ്ക്കു തള്ളുമ്പോൾ വല്ലാത്ത ഭാരം തോന്നിക്കുന്നതും ശരിക്കും വേദന അനുഭവപ്പെടുന്നതുമാണ്. രക്തംപോക്ക് വർദ്ധിച്ച് ഒരു പതിവായി മാറിയാൽ വിളർച്ചയുണ്ടാക്കുകയും ചെയ്യും.

***മൂലക്കുരു*** (External Piles)

ചിലപ്പോൾ രക്തം കെട്ടിയാൽ കുരു ചീർക്കും. തൊലി നേർക്കുകയും നീറ്റൽ അനുഭവപ്പെടുകയും ചെയ്യും. അത്തരം കേസുകളിൽ ശസ്ത്രക്രിയയും പ്രത്യണുക ഔഷധ ചികിത്സയും വേണ്ടിവരും. രക്തത്തെ നിയന്ത്രിച്ചുകൊണ്ടുമാത്രം ചികിത്സയാവില്ല. എന്തെന്നാൽ സങ്കീർണ്ണമായ (രണ്ടാമത്തെയോ മൂന്നാമത്തെയോ നാലാമത്തെയോ ഘട്ടത്തിലെത്തിയവ) മൂലക്കുരുവിനു ശസ്ത്രക്രിയ ചികിത്സ ആവശ്യമാണ്. മൂലക്കുരു(ഒന്നാം ഘട്ട) സ്പോളാക്സ് ഉപയോഗിച്ചു ശോധന ക്രമീകരിച്ചും മലബന്ധം നീക്കിയും സുഖപ്പെടുത്താം. നീറ്റലുണ്ടാക്കുന്ന വിരേചനൗഷധം ഇത്തരം കേസുകളിൽ കൊടുത്തുകൂട. രക്തം പോകുന്നുണ്ടെങ്കിൽ ചീനയം-കോ ദിവസത്തിൽ രണ്ടുനേരം വീതം കൊടുക്കണം; റിപ്പാന്റോ വിരലിലാക്കി (കിടക്കാൻ നേരമോ ശോധനയ്ക്കുശേഷമോ) ഗുദത്തിൽ പുരട്ടണം. വേദനക്കു ആശ്വാസം കിട്ടാനും രക്തവാർച്ച തടയാനും ഇതു സഹായകമാകും. ഗുദത്തിലെ നേരിയ മുറിവുകളാണ് വിള്ളൽ. റിപ്പാന്റോ രണ്ടുനേരം വീതം പുരട്ടുക. മലബന്ധം ഒഴിവാക്കണം. പാരഫിൻ



ദ്രാവകമോ ഒലിവ് എണ്ണയോ ഒഴിച്ചുള്ള വിരേചന ഔഷധങ്ങൾ ഉപയോഗിക്കരുത്.

**ഗുദം ഇറങ്ങൽ** (Prolapsus Ani)

അതിസാരമോ രക്താതിസാരമോ ബാധിച്ചശേഷം പോഷകാഹാരമില്ലാത്ത കുട്ടികൾക്കാണ് സാധാരണ ഗുദം ഇറങ്ങൽ ഉണ്ടാവുക. ചികിൽസ: ഗുദം തനിയെ ഉള്ളിലേയ്ക്കു വലിയുന്നില്ലെങ്കിൽ മെല്ലെ അമർത്തിത്തള്ളുക ശോധനവരുത്തിയശേഷം പുറമെ റിപ്പാന്റോ പുരട്ടുക; കിടക്കാൻ നേരവും പുരട്ടണം

**മുഖക്കുരു**

രണ്ടാഴ്ച റാസ്ജന്റ് കഴിക്കണം. ഒരു ഗ്രെയിൻ വീതം രാവിലെയും വൈകുന്നേരവും, ഭക്ഷണത്തിനുശേഷം മലബന്ധം ഒഴിവാക്കണം. കുരു പൊട്ടാൻ റാസ്ജന്റിനും ആൽബോസാങ്ങിനും പുറമെ ഹെമോപ്ലസും കഴിക്കണം കുരു പൊട്ടിയാൽ റിപ്പാന്റോ ഹീലിങ്ങ് ഡസ്റ്റ് ചേർത്ത് പുരട്ടണം. മുഖക്കുരു വിടാതെ ഉണ്ടാവുകയാണെങ്കിൽ ആഹാരം ക്രമീകരിക്കണം. കൊഴുപ്പാഹാരം അധികം കഴിക്കരുതെന്ന് ഉപദേശിക്കണം നാരങ്ങാനീര്,മോര്,ചെറുനാരങ്ങ എന്നിവ കഴിക്കുകയും വെളിസ്ഥലത്തുള്ള വ്യായാമം ശീലിക്കുകയും വേണം.

**വാതപ്പനി അഥവാ കഠിനവാതം** (Rheumatic Fever of Acute Rheumatism)സന്ധികളിൽ കടുത്ത നീർക്കെട്ടുപോലുള്ള ലക്ഷണങ്ങളോടുകൂടിയ ജ്വരാവസ്ഥയാണിത്.

ശരിക്കും ഈ രോഗാക്രമണമുണ്ടായാൽ പ്രാരംഭമായി തൊണ്ടയിൽ രോഗാണുബാധയുണ്ടാകും. സാധാരണ കാൽമുട്ടുകൾക്കാണ് ആദ്യം രോഗം വരുക. അവിടെ ചുകന്നു വീങ്ങും. വേദനയുണ്ടാകും. പിന്നെ മറ്റു വലിയ സന്ധികളിലും രോഗം തുടങ്ങും. പഴുപ്പുവരുന്നതു സൂക്ഷിക്കണം. സന്ധിവേദനയും പനിയും ശമിക്കാൻ ഡെസിലും കൊടുക്കാം. ചെസോളോ റബ്സോണോ പുറമെ പുരട്ടുന്നുവെങ്കിൽ അതോടൊപ്പം അയോബൈനും കൊടുത്താൻ സംയുക്തമായ ഗുണഫലം കിട്ടും. മിക്ക കേസുകളിലും പെട്ടെന്ന് ആശ്വാസം കാണും. നീർക്കെട്ടുണ്ടെ

ങ്കിൽ വിശേഷിച്ചും ദീപനം, ശോധന എന്നിവ പ്രത്യേകം ശ്രദ്ധിക്കണം. ഇത്തരം കേസുകളിൽ 24 മണിക്കൂർ ഇടവിട്ട് റിമോറിൻ 1 മി.ലി .വീതം തൊലിക്കടിയിൽ കുത്തിവെയ്ക്കുന്നത് നല്ലതാണ്.

**ഇടുപ്പുവാതം** (Sciatica)

നീർക്കെട്ടു കാരണം ഇടുപ്പിലെ ഞരമ്പിലുണ്ടാവുന്ന മാറ്റങ്ങളോ അതല്ലെങ്കിൽ ചുറ്റുഭാഗത്തുനിന്നുള്ള എന്തെങ്കിലും സമ്മർദ്ദമോ മൂലം ഉണ്ടാവുന്ന ഞരമ്പിന്റെ തന്നെ വേദനയാണിത്. മൗലികമായ ചികിത്സ വളരെ ശ്രമാവഹമാണ്. രോഗകാരണമെന്തെന്ന് ശ്രദ്ധിക്കണം. ലക്ഷണപരമായി വേദന ശമിക്കാൻ ഡെസിൽ കൊടുക്കാവുന്നതാണ്. നീറ്റം നീക്കാൻ റബ്സോൺ പുറമെ പുരട്ടി തിരുമാവുന്നതാണ്. കിഴി പിടിക്കലും ആവാം. വൈറ്റൽ എസ്സെൻസ് കൊടുക്കാം.

**സന്ധിവാതം** (Lumbago)

ഇടുപ്പുഭാഗത്തെ വേദന: ബാഹ്യപേശികളുമായോ നട്ടെല്ലിലെ ഞരമ്പുകളുമായോ ബന്ധപ്പെട്ട രോഗമാണിത്. പേശിവേദന ഡെസിൽകൊണ്ടു ചികിൽസിക്കാം, പേശിവേദനയ്ക്കു കാരണമെന്തെന്നു നിർണ്ണയിച്ചു അതുസരിച്ച് ചികിൽസിക്കണം. ലക്ഷണപരമായ ചികിൽസ എന്ന നിലയിലാണ് ഡെസിലും പുറമെ പുരട്ടാൻ റബ്സോണും കൊടുക്കേണ്ടത്.

**തൊണ്ടയിലെ അസുഖം** (Throat infection)

ഗളവീക്കവും ഇതിൽ ഉൾപ്പെടുന്നു. നീറ്റലോ പഴുപ്പോ ഉണ്ടാകുമ്പോൾ എൻട്രോപ്സ് കവിൾക്കൊള്ളാം; കഴിക്കാനുള്ള പതിവ് മരുന്ന് ഡെസിൽ.

**അണ്ണാക്കുപിണ്ഡവ്യാധി** (Tonsillitis)

കുട്ടികൾക്കുണ്ടാകുന്ന പൊതുവായ ഒരു അസുഖമാണിത്. തൊണ്ടയിൽ പഴുപ്പും വേദനയും ഉണ്ടാകും. വല്ലതും ഇറക്കാൻ വിഷമം നേരിടും. പനി വർദ്ധിക്കുന്നതുമാണ്, അണ്ണാക്കുപിണ്ഡം വീർത്തു വീങ്ങും. ശ്വാസദുർഗന്ധം ഉണ്ടാകും. കീഴ്ത്താടിയിലെ ഗ്രന്ഥികൾ വലുതായി വേദനിക്കും. ഇത്തരം കേസുകളിൽ



ഡെസിൽ ഗുളികകൾ ദിവസത്തിൽ രണ്ടോ മൂന്നോ നേരം വീതം കൊടുക്കുക; ഹെമോപ്ലെക്സും കൊടുക്കാം. എൻട്രോപ്സ് കവിൾകൊള്ളുന്നതും നല്ലതാണ്. കഴുത്തിനു ചുറ്റും റബ്സോൺ പുരട്ടുകയും ചെയ്യാം. അണ്ണാക്കു പിണ്ഡവ്യാധിയോട് ബന്ധപ്പെട്ടുണ്ടാകുന്ന ജ്വരത്തിനു ഡെസിൽ പ്രയോജനപ്പെടും . അതോടൊപ്പം തൊണ്ടയിലെ രോഗാണുബാധയും അഴുകലും നീക്കാൻ പ്രത്യണുക ചികിൽസാമുറയും ആവശ്യമാണ്. വേദനയും നീർക്കെട്ടും ക്രമത്തിൽ ശമിച്ചുകൊള്ളും. പൊതു ആരോഗ്യം മെച്ചപ്പെടാൻ പിന്നീട് ആൽബോസാങ്ങ് ഉപയോഗിക്കണം.

**മൂത്രസംബന്ധമായ അസുഖങ്ങൾ** (Urinary Troubles)

